# കതിരും കററയും

By

V. C. GEORGE.

[ വില Rs. 1-50.

www.malankaralibrary.com

# കതിരും കററയും

By

V. C. GEORGE.

Printed at the
St. Joseph's Printing House,
Tiruvalla—1965.

www.malankaralibrary.com

Dedicated to the Revered Memory of His Lordship the Rt. Rev. Dr. Thomas Kurialacherry, first Bishop of Changanacherry.

www.malankaralibrary.com

# വിഷയവിവരണിക.


| | | Pages. |
|---|---|---|
| 1. | കത്തോലിക്കരുടെ ആ തുണിത്തുണ്ടുകൾ | 1— 6 |
| 2. | ജാതിധ്വംസനം | 6—10 |
| 3. | വർഗ്ഗീയ ദുർഗന്ധം | 10—15 |
| 4. | നാനൂറു സംവത്സരങ്ങൾക്കു മുമ്പ് | 15—20 |
| 5. | സൃഷ്ടിയുടെ കാലം | 21—34 |
| 6. | ആ അനുദിനനിനദം | 34—39 |
| 7. | ക്ഷേത്രപ്രവേശന വിളംബരവും— ക്രിസ്ത്യാനികളും | 40—44 |
| 8. | എട്ടാം ഹെൻറിയും പിതാവും തമ്മിൽ | 44—47 |
| 9. | കേരളീയ കത്തോലിക്കരുടെ സാഹിത്യ— സമ്പാദ്യങ്ങൾ | 48—56 |
| 10. | ഒസ്സാനാമിൻെറ കാവൽ മാലാഖാ | 56—61 |
| 11. | പാതിരിയും സാമൂതിരിയും | 61—66 |
| 12. | നരകസംഹാരി | 66—71 |
| 13. | നാസികളൊ 'നാശി'കളൊ | 72—76 |
| 14. | പീഡാനുഭവ പരിശേഷങ്ങൾ | 77—83 |
| 15. | ദിവംഗതനൊ? ആഹാ, അത്രുസ്സായോ? | 83—89 |
| 16. | ദൈവവചനം സജീവമൊ? | 89—95 |
| 17. | ആ കറവിലങ്ങാട്ടുകാരനു തെററുപററി | 96—104 |
| 18. | ആ വക്കീൽ സ്നേഹിതൻെറ ചോദ്യം | 105—112 |
| 19. | ആ മൂന്നുതരം കത്തോലിക്കർ | 113—118 |
| 20. | നിയോമിയുടെ ബലി | 119—126 |
| 21. | അവർ ശീശ്മസംഹാരികളും— ആയിരുന്നു. | 127—145 |
| 22. | സോഡാലിസ്ററും സഭാസേവനവും | 145—151 |
| 23. | ധ്യാനാമൃതം | 151—157 |
| 24. | ക്രിസ്തുമതത്തിൽ ജാതിവ്യത്യാസ— ത്തിനു സ്ഥാനമില്ല. | 158—164 |
| 25. | "ഗലീലിയൊ"യും കത്തോലിക്കസഭയും | 165—172 |
| 26. | ലൂതറൊ മാതൃകാപുരുഷൻ? | 173—178 |
| 27. | ലൂതർ പ്രസ്ഥാനം മതപരിഷ്കാരമല്ല, മതവിപ്ലവസമായിരുന്നു. | 179—184 |


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മുഖവുര.

ക്രൈസ്തവാദശ്ശങ്ങളേയും തത്വങ്ങളേയും കത്തോലിക്ക സഭയിലെ ആചാരാനുഷ്ഠാനങ്ങളേയും പററി ശരിയായ ജ്ഞാനമില്ലാതെ അവയെ അനാദരിച്ചും അപലപിച്ചും കേരളത്തിലെ പത്രമാസികകളിൽ ലേഖനങ്ങൾ കണ്ടുവരാറുണ്ടല്ലൊ. ഇപ്രകാരമുള്ള ലേഖനങ്ങൾ ഇക്കാലത്തു മാത്രമല്ലാ പ്രത്യക്ഷപ്പെട്ടുക. മുപ്പതൊ നാല്പതൊ സംവത്സരങ്ങൾക്കു മുമ്പും ആവക ലേഖനങ്ങൾ വായനക്കാർക്കു മാഗ്ഗഭ്രംശം വരുത്തുവാൻ ശ്രമിച്ചിരുന്നു. പ്രസ്തുത ലേഖനങ്ങളുടെ അനാശാസ്യ ഫലങ്ങളെ നിരോധിക്കുവാനുദ്ദേശിച്ചു് അത്യാവശ്യവും അവസരവുംപോലെ ഞാൻ അക്കാലത്തു് പത്രമാസികകളിൽ എഴുതാറുണ്ടായിരുന്നു. കത്തോലിക്കരും, ക്രൈസ്തവർ മൊത്തത്തിലും, പോരാ ഈശ്വരവിശ്വാസവും സമസൃഷ്ടി സ്നേഹവുമുള്ള സകലരും, അവശ്യം അറിയേണ്ടുന്ന കാൎയ്യങ്ങളെ പ്രതിവാദിച്ചും ഞാൻ ചിലപ്പോൾ എഴുതിയിരുന്നു. ആ ലേഖനങ്ങളിൽ ചിലതിൻെറ സമാഹാരമാണു് "കതിരും കററയും" ആയി ഇപ്പോൾ ആവിർഭവിക്കുന്നതു്. വിവിധാശയങ്ങൾ അണിനിരത്തിയിട്ടുള്ള മുപ്പതോളം ലേഖനങ്ങൾ, ഒട്ടധികം കതിരുകൾ ചേൎത്തു് കററകെട്ടുന്നവിധം ഈ ചെറുഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതത്രെ അതിൻെറ നാമകരണത്തിന്നാലംബം. സഹൃദയലോകം ഈ പുനഃപ്രസിദ്ധീകരണോദ്യമത്തെ പ്രോത്സാഹിപ്പിക്കുന്നപക്ഷം കതിരും കററയ്ക്കും പിന്നോടിയായിക്കഴിയുന്ന "പതിരും മണിയും" തുടങ്ങിയ ഏതാനും ചെറുഗ്രന്ഥങ്ങൾകൂടി കൈരളിയ്ക്കു കാഴ്ചവെയ്ക്കണമെന്നാണെൻെറ ആഗ്രഹം.

വാത്സല്യ നിർഭരവും ആനന്ദസന്ദായകവുമായ ഒരു അവതാരികയാൽ ഈ ചെറുപുസ്തകത്തെ കാരുണ്യപൂൎവ്വം അലങ്കരിച്ചു് എന്നെ അനുഗ്രഹിച്ചിട്ടുള്ള തിരുവല്ലാ രൂപതയുടെ മെത്രാൻ അഭിവന്ദ്യ സക്കറിയാസ് മാർ അത്താനാ

www.malankaralibrary.com

സ്യോസ് തിരുമേനിയോടുള്ള അഗാധമായ കൃതജ്ഞത ഞാൻ ഈ അവസരത്തിൽ സവിനയം പ്രകാശിപ്പിച്ചുകൊള്ളുന്നു. തിരുമേനിയിൽ നിന്ന് ഞാൻ അനുഭവിച്ചിട്ടുള്ള ഔദാര്യപ്രവർത്തനങ്ങൾ ഒട്ടധികമാണെന്ന് ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. എന്റെ അതിവന്ദ്യ സുഹൃത്തും ഗുണകാംക്ഷിയുമായ സ്ഥലം ദേവമാതാ കോളജ് പ്രിൻസിപ്പൽ റവ. ഡാക്ടർ എൻ. എ. തോമസ് എം. എ., പി. എച്ച്. ഡി. അവർകൾ ചിന്തോദ്ദീപകവും വിജ്ഞാനപ്രദവുമായ ഒരു ആമുഖം ഈ ചെറുകൃതിക്ക് ഭൂഷണമായി ചാർത്തിയതിൽ അദ്ദേഹത്തോട് ഞാൻ അത്യധികം നന്ദിയുള്ളവനായിരിക്കുന്നു. ഈ പ്രശസ്ത ഉപകർത്താക്കളെ കൂടാതെ വേറെ പല സഹൃദയരും "കതിരും കററയും" ഈവിധം പ്രസാധനം ചെയ്യുന്നതിൽ സഹായിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ ഏതാനും ഭാഗം കോഴിക്കോട്ടുവെച്ച് മുദ്രണം ചെയ്യുവാനുദ്യമിച്ച റവ. ഫാദർ ഹെർമിസ്, സി. എം. ഐ. അവർകളും തിരുവല്ലാ സെൻറു ജോസഫ്സ് പ്രിൻറിംഗ് ഹൌസ് മാനേജർ റവ. ഫാദർ എൽ. ജോൺ അവർകളും അവരിൽ പ്രഥമ സ്മരണീയർ ആകുന്നു. ഈ ചെറുഗ്രന്ഥത്തിനു വിഷയമായ ലേഖനങ്ങൾക്ക് പ്രഥമതസ്ഥലം തന്ന പത്ര, മാസിക, പ്രസിദ്ധീകരണാധികൃതരോടും എനിക്കു കടപ്പാടുണ്ട്. ഇവരെല്ലാവരോടും എന്റെ നന്ദി പ്രകടിപ്പിച്ചുകൊണ്ട് "കതിരും കററയും" സഹൃദയലോകത്തിന്നർപ്പിച്ചുകൊള്ളുന്നു.

Kuravilangad,
15th Aug. 1965.

V. C. GEORGE.

www.malankaralibrary.com

# അവതാരിക.

ചരിത്രകാരൻ, വിവിധ ഭാഷാപണ്ഡിതൻ, പ്രസിദ്ധനായ അദ്ധ്യാപകൻ, ഗ്രന്ഥകർത്താവു് എന്നീ നിലകളിൽ കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന ശ്രീ. വി. സി. ജോർജിന്റെ "കതിരും കറയും" കൈരളിക്കു് അവതരിപ്പിക്കുവാൻ സംഗതിയായതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. "കത്തോലിക്കരുടെ ആ തുണിത്തുണ്ടിന്റെ" മഹനീയതയെ മനസ്സിലാക്കുന്നതു മുതൽ "ലൂഥർ പ്രസ്ഥാനം മതപരിഷ്കാരമായിരുന്നോ? " എന്നു് വിശദമാക്കുന്നതുവരെ പല ലേഖനങ്ങൾ അവസരോചിതമായി, പ്രതിദിനപത്രങ്ങളിലും, വാരികകളിലും, മാസികകളിലും പ്രസിദ്ധപ്പെടുത്തിയിരുന്നതു ചേർത്തു കോർത്തിണക്കിയപ്പോൾ "കതിരും കറയു"മായി മാറിയതാണു് ഈ പ്രസിദ്ധീകരണം.

കത്തോലിക്കാസഭയിലെ ഭക്തകൃത്യങ്ങളെപ്പറ്റി ഇതര ക്രൈസ്തവരിലും മററു മതസ്ഥരിലുമുള്ള തെററിദ്ധാരണകൾ മാററുന്നതിനാഗ്രഹിച്ചും, മാനവസമുദായം വർഗ്ഗീയ ചിന്തയാകുന്ന സങ്കുചിതവൃത്തത്തിൽ പെടാതെ ഒരു പിതാവിന്റെ മക്കളെന്ന നിലയിൽ കഴിയേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചും, ക്രിസ്ത്യാനികൾ മററുമതസ്ഥരോടു കാണിക്കേണ്ട സഹിഷ്ണുതയെ പരാമർശിച്ചും, സഭയിലുള്ള അനൈക്യത്തിന്റെ ചരിത്രവർണ്ണനയോടൊപ്പം പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചും, അങ്ങനെ പലതിൽക്കൂടി കടന്നു "ഗലിലേയോ കേസിലും" കൈകടത്തി "മൂന്നുതരം

www.malankaralibrary.com

കത്തോലിക്കരേ"യും കണ്ടുമുട്ടി, "കുറവിലങ്ങാട്ടുകാരനു തെറ്റുപറ്റി"യതിൽ ഖേദിച്ചും, മുന്നേറുന്ന കലാകാരൻ വായനക്കാർക്ക് ചരിത്രപരവും മതപരവും ശാസ്ത്രപരവുമായ വിജ്ഞാനം നല്കുന്നുണ്ട്. ശ്രീ. ജോർജിന്റെ "കതിരും കററയു"ടെയും ഉൾക്കാമ്പ് കാലികമാണ്. ആ കററയിലെ കതിർ മണികൾ നാം കൊറിച്ച് ആസ്വദിക്കേണ്ടതാകുന്നു. ശ്രീ. വി. സി. യുടെ പുസ്തകം—കതിരും കററയും, കേരളത്തിലെ ബൗദ്ധിക വയലിന്, പോഷണവും ഭൂഷണവുമാണ്. എൺപതു വയസ്സു കഴിഞ്ഞിട്ടും ദിനേദിനേ എട്ടുമണിക്കൂർ ജോലി ചെയ്യുന്നതിനും ചിലപ്പോൾ എട്ടുമൈൽ നടക്കുന്നതിനും ദൈവം കഴിവുകൊടുത്തിരിക്കുന്ന ശ്രീ. വി. സി. തന്റെ വിജ്ഞാനവയലിൽനിന്ന് ഇനിയും ധാരാളം കതിർക്കററകൾ കൊയ്യുന്നതിനു് ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മെത്രാസനമന്ദിരം,
മേരിഗിരി, തിരുവല്ലാ,
3—8—1965.

സക്കറിയാസ്
മാർ അത്തനാസ്യോസ്,
തിരുവല്ലാ രൂപതയുടെ മെത്രാൻ.

www.malankaralibrary.com

Deva Matha College,
Kuravilangad,
13—8—1965.

# ആമുഖം.

‘കതിരും കറയും’ എന്ന ഈ പുസ്തകത്തിന് ഒരു ആമുഖം എഴുതണമെന്ന് എന്റെ അഭിവന്ദ്യ സുഹൃത്ത് ശ്രീമാൻ വി. സി. ജോർജ്ജ് ആവശ്യപ്പെട്ടപ്പോൾ ഞാൻ ഒന്നു ഞെട്ടിപ്പോയി. ഏതാനും ദശവത്സരങ്ങളായി ബുദ്ധിമണ്ഡലത്തിന്റെ വിവിധ തുറകളിലും പൊതുജനനേതൃത്വത്തിലും യശസ്തംഭം നാട്ടിയിരിക്കുന്ന അദ്ദേഹത്തിന്റെ ഉപന്യാസ സമാഹാരത്തിന് ഞാൻ ഒരു ആമുഖം എഴുതുകയോ? അതാണെന്നെ ഞെട്ടിച്ചത്. അദ്ദേഹത്തിന് എന്നോടുള്ള സ്നേഹവാത്സല്യങ്ങളാണിതിനു കാരണം എന്നെനിക്കറിയാം. അതിനാൽ അദ്ദേഹത്തിന്റെ ആഗ്രഹം ഒരു കല്പനപോലെ കരുതി ഞാൻ ഇതിനൊരുമ്പെടുന്നു.

തെളിവുള്ള രാത്രികളിൽ ചിലപ്പോഴൊക്കെ ജ്യോതിസ്ഫുലിംഗങ്ങൾ നാം കാണാറുണ്ട്. അവ കണ്ണിനു കൗതുകവും മനസ്സിന് ആഹ്ലാദവും നൽകിക്കൊണ്ട് ക്ഷണത്തിൽ മറഞ്ഞുപോകുന്നു. പിന്നീടവ ആർക്കും ദൃശ്യമാകുന്നില്ല, വിസ്മൃതമാവുകയാണു ചെയ്യുന്നത്. അവയ്ക്കു നക്ഷത്രങ്ങളുടെയിടയിൽ ഒരു സ്ഥിരപ്രതിഷ്ഠ ലഭിച്ചിരുന്നെങ്കിൽ!

പത്രങ്ങളിൽ വരുന്ന ലേഖനങ്ങളെ സംബന്ധിച്ചും ഈ അനുഭവമാണ് എടുത്തു പറയുവാനുള്ളത്. ദിനപ്പത്രങ്ങളിലൊ വാരികകളിലൊ ഒക്കെ വരുന്ന ചില ലേഖനങ്ങൾ അല്പനേരത്തേക്കു മനസ്സിനും ബുദ്ധിക്കും ആനന്ദവും ഉന്മേഷവും നൽകിയിട്ട് ക്ഷണത്തിൽ മറയുന്നു. ഈ ലേഖനങ്ങളിൽ ചിലത് കാലികമായ താല്പര്യം മാത്രം ഉളവാക്കുന്നവയായിരിക്കും. സാഹചര്യങ്ങളുടെയും സമകാലീന

www.malankaralibrary.com

സംഭവങ്ങളുടെയും വെളിച്ചത്തിൽ അർത്ഥപൂർത്തിയും രസപുഷ്ടിയും സമാർജ്ജിച്ച് അവ പൊട്ടുന്നനവെ യവനികയ്ക്കു പിന്നിൽ മറയുകയാണ് ചെയ്യുന്നത്. എന്നാൽ വേറെ ചില ലേഖനങ്ങളുണ്ട്. കാലദേശ സ്ഥിതികളെ കവിഞ്ഞു നിൽക്കുന്നവ. അവ അന്തർദ്ധാനം ചെയ്ത വർത്തമാനപത്രങ്ങളുടെ താളുകളിൽ അന്ത്യവിശ്രമംകൊള്ളുന്നത് ഖേദജനകമായ ഒരു തീരാനഷ്ടമാണ്. പുസ്തകരൂപത്തിൽ അവ പുനരുദ്ധാനം ചെയ്ത് സാഹിത്യനഭോമണ്ഡലത്തിൽ പ്രകാശിക്കുവാനിടയാകുന്നത് അനന്തര തലമുറകളുടെ ഭാഗ്യമായിരിക്കും.

ശ്രീമാൻ വി. സി. ജോർജ്ജ് കേരളീയർക്ക് സുപരിതനാണ്. അദ്ദേഹത്തിൻെറ തൂലികാവിലാസം പ്രധാനപ്പെട്ട മലയാളപ്പത്രങ്ങളിലൂടെ കേരളത്തിലെ ചിന്തകന്മാർക്കും ബുദ്ധിജീവികൾക്കും അനുഭവപ്പെട്ടിട്ടുള്ളതാണ്. ഒന്നിലധികം തലമുറകളുടെ ചിന്താസരണികളെ ചുററിപ്പററി നിൽക്കുന്ന ലേഖനങ്ങളാണ് അദ്ദേഹത്തിൻേറതു്. അവ ഇന്ന് പുസ്തകരൂപത്തിൽ ആവിഷ്കൃതമാവുന്നത് നമ്മുടെ വിജ്ഞാനഭാണ്ഡാഗാരത്തിനൊരു മുതൽക്കൂട്ടാണ്. സത്യംപോലെ സനാതനവും പ്രകൃതിപോലെ വൈവിധ്യമാർന്ന രൂപസത്തയുൾക്കൊള്ളുന്നവയുമാണ് അദ്ദേഹത്തിൻെറ പ്രതിപാദ്യങ്ങൾ.

ആകെക്കൂടെ 28 ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. ചില ലേഖനങ്ങളുടെ പ്രസിദ്ധീകരണത്തീയതികൾ കാണുന്നില്ല. ഉള്ളവയുടെ തീയതിവച്ചു നോക്കുമ്പോൾ 1928 മുതൽ 1957 വരെയുള്ള കാലഘട്ടമാണ് ഇവയുടെ ജന്മകാലം. ഗ്രന്ഥത്തിൻേറതുൾപ്പെടെ ഇതിലെ തലക്കെട്ടുകൾക്കെല്ലാം പുരോഗമനോന്മുഖമായ തിളക്കവും മിഴിവും കാണുന്നുണ്ട്. ഗ്രന്ഥനാമംതന്നെ 'കതിരും കററയും' എന്നാണ്. ചില തലക്കെട്ടുകൾ നമ്മുടെ ജിജ്ഞാസയെ കിക്കിളിയിടുന്നവയാണ്. "നരകസംഹാരി", "നാസികളോ 'നാശി'കളോ?", "ദിവംഗതനോ! ആഹാ, അത്രയ്ക്കായോ?", "ആ കറവിലങ്ങാട്ടുകാരനു തെററു

പററി" ഇങ്ങനെ പോകുന്നു പലതും. യാഥാസ്ഥിതികമായ ചില തലക്കെട്ടുകളും ഇല്ലാതില്ല—'പ്രതിപാദ്യം ഒററവാക്കിൽ' എന്നു പറയാവുന്നവ.

വിഷയങ്ങളുടെ വൈവിധ്യം ആരേയും ആകർഷിക്കുന്നതാണു്. ശ്രീമാൻ ജോർജ്ജിൻെറ തറവാടു് ചരിത്രഗവേഷണരംഗമാണെങ്കിലും അദ്ദേഹം മതം, സാഹിത്യം, സാമൂഹ്യവിമർശനം എന്നീ മണ്ഡലങ്ങളിലെല്ലാം സുഗമമായി ബന്ധം പുലത്തുകയും ആ ബന്ധുഗൃഹങ്ങൾക്കു് സ്വീകാര്യനായിത്തീരുകയും ചെയ്തിട്ടുണ്ടു്. അനായാസേന കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ നാനാമുഖത്വംകൊണ്ടു് ഈ സമാഹാരത്തിനു് ഒരു മൊസായിക് (Mosaic) രൂപമാണു് ലഭിച്ചിട്ടുള്ളതു്. അതു ഗ്രന്ഥകാരൻെറ വിജ്ഞാനവ്യാപ്തിയുടെ സൂചികയായിത്തന്നെ കരുതണം. സാമൂഹ്യബന്ധത്തിലെന്നപോലെ ഉന്നതമായ ഏതു മണ്ഡലത്തിലും കടന്നുചെല്ലാനും, കടന്നുചെന്നിട്ടുള്ള സ്ഥലങ്ങളെല്ലാം സ്വന്തമാക്കാനുമുള്ള ഒരു വശ്യശക്തി അദ്ദേഹത്തിനു സ്വതസ്സിദ്ധമായുണ്ടു്. സാമൂഹ്യബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള പിളർപ്പുകളും അകൽച്ചകളും മനോരഞ്ജനംവഴി പരിഹരിക്കുവാൻ കഴിഞ്ഞിട്ടുള്ളതുപോലെതന്നെ സാങ്കേതികമായി വികസിച്ചു് ശാഖോപശാഖകളായിതീന്നിട്ടുള്ള ശാസ്ത്രവിഭാഗങ്ങൾക്കു് ഉൽഗ്രഥനം നൽകി മനുഷ്യൻെറ മൂലവും മൂല്യവും സ്ഥാപിക്കുവാൻ അദ്ദേഹത്തിനുള്ള കഴിവു് അസാധാരണമാണു്.

ചിന്തയുടെ അഗാധ മേഖലകളിലേക്കു് ഏകാഗ്രതയുടെ കൈത്തിരിയുമായി കടന്നുചെല്ലുന്ന ഗവേഷണപടുക്കളായ പണ്ഡിതാഗ്രണികൾക്കു ചില പരിമിതികളുണ്ടു്. ഒന്നു്, അവരുടെ വീക്ഷണമണ്ഡലത്തിൻെറ സങ്കുചിതത്വം; രണ്ടു്, സാമൂഹ്യഭാവങ്ങളിൽ നിന്നുള്ള അകൽച്ച. ഊണും ഉറക്കവും വെടിഞ്ഞു് തൻെറ ഗവേഷണശാലയിൽ അനേക ദിവസങ്ങൾ കഴിക്കുവാൻ സാധിച്ച ഡോ. ഐൻസ്റ്റയിനാണു് എൻെറ ഓർമ്മയിൽ വരുന്നതു്. ചിതൽ വീണ ഏടുകളും മാഞ്ഞുപോയ ശിലാലിഖിതങ്ങളും

www.malankaralibrary.com

അനുദിനം കൈകാര്യം ചെയ്യുന്ന ചരിത്രഗവേഷകന്മാരുടെ സ്ഥിതിയും ഭിന്നമല്ല. സാമൂഹ്യാചാരങ്ങളെന്നപോലെ ഹാസ്യവും, ഫലിതവും, വിനോദവും അവക്കു പരിചിതമാണു്. എന്നാൽ ശ്രീമാൻ ജോർജ്ജ് അവരിൽനിന്നു് വളരെ വ്യത്യസ്തനാണു്. ഫലിതത്തിന്റെ പൊട്ടിച്ചിരിയും, വിനോദത്തിന്റെ ഹാസ്യാനുഭൂതിയും, സാമൂഹ്യദൃശ്യങ്ങളുടെ പരിഹാസ്യതയും എല്ലാം അദ്ദേഹത്തിന്റെ ഈ ലേഖനങ്ങളിൽ ഉടനീളം കാണാം. സാമൂഹ്യരംഗങ്ങളിൽ ഇടപഴകുവാനും, ചിരിക്കാനും, ചിരിപ്പിക്കാനും കഴിയുന്ന ഒരു വ്യക്തിയാണു് ഈ ഗ്രന്ഥകാരൻ; മേഘങ്ങൾക്കിടയിൽ ശിരസ്സുറപ്പിച്ചു നിൽക്കുന്ന ഒരു വ്യക്തിയല്ല അദ്ദേഹം. 'ഒസ്സാനാമിന്റെ കാവൽമാലാഖാ' എന്ന ലേഖനത്തിൽ ചിത്രീകരിച്ചിരിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ പരിഭവ ഭാഷണങ്ങളും മററും ഏററം ഹൃദ്യമായിട്ടുണ്ടു്.

ശ്രീമാൻ ജോർജ്ജിന്റെ അനുദിന ജീവിതത്തിന്റെ പശ്ചാത്തലം കാർഷികമാണു്. കാടും മേടും, വയലും, പുഴയും. ഊടും പാവുമായി നെൽമണിക്കസവിന്റെ കരയിട്ടു് നെയ്ത പ്രകൃതി; ശ്രീയുടെ വസന്തത്തിമിർപ്പാണെവിടെയും. അതിന്റെ പ്രതീകമാണു് 'കതിരും കററയും'.

ഈ ലേഖന പുഷ്പമാല്യം ശ്രീമാൻ ജോർജ്ജിന്റെ സാഫല്യമുതിക്കുന്ന കഴിവുകൾക്കു് ഒരലങ്കാരമായിത്തീരട്ടെ എന്നാശംസിക്കുകയും ഈ ഗ്രന്ഥത്തിനു് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

N. A. Thomas,
Principal.

www.malankaralibrary.com

# കത്തോലിക്കരുടെ

# ആ തുണിത്തുണ്ടുകൾ

കത്തോലിക്കരെ ഇതര ക്രൈസ്തവ സഭാംഗങ്ങളിൽ നിന്നു് വേർതിരിക്കുന്നതിനു് ചിലപ്പോഴൊക്കെ സൌകര്യം നല്കാറുള്ള ആ തുണിത്തുണ്ടുകൾ സുപരിചിതങ്ങളാണല്ലൊ. അശോകചക്രംപോലെയോ, ചുററികയും അരിവാളും എന്നിവപോലെയോ പിംഗല വർണ്ണത്തിലുള്ള ഈ തുണിത്തുണ്ടുകൾ രാഷ്ട്രീയങ്ങളോ സാമുദായികങ്ങളോ ആയ ചിഹ്നങ്ങളല്ല. അവ ധരിക്കുന്നവർ വ്യവസ്ഥാപിതങ്ങളായ രാഷ്ട്രീയ കക്ഷികളിൽ ഏതിലെങ്കിലുംപെട്ടു ജീവിക്കുന്നതിനു് സ്വാതന്ത്ര്യമുള്ളവരാണു്. മുതലാളിയും—തൊഴിലാളിയും, ശാസ്ത്രജ്ഞനും, വ്യവസായിയും, ഉല്പാദകനും, ഉപഭോക്താവും ഒരേവിധത്തിലുള്ള ഭക്തിയോടും നിഷ്ഠയോടും കൂടി തിരുവുത്തരീയം എന്നോ വെന്തിങ്ങ എന്നോ സാധാരണയായി അറിയപ്പെടുന്ന ഈ തുണിത്തുണ്ടുകൾ നിയമേന ധരിക്കുന്നവരാണു്. അവരുടെ ദൃഷ്ടിയിൽ അതിററ ആദ്ധ്യാത്മികനന്മയും, മേന്മയും നല്കുന്നതാണു് വെന്തിങ്ങ. Vestigium എന്ന ലത്തീൻ ശബ്ദത്തിൻെറ അർത്ഥമുള്ള പോർട്ടുഗീസ് ശബ്ദത്തിൽ നിന്നുണ്ടായ 'വെസ്റ്റീണ്ടു്' ലോപിച്ചു് അവശേഷിക്കുന്നതാണു് വെന്തിങ്ങ അഥവാ വെന്തീഞ്ഞ എന്നു് വിശ്വസിക്കപ്പെടുന്നു. "വെസ്റ്റീജിയും" എന്ന ലത്തീൻ പദം അടയാളം, ചിഹ്നം, എന്നിങ്ങനെ മലയാളത്തിൽ പരിഭാഷപ്പെടുത്താം. ആഗമം എങ്ങനെയായാലും ദേവമാതാവു് തൻെറ ഭക്തക്കു് നൽകിയ അടയാളമാണു് വെന്തിങ്ങ എന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. ശരീരത്തിൻെറ ഉത്തരഭാഗത്തു് ധരിക്കേണ്ട അടയാളമാകയാൽ ഉത്തരീയം എന്ന നാമവും അതിനു സിദ്ധിച്ചു.

ദൈവമാതൃഭക്തരെന്നു് വിശ്രുതരായ കർമ്മലീത്താ സന്യാസി സമൂഹംവഴിയാണു് തിരുവുത്തരീയം മനുഷ്യജാതിക്കു്, പ്രത്യേകിച്ചു് കേരളത്തിലെ കത്തോലിക്കക്കു്

www.malankaralibrary.com

ലബ്ധമായതു്. കർമ്മലീത്താസമൂഹത്തിനാകട്ടെ പരിശുദ്ധ ദിവ്യജനനിയിൽനിന്നും നേരിട്ടും ലഭിച്ചു. കന്യകാമറിയം പ്രത്യക്ഷീഭവിച്ചുകൊണ്ടു് വിശുദ്ധ സൈമൺ സ്റ്റോക്കിനോടു് ഇപ്രകാരം പ്രസ്താവിച്ചു: 'വാത്സല്യഭാജനമായ പുത്രാ, നിന്റെ സമൂഹത്തിന്റെ ഈ വസ്ത്രത്തെ സ്വീകരിക്കൂ. നിനക്കും സകല കർമ്മലീത്താ സഭക്കാർക്കും ഇതൊരു വിശേഷാനുഗ്രഹമാണു്. ഇതു ധരിച്ചുകൊണ്ടു മരിക്കുന്നവർ നിത്യാഗ്നി സഹിക്കേണ്ടിവരികയില്ല." ഈ വരദാനം എത്ര അർത്ഥവത്തും ഫലപ്രദവുമാണെന്നു് ചിന്തിക്കുക. കന്യകാമറിയം തന്റെ ഭക്തർക്കു നല്കിയ ഈ പുതിയ വസ്ത്രം, മരിയഭക്തിയുടെ ഈ നൂതന ചിഹ്നം, അവരെ നിത്യനരകത്തിൽനിന്നു്, നിത്യശിക്ഷയിൽനിന്നു് മോചിച്ചു് സനാതന സൌഭാഗ്യത്തിനു് യോഗ്യരാക്കിത്തീർക്കുന്നു. കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കുവാൻ സ്വപുത്രനെ പ്രേരിപ്പിച്ച ദീനാനുകമ്പയും ധർമ്മബുദ്ധിതവുമത്രെ ഇവിടെയും ദിവ്യാംബിക പ്രകടമാക്കുന്നതു്. ഉത്തരീയം ധരിച്ചുകൊണ്ടു്, കന്യകാമറിയവുമായി പ്രത്യേകവിധം ബന്ധമുള്ള ഉത്തരീയ സഖ്യത്തിൽ ഏർപ്പെട്ടുകൊണ്ടു്, ഐഹികവാസം ഉപേക്ഷിക്കുന്നവർക്കെല്ലാം നിത്യരക്ഷ അഭംഗുരമായി വാഗ്ദാനം ചെയ്തിരിക്കുന്നു.

മാതാവിന്റെ ഈ വരദാനത്തെ കത്തോലിക്കാസഭയിലെ പരമാധികാരികളായ മാർപ്പാപ്പാമാർ ഔദ്യോഗികമായി അംഗീകരിക്കുകയും കീർത്തിക്കുകയും, പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്. ഉത്തരീയാങ്കിയാൽ മരണാവസ്ഥയിൽ കൃപാവരത്താൽ അലംകൃതനായിരിക്കുമെന്നും; മരണാനന്തരംവരുന്ന ആദ്യശനിയാഴ്ച അയാളുടെ ആത്മാവു് ശുദ്ധീകരാവസ്ഥ അവസാനിപ്പിച്ചു് സ്വർഗ്ഗത്തിലേക്കു് ആനയിക്കപ്പെട്ടും എന്നുമുള്ള രണ്ടു വിശേഷാവകാശങ്ങളാണു് വി. സൈമൺ സ്റ്റോക്കിനോടുള്ള വാഗ്ദാനത്തിൽ അന്തർഭവിച്ചിട്ടുള്ളതു്. ജോൺ 22-ാമൻ മാർപ്പാപ്പാ 1322-ൽ പ്രസിദ്ധം ചെയ്ത 'ബുള്ളാ'യെത്തുടന്നു് പതിനഞ്ചു പാപ്പാമാർ ഉത്തരീയംവഴി ലഭിക്കാവുന്ന നിത്യാഗ്നിമോചന

www.malankaralibrary.com

ത്തെയും ശനിയാഴ്ചവരത്തെയും സ്ഥാപിച്ച് ഉപദേശങ്ങളും ഉൽബോധനങ്ങളും നൽകിയിട്ടുണ്ട്. ഇതിൻെറയൊക്കെ ഫലമായി അനേകകോടി കത്തോലിക്കർ അചഞ്ചലമായ പ്രത്യാശയോടുകൂടി ഉത്തരീയധാരികളായി ചരമം അടഞ്ഞിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

എന്നാൽ ക്രിസ്തു സ്ഥാപിച്ച കൂദാശകളുടെ കാര്യത്തിലെന്നോണം പാപരഹിതമായ ഒരു ജീവിതം ദൈവമാതാവിൻെറ ഈ വരപ്രാപ്തിക്കും ആവശ്യമാണ്. പ്രസാദവരം (Grace) കൂടാതെ യാതൊരുവനും സ്വർഗ്ഗപ്രാപ്തി ശക്യമല്ല. "എൻെറ മാംസം ഭക്ഷിക്കുകയും എൻെറ രക്തം പാനംചെയ്യുകയും ചെയ്യുന്നവന് നിത്യായുസ്സുണ്ട്: അവനവസാന ദിവസം ഞാനവനെ ഉത്ഥാനം ചെയ്യും." (വി. ജോൺ VI. 5) എന്ന ദിവ്യരക്ഷകൻെറ വാഗ്ദാനം അനുസരിച്ചാണെങ്കിലും അയോഗ്യമായി ദിവ്യകാരുണ്യം സ്വീകരിക്കുന്നവൻ ശിക്ഷാർഹനാണല്ലൊ. വെന്തിങ്ങക്കാരൻെറ കാര്യത്തിലും സ്ഥിതി ഇതുതന്നെയാണ്. പ്രസാദവരത്തോടുകൂടി ഐഹികവാസം വെടിയേണ്ടതു് മോക്ഷപ്രാപ്തിക്കാവശ്യമാണ്. പാപംകൂടാതെ ജീവിക്കുന്ന ഒരാൾക്ക് ആ അവസ്ഥയിൽ അവസാനംവരെ സുസ്ഥിരമായ നിലനിൽപ്പും പാപിയുടെ കാര്യത്തിൽ പാപപ്പൊറുതിക്ക് അത്യന്താപേക്ഷിതമായ പാപത്തെപ്പററിയുള്ള അനുതാപവുമാണ് ഉത്തരീയംമൂലം നൽകപ്പെടുന്നതു്. അതുകൊണ്ടാണ് ദൈവമാതാവിൻെറ ഈ വരദാനത്തെയും അതിൻെറ ലക്ഷ്യപ്രാപ്തിയെയുംപററി പ്രതിപാദിക്കയിൽ ചില ആത്മ്യാത്മീക പണ്ഡിതന്മാർ, ഇതു ധരിച്ചുതൊണ്ട് ഭക്തിപൂർവ്വം മരിക്കുന്നവർ ഒരിക്കലും നിത്യാഗ്നി സഹിക്കേണ്ടിവരികയില്ല എന്നുള്ള വിശദീകരണം നൽകിയിട്ടുള്ളതു്. ഭക്തിപൂർവ്വം ജീവിക്കുക, അഥവാ ഭക്തിപൂർവ്വം മരിക്കുക എന്നതു് വിശുദ്ധ സൈമൺസ്റ്റോക്കിനു് നൽകിയ മാതൃചിഹ്നത്തിൻെറ ലക്ഷ്യപ്രാപ്തിക്ക് ആവശ്യകമായിരുന്നു. കർമ്മലോത്തരീയത്തിൻെറ സപ്തശതാബ്ദപൂർത്തി മഹാമഹം ആഘോഷിച്ചതിൻെറ സ്മാരകമായി വെന്തീഞ്ഞ ധരിച്ചു്

www.malankaralibrary.com

ഭക്തിപൂർവ്വം ജീവിക്കുന്ന വിഷയത്തിൽ നാം കൂടുതൽ ശ്രദ്ധപതിക്കേണ്ടതാണ്. രാഷ്ട്രീയങ്ങളോ സാമുദായികങ്ങളോ ആയ ചിഹ്നങ്ങളെ അപേക്ഷിച്ച് എത്രയധികം സമുന്നതമായ ഒരു സ്ഥാനമാണ് കത്തോലിക്കരുടെ ഈ തുണിത്തുണ്ടുകൾക്ക് ഉണ്ടായിരിക്കേണ്ടത്.

(കത്തോലിക്കാജീവിതം, 1951 ഒക്ടോബർ)

---

# ജാതിധ്വംസനം

"ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം" എന്നിങ്ങനെ ക്രിസ്തുനാഥൻെറ മനുഷ്യാവതാരവസരത്തിൽ ഉണ്ടായ ആകാശവാണി വളരെ അർത്ഥഗംഭീരമാണെന്നു പറയേണ്ടതില്ലല്ലോ. ദൈവം മനുഷ്യനായി അവതരിച്ച്, മനുഷ്യസഹജങ്ങളായ ക്ലേശങ്ങളും കഷ്ടതകളും സഹിച്ചതിൻെറ ഉദ്ദേശ്യം പ്രസ്തുത വാക്യത്തിൽ സ്ഫുരിക്കുന്നുണ്ട്. അതുപോലെതന്നെ ഇക്കഴിഞ്ഞ ഇരുപതു ശതാബ്ദങ്ങളിലായി ക്രൈസ്തവസഭ ഏതു ലക്ഷ്യത്തെ മുൻനിർത്തി പ്രവർത്തിച്ചുവരുന്നുവെന്നും പ്രസ്തുത വാക്യം വിശദമാക്കുന്നു: "ദൈവസ്തുതിയും" "മാനുഷസമാധാനവും" തന്നെ ക്രിസ്തുവവതാരത്തിൻെറയും സഭാപ്രവർത്തനത്തിൻെറയും കാര്യപരിപാടിയിലെ പ്രധാന വിഷയങ്ങൾ. ക്രിസ്തുമതം രംഗപ്രവേശനം ചെയ്ത അവസരത്തിൽ യവനന്മാരുടെയും റോമന്മാരുടെയും യഹൂദരുടെയും ഇടയിൽ ജാതിവ്യത്യാസത്തിൻെറ കാർക്കശ്യം അതികഠോരമായി അനുഭവപ്പെട്ടിരുന്നു. ഒരാൾക്ക്, അയാളുടെ വാസനാവിശേഷങ്ങളോ സ്വഭാവഗുണങ്ങളോ എങ്ങനെയിരുന്നാലും ഉന്നതമെന്നു സങ്കല്പിക്കപ്പെട്ട ഒരു ജാതിയിലോ വർഗ്ഗത്തിലോ ജനിച്ചുയെന്ന ഏക കാരണത്താൽ അധഃസ്ഥിതമായ ഒരു ജാതിയിലൊ വർഗ്ഗത്തിലൊ ജനിച്ച മറെറാരുവനെ അപേക്ഷിച്ചു ഔൽകൃഷ്ട്യമുണ്ടെന്നുള്ള ധാരണ തീർത്തും അടിസ്ഥാനരഹിതമാണെന്നു ലോകസമക്ഷം സധൈര്യം പ്രസ്താവിച്ചതു് ക്രിസ്തുസഭയാണ്. അടിമയും ഉടമസ്ഥനും, യഹൂദ

www.malankaralibrary.com

നും പരദേശിയും, യവനനും മ്ലേച്ഛനും, റോമനും അധീനനും, ഇങ്ങനെ മനുഷ്യരുടെ ഇടയിൽ കാണപ്പെട്ട ഉച്ചനീചത്വദ്യോതകങ്ങളായ വിഭാഗങ്ങളെ ക്രൈസ്തവസഭ സഹിച്ചില്ല. ക്രിസ്ത്യാനികളുടെയിടയിൽ അംഗീകൃതമാകേണ്ട ആദർശത്തെപ്പററി കൊളോസ്യർക്കുള്ള ലേഖനത്തിൽ വി. പൌലോസ് ഇങ്ങനെ പ്രസ്താവിക്കുന്നു: "പുറജാതിയെന്നോ യഹൂദനെന്നോ, പ്രഛേദിതനെന്നോ, അപ്രഛേദിതനെന്നോ, മ്ലേച്ഛനെന്നോ, സിഥിയനെന്നോ, സ്വതന്ത്രനെന്നോ, ബന്ധിതനെന്നോയില്ല. പിന്നെയോ ക്രിസ്തു സർവരിലും സർവ്വവും ആകുന്നു." ഈ ആദർശം അനുസരിച്ചു ആദിമക്രിസ്ത്യാനികൾ അവർ ഏതു ജാതിയിൽ നിന്നോ വംശത്തിൽ നിന്നോ വന്നവരെന്നു നോക്കാതെ ക്രൈസ്തവസാഹോദരബോധം പ്രബലപ്പെടുത്തേണ്ടവരാണെന്നു ഉൽബോധിതരായിത്തീൎന്നു. അക്കാലത്തെ സാമൂഹ്യസ്ഥിതി ഈ ആദർശത്തെ പുലർത്തുന്നതിനു സഹായിക്കാത്തതായിരുന്നുവെങ്കിലും പ്രതികൂലശക്തികളോടു ഘോര സമരംനടത്തി സഭ മനുഷ്യൻെറ സാഹോദര്യത്വം സ്ഥാപിക്കതന്നെ ചെയ്തു.

ഭാരതത്തിനു പുറമെയുള്ള രാജ്യങ്ങളിൽ ജാതിവംശാദിനാമങ്ങളാൽ ഒരു മനുഷ്യനെ വേറൊരു മനുഷ്യനിൽനിന്നു് അകററി നിറുത്തിയിരുന്ന ശക്തികളെ ധ്വംസനം ചെയ്തതു ക്രൈസ്തവസംസ്കാരമാണെന്നു അതിശയോക്തി കൂടാതെ പ്രസ്താവിക്കാം. ഭാരതത്തിൽ തന്നെയും ഏതൽസംബന്ധമായി ക്രിസ്തുമതത്തിനു ധാരാളം ചെയ്യുവാൻ സാധിച്ചിട്ടുണ്ടു്. ബ്രാഹ്മണർ, ക്ഷത്രിയർ മുതലായ ഉൽകൃഷ്ട ജാതികളിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവർ അധഃസ്ഥിത സമുദായങ്ങളിൽനിന്നും ക്രിസ്ത്യാനികളായവരെ സഹോദരന്മാരായി പരിഗണിച്ചു അവരുമായി നടത്തിത്തുടങ്ങിയ മിശ്രഭോജനവും മിശ്രവിവാഹവും ജാതിക്കോട്ടയുടെ അടിസ്ഥാനം തട്ടിയുടച്ച തുരങ്കങ്ങളാണെന്നു് ആർക്കാണു് അറിഞ്ഞുകൂട്ടാത്തതു്? ആര്യസമാജം, ബ്രാഹ്മസമാജം മുതലായ പ്രസ്ഥാനങ്ങൾ സാമൂഹ്യപരിഷ്കാരത്തിനു് പുറപ്പെട്ടതു്

www.malankaralibrary.com

ക്രൈസ്തവാദർശങ്ങളുടെ കാലടികളിൽ കൂടെയാണെന്നു രാംമോഹൻറോയി, കേശബ്ചന്ദ്രസേൻ മുതലായ തൽപ്രണേതാക്കൾതന്നെ പ്രഖ്യാപനം ചെയ്തിട്ടുള്ളതാണ്. ഈ കാലത്തും ജാതിമൂലം ഉണ്ടായിട്ടുള്ള അകൽച്ചകളെ മാററുന്നതിനു ക്രിസ്തുമതവും ക്രിസ്തുമത പുരോഹിതന്മാരും ധാരാളം പ്രവർത്തിച്ചുവരുന്നുണ്ട്. ജാതിവ്യത്യാസം സംബന്ധിച്ച ചില ആചാരങ്ങളെ ക്രിസ്തുമതം അനുവദിക്കുന്നുണ്ടെങ്കിൽ അതു ഹിന്ദുസമുദായത്തോടുള്ള ഭക്തികൊണ്ടും ആ സമുദായത്തിലെ മാമൂൽ പ്രിയന്മാരെ ആവുന്നത്ര ആദരിക്കണമെന്നുള്ള അഭിവാഞ്ഛകൊണ്ടും ആകുന്നു. ഹിന്ദുസമുദായത്തിൽ തന്നെ അനാവശ്യങ്ങളായ ജാത്യാചാരങ്ങളെ നാമാവിശേഷമാക്കണമെന്നുള്ള മനഃസ്ഥിതി പ്രത്യക്ഷപ്പെട്ടു തുടങ്ങിയപ്പോൾ ഈ പുതിയ സാഹചര്യങ്ങൾക്കു ക്രിസ്ത്യാനികൾ സ്വാഗതം നൽകുകയാണ് ചെയ്തിട്ടുള്ളതു്. ഈ മനഃസ്ഥിതിയെപ്പററി ഇന്ത്യയിലെ ആധുനിക ദലഗാദപ്പസ്തോലിക്കാ മോൻസിഞ്ഞോർ കിയെർക്കൽസ് തിരുമനസ്സുകൊണ്ടു് ഇപ്രകാരമാണ് പ്രസ്താവിച്ചിട്ടുള്ളതു്:—„ഇപ്പോൾ ഹിന്ദുസമുദായം തന്നെ ക്രൈസ്തവ പ്രേരണയ്ക്കു സുദീർഘം വിധേയമായി ഈ സാമുദായിക ഘടനകൾക്കെതിരായി തിരിഞ്ഞിരിക്കുകൊണ്ടു ഈ സുഭഗമായ ഭേദഗതിയെ സഭയും അതിലെ വൈദികരും അനുകൂലിക്കുകയാണ് വേണ്ടതു്." അടിസ്ഥാനരഹിതങ്ങളും മനുഷ്യൻെറ സാഹോദര്യത്തെ അവഗണിക്കുന്നവയുമായ ജാത്യാചാരങ്ങളെ ധ്വംസിക്കുന്നതിനുവേണ്ടി സഭാധികാരികളുടെ സ്വരം ക്രിസ്തുചരിത്രത്തിൻെറ ആരംഭം മുതൽ ഇന്നുവരെ കേൾക്കപ്പെട്ടിട്ടുള്ളതാണ്.

ആകയാൽ അന്ധവിശ്വാസങ്ങളായ ജാത്യാചാരങ്ങളെ എതിർക്കുന്ന ഏതു പദ്ധതിയും പരിഷ്കാരവും, വിസ്തൃതമായ അർത്ഥത്തിൽ ക്രിസ്തുമതാദർശത്തിനുയോജിച്ചതാണെന്നുള്ളതു് നിരാക്ഷേപമാണ്. ഇങ്ങനെ ആലോചിക്കുമ്പോൾ തിരുവിതാംകൂർ മഹാരാജാ തിരുമനസ്സുകൊണ്ടു് അടുത്തകാലത്തു പ്രസിദ്ധംചെയ്ത ക്ഷേത്രപ്രവേശനവിളംബരം ഭാരത

www.malankaralibrary.com

ത്തിൽ ജാതിക്കോട്ടയെ തകർത്ത ഒരു മഹാശക്തിയാണെന്നുള്ള ബോധത്തോടുകൂടി ക്രിസ്ത്യാനികളും അമൂല്യമായി കരുതേണ്ടതായ ഒരു പ്രമാണമത്രെ. ലോകരക്ഷകനായ ക്രിസ്തു മനുഷ്യജാതി മുഴുവനുംവേണ്ടി പീഢയനുഭവിച്ചു് മരിച്ചു് സ്വർഗ്ഗരാജ്യം മനുഷ്യജാതിക്കായി തുറന്നുകൊണ്ടു് മനുഷ്യരുടെ സമത്വത്തെയും സാഹോദര്യത്തെയും സ്ഥാപിച്ചുയെന്നുള്ള അടിസ്ഥാനത്തിന്മേലാണു് ക്രിസ്തുമതവിശ്വാസം ഉറച്ചു നിൽക്കേണ്ടതു്. പ്രസ്തുത അടിസ്ഥാനം ഉറക്കാത്ത സ്ഥലങ്ങളിൽ ക്രിസ്തുമതപ്രചാരത്തിനു ജീവൻ ഉണ്ടായിരിക്കുകയില്ല. അയിത്തം, തീണ്ടൽ മുതലായ ആചാരങ്ങൾ പ്രസ്തുത അടിസ്ഥാനത്തിനു് സർവ്വത്ര പ്രതികൂലമായിട്ടുള്ളവയാണു്. ആകയാൽ അവയെ പ്രതിരോധിച്ചിട്ടുള്ള വിളംബരം ക്രൈസ്തവ സുവിശേഷസംബന്ധമായ ഒരു ഒരുക്കം അഥവാ സജ്ജീകരണം ആകുന്നു. രാജകീയ വിളംബരം ക്രിസ്തുമതത്തിൽ ചേരുന്ന അവർണ്ണഹിന്ദുക്കളുടെ പേരിൽ ആരോപിക്കാറുള്ള ഒരു ന്യൂനതയും പരിഹരിക്കുന്നു. അവർണ്ണ ഹിന്ദുക്കൾ തീണ്ടലും തൊടീലും ഭയപ്പെട്ടു് ഹിന്ദുസമുദായത്തിൽ നിന്നു പുറത്തുപോയതാണെന്നും മാധവനും ഗോവിന്ദനും മതംമാററംമൂലം മത്തായിയും ചാക്കോയും ആയാൽ ഉണ്ടാകുന്ന മേന്മയോർത്തു് മാമ്മോദീസാ സ്വീകരിക്കുന്നതാണെന്നും അപവാദം പുലമ്പുന്നവരുണ്ടല്ലോ. ഈ ആക്ഷേപവാദത്തിനുള്ള വഴി രാജകീയ വിളംബരം അടച്ചിരിക്കുന്നു. അവർണ്ണ ഹിന്ദുക്കൾക്കായി ഇപ്പോൾ ഹിന്ദുക്ഷേത്രവും ക്രൈസ്തവ ദേവാലയവും ഒരുപോലെ തുറന്നു കിടക്കുന്നു. ഒന്നിനെ ദൂരെനിന്നു സങ്കോചത്തോടുകൂടി നോക്കികൊണ്ടു്, അതിൻെറ അകത്തു പ്രവേശിക്കാൻ സാധിക്കുകയില്ലല്ലോ എന്നുള്ള ഇച്ഛാഭംഗത്താൽ ദീർഘശ്വാ

www.malankaralibrary.com

സമിട്ടു മററേതിൽ പ്രവേശിക്കേണ്ട ആവശ്യമില്ല. രണ്ടിലും പ്രവേശനസ്വാതന്ത്ര്യമുള്ളതുകൊണ്ടു് രണ്ടിൻേറയും ഉള്ളിൽ കടന്നു വേണ്ട പരിശോധന നടത്തി ഏതാണു് ഐഹിക പാരത്രിക സൌഭാഗ്യസംതൃപ്തികൾക്കു് കൂടുതൽ ഉപകരിക്കുന്നതെന്നു ബോധിച്ചു് അങ്ങനെയുള്ളതിനെ സ്ഥിരമായി തിരഞ്ഞെടുക്കാം. ക്ഷേത്രപ്രവേശന വിളംബരത്തെ ഈ ആലോചന മുൻനിറുത്തി ക്രൈസ്തവ നേതാക്കന്മാർ അഭിവാദ്യം ചെയ്തിട്ടുണ്ടു്. പ്രസ്തുത വിളംബരം മൂലം ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലേയ്ക്കു മതപരിഷ്കാരികളുടെയും ആചാരപരിഷ്കാരികളുടെയും ഇടയിൽ ഗണനീയമായ ഒരു സ്ഥാനം കൈവന്നിട്ടുണ്ടെന്നുള്ളതു് തിരുവിതാംകൂർ നിവാസികളെല്ലാം അഭിമാനകരമായി കരുതേണ്ടതാണു്. ക്രൈസ്തവ മതതത്വങ്ങളെ സ്പർശിക്കുന്ന വിളംബരത്തിൻെറ വശത്തെ സ്മരിച്ചു ക്രിസ്ത്യാനികൾ പ്രത്യേകിച്ചും തിരുമേനിയ്ക്കു നമസ്കൃതി അർപ്പിക്കേണ്ടതാണു്.

(കേരളകൌമുദി, 1937 ജനുവരി 24)

---

# വർഗ്ഗീയ മത്സര ദുർഗന്ധം

തിരുവിതാംകൂർ വർഗ്ഗീയമത്സരത്തിൻെറ രംഗമായിട്ടാണു് അറിയപ്പെടുന്നതു്. നായർക്കു് ക്രിസ്ത്യാനിയേയും ഈഴവനേയും, ബ്രാഹ്മണനു നായരേയും ക്രിസ്ത്യാനിയേയും, മുസ്ലിമിനു ബ്രാഹ്മണരേയും നാടാരേയും സ്നേഹമില്ലാതായിട്ടു് ആ അവസ്ഥ ഇപ്പോൾ പരസ്പരവിരോധത്തിലും അസൂയയിലും കലാശിച്ചിരിക്കുന്നുവെന്നു പറയാം. ഇതുകൊണ്ടത്രെ നായർസമുദായത്തിൽപ്പെട്ട ഒരാൾക്കു ഉയർച്ച കൂടിയെന്നു കാണുമ്പോൾ ക്രിസ്ത്യൻ കുണ്ഠിതപ്പെടുന്നതും ക്രിസ്ത്യൻെറ മീശയ്ക്കു തഴപ്പു കൂടിയെന്നു കാണുമ്പോൾ നായർ

www.malankaralibrary.com

ശ്ശണ്ഠിപിടിക്കുന്നതും. ഈ അവസ്ഥ രാജ്യക്ഷേമത്തിനു എത്ര മാത്രം വിഘാതമാണെന്നുള്ളതു് വിവിധ സമുദായത്തിൽപ്പെട്ട പ്രമാണികൾപോലും മനസ്സിലാക്കാത്ത സമ്പ്രദായത്തിലാണു് കാൎയ്യങ്ങൾ പോകുന്നതു്. കുറെക്കാലമായി വിവിധ സമുദായങ്ങൾ തമ്മിൽ സൎക്കാർ സൎവ്വീസിലെ ഉദ്യോഗങ്ങൾക്കായിട്ടും പ്രതിനിധിസഭകളിലെ സ്ഥാനങ്ങൾക്കായിട്ടുമാണല്ലോ വഴക്കടിച്ചും വാശിപിടിച്ചും കഴിയുന്നതു്. ഈ വഴക്കു് അടുത്തകാലത്തെങ്ങും അവസാനിക്കുന്ന ലക്ഷണം കാണുന്നില്ല. പ്രത്യുത മററു കാൎയ്യങ്ങളിൽ കടന്നുകൂടുന്നതിലുള്ള ലാഞ്ഛനങ്ങളും സുലഭങ്ങളായിരിക്കുന്നു.

മുൻപൊക്കെ കേരളത്തിൽ ചില പ്രത്യേക സമുദായക്കാർ പ്രത്യേകരീതിയിൽ വസ്ത്രം ധരിക്കേണമെന്നോ വീടു് പണിയേണമെന്നോ ചട്ടമോ ചിട്ടയോ ഉണ്ടായിരുന്നതാണല്ലോ. ഈ ചട്ടത്തെ ആദ്യം ലംഘിച്ചവനുണ്ടായ ശിക്ഷയെന്തെന്നു ഓൎമ്മയിൽ വരുന്നില്ല. ഏതായാലും പല്ലക്കിൽ കയറുവാൻ അവകാശമില്ലാത്തവൻ പല്ലക്കിൽ കയറിയതിനും, ആനപ്പുറത്തിരിക്കാൻ അൎഹതയില്ലാത്തവൻ കരിവരസവാരി ചെയ്തതിനും ശിക്ഷ അനുഭവിച്ചിരുന്നുവെന്നുള്ളതിനും സംശയമില്ല. ഇങ്ങനെ ശിക്ഷയേററവരെയും നൽകിയവരെയുംപററി ഇക്കാലത്തുള്ളവൎക്കു പരിഭവവും പരിഹാസവും തോന്നുന്നതു സാധാരണയാണു്. എന്നാൽ പ്രസ്തുത ശിക്ഷണസമ്പ്രദായത്തിന്നാധാരമായ മനഃസ്ഥിതി ഇക്കാലത്തെവിടെയെങ്കിലും പ്രത്യക്ഷപ്പെട്ടാൽ അതിനെപ്പററി പരിഭവപരിഹാസങ്ങൾ മതിയാകയില്ല, മററുചില വികാരങ്ങളെക്കൂടി കൂട്ടുവിളിക്കേണ്ടതുണ്ടു്.

www.malankaralibrary.com

മററുള്ളവൻെറ മീശ കൊഴുക്കുന്നുവെങ്കിൽ കൊഴുക്കട്ടെ, ഉയരം വദ്ധിക്കുന്നുവെങ്കിൽ വദ്ധിക്കട്ടെ എന്നു വിചാരിക്കാനെ കാൎയ്യവിവരമുള്ളവൎക്കു കാൎയ്യമുള്ളു. മീശകൊഴുപ്പിനെപ്പററി പ്രതിഷേധിച്ചുതുടങ്ങുന്നതു ശൂരത്വത്തിലധികം ഭീരുത്വമാണു് പ്രദർശിപ്പിക്കുന്നതു്. പണ്ടെങ്ങോ ഒരങ്ങാടിയിൽ നാഴി നനച്ചു വെയിലത്തുവെച്ച സ്ത്രീകൾ തമ്മിൽ വഴക്കടിച്ചിരുന്നതായി കഥയുണ്ടു്. "നീ നാഴിയെന്തിനു നനച്ചെടീ?" എന്നൊരാൾ ചോദ്യം. "നിനക്കതറിഞ്ഞിട്ടു കാൎയ്യമെന്തെടീ" എന്നുത്തരം. ഇതിന്മേൽ ചോദ്യങ്ങളും ഉപചോദ്യങ്ങളുമായി അയൽക്കാരും അരികലും അടുത്തു കൂടി. പെണ്ണുങ്ങൾ തമ്മിൽ മാത്രമല്ല ആണുങ്ങളും പെണ്ണുങ്ങളും ആണും പെണ്ണും കെട്ടവരും ഒക്കെക്കൂടി വഴക്കു്. നനച്ചവളുടെ സ്വന്തം നാഴി നനച്ചതിനെപ്പററി മററവൾക്കു നിനസ്സുവാനെന്തുബന്ധം എന്നു ചോദ്യം ചെയ്യുന്നവൎക്കു് ബഹളമൊക്കെ അകാരണമായി, അനാവശ്യമായുണ്ടായതാണെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. സ്ത്രീകളുടെ വസ്ത്രത്തിലെ അടുക്കിൻെറ ഞെറി എണ്ണത്തിൽ വർദ്ധിച്ചു കവണിയിലെ കസവു് വണ്ണത്തിൽ വർദ്ധിച്ചു എന്നൊക്കെപ്പറഞ്ഞു ആരംഭിക്കാറുള്ള വഴക്കുകളും ഇക്കൂട്ടത്തിൽപ്പെട്ടവയാണു്. അന്തസ്സാരമില്ലാത്ത ഈവക വഴക്കു പെണ്ണുങ്ങളിൽനിന്നു് ആണുങ്ങളിലേക്കും വ്യക്തികളിൽ നിന്നു് സമുദായങ്ങളിലേക്കും സംക്രമിച്ചാൽ ആ അവസ്ഥയെപ്പററി കുണ്ഠിതപ്പെടാത്ത സഹൃദയന്മാരുണ്ടോ?

ഏററുമാനൂർ ആറാട്ടിനു ഏഴര ആന എഴുന്നള്ളിക്കുന്നതെന്തു്, ആന എട്ടോ പത്തോ ആക്കി വർദ്ധിപ്പിക്കാൻ പാടില്ലെ എന്നു എൻെറ ഒരു ക്രിസ്ത്യൻ സ്നേഹിതനു സംശയം! മതം, ചരിത്രം, പുരാണം, ഇതിഹാസം, സ്ഥല മാഹാത്മ്യം, കലവിചാരം ഇങ്ങനെ പല കാൎയ്യങ്ങളെ ആസ്പദമാക്കിയാണു് ഏഴര ആനക്കൂട്ടവും കോപ്പുമൊക്കെ ഉണ്ടായതെന്നും അതേപ്പററി കൂലങ്കഷമായ പരിശോധനയ്ക്കു

www.malankaralibrary.com

അദ്ദേഹത്തിനും എനിക്കും സമയമോ സാവകാശമോ ഇല്ലെന്നും ഞാൻ പല പ്രാവശ്യം പറഞ്ഞുനോക്കി. ഫലമൊന്നുമുണ്ടായില്ലെന്നു മാത്രമല്ല ഞങ്ങളുടെ സ്നേഹബന്ധത്തിനു ഭംഗംവന്നുവെന്നു വിശ്വസിക്കത്തക്ക വിധത്തിൽ ഞങ്ങൾ തമ്മിലുള്ള സന്ദർശനസംവാദങ്ങളും കുറഞ്ഞിരിക്കുകയാണു്. പൂച്ചയ്ക്കു് പൊന്നുരുക്കുന്നിടത്തു കാര്യമെന്തെന്നു കരുതി സ്നേഹിതൻ അടങ്ങിയിരുന്നുവെങ്കിൽ ഞങ്ങൾ തമ്മിലുണ്ടായ വാഗ്വാദവും അനന്തരസംഭവങ്ങളും ഒഴിക്കാമായിരുന്നെന്നോർത്തു ഞാൻ ചിലപ്പോഴൊക്കെ താനെ ചിരിക്കാറുമുണ്ടു്.

എൻെറ സ്നേഹിതൻെറ അപഥചിന്തയുടെ ജാതിയിൽ ഇതര സമുദായാംഗങ്ങളായ സ്നേഹിതന്മാർക്കും ചില ചിന്തകൾ അടുത്തകാലത്തുണ്ടായതായി പത്രങ്ങളിൽനിന്നു് അറിയാനിടയായി. കഷ്ടം! സ്നേഹിതന്മാരുടെ ദൃഷ്യങ്ങൾ ഈവിധം പരസ്യമായി പ്രസ്താവിക്കേണ്ടിവന്നതിൽ ദുഃഖമുണ്ടു്. സ്വസമുദായത്തിൽ പെട്ടവരായാലും അല്ലെങ്കിലും സ്നേഹിതന്മാർ സദാ ആദരണീയന്മാരാണല്ലോ. കത്തോലിക്കർ വെന്തിങ്ങ ധരിക്കുകയും കൊന്ത ജപിക്കുകയും ചെയ്യുന്നതു സാധാരണമാണു്. എന്നാൽ വെന്തിങ്ങയിലും കൊന്തയിലും ഉള്ളതിൽ കൂടുതൽ പ്രതിപത്തി അവക്കു മററു സംഗതികളിലുണ്ടു്; അവശ്യം ഉണ്ടായിരിക്കേണ്ടതുമാണു്. ആവക സംഗതികളിൽ ഒന്നു കത്തോലിക്കാ ബാലികാബാലന്മാർ കത്തോലിക്കാ വിദ്യാലയങ്ങളിൽ കത്തോലിക്കരായ അദ്ധ്യാപകാദ്ധ്യാപികമാരുടെ കീഴിൽ അഭ്യസിപ്പിക്കപ്പെടണമെന്നുള്ളതാണു്. ഇതു് വളരെ നിഷ്കർഷയോടുകൂടി പരിപാലിക്കപ്പെടുന്ന ഒരാദർശമാണു്. ഒഴിച്ചുകൂടാത്ത സാഹചര്യങ്ങൾമൂലം വ്യതിയാനങ്ങൾ അനുവദനീയമാണെങ്കിലും നിവൃത്തിയുള്ളപക്ഷം പ്രസ്തുത ആദർശം അനു

www.malankaralibrary.com

നമായി പരിരക്ഷിക്കപ്പെടണമെന്നുള്ളതാണ് കത്തോലിക്കരുടെ അഭിമതം. ഈ സ്ഥിതിക്കു കത്തോലിക്കർ അകത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിക്കുന്നതു "മാതളനാരങ്ങാ ഇല്ലെങ്കിൽ പൂവ്" എന്ന സമ്പ്രദായത്തിലാണ്: ഈ സംഗതി ഈ കേരളത്തിൽ പലപ്രാവശ്യം പരസ്യമായും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിലും മെത്രാന്മാരുടെ ഇടയലേഖനങ്ങളിലും പത്രപംക്തികളിലും ഇത്രയും നിശാന്തമായും നിശ്ചലമായും പ്രസ്താവിച്ചിട്ടുള്ള തത്വം വേറെയില്ലെന്നുതന്നെ പറയാം. അടുത്തകാലത്തു സിലോണിലെ വൈദികാദ്ധ്യക്ഷന്മാർ ഏകോപിച്ചു ഇതേപ്പറ്റി ഒരു പ്രഖ്യാപനം ചെയ്തിട്ടുള്ളതും പ്രസ്താവയോഗ്യമാണ്. "കത്തോലിക്കാ കുട്ടികൾ അകത്തോലിക്കമൊ മതരഹിതമൊ മിശ്രമൊ ആയ വിദ്യാലയങ്ങളിൽ പോയിക്കൂടാത്തതാകുന്നു", "അകത്തോലിക്കാ വിദ്യാലയങ്ങളിൽ പോകുന്നതുകൊണ്ടുള്ള ആപത്തു് അവയിൽ യാതൊരുമതവും പഠിപ്പിക്കുന്നില്ലെന്നൊ, അല്ലെങ്കിൽ നൽകപ്പെടുന്ന മതപഠനത്തിൽ സംബന്ധിക്കുവാൻ കത്തോലിക്കകുട്ടികൾ നിർബന്ധിക്കപ്പെടുന്നില്ലെന്നോയുള്ള ഏകകാരണത്താൽ നീങ്ങുന്നില്ല" എന്നിങ്ങനെ പല ഭാഗങ്ങൾ സിലോൺ മെത്രാന്മാരുടെ പരസ്യലേഖനത്തിൽ കാണുന്നു.

കേരളത്തിലോ തിരുവിതാംകൂറിലോ അകത്തോലിക്കാ വിദ്യാലയങ്ങളിലോ അക്രൈസ്തവ വിദ്യാലയങ്ങളിലൊ കത്തോലിക്കാ വിദ്യാർത്ഥികളെ അയച്ചുകൂടെന്നു വിരോധിക്കുന്നവർ വർഗ്ഗീയ വൈരമൊ മതപരാധിക്കാരമൊ പ്രകടിപ്പിക്കുന്നുവെന്നു പറയുന്നവർ മതാഭിമാനവും സമുദായമൈത്രിയും എങ്ങിനെയുള്ളവയെന്നു ശരിയായി മനസ്സിലാക്കിയിട്ടില്ലെന്നു തീർത്തുപറയാവുന്നതാണ്. മാത്രമല്ല ഇവർ വർഗ്ഗീയമത്സരദുർഗ്ഗന്ധം നാടൊട്ടുക്കു വ്യാപിപ്പിക്കുവാൻ മുതിരുന്നവർ കൂടെയല്ലയോ എന്നു സംശയിക്കണം. മതം കത്തോലിക്കനു അവന്റെ സകല ജീവിത ചര്യകളുമായി ഗാഢബന്ധമുള്ള ഒരു ചിത്തവൃത്തിയാണ്. അതുകൊണ്ടു അകത്തോലിക്കാ വിദ്യാലയങ്ങളെ മതതീഷ്ണതകൊണ്ടും മതാഭി

www.malankaralibrary.com

മാനത്തിനുമായി കത്തോലിക്കർ ഉപേക്ഷിക്കേണ്ടിവരുന്നു. അകത്തോലിക്കരോടുള്ള വിരോധംകൊണ്ടല്ല ഇങ്ങനെ ചെയ്യുന്നതു്. കത്തോലിക്കമതത്തോടുള്ള സ്നേഹംകൊണ്ടാണു്. ആനയെ സ്നേഹിക്കുന്നവൻ ആനപ്പിണ്ടത്തെ സ്നേഹിക്കാറില്ലല്ലൊ.

കേരളഭൂഷണം 22—8—1935.

---

## നാനൂറു് സംവത്സരങ്ങൾ മുമ്പു്.

അദ്ദേഹം കപ്പൽക്കാരോ കേണപേക്ഷിച്ചു. തന്നെ ചൈനയിൽ എവിടെയെങ്കിലും കരക്കിറക്കണമെന്നു്. അപേക്ഷകളും സ്നേഹമസൃണമായ സംഭാഷണങ്ങളും അവരുടെ ദൃഢനിശ്ചയത്തെ ഇളക്കുവാൻ സാധിച്ചില്ല. ദക്ഷിണേന്ത്യയിൽ അദ്ദേഹം ദയാന്വിതമായ പെരുമാററംകൊണ്ടും അനന്യസാധാരണമായ ത്യാഗസന്നദ്ധതകൊണ്ടും നാട്ടുവാഴികളുടെയും ദീനരും ദരിദ്രരുമായ ബഹുലക്ഷം ജനങ്ങളുടെയും ഭക്ത്യാദരങ്ങളെയും സ്നേഹവിശ്വാസങ്ങളെയും സമ്പാദിച്ചതു കപ്പൽക്കാരുടെ സ്മൃതിപഥത്തിൽ പെട്ടിട്ടില്ല. ചൈനയിൽ അനധികൃതമായി കാലുകുത്തുന്ന സകല യൂറോപ്യന്മാരുടെയും തല പോകുമെന്നുള്ള ചീന നിയമത്തിൻെറ കാക്കശ്യംമാത്രം അവർ സ്മരിച്ചു. ജപ്പാനിൽ കാലുകുത്തിയ ഒന്നാമത്തെ യൂറോപ്യൻ താനായിരുന്നതുപോലെ വല്ലവിധേനയും വേഷപ്രച്ഛന്നനായോ അല്ലാതെയോ ചൈനയിൽ പ്രവേശിക്കാനിടയായാൽ അധികാരികളുടെയിടയിൽ രഞ്ജകമനഃസ്ഥിതി ഉളവാക്കാമായിരുന്നുവെന്നു് അദ്ദേഹം പ്രതീക്ഷിച്ചു. മുൻകാലത്തു് പ്രബലമായ ഒരു ക്രൈസ്തവ സമുദായം ചൈനയിൽ ഉണ്ടായിരുന്നുവെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. വിശ്വാസാഗ്നി കത്തിക്കാളുന്നതായി കാണപ്പെട്ടില്ലെങ്കിലും മുമ്പിലത്തെ അ

www.malankaralibrary.com

ഗ്നികുണ്ഡത്തിന്റെ ചാമ്പലിൽനിന്നു് വീണ്ടും തീപ്പൊരികൾ പൊങ്ങിപ്പറക്കുകയില്ലെന്നു് ആർക്കറിയാം! അദ്ദേഹം ശുഭാപ്തിവിശ്വാസി ആയിരുന്നതിനാൽ ചീന ചക്രവർത്തിക്കു സംഭാവന നൽകുവാൻ വിലയേറിയ ഒരു പട്ടുകുപ്പായവും കൈവശമുണ്ടായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ശുഭാപ്തി വിശ്വാസം ഒരുവക ഭ്രാന്തായിമാത്രം പോർട്ടുഗീസുകാരായ കപ്പൽക്കാർ പരിഗണിച്ചു. തങ്ങളുടെ കൂടെ മടക്കയാത്രക്കു് തയ്യാറില്ലെങ്കിൽ അദ്ദേഹത്തെ കാൻറൻ നദീമുഖത്തിനടുത്തു സാൻഷിയൻ ദ്വീപിൽ ഇറക്കാമെന്നു് അവർ സമ്മതിച്ചു. വല്ലവിധേനയും ചൈനിവൻകരയിൽ പ്രവേശിക്കുവാൻ സൌകര്യം സാൻഷിയനിലെ താമസം നൽകുമെന്നു് അദ്ദേഹം പ്രതീക്ഷിക്കയും ചെയ്തു. ഇങ്ങിനെയാണു് ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനും വിഖ്യാത പൌരസ്ത്യമിഷനറിയുമായ ഫ്രാൻസിസ് സേവ്യർ അദ്ദേഹത്തിന്റെ ഐഹികജീവിതത്തിന്റെ അന്തിമദിവസങ്ങൾ സാൻഷിയൻ ദ്വീപിൽ കഴിക്കുവാൻ സംഗതിവന്നതു്.

പല ദിവസങ്ങൾ ശ്രമിച്ചിട്ടും സാൻഷിയൻ ദ്വീപിൽ നിന്നു് വൻകരയിലേക്കു് കടക്കുവാൻ ഫ്രാൻസിസ് സേവ്യറിനു് സാധിച്ചില്ല. ആഹാരദുർഭിക്ഷം, ദിനചര്യാവികല്പം ഇത്യാദികളാൽ അദ്ദേഹം രോഗബാധിതനായി. പര്യാപ്തമായ പരിചരണവും അദ്ദേഹത്തിനു് ലഭിച്ചില്ല. മാതൃവഴിക്കും പിതൃവഴിക്കും രാജസമ്പർക്കമുള്ള ഉൽകൃഷ്ട കുടുംബജാതൻ, കോട്ടക്കൊത്തളങ്ങളാൽ പരിരക്ഷിതമായ സൌധത്തിൽ വളർന്നുവന്നവൻ, പാരീസ് സർവ്വകലാശാലയിൽ നിന്നും എം. എ. ബിരുദധാരി, ആ സർവ്വകലാശാലയിൽ തന്നെ പ്രശസ്തനായ പ്രൊഫസർ എന്ന നിലയിൽ പ്രശസ്തി സമ്പാദിച്ചയാൾ, പൌരസ്ത്യ ദേശങ്ങളിൽ മാർപ്പാപ്പായുടെ വിശേഷാധികാരങ്ങളോടുകൂടിയ പ്രതിനിധി, വിവിധ നിലകളിൽ വിരാജിച്ച മഹാരഥൻ കുടിക്കുന്നതിനു ശുദ്ധജലംപോലും ലഭിക്കാതെ ഉഴലുന്നു!

www.malankaralibrary.com

ഇന്നു ഗോവയിലെ ബോംജെസു ദേവാലയത്തിലുള്ള പിത്തളയും മാർബിളുംചേർന്ന ശവകുടീരത്തിൽ പള്ളികൊള്ളുന്ന ഫ്രാൻസിസ് സേവ്യറിൻെറ മൃതദേഹത്തെ ഭക്തിപൂർവ്വം വണങ്ങി, ശുഷ്കിച്ച പാദാരവിന്ദങ്ങളെ ചുംബിച്ചിട്ട്, അനേകസഹസ്രം ആളുകൾ, പണ്ഡിതപാമരാന്തരമില്ലാതെ, കുബേരകുചേല പരിഗണനകൂടാതെ, മുക്തിമാർഗ്ഗം തെളിയിച്ചതിനാൽ ആനന്ദാനുഭൂതിയോടുകൂടി ഭൂഗോളത്തിൻെറ വിവിധ ഭാഗങ്ങളിലേയ്ക്കു പിന്തിരിയുന്നുണ്ടെങ്കിൽ, ആ ഭക്തവൃന്ദത്തിൽ കർദ്ദിനാളന്മാരും പാത്രിയർക്കീസന്മാരും ഉന്നതന്മാരായ മററു വൈദികസ്ഥാനികളും നാടുവാഴികളും രാഷ്ട്രാധികാരികളും, മന്ത്രിപുംഗവന്മാരും, ജനപ്രതിനിധികളും, സന്യാസിനികളും, സിനിമാതാരങ്ങളും ഉൾപ്പെടുന്നുണ്ടെങ്കിൽ, ഫ്രാൻസ്സിസ് സേവ്യറിൻെറ അന്തിമരംഗത്തിൽ അന്തേവാസികളായിരുന്നതു ബുദ്ധിഹീനരായ രണ്ടുപേർ മാത്രം. ഒരു ചീനനും ഒരു ഭാരതീയനും! അദ്ദേഹത്തിൻെറ വിശ്രമസ്ഥാനം പുല്ലുമേഞ്ഞ ഒരു ചെറുകടിൽ! അദ്ദേഹത്തിൻെറ അവസാനശ്വാസത്തിനും ആശ്വാസത്തിനും ആസ്പദം മരിച്ചവരെ ഉയർത്തുക മുതലായ അത്ഭുതകൃത്യങ്ങളിൽ താൻ പ്രധാനോപകരണമായി വരിച്ചതും, ആയോധനോദ്യുക്തമായ സേനാവിഭാഗത്തെ പരാങ്മുഖരായി പലായനം ചെയ്യിക്കുവാൻ തന്നെ സഹായിച്ചതും ആയ കുരിശ്രൂപം മാത്രം! മൃതിയുടെ ശീതബാധയേററു, ചുരുണ്ടുരുണ്ട്, പൌരസ്ത്യ ഭൂഭാഗത്തെയും സ്വർല്ലോകത്തെയും തമ്മിൽഘടിപ്പിക്കുന്ന ചക്രവാളമെന്ന ഭാവത്തിൽ കഴിഞ്ഞ ഫ്രാൻസിസ് പാദ്രിയുടെ അവയവങ്ങളെ ശരിപ്പെടുത്തുവാൻ ആളാരാണ്? പാദ്രിയുടെ മരണവാർത്ത ഏതാനും ചില പോർട്ടുഗീസുകാരെ സാൻഷ്യൻ കടിലിലേക്കാനയിച്ചു. അവർ മൃതശരീരം മറവുചെയ്യാൻ ഒരുങ്ങി. ഫ്രാൻസിസ് സേവ്യറിൻെറ തേജോ ജീവിതം സമാരംഭിച്ചതായി ആഗതർ സമ്മതിച്ചമട്ടിൽ ചീനച്ചക്രവർത്തിക്ക് സമ്മാനം നൽകാൻ പാദ്രി ഉദ്ദേശിച്ച പട്ടുടുപ്പിൽ പൊതിഞ്ഞ് അവർ ശരീരം കുഴിയിൽവച്ചു. അതു പെട്ടന്ന് അഴുകി മണ്ണിൽ ചേരുന്നതിനുള്ള പ്രയോഗവും അവർ നടത്തി.

www.malankaralibrary.com

ഫ്രാൻസിസ് സേവിറിൻെറ മരണം 1552 ഡിസംബർ 8-ാംനു സംഭവിച്ചു. അദ്ദേഹം സാൻഷിയനിലേക്ക് യാത്രചെയ്ത "സാന്താക്രൂസ്" കപ്പൽ ടെൻ തുറമുഖം വിട്ടില്ല. 1553 ഫെബ്രുവരി 17-ാംനു കപ്പൽ മലാക്കയിലേയ്ക്കു പുറപ്പെടാറായപ്പോൾ പാദ്രിയുടെ വിശ്വസ്തശിഷ്യൻ അന്തോണിയോ അദ്ദേഹത്തിൻെറ അസ്ഥികൾകൂടെ മലാക്കായിലേക്ക് കൊണ്ടുപോകുന്നതിനു് കപ്പിത്താനോട്ട് അഭ്യർത്ഥിച്ചു. അദ്ദേഹം അതിനു് സമ്മതിക്കുകയും കപ്പലിൽനിന്നു് ഒരു പോർട്ടുഗീസുകാരനെ അസ്ഥികൾ എടുത്തുകൊണ്ടുപോരുവാൻ സാൻഷ്യനിലേക്ക് അയക്കുകയും ചെയ്തു. ശവപ്പെട്ടി തുറന്നു നോക്കിയപ്പോൾ ശരീരത്തിനു യാതൊരു ഭാവഭേദവും വന്നതായി പോർട്ടുഗീസുകാരൻ കണ്ടില്ല. തെളിവിനായി ഒരുകഷണം മാംസം തുടയിൽനിന്നു് അയാൾ ഛേത്തിയെടുത്തു. മുറിവിൽനിന്നു് രക്തബിന്ദുക്കൾ പുറപ്പെട്ടതു് അയാളുടെ വിസ്മയത്തെ വർദ്ധിപ്പിച്ചു. മാംസക്കഷണം കപ്പലിലെത്തിയപ്പോൾ അവിടെ വലിയ ബഹളമായി. മൃതശരീരം കാണുവാൻ അതിയായ ആഗ്രഹം കപ്പലിലുണ്ടായിരുന്നവർ പ്രകടിപ്പിച്ചു. ചിലർ ഭക്തികൊണ്ടും മററു ചിലർ കൗതുകം പ്രമാണിച്ചും ഒരു വലിയ സംഘം ശവക്കുഴിയിങ്കലേയ്ക്കു നടന്നു. പട്ടും വൈദിക വസ്ത്രങ്ങളും കേടുകൂടാതെയിരുന്നതും, ശരീരാ പ്രകൃതിസിദ്ധമായ ഭാവം തുടന്നതും അവരുടെ ഭക്ത്യാദരങ്ങളെ ഉത്തേജിപ്പിച്ചു. കൂടാതെ ഹൃദയാവർജ്ജകമായ ഒരു സൌരഭ്യം അവിടെയെല്ലാം വ്യാപിക്കുകയും ചെയ്തു. ശവപ്പെട്ടി ഭക്തിബഹുമാനപുരസ്സരം കുഴിയിൽനിന്നും പൊക്കിയെടുത്തു് ജലഭാഗത്തേയ്ക്കാനയിക്കപ്പെട്ടു. പിന്നീടു് ഒരു കടത്തുവഞ്ചിയിൽ നിക്ഷേപിച്ചു് "സാന്താക്രൂസ്സിൽ" എത്തിക്കുകയും ചെയ്തു. 1553-മാർച്ചു് 22-ാംനു സാന്താക്രൂസ് മാലാക്കായിൽ അടുത്തു. മൃതദേഹം ദേവാലയത്തിലേക്ക് ആഘോഷപൂർവ്വംകൊണ്ടുപോയി അവിടെ സംസ്കരിക്കണമെന്നായിരുന്ന

www.malankaralibrary.com

ആലോചന. പക്ഷെ, അന്നു നേരം വൈകിപ്പോയതിനാൽ ആ ചടങ്ങ് പിറേറദിവസത്തേക്ക് മാററി. പിറേറന്ന് അനേകം വൈദികരുടേയും പ്രഭുക്കളുടെയും സാന്നിദ്ധ്യത്തിൽ സാക്ഷാൽ ഒരു ഘോഷയാത്രതന്നെ നടന്നു. കടലോരത്ത് ഒരു ഭവനത്തിൽ സൂക്ഷിക്കപ്പെട്ട പെട്ടിക്കു ചുററും രാത്രിമുഴുവനും ഭക്തന്മാർ തിങ്ങിക്കൂടി, അവരിലും പള്ളിയിലേക്കുള്ള പ്രേതയാത്രയിൽ സംബന്ധിച്ചവരിലും ഒരു വലിയ ഭാഗം ഹിന്ദുക്കളും മുസ്ലീമങ്ങളും ആയിരുന്നു താനും. ശവമഞ്ചം ഭക്തിപൂർവ്വം സ്പർശിച്ചതിൻെറ ഫലമായി ഒട്ടുവളരെപ്പേർക്ക രോഗശാന്തി ലഭിച്ചുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

ഫ്രാൻസിസ് സേവ്യറിൻെറ സുഹൃത്തുക്കളിൽ ജോൺ ദ്ബെയിറാ അദ്ദേഹത്തിൻെറ മൃതാവശിഷ്ടങ്ങൾ അദ്ദേഹം താരതമ്യേന അറിയപ്പെടാതിരുന്ന മലാക്കായിൽ വിശ്രമിച്ചതുകൊണ്ടു തൃപ്തനായില്ല. ആകയാൽ അവ ഫ്രാൻസിസ് സേവ്യറുടെ ഭാരതത്തിലെ പ്രഥമ പ്രവർത്തന രംഗമായ ഗോവയിലേയ്ക്കു മാററുവാൻ ഉത്സാഹിച്ചു. 5 മാസത്തിനുശേഷം തിരുശേഷിപ്പുകൾ വീണ്ടും സമുദ്രയാത്ര ചെയ്തു. ലൊമ്പ്രോദ്നൊറോഞ്ഞ എന്ന കപ്പലിനാണ് അവയെ സമ്പാദിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചതു്. മാർഗ്ഗമദ്ധ്യേ കപ്പൽ കൊച്ചിയിൽ അടുക്കുകയും ഭക്തസംഘത്തിനു മൃതാവശിഷ്ടങ്ങൾ സന്ദർശിച്ചു വണങ്ങുവാൻ അവസരം ലഭിക്കുകയും ചെയ്തു. കപ്പൽ ഗോവായിലടുത്തു. കപ്പിത്താൻ കരക്കിറങ്ങി. താൻ നഗരവാസികൾക്ക് ഒരു അമൂല്യ നിക്ഷേപം ആനയിച്ചിട്ടുണ്ടെന്ന് അറിയിച്ചതിനെത്തുടർന്നുണ്ടായ സന്തോഷപ്രകടനങ്ങൾ വർണ്ണനാതീതങ്ങളാണ്. ലൊമ്പ്രോദ്നൊറോഞ്ഞായെ സ്വീകരിച്ച് സ്വാഗ

www.malankaralibrary.com

തം നൽകുവാൻ ഒരു പ്രത്യേക കപ്പൽതന്നെ വൈസ്രോയിയുടെ ആജ്ഞയനുസരിച്ച് സജ്ജമാക്കി. 1554 മാർച്ച് 15-ാംനു- റിബാന്തറിലെ "നമ്മുടെ നാഥ"യുടെ ദേവാലയത്തിനടുത്തു് കപ്പൽ നങ്കൂരമിടുകയും മൃതാവശിഷ്ടങ്ങൾ അന്നുരാത്രി ആ ദേവാലയത്തിൽ സൂക്ഷിക്കപ്പെടുകയും ചെയ്തു. പിറെറ ദിവസം വൈസ്രോയിയും പ്രഭുസംഘവും ഉദ്യോഗസ്ഥവൃന്ദവും പട്ടക്കാരും സന്യാസികളും വൈദികവിദ്യാർത്ഥികളും ഒക്കെക്കൂടിയ ഒരു വമ്പിച്ച ജനസംഘം ഒട്ടുവളരെ അലങ്കരിച്ച ബോട്ടുകളിലും തോണികളിലും വഞ്ചികളിലുമായി യാത്രചെയ്തു്, തിരുശേഷിപ്പുകളെ നഗരത്തിനുള്ളിൽ സ്വീകരിച്ചു. ഈശോസഭാ വൈദികർ ശവമഞ്ചം തോളിൽ വഹിച്ചുകൊണ്ടു് നടത്തിയ ആ നഗരപ്രദക്ഷിണത്തിന്റെ മോടിയും പ്രൌഢിയും, അതിൽ സംബന്ധിച്ച വിവിധ രാജ്യപ്രതിനിധികളുടെയും നാനാ ജാതി മതസ്ഥരായ രാജ്യതന്ത്രജ്ഞന്മാരുടെയും വിനയസമ്പുഷ്ടമായ ഭക്തിപ്രകടനവും എത്രമാത്രമായിരുന്നുവെന്നു് നമുക്കു് ഊഹിക്കുവാനേ സാധിക്കയുള്ളു. ആ ഘോഷയാത്ര പുരാതന റോമൻ സൈന്യാധിപന്മാരുടെ ദിക്‌വിജയാനന്തര ജൈത്രയാത്രയെ അനുസ്മരിപ്പിച്ചു. അതെ, ഫ്രാൻസിസ് സേവ്യർ 16-ാം നൂററാണ്ടിലെ ഏഷ്യായുടെ ധാർമ്മിക വിജിഗീഷു മാത്രമല്ല, ജേതാവുതന്നെയായിരുന്നു. ഈശോസഭാകേന്ദ്രമായിരുന്ന വി. പൌലോസിന്റെ പള്ളിയിൽ ആദ്യം സൂക്ഷിക്കപ്പെട്ട തിരുശേഷിപ്പുകൾ 1560-ൽ ആണു് ബോംജെസു കത്തീഡ്റലിലേക്കു് മാററപ്പെട്ടതു്.

മലയാള മനോരമ, 21—4—1128.

www.malankaralibrary.com

# സൃഷ്ടിയുടെ കാലം.

കത്തോലിക്കരെപ്പററി ഏതുമാതിരി ദൂഷ്യം പറഞ്ഞാലും ആക്ഷേപമില്ലെന്നു വിശ്വസിക്കുക മാത്രമല്ലാ, ആവക ആക്ഷേപങ്ങളിന്മേൽ തങ്ങളുടെ മനോധൈര്യത്തിനേയും യശസ്സിനേയും പരിപോഷിപ്പിക്കുന്നതിനുദ്യമിപ്പിക്കുകകൂടി ചെയ്യുന്ന ഒരുകൂട്ടം ആളുകൾ ഉണ്ടു്. അവരുടെ ദൃഷ്ടിയിൽ കത്തോലിക്കർ വെറും അന്ധവിശ്വാസക്കാരാണു്. യുക്തിയും ബുദ്ധിയും ഉപയോഗിച്ചു് ന്യായവാദം ചെയ്യുന്നതിനു കത്തോലിക്കർക്കു സ്വാതന്ത്ര്യമില്ല. മതത്തിൻെറ നാമത്തിൽ കിട്ടുന്ന പാറക്കഷണങ്ങളെല്ലാം കത്തോലിക്കർ വിഴുങ്ങണമെന്നും ഈ കൂട്ടർ വിശ്വസിക്കുന്നു. സർ ജോൺ മാണ്ടെവില്ലിൻെറ സഞ്ചാര വിവരണത്തിലെ അസംഭവകഥകളിൽപോലും കത്തോലിക്കർക്കു വിസമ്മതി പാടില്ല. നാലു കണ്ണുള്ള കിന്നര'ന്മാരിലും വിവിധഭാഷകളിൽ സംസാരിക്കുന്ന കുതിരകളിലുംപോലും ഒരു കത്തോലിക്കനു് അവിശ്വാസം പ്രദശിപ്പിച്ചുകൂടായെന്നത്രെ ഈ കൂട്ടത്തിൻെറ അഭിമതം. മേയ് 5-ാംനു-യിലെ "സഹോദര" നിൽ സൃഷ്ടിയുടെ കാലം എന്ന തലക്കെട്ടിൽ മിസ്റ്റർ എം. പി. വക്കി എഴുതിയിട്ടുള്ള ലേഖനംകൊണ്ടു അദ്ദേഹത്തിനു ഈ കൂട്ടുകെട്ടിലുള്ള സ്ഥാനം ഒരിക്കൽകൂടി മിസ്റ്റർ വക്കി തെളിച്ചിരിക്കുന്നു.

മി. വക്കിയുടെ ലേഖനത്തിലെ പല വാചകങ്ങളും വെറും വ്യാജപ്രസ്താവനകളാണു്. ഓരോന്നും ഉദ്ധരിച്ചു ഖണ്ഡിക്കുകയെന്നുവച്ചാൽ ലേഖനം വളരെ ദീർഘിച്ചുപോകും. ആകയാൽ പ്രധാനങ്ങളും മററുള്ളവസ്തുാധാരങ്ങളും ആയവ മാത്രമേ ഇവിടെ വിമർശിക്കുന്നൊള്ളു. ഇങ്ങനെയുള്ളവയുടെ അടിസ്ഥാനരാഹിത്യം വിശദമാകുമ്പോൾ മററുള്ളവ ആഴിയിൽ പതിച്ച തീപ്പൊരിപോലെയോ അഗ്നിയിൽ ആണ്ടശലഭംപോലെയൊ താനെ അസ്തമിച്ചുപോകുമല്ലോ.

www.malankaralibrary.com

„ആറു ദിവസംകൊണ്ടു് ദൈവം ലോകത്തെയും ആകാശത്തെയും അതുകളിലുള്ള സകല ചരാചരങ്ങളെയും സൃഷ്ടിച്ചശേഷം താൻ ഏഴാം ദിവസം സ്വസ്ഥനായിരുന്നു" എന്നു് ബൈബിളിൽ അന്യഥാ വ്യാഖ്യാനത്തിനു മാർഗ്ഗമില്ലാത്തവിധം അത്ര പ്രസ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടു്. മി. വക്കിയുടെ ഈ ആദ്യവാചകം അദ്ദേഹത്തിൻെറ ആശയത്തെ പ്രകടിപ്പിക്കുകയാണെങ്കിൽ അദ്ദേഹത്തിൻെറ സ്ഥിതി വളരെ പരുങ്ങലിലാണു്. കത്തോലിക്കരുടെയിടയിലുണ്ടെന്നദ്ദേഹം വിശ്വസിക്കുന്ന അന്ധവിശ്വാസികളെക്കാൾ അധികം അന്ധവിശ്വാസിയായി മി. വക്കി ഇവിടെ പ്രത്യക്ഷപ്പെടുന്നു. 'ദിവസം' എന്ന പദംകൊണ്ടു് അദ്ദേഹം ഒന്നാംതരം വെസ്റ്റ് എൻഡ് വാച്ചോ അൺസോനിയാക്ലോക്കോ അനുസരിച്ചുള്ള 24 മണിക്കൂർ കാലവിഭാഗത്തെയാണു് അർത്ഥമാക്കുന്നതെങ്കിൽ സൃഷ്ടിയുടെ ഘട്ടത്തിൽ ആവക ഉപകരണങ്ങൾ ഈശ്വരനു കല്പിക്കുന്ന അദ്ദേഹത്തിൻെറ മനോഭാവം വിചിത്രം തന്നെ. മാത്രമല്ല, സൃഷ്ടി സംബന്ധിച്ച ബൈബിൾ വാക്യങ്ങളെ വ്യാഖ്യാനിക്കുന്നവർ അദ്ദേഹത്തെ അവിധേയനായി കരുതുകയും ചെയ്യും. „സയൻസിനെയും ബൈബിളിനെയും യോജിപ്പിച്ചുകൊണ്ടുപോകുവാനായി" വ്യാഖ്യാനങ്ങൾ എഴുതിയ „പ്രോട്ടസ്റ്റൻറുകാർ" മി. വക്കിയെ നിർഗ്ഗുണനെന്നു വിധിക്കാനുമിടയുണ്ടു്. എന്നാൽ വക്കിയുടെ ദിവസം" 24 മണിക്കൂർ എന്ന കാലവിഭാഗമല്ലെങ്കിൽ „അന്യഥാ വ്യാഖ്യാനത്തിനു മാർഗ്ഗമില്ലാത്തവിധം അത്ര പ്രസ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടു്" എന്നു ഖണ്ഡിതമായി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതിൻെറ അർത്ഥം മനസ്സിലാക്കാൻ പ്രയാസമാണു്. വായനക്കാരെ തെററിദ്ധരിപ്പിക്കാനുദ്ദേശിക്കുന്നവർ ഇത്രയും ഇതിലധികവും എഴുതും എന്നേ ഇവിടെ സമാധാനപ്പെടാനുള്ളു.

മിസ്റ്റർ വക്കി തുടർന്നുപറയുന്നതിനെ പരിശോധിക്കാം. „ദിവസം എന്നതു് 24 മണിക്കൂറുള്ള സാധാരണ ദിവസമല്ലെന്നും അതിദീർഘ കാലത്തെ കുറിക്കുന്ന ഓരോ യുഗങ്ങൾ ആണെന്നും അത്രെ ഈ വ്യാഖ്യാനം. കത്തോലിക്കർ അന്ന

www.malankaralibrary.com

അക്ഷരംപ്രതി ഈശ്വരപ്രകാശിതതത്വത്തെ അനുഗമിക്കുന്നവരായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ ഈ വ്യാഖ്യാനത്തെ അവർ കോപത്തോടെ നിഷേധിച്ചുവന്നു." ഈ വ്യാഖ്യാനത്തിൻെറ ആവിർഭാവമെന്നെന്നു മി. വക്കി പറയുന്നില്ല. എങ്കിലും വ്യാഖ്യാതാക്കൾ പ്രോട്ടസ്റ്റൻറുകാരെന്നു മി. വക്കി പ്രസ്താവിക്കുന്നതുകൊണ്ടു് പ്രോട്ടസ്റ്റൻറുകാരുടെ അവിർഭാവാനന്തരമാകാനെ വഴിയുള്ളു. ഈ സൂചനം പിടിച്ചു നാം പ്രവൎത്തിച്ചാൽ വ്യാഖ്യാനത്തിൻെറ പരമാൎത്ഥത്തിലുള്ള ആണ്ടു മാസം തിയ്യതി കണ്ടുപിടിക്കാൻ സാധിക്കുകയില്ല ഏകദേശമായ ഒരു കാലനിൎണ്ണയത്തിലെത്താം. മാർട്ടിൻ ലൂഥറിൻെറ മതപരമായ ഉപദേശങ്ങളെ സ്വീകരിച്ചവരെ ഉദ്ദേശിച്ചാണു് "പ്രോട്ടസ്റ്റൻറുകാർ" എന്ന പദം മി. വക്കി ഉപയോഗിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ലൂഥർ 1521-വരെ കത്തോലിക്കാ സഭാംഗമായി പരിഗണിക്കപ്പെട്ടു. ആ ആണ്ടിൽ സമ്മേളിച്ച വോർമ്സിലെ യോഗത്തിൽവച്ചു നൂതനോപദേശങ്ങൾ ഉപേക്ഷിക്കണമെന്നു ലൂഥറിനോടാവശ്യപ്പെട്ടു. അദ്ദേഹം അതിനു വഴിപ്പെടാഞ്ഞതിനാൽ അബദ്ധോപദേശകനായി നിർദ്ദേശിക്കപ്പെടുകയും കത്തോലിക്കാസഭയിൽനിന്നു നിഷ്കാസിതനാകുകയും ചെയ്തു. ഈ സ്ഥിതിക്കു് മി. വക്കി മുകളിൽ പ്രസ്താവിക്കുന്ന ലോകസൃഷ്ടിയുടെ ദിവസത്തെപ്പററിയുള്ള പ്രോട്ടസ്റ്റാൻറു വ്യാഖ്യാനം 1521-നു ശേഷമായിരിക്കണം. അതിനുമുമ്പുണ്ടായിരുന്ന ധാരണ മോശയുടെ വിവരണത്തിലെ "ദിവസം" ഇരുപത്തിനാലു് മണിക്കൂറുള്ള ഒരു കാലവിഭാഗമായിരുന്നുവെന്നാണു് മി. വക്കിയുടെ സൂചനം. 1521-നോ ക്രി. വ. പതിനാറാം നൂററാണ്ടിനൊ മുമ്പു് മോശയുടെ വിവരണത്തിലെ "ദിവസത്തെ സാധാരണ ദിവസമല്ലാതെയും ഒരു യുഗമായും" ആരെങ്കിലും വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിൽ പ്രോട്ടസ്റ്റാൻറുകാരാണു് ആദ്യത്തെ വ്യാഖ്യാതാക്കൾ എന്ന മി. വക്കിയുടെ പ്രസ്താവനയിലെ വ്യാജം വ്യക്തമാകും. കത്തോലിക്കർ പ്രോട്ടസ്റ്റാൻറുകാരിൽ നിന്നു

www.malankaralibrary.com

ഈ പാഠം പടിച്ചതല്ലെന്നു തെളിയുകയും ചെയ്യും. ലോക സൃഷ്ടി സംബന്ധിച്ച് ബൈബിൾ വിവരണത്തിലെ "ദിവസ"ത്തെപ്പററി ലൂഥർ ജനിക്കുന്നതിനൊ പ്രോട്ടസ്റ്റാൻറു മതവിഭാഗം ഉത്ഭവിക്കുന്നതിനൊ അനേകം നൂററാണ്ടുകൾ മുമ്പ് ജീവിച്ചിരുന്ന പല പണ്ഡിതന്മാരും നിരൂപണം ചെയ്യുകയും വ്യാഖ്യാനങ്ങൾ രചിക്കുകയും ഉണ്ടായിട്ടുണ്ട്. ഇവരിൽ വിശുദ്ധ ആഗസ്തീനോസ്, വിശുദ്ധ ഇറെനെയൂസ്, വന്ദ്യനായ ബീദ് മുതലായവർ പ്രോട്ടസ്റ്റാൻറുകാരെന്ന് മിസ്റ്റർ വക്കി പറയുകയില്ല. പറഞ്ഞാൽ തന്നെ സാക്ഷാൽ യാക്കോബായ ലോകമോ മററു പൗരസ്ത്യ സഭാസമൂഹമോ ചരിത്രജ്ഞാനമുള്ള ഇതരരൊ വകവയ്ക്കുകയുമില്ല. വിശുദ്ധ ഇറെനെയൂസ് വേദപുസ്തകത്തിലെ ഓരോ ദിവസവും ആയിരം സംവത്സരങ്ങൾ കൂടിയ കാലഘട്ടങ്ങളായിരിക്കണമെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഉല്പത്തിഗ്രന്ഥത്തിലെ ദിവസങ്ങളുടെ ദൈർഘ്യത്തെപ്പററി നിശ്ചായകമായി എന്തെങ്കിലും പ്രസ്താവിക്കുകയോ അവ സാധാരണ ദിവസങ്ങളാണെന്നു വിധിക്കുകയോ അനാവശ്യമാണെന്ന് വി. ആഗസ്തിനോസ് "De Genosi ad Lateram" Lib IV No. 44 പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ വേറൊരു കൃതിയിൽ ഈ വിശുദ്ധൻ രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായം പ്രസ്തുത "ദിവസങ്ങളുടെ യഥാർത്ഥ സ്വഭാവത്തെ ഊഹിക്കയോ അതു് എപ്രകാരമെന്ന് ഖണ്ഡിച്ചു പറയുകയോ അസാദ്ധ്യം എന്നാണ്. "Qui dies cujus modi sint, aut etiam impossibile est cogitare, quanto magis dicere" De Civitate Dei lib II, 4. വി. ആഗസ്റ്റിൻ 354 നവംബർ 13-ൽ ജനിച്ച്, 430 ആഗസ്റ്റ് 28-ൽ പരേതനായ ഒരു വേദശാസ്ത്രിയാണ്. ഇദ്ദേഹം തത്വശാസ്ത്രത്തിലും അദ്ധ്യാത്മശാസ്ത്രത്തിലും ഒന്നാംതരത്തിൽ പെട്ട ഒരസാധാരണ ബുദ്ധിമാനായിരുന്നുവെന്നാണ് ലോകസമ്മതി. ഇദ്ദേഹത്തിൻെറ അഭിപ്രായം

www.malankaralibrary.com

പ്രോട്ടസ്റ്റാൻറു വ്യാഖ്യാതാക്കളിൽ നിന്നു സ്വീകരിച്ചതായിരിക്കാൻ വഴിയില്ലല്ലോ. വിശുദ്ധ ഇറെനെയ്യൂസിന്റെ അഭിപ്രായമോ കുറെക്കൂടി പുരാതനമാണ്. അദ്ദേഹം രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ജനിച്ചുവളന്നു. ഈ പൂർവ്വപിതാക്കന്മാർ പ്രോട്ടസ്റ്റാൻറുകാരുടെ ഉത്ഭവത്തിനു അനേകം നൂററാണ്ടുകൾ മുമ്പേ സുപ്രസിദ്ധന്മാരായിരുന്ന സ്ഥിതിക്കു മുകളിൽ കൊടുത്തിരിക്കുന്ന അവരുടെ അഭിപ്രായം ലോകോല്പത്തി സംബന്ധിച്ച "ദിവസം" വ്യാഖ്യാനിക്കുന്നതിൽ പ്രോട്ടസ്റ്റാൻറുകാരാണ് മുന്നോടികളായിരുന്നതു് എന്ന മി. വക്കിയുടെ പ്രസ്താവത്തെ അടിസ്ഥാനരഹിതവും അസ്ഥാനവും ആക്കുന്നു. അദ്ദേഹത്തിന്റെ പ്രോട്ടസ്റ്റാൻറു വ്യാഖ്യാനസൂത്രം ഇങ്ങിനെ പൊട്ടിയതിൽ ഈ എഴുത്തുകാരനു് ആ ദേഹത്തിന്റെ പേരിൽ അനുകമ്പ തോന്നുന്നുണ്ടു്. എന്തു ചെയ്യാം! സാഹചര്യങ്ങൾ നോക്കാതെ സർവ്വജ്ഞപീഠം കയറുന്നവക്കു് ഇപ്രകാരമുള്ള അനുഭവം പണ്ടും ഉണ്ടായിട്ടുള്ളതത്രെ.

സൃഷ്ടി സംബന്ധിച്ചു വേദപുസ്തകത്തിൽ പ്രസ്താവിച്ചിട്ടുള്ള "ദിവസം എന്നതു് 24 മണിക്കൂറുള്ള സാധാരണ ദിവസമല്ലെന്നും അതി ദീർഘകാലത്തെ കുറിയ്ക്കുന്ന ഓരോ യുഗങ്ങൾ ആണെന്നും" ഉള്ള വ്യാഖ്യാനം പ്രോട്ടസ്റ്റാൻറു മതവിഭാഗക്കാർ ഉണ്ടാകുന്നതിനുമുമ്പു് പ്രബലപ്പെട്ട വിവരം ഈ ലേഖനത്തിന്റെ ആദ്യഭാഗത്തിൽ ഉദ്ധരിച്ച വിശുദ്ധ ആഗസ്തീനോസു മുതലായവരുടെ അഭിമതങ്ങളിൽ നിന്നു വായനക്കാർ ധരിച്ചുകഴിഞ്ഞുവല്ലൊ. ഈ സ്ഥിതിക്കു് "പ്രോട്ടസ്റ്റാൻറുകാരുടെ ഈ വ്യാഖ്യാനത്തെ അവർ കോപത്തോടെ നിഷേധിച്ചുവന്നു" എന്നു മി. വക്കി കത്തോലിക്കരെ ഉദ്ദേശിച്ചു് പറയുന്നതിന്റെ വ്യാജത വെളിപ്പെടുത്താൻ മററു തെളിവുകൾ ആവശ്യമില്ല. വേദപുസ്തകത്തിലെ ദിവസം 24 മണിക്കൂറാണെന്നു സാധുക്കളെ വിശ്വസിപ്പിക്കാൻ മി. വക്കി വേദപുസ്തകത്തിൽ നിന്നുതന്നെ തെളിവു ശേഖരിക്കുന്നുണ്ടു്. ആറു ദിവസംകൊണ്ടു് സൃഷ്ടി നിർവ്വഹിച്ച ശേഷം എഴാംദിവസം ദൈവം സ്വസ്ഥനായി

www.malankaralibrary.com

ുന്നതിന്റെ സ്മരണയ്ക്കായിട്ടു് യഹൂദന്മാരുടെയിടയിൽ നടന്ന ശാബതാചാരത്തെപ്പററി സൂചിപ്പിച്ചുകൊണ്ടു് “യുഗമെന്ന പുതിയ വ്യാഖ്യാനത്തെ അവർ സ്വീകരിച്ചിരുന്നുവെങ്കിൽ ശാബത്താചാരം 24 മണിക്കൂറുനേരത്തേയ്ക്കുവച്ചതു് അസംബന്ധമായിരിക്കാമല്ലൊ” എന്നു മി. വക്കി സംശയിക്കുന്നു. ഇങ്ങനെ അസംബന്ധം കണ്ടുപിടിക്കാനാരംഭിച്ചാൽ എവിടെ അവസാനിക്കുമെന്നറിയുന്നില്ല. ഏഴാംദിവസം—ദൈവം സ്വസ്ഥനായിരുന്നദിവസം—ശനിയാഴ്ചയാണെന്നു സൂചിപ്പിച്ചുകൊണ്ടു് പിറകോട്ടു എണ്ണിയാൽ ദൈവം സൃഷ്ടി ആരംഭിച്ചദിവസം ഞായറാഴ്ചയാകയില്ലയൊ? ഞായറാഴ്ച സൂര്യന്റെ ദിനമാണു്. എന്നാൽ ഒന്നാം ദിവസം സൂര്യനുണ്ടായിരുന്നില്ല. എന്തെന്നാൽ മി. വക്കി ഉദ്ധരിക്കുന്ന ബൈബിൾ വാക്യത്തിൽ “മൂന്നാംദിവസം പകലും രാവും തമ്മിൽ വേർപിരിവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ. അവ അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നു് തിരിച്ചറിവാനായും ഉതകട്ടെ എന്നു ദൈവം കല്പിച്ചു. അങ്ങിനെ സംഭവിച്ചു, സന്ധ്യയായി ഉഷസ്സുമായി” എന്നു് കാണുന്നു. “ആകാശവിതാനത്തിൽ വെളിച്ചങ്ങൾ’ ഉണ്ടാകാതിരുന്ന കാലത്തു സൂര്യചന്ദ്രനക്ഷത്രങ്ങൾ പ്രകാശിച്ചിരുന്നുവെന്നു പറയാൻ വ്യാജോക്തിയിലുള്ള വാസന എത്രതന്നെ അധികരിച്ചാലും മി. വക്കിയ്ക്കു ധൈര്യംകൊടുക്കുകയില്ലെന്നാണു് എന്റെ വിശ്വാസം. ആ സ്ഥിതിക്കു “ഞായറാഴ്ച” സൃഷ്ടി ആരംഭിച്ചതും അന്നു സൂര്യനില്ലാതിരുന്നതും “ചൊവ്വാഴ്ച” സൂര്യനുണ്ടായതും അസംബന്ധങ്ങളായി തോന്നുന്നില്ലെ? “പകലും രാവും മൂന്നാംദിവസമുണ്ടായിയെന്നു് നാം കണ്ടു. എന്നാൽ “ഒന്നാം ദിവസം ദൈവം വെള്ളങ്ങളുടെ മദ്ധ്യെ ഒരു വിതാനം ഉണ്ടാകട്ടെ എന്നു കല്പിച്ചു. അങ്ങിനെ സംഭവിച്ചു. ദൈവം വിതാനത്തിനു ആകാശം എന്നു പേരിട്ടു സന്ധ്യയായി ഉഷസ്സുമായി” എന്നു ബൈബിൾ വാക്യം മി. വക്കി ഉദ്ധരിയ്ക്കുന്നു. രാവും പകലും കൂടാതെ ഉഷസ്സും സന്ധ്യയുമായി എന്നു പറയുന്നതും അസംബന്ധമല്ലെ? ഏഴാംദിവസം ജോ

www.malankaralibrary.com

ലിയൊന്നും ചെയ്യാതെ ഈശ്വരൻ സ്വസ്ഥനായിരുന്നതി ന്റെ ഓൎമ്മക്കായി യഹൂദന്മാർ ആചരിക്കുന്ന ശാബതദിവ സത്തിൽ അവർ ഭക്ഷിക്കുകയും കളിക്കുകയും ഉറങ്ങുകയും ചെയ്യുന്നതും അസംബന്ധമല്ലെ? അഥവാ യഹൂദ ശാബദയും ദൈവത്തിന്റെ സ്വസ്ഥവൃത്തി ദിവസവും തമ്മിൽ ശരി യായ സാമ്യം ഉണ്ടായിരിക്കുന്നതിനായി ദൈവം ഏഴാം ദിവസത്തിൽ അന്നപാനക്ഷാളനങ്ങളിൽ ഏർപ്പെട്ടിരുന്ന വൊ? ഇങ്ങിനെ അസംബന്ധങ്ങൾ ആലോചിക്കുകയും ചോദിക്കുകയും ചെയ്താൽ മി. വക്കിയുടെ അവാസ്തവപ്ര സ്താവനകളുടെ ക്രമപാരത്തിനു യോജിച്ച അസംബന്ധനി ൎമ്മിതമായ മറൊന്നു സമീപത്തു കാണാൻ സാധിക്കും. ഈ സംഗതി ആലോചിച്ച് മി. വക്കി വിഷമിക്കുകയും വിഷാദിക്കുകയും ചെയ്യുന്നതിനു പകരം „നമ്മുടെ സഹോദ രന്മാർ ഇത്രയ്ക്കും ഇക്കാൎയ്യത്തിൽ വിഷമിക്കുന്നതു് കാണു മ്പോൾ" അദ്ദേഹത്തിനുള്ള അനുകമ്പ രേഖപ്പെടുത്തുകയാ ണു് ചെയ്യുന്നതു്. ശാബത്തു ആചരിച്ച യഹൂദന്മാരെയും അവരെ അനുകരിച്ചു ഞായറാഴ്ച ദിവസത്തെ ശാബത്തായി ആചരിക്കുന്ന ക്രിസ്ത്യാനികളെയും ഉദ്ദേശിച്ചായിരിക്കാം അദ്ദേഹം ഇവിടെ „നമ്മുടെ സഹോദരന്മാർ" എന്നു വിവ ക്ഷിക്കുന്നതു്. അങ്ങിനെയെങ്കിൽ അവൎക്കീകാൎയ്യത്തിൽ യാതൊരു വിഷമവുമില്ലെന്നു ഉറച്ചു പറഞ്ഞുകൊള്ളട്ടെ. ഈശ്വരാസ്തിക്യത്തിൽ വിശ്വസിക്കുന്നവൎക്ക ആഴ്ചയിൽ ഒരു ദിവസം ഈശ്വരമാഹാത്മ്യത്തെപ്പററിയും ഈശ്വരകാ രുണ്യത്തെക്കുറിച്ചും ആലോചിക്കുവാനും ഈശ്വരൻ ത ങ്ങൾക്കു ചെയ്തിട്ടുള്ള നന്മകൾക്കു പ്രതിനന്ദികാണിക്കു വാനും വിനിയോഗിക്കുന്നതു വിഷമമുള്ള കാൎയ്യമല്ല. ഒരു അതിഭാഗ്യം കൈവരുന്നതായിട്ടാണു് അവർ അതേപ്പററി വിചാരിക്കുക. ഈ വിചാരത്തോടുകൂടി യഹൂദന്മാർ ശാ ബദയും ക്രിസ്ത്യാനികൾ ഞായറാഴ്ചയും ആചരിക്കുന്നതിൽ വിഷമമെന്താണാവൊ?

„എന്നാൽ ആറുദിവസംകൊണ്ടു" ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചിട്ടു് ഏഴാംദിവസം വിശ്രമിച്ചു. അതുകൊ

www.malankaralibrary.com

ണ്ടു് ദൈവം ഏഴാംദിവസത്തെ അനുഗ്രഹിക്കുകയും വിശുദ്ധീകരിക്കയും ചെയ്തു." (Ec. xx, 2; xxxi, 17.) ഇതിൽനിന്നു ദൈവത്തിൻെറ വിശ്രമാവസരമായ ഏഴാംദിവസത്തിൻെറ ഓൎമ്മ യഹൂദരുടെ ശാബദാവസരമായ ഏഴാംദിവസത്തിൻെറ ആചരണത്തിൽ സംഘടിതമായിട്ടുണ്ടെന്നുള്ളതു തീർച്ചയാണു്. എങ്കിലും ദൈവം ഏഴാംദിവസം വിശ്രമിച്ചുവെന്നോ രണ്ടാമത്തെ ഏഴാംദിവസത്തിൽ യഹൂദന്മാർ ശാബത്താചരണം ആരംഭിച്ചുവെന്നോ സിദ്ധിക്കുന്നുണ്ടോ? ഒരിക്കലുമില്ല. ദൈവം സൃഷ്ടിയുടെ ആറാംദിവസംകഴിഞ്ഞു് ഏഴാംദിവസത്തെ വിശ്രമത്തിൽ പ്രവേശിച്ചു്, എത്രയൊ ലക്ഷം സംവത്സരങ്ങൾ അഥവാ യുഗങ്ങൾ കഴിഞ്ഞതിൻെറ ശേഷമാണു് യഹൂദന്മാരുടെ ഇടയിൽ ശാബത്താചരണം തുടങ്ങിയതെന്നുള്ളതു് ഇനിയും നിൎണ്ണയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. യഹൂദരുടെ ശാബത്താചരണത്തിൻെറ ഉത്ഭവംതന്നെ എങ്ങിനെയെന്നും വേണ്ടവിധം അറിയപ്പെട്ടിട്ടില്ല. എഴദിവസങ്ങളാൽ ഉപകല്പിതമായ ആഴ്ച അറിയപ്പെട്ടതിനു പിമ്പാണു് ശാബത്താചരണം. അങ്ങനെയുള്ള ആഴ്ച മനുഷ്യ ജാതിയ്ക്കു കുറെ പ്രായമായതിനുശേഷമുണ്ടായതാണു്. ഗ്രീക്കുകാരുടെയിടയിൽ ഏഴുദിവസങ്ങളുള്ള 'വാരം' എന്ന കാലവിഭാഗം അജ്ഞാതമായിരുന്ന കാലഘട്ടത്തെപ്പററി നാം അറിയുന്നു. ഗ്രീക്കുകാരിൽനിന്നൊ കൽദായക്കാരിൽനിന്നൊ ബാബിലോനിയന്മാരിൽനിന്നൊ എങ്ങിനെയാണു യഹൂദന്മാൎക്കു ശാബത്താചരണത്തിൽ അവരെ സഹായിച്ച ഏഴുദിവസമുള്ള വാരം ലഭിച്ചതെന്നു നിൎണ്ണയിക്കുന്നതിനു പ്രസ്തുത അറിവു് ആലോചനാവിഷയമാകേണ്ടതാണു്.

ഇനിയും, മുകളിൽ ഉദ്ധരിച്ച ബൈബിൾ വാക്യത്തിലെ ദൈവത്തിൻെറ വിശ്രമാവസരമായ 'ഏഴാംദിവസ'വും യഹൂദശാബത്താചരണത്തിൻെറ 'ഏഴാംദിവസ'വും തമ്മിൽ വല്ല സ്ഥായിയായ ബന്ധവുമുണ്ടോ? ശാബത്തു് വെള്ളിയാഴ്ച അസ്തമനം മുതൽ ശനിയാഴ്ച അസ്തമനംവരെയു

www.malankaralibrary.com

ള്ള കാലവിഭാഗമാണെന്നുള്ളതിനു യാതൊരു സംശയവു മില്ല. സ്മൃതിയും അനുഭവവും അതേപ്പററി ഏകാഭിപ്രായത്തിൽ കഴിയുന്നു. ശാബത്തുകൾ യഹൂദജനസമുദായ സംഘടനത്തിനുശേഷം ലക്ഷക്കണക്കിനു കഴിഞ്ഞിരിക്കുന്നു. ഈശ്വരപ്രകാശിതമായ ബൈബിൾ വിവരണത്തിലുള്ള ദൈവത്തിൻെറ വിശ്രമദിവസം, ഉല്പത്തിഗ്രന്ഥത്തിലെ പ്രഥമവും പ്രധാനവുമായ 'ഏഴാംദിവസം' ഇങ്ങനെ പല പ്രാവശ്യം കഴിഞ്ഞോ? അതു ആരംഭിച്ചിട്ട് എത്ര യാമമായി? അസ്തമനംമുതൽ അസ്തമനംവരെ യഹൂദശാബത്ത് മുറയ്ക്ക് അതിനെ കാണക്കാക്കണമെന്നുവന്നാൽ പ്രാരംഭാസ്തമനം കഴിഞ്ഞാൽ പിന്നത്തെ ഒരു പ്രമാണഘട്ടമായ അദ്ധ്രാത്രിയായെയൊ? അതൊ ആ ഘട്ടം കഴിഞ്ഞു ഉഷസ്സ് സമീപിച്ചുവൊ? അല്ല അതുംകഴിഞ്ഞു മദ്ധ്യാഹ്നത്തിലെത്താറായൊ? ദൈവത്തിനുണ്ടെന്നു ക്രിസ്ത്യാനികൾ മാത്രമല്ല, ഈശ്വരവിശ്വാസികളായ ജനങ്ങളെല്ലാം സമ്മതിക്കുന്ന ചില ഗുണങ്ങൾ മുൻനിറുത്തികൊണ്ട് ഈ പ്രസ്താവങ്ങൾക്കു സമാധാനം കണ്ടെത്തുവാൻ വിചാരിക്കുന്നവൎക്കു തലച്ചോറിനെ ക്ലേശിപ്പിക്കേണ്ട ആവശ്യമില്ല. പ്രസ്തുത സമാധാനം ബൈബിൾ വാക്യത്തിൻെറ പദാൎത്ഥത്തോടു യോജിക്കുമൊയെന്നായിരിക്കും പിന്നത്തെ സംശയം. ഇങ്ങിനെയുള്ള സംശയത്തിനും ആവശ്യമില്ല. ദൈവത്തിൻെറ "വിശ്രമ"ദിവസത്തിൻെറ മണിക്കൂറുകൾ എണ്ണിക്കഴിഞ്ഞിട്ടില്ല. അവ പ്രശാന്തവും നിർഭേദവുമായി പ്രക്രമിച്ചുകൊണ്ടിരിക്കുന്നേയുള്ളു.

മോശയുടെ ഗ്രന്ഥത്തിൽ ഈ പ്രപഞ്ച സൃഷ്ടിക്ക് 24 മണിക്കൂറ് വീതമുള്ള ഏതാനും ദിവസങ്ങളെ കാണിച്ചിട്ടുള്ളവെന്നും ഭൂഗർഭശാസ്ത്രജ്ഞന്മാരാദിയായവരുടെ അന്വേഷണംകൊണ്ട് ആറു ദിവസത്തെ വേലയ്ക്ക് ആറായിരമൊ അറുപതുലക്ഷമൊ സംവത്സരങ്ങളല്ലാ അതിലും ദീർഘിച്ച യുഗങ്ങളാണ് ആവശ്യമായി കാണുന്നതെന്നും, ആകയാൽ ആറുദിവസത്തെ സൃഷ്ടിയെന്ന വ്യാജത്തിന്മേലാണ് ബൈബിൾ വിശ്വാസികളുടെയും ക്രിസ്ത്യാനികളുടെയും

www.malankaralibrary.com

മതം അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതെന്നും ചിലരൊക്കെ ജല്പിക്കാറുണ്ട്. മോശയുടെ വിവരണത്തിലെ ദിവസം ഇരുപത്താറു മണിക്കൂറുള്ള സാധാരണ ദിവസമല്ലെന്നു ധരിച്ചാൽ ഈ അബദ്ധോച്ചാരണത്തിന്നിടയാകുകയില്ല. ഓരോ 'ദിവസ'ത്തെ സംഗതിയും പ്രത്യേകം പ്രത്യേകം പ്രസ്താവിച്ചതിനുശേഷം മോശ അവയെപ്പററി ആവർത്തിക്കുന്ന ഒരു ഘട്ടം ബൈബിളിൽ ഉണ്ട്. "Istae sunt generationes.... in die quo fccit Dominus Deus coelum et terram." എന്ന ആ വാക്യത്തിൽ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച 'ദിവസ'ത്തെപ്പററി വീണ്ടും പ്രസ്താവിക്കുന്നുണ്ട്. ഒരു 'ദിവസ'ത്തെ വേലയല്ലാ ആകാശഭൂമികളുടെ സൃഷ്ടിയെന്നു വെളിവായി പ്രസ്താവിച്ചശേഷം, ആകാശത്തിൻെറ സൃഷ്ടിക്കും ഭൂമിയുടെ സൃഷ്ടിയ്ക്കും പ്രത്യേകം പ്രത്യേകം 'ദിവസ'ങ്ങൾ സൂചിപ്പിച്ചശേഷം, അവയുടെ സൃഷ്ടിനടന്ന കാലത്തിനു 'ദിവസം' എന്ന പദം വീണ്ടും ഉപയോഗിക്കുന്നതുകൊണ്ടുതന്നെ മോശയുടെ വിവരണത്തിലുള്ള 'ദിവസം' നമ്മുടെ സാധാരണ ദിവസമല്ലെന്നും അനിശ്ചിതവും അജ്ഞാതവുമായ ദൈർഘ്യത്തോടുകൂടിയ ഏതോ കാലഘട്ടം അഥവാ 'യുഗ'മാണെന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

ഏതെങ്കിലും ഒരു പദമൊ വാക്യമൊ നാം മൂലഭാഷയിലല്ലാതെ ഇതര ഭാഷകളിൽ കാണുമ്പോൾ അതിൻെറ ശരിയായ സാരം ഗ്രഹിക്കുന്നതിനു മൂലഭാഷയിൽ ആ പദത്തിനൊ വാക്യത്തിനൊ ഉണ്ടായിരുന്ന അർത്ഥം ഗ്രഹിക്കേണ്ടതാവശ്യമാണല്ലൊ. മൂലപദത്തിനു പല അർത്ഥങ്ങൾ ഉണ്ടായിരുന്നാൽ അവയിൽ ഏതാണ് പ്രഥമവക്താവൊ ലേഖനകർത്താവൊ ഉദ്ദേശിച്ചിരുന്നതെന്നു സൂക്ഷ്മമായി പരിശോധിക്കുകയും തർജ്ജമയിൽ ആ ഉദ്ദേശ്യം അനുസരിച്ചുള്ള വ്യാഖ്യാനം സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള പരിശോധന നടത്തുമ്പോൾ നമ്മുടെ ഭാഷയിൽ 'ദിവസം' എന്ന പരിഭാഷയ്ക്കു ഹേതുവായ പദം മോശയുടെ വിവരണത്തിലും അദ്ദേഹത്തിൻെറ രചന

www.malankaralibrary.com

ളൂപയോഗിച്ച എബ്രായ ഭാഷയിലും "യോം" എന്നാകുന്നു. ഇതിനു "ദിവസം" എന്ന അർത്ഥംപോലെതന്നെ "സന്ധ്യയും ഉഷസ്സും" എന്നു വേറൊരു അർത്ഥമുണ്ടു്. ഈ "സന്ധ്യയും ഉഷസ്സും" "ആരംഭവും അവസാനവും" എന്നു മനസ്സിലാക്കി സൃഷ്ടിയുടെ പരിണാമത്തിലെ ഓരോ പ്രധാനഘട്ടത്തിൻെറയും ആരംഭവും അവസാനവുമായി സ്വീകരിച്ചാൽ യാതൊരു തെററിദ്ധാരണക്കുമിടയില്ല. ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ അനുഭവവും ഈ അനുമാനവും തമ്മിൽ പരസ്പരം വിരുദ്ധതയ്ക്കു അവകാശമില്ല. മോശയൊ കത്തോലിക്കാ സഭാധികാരികളൊ അജ്ഞന്മാരുടെ ഗണത്തിൽ പരിഗണിക്കപ്പെടുവാനിടയുമില്ല. ഈശ്വരനു ക്ഷണംകൊണ്ടു നാം കാണുന്ന വിശ്വകടാഹത്തെ മാത്രമല്ല, അതുപോലെയുള്ള പലതിനെയും അസംഖ്യം വര്‍ഗ്ഗങ്ങളില്‍പ്പെട്ട ജീവജാലസഞ്ചയത്തോടുകൂടി സൃഷ്ടിക്കാൻ ശക്തിയുണ്ടെങ്കിലും സാക്ഷാൽ സൃഷ്ടി നടന്നിട്ടുള്ളതു നൊടിനേരംകൊണ്ടല്ലെന്നും, ഈശ്വരൻ സ്വശക്തിയെ പ്രയോഗിച്ചതു് വ്യവസ്ഥാപിതങ്ങളായ പല പരിണാമഘട്ടങ്ങളിൽ കൂടിയാണെന്നും, അവയാകട്ടെ അലംഘ്യങ്ങളായ നിയമങ്ങൾക്കു കീഴ്പെട്ടാണെന്നും ധരിച്ചുകഴിഞ്ഞാൽ നിരീശ്വരന്മാർക്കു ബൈബിളിനെ കളിയാക്കി മോശയെയും കൂട്ടരെയും മോശമാക്കാൻ സാധിക്കുകയില്ലെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവിക്കേണ്ടതുണ്ടു്.

മോശയുടെ വിവരണത്തിലെ വിശ്രമാവസരമായ ഏഴാം "ദിവസ"ത്തെപ്പററി ആലോചിക്കുമ്പോഴും സൃഷ്ടിസംബന്ധിച്ചു പറയുന്ന "ദിവസങ്ങൾ" സാധാരണ ദിവസങ്ങളല്ലെന്നു മനസ്സിലാക്കാം. സൃഷ്ടിയുടെ ഓരോ ഘട്ടവും അവസാനിച്ചപ്പോൾ "സന്ധ്യയായി ഉഷസ്സുമായി ഒന്നാംദിവസം" "സന്ധ്യയായി ഉഷസ്സുമായി രണ്ടാംദിവസം" എന്നിത്യാദി ആ പൂർത്തീകരണത്തെ മോശ വിശദീകരിക്കുന്നു. അതായതു പ്രസ്തുതമായ ഓരോ ഘട്ടത്തിനു "ആരംഭം" അഥവാ "സന്ധ്യ" "അവസാനം" അഥവാ "ഉഷസ്സ്" ഉണ്ടായി കഴിഞ്ഞുവെന്നാത്രെ. സന്ധ്യമുതൽ സന്ധ്യവരെ യഹൂദർ

www.malankaralibrary.com

ദിവസം കണക്കാക്കിയിരുന്നുവെന്നും "സന്ധ്യ"യോടുകൂടി യാണ് അവരുടെ "ദിവസം" ആരംഭിച്ചതെന്നും ഓർമ്മി ക്കുകയും "യോം" എന്ന എബ്രായശബ്ദത്തിന് "ആരംഭം അ വസാനം" എന്നീ അർത്ഥം കൂടിയുണ്ടായിരുന്നുവെന്നു ധരിക്ക കയും ഇവിടെ ആവശ്യമാണ്. ഇങ്ങിനെ സൃഷ്ടിയുടെ ആ ഘട്ടങ്ങൾ കഴിഞ്ഞ് വിശ്രമത്തിന്റെ ഏഴാമത്തെ ഘ ട്ടമായി. അല്ലെങ്കിൽ മോശയുടെ വിവരണത്തിലെ ഏഴാം "ദിവസവും" കത്തോലിക്കരുടെ വിശ്വാസപ്രകാരമുള്ള ഏ ഴാം "യുഗവും" ആയി. "ദിവസ"ത്തിന് 24 മണിക്കൂറുള്ള സാധാരണ ദിനമെന്നു മോശ അർത്ഥം ധരിച്ചിരുന്നുവെങ്കിൽ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്ത ആറു ഘട്ട ങ്ങൾക്കുപയോഗിച്ച "ദിവസം" എന്ന ശബ്ദം ആരംഭിക്കു ക മാത്രമായിട്ടുള്ള ഏഴാമത്തെ ഘട്ടത്തിനും ഉപയോഗിക്കു ന്നതെങ്ങിനെ? ഏഴാമത്തെ ഘട്ടത്തിന്റെ അവസാനമേ തെന്നു ഇനിയും അറിഞ്ഞിട്ടില്ലാത്ത സ്ഥിതിയ്ക്ക് "ദിവസം" എന്ന് മോശ അതിനെപ്പറ്റി പ്രസ്താവിച്ചത് അതു അനി ശ്ചിതമായ ദൈർഘ്യത്തോടുകൂടിയ ഒരു കാലഘട്ടമായിരി ക്കുന്നതുകൊണ്ടു മാത്രമാണ് എന്നു മനസ്സിലാക്കാൻ പ്രയാസ മില്ല. മുൻപു് കഴിഞ്ഞ സൃഷ്ടിയുടെ യുഗങ്ങളും അനിശ്ചി ത ദൈർഘ്യത്തോടുകൂടിയ കാലഘട്ടങ്ങളായിരുന്നു. അവ യ്ക്കാറിനും ആ അർത്ഥത്തിൽ "ദിവസം" എന്ന പദം ഉപ യോഗിച്ചു. അവസാനിക്കാത്ത ഏഴാമത്തെ കാലഘട്ടത്തി നും ആ അർത്ഥത്തിൽതന്നെ "ദിവസ"മെന്നപദം ഉപയോ ഗിച്ചു. 'യുഗ'മെന്ന വ്യാഖ്യാനത്തെ സാധൂകരിക്കുന്നതിനു ഈശ്വരന്റെ വിശ്രമാവസരത്തിനു 'ദിവസം' എന്ന പദം മോശ ഉപയോഗിച്ചിട്ടുള്ളതുമാത്രം മതിയായിരിക്കുന്നു. ഏ ഴാംദിവസത്തിന്റെ അവസാനം അഥവാ "ഉഷസ്സു" എ പ്പോളായിരിക്കും. Moigno എന്ന ഗ്രന്ഥകാരൻ പ്രസ്താവി ക്കുംപ്രകാരം ആ ഉഷസ്സു യുഗങ്ങളുടെ അവസാനത്തിൽ അ വസാനവിധിയ്ക്കായി ദൈവദൂതൻ:" കാലം കഴിഞ്ഞിരിക്കു ന്നു! നിത്യത്വം ആരംഭിക്കുന്നു! ഭൂലോകം ആകാശങ്ങൾ

www.malankaralibrary.com

ക്കിടം കൊടുക്കുന്നു! ഇതാ പുതുതായ ഒരു ലോകത്തിന്റെ ആവിർഭാവം!" എന്നു വിളിച്ചറിയിക്കുമ്പോളത്രെ. അപ്പോൾ ദൈവത്തിന്റെ വിശ്രമഘട്ടം അവസാനിക്കും. മോശയുടെ സൃഷ്ടിവിവരണത്തിലെ ഏഴാംദിവസത്തിന്റെ ഉഷസ്സുമാകും. ഏഴാംദിവസത്തിൽ ഇപ്പോൾ നടക്കുന്ന പരിണാമപ്രവൃത്തികൾക്കു പൂർണ്ണവിരാമം അടയുകയും ചെയ്യും. ഇങ്ങിനെ സംഗതികൾ ധരിച്ചാൽ മോശയുടെ വിവരണം കാലാദ്യന്തങ്ങൾ സംബന്ധിച്ചിടത്തോളം സൃഷ്ടിയുടെ യഥാർത്ഥ കഥനമായിരിക്കുന്നുവെന്നു Gli Splendori della Fede Vol. II. Part I. pag 135-ൽ മൊയിഗ്നൊ പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ ആവർത്തിച്ചുകൊള്ളുന്നു.

## മനുഷ്യന്റെ അധഃപതനം.

ആദ്യമനുഷ്യനു ദൈവം ഒരു കല്പന നൽകിയിരുന്നു. ഒരു വൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നുകൂടെന്നു അവനോടു കല്പിച്ചിരുന്നു. ഇതിൽനിന്നും മനുഷ്യൻ സ്വതന്ത്രനാണെന്നും ഈ സ്വാതന്ത്ര്യത്തെ നന്നായി വിനിയോഗിക്കുന്നതു അവന്റെ കടമയാണെന്നും കാണുന്നു. പക്ഷെ, ആദ്യമനുഷ്യർ കല്പന ലംഘിച്ചു. ദൈവത്തെപ്പോലെയായിത്തീരുന്നതിനാഗ്രഹിച്ചു് വിലക്കപ്പെട്ട ഫലത്തെ അവർ ഭക്ഷിച്ചു. ഇവരുടെ പാപം പലേ സാഹചര്യങ്ങൾകൊണ്ടും വലിയതായിരുന്നുവെന്നു കാണാം. ദൈവം അവക്കു ധാരാളമായി ദാനങ്ങൾ നൽകിയിരുന്നു. ഒരു നിസ്സാര സംഗതി മാത്രമെ താൻ അവരോടു ആവശ്യപ്പെട്ടിരുന്നുള്ളു. മനുഷ്യവംശത്തിന്റെ മാതാപിതാക്കളെന്ന ഉത്തരവാദിത്വമുള്ള അവരുടെ നിലയും, മനസ്സിന്റെയും ഹൃദയത്തിന്റെയും, നിർദ്ദോഷമായ സ്ഥിതിയും, വരപ്രസാദപൂർണ്ണതയും അവരുടെ പാപകാഠിന്യത്തെ വൎദ്ധിപ്പിച്ചിരുന്നു.

ഏതാദൃശമായ അവരുടെ പാപം ഉടൻ ശിക്ഷിക്കപ്പെട്ടു. ആദവും ഹവ്വായും പറുദീസായിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു. അവക്കു ദൈവവുമായിട്ടുണ്ടായിരുന്ന സ്വഭാ

www.malankaralibrary.com

വാതീതമായ സാമ്യം നഷ്ടീഭവിക്കയും ചെയ്തു. പാപം ചെയ്തില്ലായിരുന്നുവെങ്കിൽ മനുഷ്യകുലത്തിനു ലഭിക്കുമാ യിരുന്ന ഭാഗ്യവും നഷ്ടമായി. മനുഷ്യനുവേണ്ടി സൃഷ്ടിക്ക പ്പെട്ട ഭൂമിയും സസ്യമൃഗാദികളും ശപിക്കപ്പെട്ടു. ദൈവി കദാനം അവക്ക് നഷ്ടീഭവിച്ചു. പറുദീസായിൽനിന്നും ബ ഹിഷ്കരിക്കപ്പെട്ടശേഷം അവർ വേടന്മാരെപ്പോലെയല്ല ജീ വിതം നയിച്ചിരുന്നതു്. അവരും അവരുടെ സന്താനങ്ങ ളും നിലംകൃഷിചെയ്തും നാൽക്കാലികളെ വളർത്തിയും തീ പെയോഗിച്ചും വന്നിരുന്നു. അവരുടെ വസ്ത്രം തുകലായി രുന്നു. ബാവാന്മാരുടെ കാലത്തുണ്ടായിരുന്ന അഭിവൃദ്ധി വി. ലിഖിതത്തിൽനിന്നും നമുക്കു മനസ്സിലാക്കാൻ സാധി ക്കും. കായേനു വാസസ്ഥലം പണിയുകയും ജൂബേൽ കിന്ന രം കണ്ടുപിടിക്കയും ടൂബൽ കായിൽ ഇരുമ്പുകത്തിയുണ്ടാ ക്കുകയും ചെയ്തു. ലാമെക്കായാണു് ആദ്യമായി ഏകഭാര്യാതാമെന്ന പൂർവ്വാചാരത്തിൽനിന്നും വിട്ടുമാറി യതു്.

സത്യദീപം 15—6—1928.

---

# ആ അനുദിന നിനദം

നമ്മളിൽ കുറെ പ്രായംചെന്നവരൊക്കെക്കണ്ടിട്ടുണ്ടു്, ആ ശബ്ദശ്രവണ മാത്രയിൽ മലയിൽ കിളയ്ക്കുന്നവൻ പാള ത്തൊപ്പി ഊരി വലതുകയ്യു് തുമ്പായിൽനിന്നു വിടുത്തി, നമ്രശിരസ്കനായി നെററിയിലും നെഞ്ചിലും കുരിശടയാ ളം വരച്ചു്, പ്രാർത്ഥിക്കുന്നതു്. മലയിലെ വേലക്കാരനോ ടൊപ്പം വയലിലെ ഉഴവുകാരനും കടയിലെ വർത്തകനും, ഹൃദയങ്ങളെ സ്വർഗ്ഗത്തിലേക്കുയർത്തുന്നതാണു് ആ മുഹൂർത്തം. ആ ഭക്തിമുറ ആചരിക്കുന്നതു് അനാവശ്യമോ അഭിമാന ക്ഷയമോ ആയി ആരും കരുതിയിരുന്നില്ലാ. ധനവാനും ദരിദ്രനും, പണ്ഡിതനും, പാമരനും, മാളികക്കാരനും മാ

www.malankaralibrary.com

റാപ്പുകാരനും, ഒരുപോലെ ആ സ്വരം ആദരിച്ചിരുന്നു. ഏതു സ്വരമെന്നു് അഥവാ ഏതിന്റെ സ്വരമെന്നു് പ്രത്യേകം പറയണമെന്നില്ലല്ലോ. അവസരംപോലെ, ആവശ്യമനുസരിച്ചു്, മാനവഹൃദയങ്ങളിൽ പൂതങ്ങളായ വികാരപരമ്പരകളെ തട്ടിയുണർത്തുന്ന ആ പള്ളിമണിയുടെ ശബ്ദം തന്നെ. അതു് സന്തോഷത്തേയും സന്താപത്തേയും വിജ്ഞാപനം ചെയ്യുന്നു; ഉത്സവങ്ങൾ അനുസ്മരിപ്പിക്കുന്നു; വിശുദ്ധ ക്രിയാശകളുടെ പവിത്രതയെ കീർത്തിക്കുന്നു; മരണാവസരത്തിൽ സഹതാപവും പ്രാർത്ഥനയും ആഹ്വാനം ചെയ്യുന്നു. അതു് ഭക്തരെ ത്വരിപ്പിക്കുന്നു, മന്ദരെ പ്രോത്സാഹിപ്പിക്കുന്നു, ഭക്തിഹീനരെ ആകർഷിക്കുന്നു, സന്തപ്തരെ സമാശ്വസിപ്പിക്കുന്നു. കൃത്യവിലോപത്തിൽനിന്നു് മണിനാദം തങ്ങളെ പലവുരു രക്ഷിച്ചിട്ടുണ്ടെന്നു് ആത്മാർത്ഥമായി വിശ്വസിക്കാത്ത ക്രൈസ്തവഭക്തർ ഭൂമുഖത്തുണ്ടെന്നു തോന്നുന്നില്ല. ജീവികൾക്കും മൃതർക്കും ഒരുപോലെ ഉപകർത്താവായി തീർന്നിട്ടുള്ളതാണു് പള്ളിമണിയുടെയടി. "എന്റെ സ്വരം ജീവന്റെ സ്വരം: വിശുദ്ധ വസ്തുക്കളിലേയ്ക്കു ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. വരുവിൻ" എന്നിങ്ങനെ മുൻകാലങ്ങളിൽ ധാരാളം പള്ളിമണികളിൽ ലിഖിതമുണ്ടായിരുന്നു. ആവക ലിഖിതങ്ങളിൽ നിർദ്ദിഷ്ടമായ ആ മഹനീയപ്രവർത്തനപദ്ധതിക്കു യോജിച്ച വിധത്തിലാകുന്നു പള്ളിമണികളുടെ ശുദ്ധീകരണ'കർമ്മം നിർവ്വഹിക്കപ്പെടുന്നതു്.

നമ്മുടെ ചുററും കാണുന്ന ദൃശ്യലോകം, അതിന്റെ സമ്പൽസമൃദ്ധിയുടേയും, സാധനസാമഗ്രിധോരണിയുടേയും, ശാസ്ത്രീയഗവേഷണങ്ങളുടേയും, നൂതന വിജ്ഞാനസിദ്ധിയുടേയും, പരിപൂർത്തിയിൽ അവയ്ക്കെല്ലാം ഹേതുഭൂതനായ ഒരു സ്രഷ്ടാവിനെ, സകലതിനും അധിനാഥനായ ഒരു ദൈവത്തെ, അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടതാവശ്യമാണെന്നു് ചിന്തിക്കുന്നവർക്കു് പള്ളിമണിയുടെ നിനദം ജീവന്റെ സ്വരമായി കരുതുവാൻ യാതൊരു വൈമനസ്യവും ഉണ്ടായിരിക്കുകയില്ല. ഭൌതികമാത്രമായവ

www.malankaralibrary.com

സ്തുക്കൾക്ക് ചിന്തിക്കുവാനും സംഭാഷിക്കുവാനും കഴിയുകന്നില്ലെങ്കിലും അവ ബുദ്ധിജീവികളെക്കൊണ്ടു് ചിന്തിപ്പിക്കുകയും സംസാരിപ്പിക്കുകയും ചെയ്യുന്നുണ്ടു്. പ്രകൃതിയെപ്പററി പ്രതിപാദിക്കുകയിൽ അതിനു കാണുവാൻ കഴിയുകയില്ലെങ്കിലും വസ്തുക്കളെ നമ്മുടെ കാഴ്ചക്കായി സമർപ്പിക്കുന്നു; അതിന്നാരാധിക്കുവാൻ സാധിക്കുന്നില്ലെങ്കിലും ആരാധനത്തിന്നായി നമ്മെ പ്രേരിപ്പിക്കുന്നു; പ്രകൃതിവസ്തുക്കൾക്കു് ഈശ്വരനെ ഗ്രഹിക്കുക അസാദ്ധ്യമാണെങ്കിലും ഈശ്വരനെ അറിയാതിരിക്കുന്ന അവസ്ഥ ഒരു നിമിഷത്തേയ്ക്കുപോലും നമുക്കനുവദിച്ചുതരുന്നില്ല" എന്നിങ്ങനെ ഒരു ഫ്രഞ്ചു തത്വജ്ഞൻ പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്. കാടും പടലും, കല്ലും മുള്ളും, ആറും തോടും, നാടും നഗരവുമെല്ലാം മനുഷ്യഹൃദയത്തെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക തിരിയ്ക്കുവാൻ ഉതകുന്നുവെന്നാണല്ലോ ഉദ്ധ്റുതഭാഗത്തിൻെറ സമഗ്രമായ സാരം.

പള്ളിമണി ശുദ്ധീകരിക്കുന്ന അഥവാ കൂദാശ ചെയ്യുന്ന കർമ്മത്തെപ്പററി മുകളിൽ സൂചിപ്പിച്ചിട്ടുണ്ടു്. സാമാന്യം ദീർഘിയ്ക്കുന്ന ആ ചടങ്ങു് മെത്രാൻ തന്നെ നിർവ്വഹിക്കേണ്ടതാണു്. താണതരം വൈദികർക്കവകാശപ്പെട്ടതല്ലാ. വടിയും മുടിയും ധരിച്ചു്, സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞു്, സഹായികളുടേയും ശുശ്രൂഷകരുടെയും അകമ്പടിയോടുകൂടി മേല്പട്ടക്കാരൻ മണിയെ സമീപിക്കുന്നതോടുകൂടി അനുതാപ സൂചകങ്ങളായ ചില സങ്കീർത്തനങ്ങൾ ആലപിക്കപ്പെടുന്നു. വിശുദ്ധ ജലംകൊണ്ടു് മണി കഴുകുന്ന കൃത്യം മെത്രാൻ തന്നെ ആരംഭിക്കുന്നു. സഹായികൾ ആ കൃത്യം പൂർത്തിയാക്കുന്നു. അനന്തരം ഹർഷസൂചകങ്ങളായ കീർത്തനങ്ങൾ ചിലതു് മുഴങ്ങുന്നു. തുടന്നു് മെത്രാൻ മണിമേൽ ഒരു കുരിശടയാളം വരയ്ക്കുന്നു. അനന്തരം ഏഴു്, പിന്നെയും നാലു്, ഇങ്ങനെ മൊത്തത്തിൽ പന്ത്രണ്ടു് കുരിശടയാളങ്ങളാണു് വരയ്ക്കേണ്ടതു്. അവസാനത്തെ നാലും വിശുദ്ധതൈലം ഉപയോഗിച്ചാണു് വരയ്ക്കുക. ഈ കർമ്മങ്ങളോടനുബന്ധിച്ചു് മെത്രാൻ മണിയ്ക്കു് ഒരു പേരു കല്പിക്കുകയും

www.malankaralibrary.com

സ്വർഗ്ഗീയ വരങ്ങൾ സമ്പാദിക്കുന്നതിനും, മനുഷ്യന്റെ ആദ്ധ്യാത്മിക ശാരീരിക ശത്രുക്കളെ ജയിക്കുന്നതിനും, പ്രസ്തുത മണിമൂലം പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു.

നമ്മുടെ പള്ളികളിൽ അടിക്കുന്ന ത്രികാല മണികളുടെ ശബ്ദം കേട്ട് പ്രാർത്ഥനാനിരതരാകാത്ത ആളുകൾ വളരെ ചുരുക്കമാണ്. അവിശ്വാസത്തിന്റെയും മതവിരോധത്തിന്റെയും ഈ കാലങ്ങളിൽപോലും അതുല്യമായ ഒരു ഒരു ശക്തിയാണ് പ്രാർത്ഥനയ്ക്ക് നൽകി വരുന്ന പ്രേരണ സംബന്ധിച്ച് ഈ മണിനാദത്തിനുള്ളത്. ദിവസത്തിൽ മൂന്നു പ്രാവശ്യം, കാലത്തും, ഉച്ചയ്ക്കും, സന്ധ്യയ്ക്കും ആണല്ലൊ നിയമേന മണി അടിച്ചുവരുന്നത്. ദൈവദൂതൻ പരിശുദ്ധ കന്യകാമറിയത്തിനു് നൽകിയ ആ സന്ദേശം, മംഗളവാർത്ത, അനുസ്മരിച്ച് „അഞ്ചെലൂസ്" അഥവാ „മാലാഖ"മണി എന്ന് ചില ഭാഷകളിൽ ഇതിനു പേരുപറയാറുണ്ട്. ഈ മണിയടി സമ്പ്രദായം ഏതു കാലത്താരംഭിച്ചു എന്നുള്ളതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ട്. പള്ളിമണികൾ തന്നെ ആദിമശതകങ്ങളിൽ ഉപയോഗത്തിലിരുന്നില്ലല്ലോ. ത്രികാല മണിയടിയിൽ ആദ്യം നടപ്പിൽ വന്നതു് വൈകുന്നേരത്തേതാണ്. അതുകൊണ്ടായിരിക്കണം മററു കാലങ്ങളിലുള്ളവയെ അപേക്ഷിച്ചു് ചില സ്ഥാനങ്ങളിൽ സന്ധ്യമണി കൂടുതൽ ആദരം സമ്പാദിച്ചിട്ടുള്ളതു്. ഈശ്വരാവതാരമെന്ന മഹാ സംഭവത്തെ അനുസ്മരിച്ച്, അവതീർണ്ണനായ രക്ഷകൻ മനുഷ്യവർഗ്ഗത്തിനു് വാഗ്ദാനം ചെയ്തിട്ടുള്ള സമാധാനം അഭ്യർത്ഥിക്കുവാനാകുന്നു „ആഞ്ചെലൂസ്" മണി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. പിൽക്കാലത്തു് പ്രഭാതതാരം എന്ന അഭിധാനത്തിൽ സുജ്ഞാതയായ പരിശുദ്ധ മറിയാമിന്റെ ബഹുമാനാർത്ഥം കാലത്തുള്ള മണിയടി പ്രസ്ഥാനം തുടങ്ങി. പതിനഞ്ചാം ശതകത്തിന്റെ മദ്ധ്യത്തിനുശേഷം ക്രൈസ്തവ സഭ ആവർത്തിച്ചാവർത്തിച്ച് ആപൽഘട്ടങ്ങളെ തരണം ചെയ്യേണ്ടിവന്നപ്പോൾ പ്രാർത്ഥനയിലും തജ്ജന്യമായ ഈശ്വരസഹായത്തിലും ജനങ്ങൾ കൂടുതൽ ആശ്രയയിക്കേണ്ടതിലേയ്ക്കു ഉച്ചമണിയടിയും ആരംഭിച്ചു. പ്രാർത്ഥനയിലും

www.malankaralibrary.com

തജ്ജന്യമായ ഈശ്വരസഹായത്തിലും ജനങ്ങൾ കൂടുതൽ ആശ്രയിക്കേണ്ടതിലേക്ക് ഉച്ചയ്ക്കുള്ള മണിയടിയും ആരംഭിച്ചു.

ഈ ത്രികാലജപത്തിന്റെ മഹനീയത, ആവശ്യം, ഇവ സാധാരണ നമ്മുടെ ആലോചനാവിഷയമാകാറില്ല. എത്ര അർത്ഥസംപുഷ്ടമായ ചെറുജപമാണ് നാം ഉച്ചരിക്കേണ്ടതു്. ഭൂരിഭാഗവും കത്തോലിക്കർ ഉപയോഗിക്കുന്ന ഈ ജപം സുവിശേഷവാക്യങ്ങളിൽ സംഘടിതമാണെന്ന് ജപിക്കുന്നവരോ അന്യന്മാരോ ചിന്തിക്കാറില്ല. „അനുഗ്രഹീതയായുള്ളോവേ, ഭവതിക്കു സ്വസ്തി! കർത്താവ് അവിടത്തോടുകൂടിയുണ്ടു്. ഭവതി സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ ആകുന്നു”, എന്നിങ്ങനെ പരിശുദ്ധ മറിയാമിനെ അഭിവാദ്യം ചെയ്തതു് ഇദംപ്രഥമമായി ഗബ്രിയേൽ മുഖ്യദൂതനായിരുന്നുവെന്നു നാം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നിന്നറിയുന്നു. തുടന്നു മറിയം ഗർഭംധരിച്ചു പ്രസവിക്കുമെന്നും സുതൻ മഹോന്നതൻ, ആയിരിക്കും, അത്യുന്നതന്റെ സുതൻ എന്നു വിളിക്കപ്പെടും” എന്നും മാലാഖാ അറിയിച്ചു. „കണ്ടാലും കർത്താവിന്റെ ദാസി, അവിടത്തെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ” എന്നു മറിയം പ്രത്യുത്തരം നൽകി. ഗബ്രിയേൽ മാലാഖായുടേയും കന്യകാമറിയാമിന്റേയും വാക്യങ്ങളാണ് നാം ത്രികാലജപത്തിൽ ഉച്ചരിക്കുന്നതെന്ന സ്മരണനിതരാം അഭിമാനഹേതുതന്നെ. വീണ്ടും നാം അനുസ്മരിക്കുന്നു „വചനം മാംസമായി നമ്മിൽ വസിച്ചു”. (യോഹന്നാൻ 1–14) ഈ വേദവാക്യങ്ങളോടുകൂടി സ്വർഗ്ഗസ്ഥനായ പിതാവിനോടും കന്യകാമറിയാമിനോടുമുള്ള അഭ്യർത്ഥനകൾ കോർത്തിണക്കിയതത്രെ ത്രികാലജപം.

‚ആഞ്ചെലൂസ് മണി’ ലോകത്തിലുണ്ടായിട്ടുള്ള ഏററം വലിയ സംഭവത്തിന്റെ, ദൈവം ലോകരക്ഷാർത്ഥം അവതരിച്ചതിന്റെ, സ്മരണ നമ്മുടെ ഹൃദയത്തിൽ തട്ടിയുണർത്തുന്നു. ആ മഹാസംഭവത്തെപ്പററി ധ്യാനിച്ച് ആ

www.malankaralibrary.com

നന്ദസോപാനത്തിൻെറ അത്യച്ചത്തിലെത്തിയിട്ടുള്ള സഭാപിതാക്കന്മാരും സിദ്ധരുമൊട്ടധികമാണു്. ആ ധ്യാനത്തിനുള്ള അവസരമാണു മണിനാദം നമുക്കു നൽകുന്നതു്. ത്രികാല ജപത്തിൽ മൂന്നു 'ത്രിത്വസ്തുതി' കൂട്ടിച്ചേർക്കണമെന്നു 1815–ൽ ഏഴാം പീയൂസു് മാർപ്പാപ്പാ ആജ്ഞാപിച്ചു. പരിശുദ്ധ ദൈവമാതാവു മൂലം ലോകത്തിനു ലബ്ധമായിട്ടുള്ള നന്മകൾക്കു പ്രതിനന്ദി ദൈവത്തോടു പ്രകടിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണു് ഈ ത്രിത്വസ്തുതി. വിശുദ്ധ ത്രിത്വം സംബന്ധിച്ച മഹാസത്യത്തിലുള്ള വിശ്വാസസ്ഥിരീകരണം ക്രൈസ്തവ ജീവിതത്തിൻെറ നാരായവേരാണല്ലോ.

കുടുംബദീപം.

---

www.malankaralibrary.com

# ക്ഷേത്രപ്രവേശന വിളംബരവും ക്രിസ്ത്യാനികളും.

തിരുവിതാംകൂർ രാജ്യത്തിൻെറയും രാജകുടുംബത്തിൻെറയും കീർത്തിധാവള്യം മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം പരിഷ്കൃതലോകത്തിലെവിടെയും പ്രചരിപ്പിക്കുന്നതിന് ഉതകുന്ന സുപ്രസിദ്ധവും ശ്രദ്ധാർഹവുമായ ഒരു രേഖയാണ് അവർണ്ണരായ ഹിന്ദുക്കൾക്കു ശൈവക്ഷേത്രങ്ങളിൽ പ്രവേശനസ്വാതന്ത്ര്യമനുവദിച്ചുകൊണ്ടു നമ്മുടെ അന്നദാതാവായ ശ്രീചിത്തിരതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ട് കല്പിച്ചു പുറപ്പെടുവിച്ച ക്ഷേത്രപ്രവേശനവിളംബരം, മഹാരാജാവു് തിരുമനസ്സിലെ ധിഷണാശക്തിയും പ്രജാവാത്സല്യവും ഭരണനൈപുണ്യവും ദീനദയാലുത്വവും ഒരേ സമയത്തു പ്രത്യക്ഷപ്പെടുത്തുന്ന ഒരു ഹിമാലയൻ പ്രമാണമാണ്. തൽസംബന്ധമായി തിരുമേനി അഖില ലോകാഭിനന്ദനത്തിനും അനുമോദനത്തിനും അർഹനാകുന്നതുപോലെ തിരുമനസ്സിലെ പ്രജാലക്ഷങ്ങളും ഈദൃശനായ ഒരു നാടുവാഴിയുടെ മഹനീയഭരണം അനുഭവിക്കുന്നു എന്നുള്ളതിൽ അനുമോദനാർഹരാണ്. ക്ഷേത്രപ്രവേശന വിളംബരം മനുഷ്യസമുദായത്തിൽ ഒരുഭാഗത്തിന് ഇതുവരെ അനുവദിക്കപ്പെടാതിരുന്ന പ്രാഥമികാവകാശങ്ങൾ അനുവദിച്ചു കൊടുക്കുകയാണ് ചെയ്തിരിക്കുന്നതു്. ഇതു് മനുഷ്യജാതിക്ക് മൊത്തത്തിൽ കൈവന്നിട്ടുള്ള ഒരു നേട്ടമായി പരിഗണിക്കേണ്ടതുമത്രേ. ഒരു പ്രത്യേക വർഗ്ഗത്തേയൊ സമുദായത്തേയൊ മാത്രം കുതൂഹലചിത്തവൃത്തികളും ആനന്ദവിജൃംഭിതരും ആക്കുവാൻമാത്രം സങ്കുചിതമായ ഒരു പ്രമാണമല്ല ക്ഷേത്രപ്രവേശനവിളംബരം. ജാതിഭിത്തികളെയും സമുദായക്കോട്ടകളെയും കുത്തിയിടിച്ചും തട്ടിമറിച്ചും സർവ്വസമുദായങ്ങളെയും സ്പർശിക്കുന്ന ഒരുശക്തി മഹാരാജാ തിരുമനസ്സിലെ വിളംബരത്തിനുണ്ടു്. അതു സാർവ്വജനീനമാണ്, സർവ്വസമുദായ സ്പർശകമാണ്. അദൃശ്യവും അമൂല്യവും ആയ ഒരു ആത്മാവു് ബ്രാഹ്മണനും ചണ്ഡാ

www.malankaralibrary.com

ളനും ഉണ്ടെന്നും ഈശ്വരദത്തവും പരമാത്മസംസൃഷ്ടവും ആയ പ്രസ്തുത ആത്മാസ്തിക്യം സകലക്കും സമത്വം കല്പിക്കുന്നുണ്ടെന്നുമുള്ള പരമതത്വജ്ഞാനമാണു് വിളംബരമാകുന്ന സ്ഥൂലവിഗ്രഹത്തിന്റെ പ്രാരംഭകബീജം. മഹാരാജാവു് തിരുമനസ്സിലെ പ്രതിമാസ്ഥാപന കാര്യത്തിലും മററും ചില സമുദായങ്ങളെ മാററിനിറുത്തുവാനും അവക്കു പ്രാതിനിധ്യം കൊടുക്കാതെ കഴിക്കാനും ചിലരൊക്കെ ഉത്സാഹിച്ചുയെന്നു കേൾക്കുന്നതു് വാസ്തവമാണെങ്കിൽ അവരുടെ ആലോചനാ സീമയിൽ ഈവക കാര്യങ്ങളൊന്നും കടന്നുക്കൂടുകയുണ്ടായില്ല. അവരുടെ വീക്ഷണം വിശാലവുമായിരുന്നില്ല.

ക്ഷേത്രപ്രവേശന വിളംബരപ്രഖ്യാപനത്തിൽ എല്ലാ സമുദായക്കാക്കും സന്തോഷത്തിനവകാശമുണ്ടെങ്കിൽ ക്രൂസ്ത്യാനികൾക്കു പ്രത്യേകമായ ആനന്ദത്തിനും ആശ്വാസത്തിനും ആവശ്യമുണ്ടു്. തിരുവിതാംകൂർ മഹാരാജാവു് തിരുമനസ്സുകൊണ്ടു് ക്രിസ്തുവിന്റെ ആദശ്ശത്തെ പ്രയോഗത്തിൽ വരുത്തുകയും ആഗ്രഹത്തെ ഫലിപ്പിക്കുകയുമാണു് വിളംബരംകൊണ്ടു സാധിച്ചിട്ടുള്ളതു്. യഹൂദനും പുറജാതിയും, ചേരദിതനും അന്യനും, യവനനും റോമനും തമ്മിൽ ഈശ്വരദൃഷ്ട്യാ യാതൊരു അന്തരവുമില്ലെന്നുള്ള മഹാതത്വത്തെയാണല്ലോ ക്രിസ്തുനാഥൻ ഭൂമുവെത്തുസ്ഥാപിച്ചതു്. ഈ മാതൃകപിടിച്ചു, ഈശ്വരാരാധനാരംഗമായ ക്ഷേത്രത്തെ സംബന്ധിച്ചിടത്തോളം ബ്രാഹ്മണനും ചണ്ഡാളനും, സവണ്ണനും, അവണ്ണനും, മുൻകുടുമ്മയ്ക്കും, പിൻകുടുമ്മയ്ക്കും, അദരിജനും ആഢ്യനും തമ്മിലുള്ള അന്തരങ്ങളെ ഹനിക്കുകയാണു് മഹാരാജാ തിരുമനസ്സുകൊണ്ടു് സാധിച്ചിട്ടുള്ളതു്. അനുകരണം പ്രശംസയേക്കാൾ നന്നു് എന്നോക്കുമ്പോൾ പല ക്രൂസ്ത്യാനികളെയും ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു് ക്രൈസ്തവാദശ് പരിപാലനത്തിൽ പിമ്പിലാക്കി കഴിഞ്ഞിട്ടുണ്ടു്. എങ്കിലും ക്ഷേത്രപ്രവേശന വിളംബരത്തിന്റെ പ്രാധാന്യത്തെ ക്രൂസ്ത്യാനികൾ വേണ്ടവിധം ഗ്രഹിച്ചിട്ടില്ലെന്നും അതു അവക്കു അതികട്ടുവായിട്ടാണു് അ

www.malankaralibrary.com

നുഭവപ്പെട്ടിട്ടുള്ളതെന്നും ചിലർ ധരിച്ചുവെച്ചിട്ടുണ്ടു്. ഈ ധാരണാ അകാരണവും അക്രമവുമാണെന്നു് എത്രതന്നെ പറഞ്ഞാലും അധികമാകയില്ല. „സൎവ്വമതങ്ങളിലും സത്യം സ്ഥിതിചെയ്യുന്നുണ്ടെന്നും പരമസത്യം ഏകവും അദ്വിതീയവുമാണെന്നും എൻെറ ക്രിസ്തീയ സഹോദരന്മാർ വകവെച്ചു തരുവാൻ ഒരുക്കമുണ്ടെങ്കിൽ ഈ വിജയത്തെ വിജയകരമാക്കേണ്ട ചുമതല അവൎക്കുമുണ്ടു്" എന്നു് ക്രിസ്ത്യാനികളോടുള്ള ഉപദേശമദ്ധ്യേ ഗാന്ധിജി പ്രസ്താവിച്ചതുതന്നെ ഈ ധാരണയുടെ ഒരു പ്രതിബിംബനമാണെന്നു പറയേണ്ടിയിരിക്കുന്നു. „ഹിന്ദുമതം അന്ധവിശ്വാസ ജടിലമാണു്, അനാചാരങ്ങളുടെ കോട്ടയാണു്, കാപട്യത്തിൻെറ സങ്കേതമാണു്, പവിത്രീകരിക്കുവാൻ നിവൃത്തിയില്ലാത്തവണ്ണം ദുഷിച്ചുപോയിട്ടുള്ള ഒരു പൈശാചികമതമാണു് എന്നവൎക്കഭിപ്രായമുണ്ടെങ്കിൽ ഈ രാജകീയ വിളംബരത്തെ സൎവ്വശക്തിയുമുപയോഗിച്ചു എതിൎക്കുകയാണു് അവർ ചെയ്യേണ്ടതു്" എന്നും ഗാന്ധിജി തുടൎന്നു പറയുന്നു. ഈ അഭിപ്രായത്തിന്നാധാരമായ മിസ്റ്റർ ഗാന്ധിയുടെ ചിന്താസരണി ദുർഗ്രഹമായി തോന്നുന്നു. ഹിന്ദുമതത്തിൻെറ പവിത്രതയും സഭ്യതയും ഈ വിളംബരവും തമ്മിലുള്ള ബന്ധം പല ക്രിസ്ത്യാനികൾക്കും മനസ്സിലാക്കാൻ സാധിക്കുകയില്ല. ക്ഷേത്രപ്രവേശനവിളംബരത്തിനു് മതപരമായ ഒരു വശമുണ്ടെങ്കിലും സമുദായപരമായ അതിൻെറ ലക്ഷ്യമാണു് മികച്ചുനില്ക്കുന്നതു്. അതിൻെറ മതപരമായ വശംതന്നെ ഹിന്ദുമതത്തിൻെറ ഫലമല്ല. ക്രിസ്തുമത പ്രചോദനങ്ങൾ ഹിന്ദുസമുദായമദ്ധ്യത്തിലും ഹിന്ദുമതവിശ്വാസാചാരങ്ങളിലും പ്രവേശിച്ചതുമൂലം ഉണ്ടായിട്ടുള്ളതാണു്. വിളംബരംമൂലം നൽകിയിട്ടുള്ള സ്വാതന്ത്ര്യം ക്രിസ്തുമതം പ്രഘോഷിക്കുന്ന സൎവ്വജനസമത്വവും സൎവ്വജനമൈത്രിയുമത്രെ ഒരുവൻെറ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതു്.

www.malankaralibrary.com

തീണ്ടൽ, തൊടീൽ എന്നിവ സംബന്ധിച്ച അയിത്താചാരങ്ങളും ബഹുഭാര്യാത്വം, ബഹുഭർത്തൃത്വം മുതലായ ഗാർഹികഗോഷ്ഠികളും, ശിശുഹത്തി, നരബലി മുതലായ കഠോരകൃത്യങ്ങളും ഹിന്തുമതത്തിൽനിന്നും ബഹിഷ്കൃതങ്ങളായി വരുന്നതു് മററു മതങ്ങളും അഹൈന്ദവങ്ങളായ സംസ്കാരങ്ങളും ഹിന്തുമതാവലംബികളുടെ ബുദ്ധിയെ വികസിപ്പിക്കുകയും, ചിന്തയെ പവിത്രീകരിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു് മാത്രമാണെന്നു വിചാരിക്കുന്നതു് സുസംഗതംതന്നെ. ക്ഷേത്രപ്രവേശനവിളംബരത്തിനു് നിദാനം മഹാരാജാവു തിരുമനസ്സിലേയും അമ്മമഹാറാണി തിരുമനസ്സിലേയും വിശാലമനസ്കതയും കാരുണ്യാതിരേകവും തന്നെ എന്നു് പറയാം. ഹിന്തുമതത്തിൻെറ ആഭ്യന്തരമായ പരിഷ്കാരഫലമാണു് അതെന്നു വിചാരിക്കുവാൻ താദൃശമായ ഒരു വിളംബരം മൈസൂറിൽ പ്രഖ്യാപനം ചെയ്യുന്നതിലേക്കുത്സാഹിച്ചു പ്രവൎത്തിച്ചവൎക്കുണ്ടായ അനുഭവം, നിരാശാസമ്പൂൎണ്ണമായ അനുഭവം, അനുവദിക്കുന്നില്ല. മററു പല ഭാരതീയ നാട്ടുരാജ്യങ്ങളിലും അവൎണ്ണൎക്കു ക്ഷേത്രപ്രവേശനം നിഷിദ്ധമായിത്തന്നെ ഇരിക്കുന്നുവെന്നുള്ള വസ്തുതയും വിസ്മരിക്കത്തക്കതല്ല. ആകയാൽ ക്ഷേത്രപ്രവേശനസ്വാതന്ത്ര്യം അവൎണ്ണൎക്കു ലഭിച്ചതുകൊണ്ടു് വിശേഷവിധത്തിലുള്ള സ്തുതി ഹിന്തുമതം അർഹിക്കുന്നില്ലെന്നു സിദ്ധിക്കുന്നു. സുദീർഘമായി തുടൎന്നുകൊണ്ടിരുന്ന ഒരപനയത്തെ ഉപേക്ഷിക്കുന്ന സാഹസികനെപ്പററി ഇതരന്മാരിൽ വിശ്വാസവും സ്നേഹവും വൎദ്ധിക്കുവാൻ അവസരമുള്ള സ്ഥിതിയിൽ ഹിന്തുമതത്തിൽ- ഹിന്തുക്കൾക്കുതന്നെ കൂടുതൽ വിശ്വാസവും അഹിന്തുക്കൾക്കു ബഹുമാനവും തോന്നാവുന്നതാണു്. ഇതു് മററു മതങ്ങൾക്കു നിരുന്മേഷജനകമായി തീരേണ്ട ആവശ്യമില്ല. ഓരോ മതവും സ്വതസിദ്ധങ്ങളായ തത്വങ്ങളെ പുരസ്കരിച്ചു് അഭിവൃദ്ധിക്കായി പ്രവൎത്തിച്ചാൽ മാത്രം മതി.

നസ്രാണിദീപിക, 1111 മകരം 24–ാംനു- ശനി.

www.malankaralibrary.com

# എട്ടാം ഹെൻറിയും പിതാവും തമ്മിൽ. *

ഹെൻറി ഏഴാമൻ:— കൊള്ളാം മകനെ, എൻെറ കാലശേഷം നടന്ന നിൻെറ ഭരണം എങ്ങിനെയായിരുന്നു?

ഹെൻറി എട്ടാമൻ:—ഞാൻ സൌഭാഗ്യപ്രതാപങ്ങളോടുകൂടി മുപ്പത്തിയെട്ടു വർഷം ഭരിച്ചു.

ഹെ. ഏ:—അതു കേമമായി. എന്നാൽ നിനക്കുണ്ടെന്നു നീ അഭിമാനിക്കുന്നിടത്തോളം തൃപ്തി മററുള്ളവക്ക് ഉണ്ടായോ?

ഹെ. എ:—ഞാൻ പരമാൎത്ഥമാണു് പറയുന്നതു്. അവിടുന്നു് പ്രദൎശിപ്പിച്ച സാമൎത്ഥ്യപരാക്രമങ്ങൾകൊണ്ടു സിംഹാസനം കരസ്ഥമാക്കാൻ എനിക്കു സംഗതിയായില്ലല്ലൊ. അവിടുന്നു സമാധാനാവസ്ഥയിലാണല്ലൊ രാജ്യം എനിക്കായി തന്നതു്. ഞാൻ യൂറോപ്യൻ കാൎയ്യങ്ങളിൽ ഏർപ്പെട്ടു് ഫ്രാൻസിസ് പ്രഥമനും ചാറൾസ് പഞ്ചമനും മദ്ധ്യേ ഇടപെട്ടു. അവർ തമ്മിലുള്ള മത്സരത്തിൽ ഞാൻ യഥേഷ്ടം ഒരിക്കൽ ഒരുവനെയും പിന്നൊരിക്കൽ മററവനെയും സഹായിച്ചു. ഇംഗ്ലണ്ടിൽ പാപ്പായുടെ ദുർഭരണത്തിന്നെതിരായിട്ടായിരുന്നു എൻെറ ശ്രമം. ഇംഗ്ലണ്ടിലെ മതം ഉടച്ചുവാക്കാൻ എനിക്കു സാധിച്ചു. എന്നെ എതൃക്കാൻ ഒരുത്തനും സാധിച്ചില്ല. ഈ ഭേദഗതികൾക്കു ശേഷം സമാധാനപൂൎവ്വം മരിക്കാൻ ഇടയായതു മഹാ ഭാഗ്യമായിട്ടാണു് ഞാൻ കരുതുന്നതു്.

ഹെ. ഏ:—നീ ലൂഥറിന്നു് എതിരായി ഒരു പുസ്തകം എഴുതിയെന്നും മാർപ്പാപ്പാ സന്തുഷ്ടനായി 'വിശ്വാസസംരക്ഷകൻ' എന്ന സ്ഥാനം നിനക്കു നൽകിയെന്നുമാണല്ലൊ ഞാൻ കേട്ടതു്. പിന്നീടെങ്ങിനെയാണു് നിൻെറ മതാഭിപ്രായം മാറിയതു്?

---

* ഇംഗ്ലീഷിൽ നിന്നു.

www.malankaralibrary.com

ഹെ. ഏ:—റോമാസഭയുടെ അന്ധവിശ്വാസവും അ നീതിയും എനിക്കു മനസ്സിലായി.

ഹെ. ഏ:— ആ സഭ വല്ല സംഗതിയിലും നിനക്കെ തിരായി നിന്നോ?

ഹെ. ഏ:—ഉവ്വ്. എന്റെ വിവാഹം അസാധുവാ ക്കാൻ ഞാൻ ആഗ്രഹിച്ചു. ആറഗൻകാരിയിൽ ഇനിക്കു വിരസമായി. ആൻബോലിനെ ഭാര്യയാക്കാൻ ഞാൻ ആ ഗ്രഹിച്ചു. ഏഴാം ക്ലെമൻറു പാപ്പാ ഈ കാര്യം തീരുമാനി ക്കുന്നതിനായി കംപേജിയൊ കർദ്ദിനാളിനെ നിശ്ചയിച്ചു. എന്നാൽ ആറഗനിലെ കത്രീനായുടെ ഭ്രാതൃപുത്രനായ ചക്ര വർത്തിയെ ഭയന്നു എന്നെ കളിപ്പിക്കാനാണദ്ദേഹം ശ്രമി ച്ചതു്. ഇററലിയിൽനിന്നു ഫ്രാൻസിലേക്കു കടക്കുവാൻ തന്നെ കംപേജിയൊ ഒരു സംവത്സരം എടുത്തു.

ഹെ. ഏ:—പിന്നെ നീ എന്തു ചെയ്തു?

ഹെ. ഏ:—ഞാൻ റോമായുമായി പിണങ്ങി. റോമാ യുടെ കുററവിധികളെ ഞാൻ തൃണവൽഗണിച്ചു. ആൻബൊ ലിനെ വിവാഹം ചെയ്തു. ഇംഗ്ലണ്ടിലുള്ള സഭയുടെ അധി നാഥനുമായി.

ഹെ. ഏ:—ശരി, മനസ്സിലായി. നിന്നോടു വളരെ കോപിച്ചു ലോകവാസം ഉപേക്ഷിച്ച പലരെ കാണാനിട യായതിൽ ഞാൻ വിസ്മയിക്കുന്നില്ല.

ഹെ. ഏ:—എന്തുചെയ്യാം! കുറെയൊക്കെ കഠിനക്കു റ്റു് കൂടാതെ ഇതുപോലെയുള്ള വലിയ ഭേദഗതികൾ ചെ യ്യാൻ സാധിക്കുകയില്ല.

ഹെ. ഏ:—ഞാൻ സർവ്വത്ര കേൾക്കാറുള്ളതു് നീ മന്ദബു ദ്ധിയും ചഞ്ചലഹൃദയനും, ദുർമ്മോഹിയും ക്രൂരനും രക്തപ്രി യനും ആയിരുന്നുവെന്നാണു്.

ഹെ. ഏ;—അതൊക്കെ പാപ്പാ മതക്കാരുടെ അസം ബന്ധങ്ങളാണു്.

ഹെ. ഏ: പാപ്പാ മതക്കാരുടെ കാര്യം വിട്ടിട്ടു നമുക്കു

www.malankaralibrary.com

യഥാൎത്ഥസംഭവങ്ങൾ ആലോചിക്കാം. നിനക്കു ആറു് ഭാൎയ്യമാർ ഉണ്ടായിരുന്നില്ലേ?........................................

..............സ്വന്ത ഭാൎയ്യയെ ഉപേക്ഷിക്കാതെയിരുന്നുവെങ്കിൽ ഈ അനൎത്ഥങ്ങളൊന്നും നിനക്കു സംഭവിക്കുകയില്ലായിരുന്നു. ദൈവം നിന്നെ ശിക്ഷിക്കുകയാണു് ചെയ്തതു. നീ ചൊരിഞ്ഞ രക്തത്തിനു അറുതിയുണ്ടോ? മേല്പട്ടക്കാർ, സന്യാസിമാർ ആദിയായ ശ്രേഷ്ഠപുരുഷന്മാരെ ആയിരക്കണക്കിനു നീ കൊന്നൊടുക്കിയതായിട്ടാണു് കേൾവി.

ഹെ. ഏ:—റോമയുടെ ബന്ധം വിടുൎത്തുന്നതിനായി അതൊക്കെ ആവശ്യമായി.

ഹെ. ഏ:—എന്തു! നിൻെറ ദുൎമ്മോഹം സാധിക്കുന്നതിനല്ലേ? മരണശിക്ഷക്കു യോഗ്യയെന്നു് നീതന്നെ വിധിച്ച ആൻബോലിനുമായുള്ള നിൻെറ ബന്ധം പുലൎത്തുന്നതിനു വേണ്ടിമാത്രം.

ഹെ. ഏ:—ഞാൻ പള്ളിമുതൽ അപഹരിച്ചതു തിരിച്ചുകൊടുക്കാൻ എനിക്കു സാധിച്ചില്ല.

ഹെ. ഏ:—ശരി, ഇപ്പോൾ നിൻെറ പ്രവൎത്തിയുടെ കാരണം തെളിഞ്ഞു. നിൻെറ ലജ്ജാവഹങ്ങളായ വിവാഹങ്ങളും കവൎച്ചകളും സാധൂകരിക്കാൻ തന്നെ.

ഹെ. ഏ:— അവിടന്നു് നിൎബന്ധിക്കുന്നതുകൊണ്ടു ഞാൻ സത്യം മുഴുവനും പറയാം. വിഷയസുഖത്തിൽ എനിക്കു് അത്യാൎത്തി ആയിരുന്നു. എൻെറ പ്രണയം അസ്ഥിരവും ആയിരുന്നു..........................................ഇനിക്കു് അവിശ്വാസം, അസൂയ , ചാഞ്ചല്യം, ക്രമമിതമായ സ്വാൎത്ഥപ്രതിപത്തി എന്നിങ്ങനെ മററു ലക്ഷണങ്ങളും ഉണ്ടായിരുന്നു. ആംഗ്ലിക്കൻ സഭാദ്ധ്യക്ഷന്മാർ എന്നെ ദുൎവികാരങ്ങളിൽ പ്രോത്സാഹിപ്പിക്കുകതന്നെ ചെയ്തു. കത്രീനായെ ഉപേക്ഷിക്കാൻ കാൎഡിനൽ വൂൽസി എന്നെ പ്രോത്സാഹിപ്പിച്ചു. ആൻദേബോലിനെ സംബന്ധിച്ചു് ഞാൻ ചെയ്തതൊക്കെ ആൎച്ചുബിഷോപ്പു ക്രാൻമറിൻെറ സഹായത്തോടുകൂടിയായിരുന്നു. റോമ്മായിൽ നിന്നുള്ള അകൽച്ചയും അ

www.malankaralibrary.com

യാൾ കാരണമായി. ദുർവികാരങ്ങളാൽ ഭരിക്കപ്പെട്ടദുമ്മന്ത്രങ്ങൾക്ക വിധേയനായ ഒരു നാട്ടുവാഴിയുടെ സ്ഥാനത്തു കരുതികൊണ്ടു അവിടത്തെത്തന്നെ എന്നെ വിധിച്ചാലും.

ഹെ. എ:—രാജധാനിക്ക ചുററിപ്പററി നിൽക്കുന്നവരെപ്പോലെ കപടശാലികളായി മററാരുമില്ലെന്നു നീ അറിഞ്ഞിട്ടില്ലെ? ആ വൈദികരുടെ ആലോചന ശരിയല്ലെന്നുകണ്ടു് അവരെ രൂപതകളിലെക്കയച്ചു സത്യസന്ധന്മാരായ അൽമായക്കാരുടെ ആലോചന നീ സ്വീകരിക്കേണ്ടിയിരുന്നു. പഴയ മതത്തെ ഉപേക്ഷിച്ചു നിൻെറ പ്രജാസഞ്ചയത്തെ ഛിന്നഭിന്നമാക്കാൻ ബുദ്ധിയുള്ള ആരും നിന്നോടുപദേശിക്കുകയില്ലായിരുന്നു. പാപ്പായുടെ ദുർഭരണത്തെപ്പററി പരാതി പറഞ്ഞ നീ തന്നെ പാപ്പാസ്ഥാനത്തിൽ പ്രവേശിക്കാൻ പ്രേരിതനായതും ഇംഗ്ലീഷ് സഭ പരിഷ്കരിക്കാൻ ഉദ്യമിച്ച നിൻെറ പരിഷ്കാരം അക്രമവും ദൈവദ്രോഹകവുമായ വിവാഹങ്ങളിലും വിശുദ്ധ പാത്രങ്ങളുടെ അപഹരണത്തിലും കലാശിച്ചതും വിചിത്രമല്ലെ? ഈ നീചവേലയിൽ നിൻെറ കൈ മനുഷ്യരക്തത്തിൽ മുക്കിയില്ലെ? നിൻെറ സ്മരണ ഗർഹണീയമാക്കാൻ നിനക്ക സാധിച്ചു. ഭിന്നതകളുടെ രംഗമായി നിൻെറ രാജ്യത്തെയും നീ സ്ഥാപിച്ചു. ഞാൻ ഇത്രയും മതഭക്തികൊണ്ടു പറയുന്നതല്ല. ആ ലക്ഷണം എന്നിൽ അധികമില്ലെന്നു നിനക്കറിയാമല്ലൊ. ആ കാൎയ്യം നിസ്സാരമായി തള്ളികൊണ്ടു ഒരു രാജ്യതന്ത്രജ്ഞൻെറ നിലയിലാണു് ഞാൻ സംസാരിക്കുന്നതു്. നിൻെറ സകല പ്രവൃത്തിയും അനൎത്ഥത്തിലും ആപത്തിലുമത്രെ അവസാനിച്ചതു്. നീ ഇങ്ങിനെ വിഡ്ഢിവേഷം കെട്ടിയല്ലൊ!

സത്യദീപം, 28—11—1929.

www.malankaralibrary.com

# കേരളീയ കത്തോലിക്കരുടെ സാഹിത്യസമ്പാദ്യങ്ങൾ.

കേരളീയ കത്തോലിക്കരുടെ സാഹിത്യസമ്പാദ്യങ്ങൾ എന്നു കേൾക്കുമ്പോൾ സാഹിത്യസംബന്ധമായി കേരളത്തിലെ കത്തോലിക്കർ ധാരാളം പ്രവർത്തിച്ചിട്ടുണ്ടെന്നുള്ള ഭാവം ലേഖകനുള്ളതായി വായനക്കാർക്കുതോന്നാം. ഇതു് ശരിയാണു്. പാദ്രിമലയാളം, മാപ്പിളഭാഷ, മാർഗ്ഗപ്പേച്ചു് എന്നൊക്കെ കേരളഭാഷയെയും ക്രിസ്ത്യാനികളെയും സംബന്ധിപ്പിച്ചു പുറപ്പെടുവിക്കാറുള്ള ആക്ഷേപവാദങ്ങൾ അടിസ്ഥിനരഹിതങ്ങളാണെന്നു നിഷ്പ്രയാസം മനസ്സിലാക്കുവാൻ നിഷ്പക്ഷബുദ്ധികൾക്കു ധാരാളം അവകാശവും അവസരവും നൽകുമാറു് ക്രിസ്ത്യാനികളും കത്തോലിക്കരും കേരളഭാഷാപോഷണാർത്ഥം അഥവാ കേരളഭാഷാ സാഹിത്യപോഷണാർത്ഥം പ്രവർത്തിച്ചിട്ടുണ്ടു്. ഡോക്ടർ പി. ജെ. തോമ്മസ് തദ്വിഷയകമായി അടുത്തകാലത്തു പ്രസിദ്ധം ചെയ്ത പുസ്തകംതന്നെ എത്രയോ ആളുകളുടെ കണ്ണുകളിൽനിന്നു പ്രമാദപടലം മാററിയിരിക്കുന്നു. സാഹിത്യത്തിനു് വിവരണം കൊടുക്കുന്നതിൽ വിദഗ്ദ്ധന്മാർ ഭിന്നാഭിപ്രായക്കാരായിട്ടാണു് കാണുന്നതു്. ആശയങ്ങളെ സഭ്യമായും ഹൃദ്യമായും വാങ്മൂലം പ്രകടിപ്പിക്കുന്നതു സാഹിത്യമെന്നു ചുരുക്കിപ്പറഞ്ഞാൽ കേരളസാഹിത്യം സംബന്ധിച്ചിടത്തോളം, വാമൊഴിയിലും വരമൊഴിയിലും മററു ജനസമുദായങ്ങൾക്കില്ലാത്ത വിധത്തിലുള്ള അഭിവൃദ്ധി പ്രസ്ഥാനങ്ങൾ കത്തോലിക്കരുടെ വകയായി രംഗപ്രവേശം ചെയ്തിട്ടുണ്ടെന്നു തെളിയിക്കാൻ സാധിക്കും.

പാദ്രിമലയാളം എന്ന സംജ്ഞതന്നെ ഒരർത്ഥത്തിൽ സാധൂകരിക്കത്തക്കതാണു്. മലയാളം കേരളത്തിലെ സ്വതന്ത്ര ഭാഷയായി അഭിവൃദ്ധിപ്പെടുന്നതിനും അതിനു പ്രത്യേകമാ

www.malankaralibrary.com

യ ഒരു സാഹിത്യം ഉണ്ടാകുന്നതിനും മറ്റെല്ലാവരെയും അപേക്ഷിച്ചു കൂടുതൽ പ്രയത്നിച്ചിട്ടുള്ളതു പാദ്രിമാരാണ്. ആകയാൽ മലയാളം—തമിഴിൽനിന്നു രൂപാന്തരപ്പെട്ടു പ്രത്യേകലിപികൾ മുതലായ ഭാഷാലക്ഷണങ്ങളോടുകൂടി പരിപുഷ്ടി പ്രാപിച്ചിരിക്കുന്ന മലയാളം—പാദ്രികളുടെ പേരിൽ ഉള്ള ഋണബന്ധം അനുസ്മരിച്ചു പാദ്രിമലയാളം എന്നറിയപ്പെടുന്നതു ചരിത്രദൃഷ്ട്യാസംഗതംതന്നെ.

ഏതെങ്കിലും ഭാഷയ്ക്കു അവശ്യം അത്യാവശ്യമായിരിക്കുന്ന വ്യാകരണവും നിഘണ്ടുവും മലയാളഭാഷയ്ക്കു പ്രദാനം ചെയ്യുന്നതിൽ പ്രധാനമായും പ്രഥമമായും പ്രവൎത്തിച്ചതു കത്തോലിക്കപാദ്രിമാരായിരുന്നു. കേരളഭാഷാ സംബന്ധമായി പ്രവൎത്തിച്ച പ്രശസ്തരായ പാദ്രിമാരിൽ പലരും സംസ്കൃതം, തമിൾ എന്നീ ഭാഷകളിലും പല യൂറോപ്യൻ ഭാഷകളിലും ഒരുപോലെ വ്യുല്പന്നരായിരുന്നതിനാൽ ഭാഷാവികാസത്തിലും ശബ്ദകോശപരിപോഷണത്തിലും ആശയസംഗ്രഹണത്തിലും അവർ കൈരളിയെ അത്യധികം സഹായിച്ചുവെന്നുള്ളതിനു സംശയമില്ല. ഗുണ്ടേർട്ടു ധ്വരയുടെ നിഘണ്ടുവിനു മുമ്പായി പാദ്രിമാർ അമ്പഴക്കാട്ടെ അവരുടെ മുദ്രാലയത്തിൽ അച്ചടിച്ച ഒരു നിഘണ്ടു പ്രസിദ്ധം ചെയ്ത വാസ്തവം പല പണ്ഡിതന്മാരും വിസ്മരിക്കാറുണ്ടെങ്കിലും 1746-ൽ ഈ നിഘണ്ടു മുദ്രിതമായിയെന്നാണു കാണുന്നതു. "സിദ്ധരൂപം"മൂലം സംസ്കൃതഭാഷാഭ്യസനം സംബന്ധിച്ചു അർണോസ്പാദ്രി അദ്ധ്യേതാക്കൾക്കു ചെയ്തിട്ടുള്ള ഉപകാരം ബഹുസാരമായിട്ടുള്ളതാണല്ലൊ. ഈ പാദ്രിതന്നെയൊ അദ്ദേഹത്തിന്റെ സഹപ്രവൎത്തകന്മാരായ പാദ്രിമാരിലാരോ ആയിരു

www.malankaralibrary.com

ന്നു മലയാളഭാഷയിലെ ആദ്യ വ്യാകരണ ഗ്രന്ഥത്തിന്റെ പ്രണേതാവ് എന്നത്രെ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു. കേരളത്തിൽ ഈശോസഭക്കാരായ സന്യാസികൾ രചിച്ച ധാരാളം വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും താൻ കണ്ടിട്ടുള്ളതായി ദക്ഷിണേന്ത്യയിൽ ആദ്യംവന്ന പ്രോട്ടസ്റ്റൻറ് മിഷ്യനറിമാരിൽ ഒരുവനായ ഡാക്ടർ ബുക്കാനൻ പ്രസ്താവിക്കുന്നു.

അർണ്ണോസ് പാദ്രിയുടെ പുത്തൻപാന, പാട്ടുകൾ മുതലായ പദ്യകൃതികളെപ്പററി അറിഞ്ഞിട്ടില്ലാത്തവർ കേരളീയരുടെ ഇടയിൽ അധികം ഉണ്ടായിരിക്കുകയില്ല. മതസംബന്ധമായ വിഷയങ്ങളെപ്പററിയും, മനുഷ്യനു സ്രഷ്ടാവായ ദൈവത്തോടുള്ള ബന്ധത്തെപ്പററിയും, ഐഹിക ജീവിതം കഴിഞ്ഞുണ്ടാകുന്ന പാരത്രിക ജീവിതത്തിൽ സൗഭാഗ്യം അനുഭവിക്കേണ്ടതിനെക്കുറിച്ചും, തദർത്ഥം നാം ചെയ്യേണ്ട കാര്യങ്ങളെപ്പററിയും പാദ്രി പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ കൃതികൾക്ക് അക്രൈസ്തവരുടെയിടയിൽ പ്രചുരമായ പ്രചാരമില്ലെന്നേയൊള്ളു. ചതുരന്ത്യങ്ങളെ പ്രതിപാദിച്ചുള്ള പാട്ടുകളിലെ ഭാഷ വളരെ ഗഹനമാണെന്നു പറയാതെ തരമില്ല. മതശാസ്ത്രാദിവിഷയങ്ങളിലുള്ള പാദ്രിയുടെ പാണ്ഡിത്യം ഓരോപാട്ടും വിളിച്ചുപറയുന്നുണ്ട്.

„ഈവിധമൊക്കെയും നിഷ്ഫലം സേവിച്ചു,
ഭിഷഗ്വിദ്യയ്ക്കൊരുപായമില്ല.
ആമയശക്തിയാൽ ബലക്ഷയംകൊണ്ടു
കോൾമയിക്കൊള്ളുന്നു വായുമുട്ടി,
വാതപിത്തകഫലീലകൾ നീങ്ങിപ്പോം
തഥാശ്ലേഷ്മത്താലും ശ്വാസമേറും";

www.malankaralibrary.com

ഇത്യാദി മരണപ്പാട്ടിലെ ഭാഗങ്ങൾ വായിക്കുമ്പോൾ പാദ്രി വൈദികനിലുമധികം വൈദ്യനായിരുന്നുവോ എന്നു തോന്നിപ്പോകാം. എന്റെ പ്രിയപിതാമഹന്റെ വകയായിരുന്നു ഇപ്പോൾ എന്റെപക്കലുള്ള താളിയോല ഗ്രന്ഥത്തിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതാണു ഈ ഭാഗം. ‚ന്ത- 0. ന്ധ 7–ാമാണ്ടു കുംഭം 5ന്ത- മരണപ്പാട്ടു എഴുതിതികച്ചു. ഈ പാട്ടിൽ എഴുതിയ ശബ്ദത്തിൽ കുറവുള്ളതു വായിക്കുന്ന ജ്യേഷ്ഠാനുജന്മാർ തീർത്തു ഇട്ടുകൊള്ളുകയുംവേണം" എന്നു കയ്യെടക്കാരന്റെ ഒരു കുറിപ്പുണ്ടു. മേലുദ്ധരിച്ച ഭാഗം സംബന്ധിച്ചും ചുവടെ ചേർക്കുന്ന പാട്ടു ഭാഗങ്ങൾ സംബന്ധിച്ചും ഇതേ അപേക്ഷതന്നെയാണു എനിയ്ക്കും ഉള്ളതു. ചതുരന്ത്യങ്ങളെക്കുറിച്ചുള്ള പാട്ടുങ്ങൾക്കു കൂടാതെ ഉമ്മാപാട്ടും, ദുഃഖപാട്ടും, മ്ശിഹാപാട്ടും ഇവയെല്ലാം പ്രശസ്തങ്ങളായ കത്തോലിക്ക കാവ്യങ്ങളാണു. മ്ശിഹാപാട്ടിൽ ക്രിസ്തുദർശനത്തിനായുള്ള ഭക്തന്റെ തൃഷ്ണ വർദ്ധിതമായിരിക്കുന്നു.

‚അമ്മാനുവേലനെൻ തമ്പുരാനെ നിന്നെ,
എന്മനോതാരതിൽ കാണാകേണം.
ആദം നരജന്മദോഷഹരംചെയ്ത,
ആദിനാഥ നിന്നെ കാണാകേണം.
ഉത്ഭവദോഷം കൂടാതെ ജനിച്ചൊരു,
അത്ഭുതത്തേയും ഞാൻ കാണാകേണം.
പാതിരാനേരത്തൊരാശ്ചര്യമാനുഷൻ,
ജാതനായ്വന്നതും കാണാകേണം.
മാതാവുകണ്ടെടുത്താദരണംചെയ്ത
വേദാവെ, നിന്നെഞാൻ കാണാകേണം,
മാലാഖാമാർവന്നണഞ്ഞുസ്തുതിയ്ക്കുന്ന
കോലാഹലത്തെഞാൻ കാണാകേണം

www.malankaralibrary.com

വെള്ളത്തുവാലമേൽ പള്ളികൊണ്ടീടുന്ന
പള്ളിയുറക്കവും കാണാകേണം.
ഈശനെ, ഏശുവെ, ശേശുവെ, ക്രിസ്തുവേ,
ഈശോമിശിഹായെ കാണാകേണം.
എട്ടുനാൾചെന്നപ്പോൾ ഛിന്തിതിരുരക്തം
ഇട്ടപേരിന്നിന്നതിനെ കാണാകേണം.
രാജാക്കൾ വന്നതിരുക്കാഴ്ചയുംവെച്ച–
രാജരാജാ നിന്നെ കാണാകേണം."

ദുഃഖപർവ്വം, ഉമ്മാപർവ്വം ഇതുരണ്ടും ദൈവമാതാവിനെ അധികരിച്ചു രചിക്കപ്പെട്ടിരിക്കുന്നു. ഉമ്മാപർവ്വം ആ അമ്മയുടെ സ്തുതി മൊത്തത്തിൽ കീർത്തിക്കുന്നതുകൂടാതെ ഏതാണ്ട് ജീവിതചരിത്രമെന്നഭാവത്തിൽ എഴുതിയിട്ടുള്ളതുമാണ്. ഏതാനും വരികൾ മാതൃകയ്ക്കായി ചുവടെ ഉദ്ധരിക്കുന്നു.

"കത്തേനനാമമായ ഗ്ലീലായാംനഗരിക്കു
കത്തുന്നമോദമൊടു പെണ്കെട്ടുകഴിയുമ്പോൾ
കല്യാണാലയൻ മിശിഹാമാതൃസഹം.
കല്യാണാലയത്തിനുകൂടിവിവാഹംപുണ്യംചെയ്വാൻ
മധുരാസ്വാജംമധുഒടുങ്ങി അവിടത്തിൽ
മധുരചിത്തകന്യാ കണ്ടിതുപുത്രനൊടു
കല്പിച്ചു, പുത്രൻ വാരിവിശിഷ്ടമധുവാക്കി"

ഇങ്ങനെ ക്രിസ്തുനാഥൻെറ ഐഹിക ജീവിതത്തിലെ പല പ്രധാന സംഭവങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ദുഃഖപർവ്വത്തിൽ ക്രിസ്തുവിൻെറ ക്രൂശ്മരണം സംബന്ധിച്ച അതിദുഃഖകരസംഭവങ്ങളോടു യോജിപ്പിച്ചു ദൈവമാതാവിൻെറ കാര്യംകൂടി പ്രസ്താവിക്കുകയാണു ചെയ്യുന്നതു്.

www.malankaralibrary.com

ഈ ഭാഗം നോക്കുക;

"മരിച്ചെന്നാലഹം ഉയക്കുംമൂന്നാംനാൾ
വരുവെൻഞാനന്നുതെളിയും
സുതവാൎത്തയെല്ലാം സുതമാതൃകന്നി—
വേദനത്താൽ കേട്ടൊന്നരുൾചെയ്തു.
സുതാനീബാവാടെ നരവരൻപുത്രൻ,
പരാപരൻ അരുൾതികക്കനീ—
അതിൻശേഷം മാതൃസുതനുമൊന്നിച്ചു,
പെരുദുഃഖംതമ്മിൽതഴുകിയും
പെരുതഹൊദുഃഖംഒരുസുതൻതായാർ,
ധരയിലീദുഃഖം പൊൽസഹിച്ചില്ല.
ധരമുമ്പിപ്പൊഴും—നരദോഷത്തിൻെറ—
ദുരിതമൊത്തൊന്നു—ഗതസമേൻ
ഗുരുശിഷ്യർകളുമൊരുമിച്ചുചെന്നു—
ത്രിശിഷ്യരല്ലമട്ടുത്തിട്ടു
ഭജിച്ചനുപിതാവൊട്ടുരക്ഷാപുത്രൻ—
അതുനേരംശിഷ്യരുറങ്ങിയും"

ചതുരന്ത്യപൎവ്വങ്ങളുടെ ഭാഷയും രീതിയും ഇതിൻേറതിൽനിന്നു തുലോം വ്യത്യസ്തമാണല്ലൊ. ഒരേഒരാളുടെ കൃതിയിൽ കാലത്തിൻെറയും കലയുടെയും വൃദ്ധിക്ഷയമനുസരിച്ചു ശബ്ദത്തിലും അൎത്ഥത്തിലും വ്യത്യാസങ്ങൾ അനുഭവപ്പെടുന്ന സ്ഥിതിക്കു് ഇവയെല്ലാം വിഭിന്ന കൎത്താക്കന്മാർ ആവശ്യമുണ്ടെന്നും വരുന്നില്ല. പാദ്രിയുടെ പൎവ്വങ്ങളെ അതിശയിക്കുന്ന കൃതി എഴുത്തച്ഛൻെറ ഭാരതം മാത്രമാണെന്നു കേരളഭാഷാ സമ്രാട്ടായിരുന്ന കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരവസരത്തിൽ പ്രസ്താവിച്ചതിവിടെ സ്മരണീയമാണു്.

www.malankaralibrary.com

ഇദംപ്രഥമമായി കേരളത്തിൽ മുദ്രാലയങ്ങൾ കൊച്ചിയിലും അമ്പഴക്കാട്ടും സ്ഥാപിച്ചും അവയിൽനിന്ന മതസംബന്ധമായും ഭാഷാസംബന്ധമായും പുസ്തകങ്ങൾ പ്രസിദ്ധംചെയ്തും സാഹിത്യപോഷണം ചെയ്തതിലും നാം പാദ്രിമാരോടു കടപ്പെട്ടിരിക്കുന്നു. കൊച്ചിയ്ക്കു സമീപം വൈപ്പിലുണ്ടായിരുന്ന ജെസ്വീത്ത് സെമ്മിനാരിയിലെ മുദ്രാലയത്തിൽ വെച്ചാണ് മലയാളയക്ഷരങ്ങൾക്കു അച്ചുകൾ ആദ്യമായി വാൎത്തതു. നിൎമ്മാതാവ് ജോൺ ഗൊൺസാൽവേസ് എന്ന ഒരു സന്യാസിയായിരുന്നു. ഇങ്ങിനെ നമ്മുടെ മാതൃഭാഷയിൽ ആദ്യം പുസ്തകങ്ങൾ അച്ചടിച്ചുവെന്ന പ്രശസ്തിയും പാദ്രിമാൎക്കുള്ളതാണ്. ക്രിസ്തുമതതത്വങ്ങളെ ചോദ്യോത്തരരീതിയിൽ പ്രതിപാദിക്കുന്നതായിരുന്ന ആദ്യത്തെ പുസ്തകം "ക്രിസ്തീയവണക്കം" മുതലായ മററുപല പുസ്തകങ്ങളും അക്കാലത്തു് അച്ചടിക്കുകയുണ്ടായി.

അർണോസ് പാദ്രിയുടെ പിൻഗാമിയെന്നോണം മലയാളസാഹിത്യപോഷണത്തിൽ പരിയത്നിച്ച ഒരു പാദ്രിയായിരുന്നു കൎമ്മലീത്താമിഷ്യനറി ആയിരുന്ന പൌലിനോസ് പാദ്രി. സംസ്കൃതം, മലയാളം എന്നീ ഭാഷകളിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം നിമിത്തം തിരുവിതാംകൂറിലെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ മിഷ്യനറിയെ സ്വന്തം ട്യൂട്ടറായിരിക്കാൻ ക്ഷണിക്കുകയുണ്ടായി. ഇദ്ദേഹം ഒട്ടുവളരെ ഗദ്യപദ്യങ്ങളായ കൃതികൾ രചിച്ചു. അവയുടെ ശ്രൈഷ്ഠ്യം അക്രൈസ്തവ പണ്ഡിതന്മാരുടെ പ്രശംസയെ അർഹിച്ചിട്ടുണ്ടു്. പതിനെട്ടാം നൂററാണ്ടിലെ മലയാളഭാഷാപണ്ഡിതന്മാരിൽ പൌലിനോസ് പാദ്രി അഗ്രഗണ്യനായിരുന്നുവെന്നു സാഹിത്യമൎമ്മജ്ഞ

www.malankaralibrary.com

നായ ഉള്ളൂർ അവർകൾ സ്ഥാപിക്കുന്നു.

ഗദ്യകൃത്തുകളിൽ പ്രാഥമ്യം അർഹിച്ച ദേഹം കരിയാററിൽ മല്പാൻ ഒരുമിച്ചു വിദേശയാത്ര കഴിച്ച പാറെമ്മാക്കൽ തോമ്മാകത്തനാർ തന്നെ. ഇവരുടെ „റോമായാത്ര" വിവരണഗ്രന്ഥം ആശയസമ്പുഷ്ടികൊണ്ടും പദസമ്പത്തികൊണ്ടും അമൂല്യമായിട്ടുള്ളതാണ്. വന്ദ്യനായ ബീദ് മൂലം ആംഗലസാമ്രാജ്യത്തിനുണ്ടായ രീതിയിൽ മലയാള ഗദ്യസാഹിത്യം സംബന്ധിച്ച് ഐശ്വര്യോന്മുഖമായ ഒരു ഘട്ടം ഈ വന്ദ്യദേഹംമൂലം ആവിർഭൂതമായി എന്നു നിരാക്ഷേപമായി അഭിപ്രായപ്പെടാവുന്നതാണ്.

പതിനെട്ടാം നൂററാണ്ടുമുതൽ ഇദംപ്രഥമം ഗദ്യപദ്യകൃതികൾകൊണ്ടു ഭാഷയെ അലങ്കരിച്ച മഹാന്മാർ കത്തോലിക്കരുടെയിടയിൽ വളരെയധികം ഉണ്ടായിരുന്നു. അവരുടെയെല്ലാം കൃതികളെ വിമർശിച്ചു പ്രശംസിക്കുവാൻ സ്ഥലം അനുവദിക്കുകയില്ല. എങ്കിലും ചിലരുടെ നാമങ്ങൾ പറയാതെ കടന്നുപോകുക ക്ഷന്തവ്യമാകുകയില്ല. കൽദായ സുറിയാനിയിൽനിന്നു വിശുദ്ധ കുർബാനയേപ്പററിയുള്ള ഇരുപതിൽപരം കീർത്തനങ്ങൾ പരിഭാഷപ്പെടുത്തി മലയാളത്തിൽ പ്രസിദ്ധംചെയ്ത കടവിൽ അലക്സാന്ത്രയോസ് പട്ടക്കാരൻ ഈ ഗണത്തിൽപെടും. ഇദ്ദേഹം കറവിലങ്ങാട്ടുകാരനായിരുന്നുവെന്നു പൗലോനീസ് പാതിരിയുടെ പുസ്തകത്തിൽ പറയുന്നുണ്ട്. ക്രിസ്തുമതം സ്വീകരിച്ച കമരിനായരുടെ അറുപത്തുനാലടി, യോബിൻെറ ചരിതം, പുത്തൻപറമ്പിൽകാരൻ കരുവിളക്കത്തനാർ എഴുതിയ ചിന്തുരാഗം, അഞ്ചിക്കയമൽ മത്തായി മത്തായിക്കത്തനാർ എഴുതിയ വിശുദ്ധന്മാരുടെ ചരിത്രം'

www.malankaralibrary.com

ആരക്കുഴക്കാരൻ ബ്രാഹ്മണൻ മാനസാന്തരം ചെയ്ത ഫ്രാൻസിസ് സേവ്യർ പട്ടക്കാരന്റെ ധ്യാനപ്രസംഗങ്ങൾ, ചാക്കൊ മാപ്പിളയുടെ നിഷിദ്ധപാപ്പം എന്നീ കൃതികൾ ഇപ്പോൾ പ്രചാരത്തിലിരിക്കാത്തതു കേരളത്തെയും കൈരളിയെയും സംബന്ധിച്ചിടത്തോളം വലിയ നഷ്ടംതന്നെ.

ഇത്രയും പൂർവ്വികന്മാരുടെ സമ്പാദ്യത്തെപ്പററി പറഞ്ഞിട്ട് ആധുനികന്മാർ ഭാഷാസാഹിത്യത്തിനു എന്തു ചെയ്തുവെന്നും ഇനിയെന്തു ചെയ്യാനുണ്ടെന്നും ആലോചിക്കേണ്ടതാണ്. ആ ജോലി വേറൊരവസരത്തിലേക്കു മാററിവെക്കുകതന്നെ ചെയ്യുന്നു.

മദ്ധ്യസ്ഥൻ.

---

# ഒസ്സാനാമിന്റെ കാവൽ മാലാഖാ.

"ഈ ശനിപിടിച്ചതു് ഇവിടെ വന്നുകയറിയതിൽ പിന്നെ കാര്യങ്ങൾ എല്ലാം പിറകോട്ടാണ്. കൃഷിയിൽ അടിക്കടി പിഴയും, കച്ചവടത്തിൽ അടുത്തടുത്തു നഷ്ടവും", താൻ ദാഹിച്ചുമോഹിച്ച് വിവാഹംചെയ്ത് ഒരു പന്തീരാണ്ടിലധികം സഹവസിച്ച തനിക്കു മൂന്നു നാലു സന്താനങ്ങൾ നല്കിയ ഒരു കാലത്തെ "പ്രാണപ്രിയ"യെപ്പററി അസംതൃപ്തനായ ഭർത്താവിന്റെ പരിഭവഭാഷണമാണ് ഈ കേട്ടതു്. ഭർത്താക്കന്മാരുടെമാത്രം പ്രത്യേക സ്വത്തല്ലാ അസംതൃപ്തി, ഭാര്യമാരും ഈ ചരക്കു പലപ്പോഴും കൈകാര്യം ചെയ്യാറുണ്ട്. ഒരു വസ്ത്രത്തിന്റെ വീതി പോരാ, ഒരു മാലയുടെ സ്വർണ്ണത്തിനു മാററു കുറഞ്ഞുപോയി, കമ്മലിനു വെച്ച കല്ലിന്റെ നിറം പിശകി, ഈവക കാരണങ്ങൾ സൃഷ്ടിച്ചു "ഇയാൾ കഴുത്തിൽ താലി വച്ചതിനുശേഷം ഒരു

www.malankaralibrary.com

ദിവസംപോലും സന്തോഷവും സമാധാനവും ഉണ്ടായിട്ടി ല്ല" എന്നു സമത്ഥിക്കുന്ന ഭാര്യ്യമാരും ധാരാളമുണ്ട്. പദപ്ര യോഗത്തിന്റെ രീതിയും കലഹത്തിന്റെ ഹേതുവും കുടും ബസാഹചര്യ്യങ്ങൾ അനുസരിച്ചു ഭേദപ്പെട്ടിരിക്കുമെങ്കിലും മേൽ സൂചിപ്പിച്ചവിധത്തിലുള്ള വാദപ്രതിവാദങ്ങളും കല ഹാസക്തിയും കുബേരകുചേല വ്യത്യാസമെന്നിയെ ക്രൈ സ്തവ കുടുംബങ്ങളിൽ അല്ലാ, കത്തോലിക്ക കുടുംബങ്ങളിൽ തന്നെ, ധാരാളം അനുഭവപ്പെടുന്നതാണ്.

വിവാഹബന്ധത്തിന്റെ ഔൽകൃഷ്ട്യവും ക്രൈസ്തവ ദാമ്പത്യജീവിതത്തിന്റെ പരമോദ്ദേശ്യവും വിസ്മരിക്കു ന്നവക്കല്ലാതെ താദൃശമായ കലഹത്തിനു കുടുംബത്തിൽ ഇ ടംകൊടുക്കുവാൻ സാധിക്കുകയില്ല. പുരുഷനും സ്ത്രീയും ഭാ ര്യ്യാഭത്താക്കന്മാരെന്ന നിലയിൽ ദാമ്പത്യജീവിതം ആരം ഭിക്കുന്നതോടുകൂടി അവരിൽ ഓരോ വ്യക്തിയുടേയും സ്വാ ഭിലാഷങ്ങളും പ്രത്യേക താല്പര്യ്യങ്ങളും വിസ്മരിച്ചു അവർ സ്വീകരിച്ചിട്ടുള്ള ജീവിതാവസ്ഥയ്ക്ക് അനുയോജിച്ച ആ ശയങ്ങളും അഭിലാഷങ്ങളും സ്വീകരിക്കേണ്ടതാകുന്നു. സ മുദായത്തിന്റെ അസ്ഥിവാരമോ പ്രധാന ഘടകമൊ ആയ ഒരു മാതൃകാകുടുംബനിമ്മാണത്തിൽ ഭാര്യ്യാഭത്താക്കന്മാർ ദത്തശ്രദ്ധരാകുമ്പോൾ ഭാര്യ്യക്കിഷ്ടമില്ലാത്ത ക്ലബ്ബിൽ പ്ര വേശിക്കുവാൻ ഭത്താവിന്നൊ, ഭത്താവിനു ശ്രദ്ധയില്ലാത്ത ചിത്രപ്രദശനം സന്ദർശിക്കുവാൻ ഭായ്യയ്ക്കൊ ആഗ്രഹം ജ നിക്കുകയില്ല. ജനിച്ചാൽ തന്നെ അതിനെ അമത്തി ത്യാ ജ്യകോടിയിലെറിഞ്ഞ് പൂവ്വകാലസ്മരണകളുടെ പട്ടിക നീട്ടുകയെയൊള്ളു. ഈ വിധത്തിലുള്ള ആത്മനിയന്ത്രണം കുടുംബനിമ്മാണ ഭാരം ലഘൂകരിക്കുന്ന ഒരു പ്രത്യേക ശ ക്തിയാകുന്നു. ഭാര്യ്യയുടെ ആത്മനിയന്ത്രണം ഭത്താവിലും

www.malankaralibrary.com

ഭർത്താവിൻേറയു ഭാൎയ്യയിലും ശാന്തിയും സന്തോഷവും സംതൃപ്തിയും ജനിപ്പിച്ചിട്ടുള്ള അനുഭവങ്ങൾ വിശുദ്ധന്മാരുടെ ജീവിതത്തിൽപോലും ധാരാളം ഉണ്ടായിട്ടുണ്ട്.

വിശ്വവിഖ്യാതനായ ഫ്രഡറിക്ക് ഒസ്സാനാമിൻെറ ചരമദിനാഘോഷങ്ങൾ ഈ സെപ്തംബറിൽ നാം നടത്തുകയുണ്ടായല്ലൊ. അവയുടെ പ്രതിദ്ധ്വനി ഇപ്പോഴും ശമിച്ചിട്ടില്ല. ധൎമ്മതല്പരനും ലോകോപകാരിയും പണ്ഡിതനും പ്രഭാഷകനും ഗ്രഹസ്ഥനും കത്തോലിക്കാവിശ്വാസ സംരക്ഷകനും എന്ന നിലയിൽ അനശ്വരകീൎത്തി സമ്പാദിച്ചിട്ടുള്ള ഫ്രഡറിക്ക് ഒസ്സാനാമിനെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേൎക്കുന്നതിനുള്ള ശ്രമവും നടക്കുന്നുണ്ട്. ഈ മഹാത്മാവാകട്ടെ തൻെറ സൽകൎമ്മങ്ങളിൽ ഒരു വലിയ ഭാഗം സ്വപത്നിമൂലം നടന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ലാ അദ്ദേഹം ആ സാദ്ധ്വിയെ സ്വന്തം കാവൽ മാലാഖായെന്നായിരുന്നു പ്രായേണ നാമകരണം ചെയ്തിരുന്നതു്. ഫ്രഡറിക്കിനു ഭാൎയ്യയിൽനിന്നും, അവൾക്കു അദ്ദേഹത്തിൽ നിന്നും ആത്മനിയന്ത്രണത്തിനുള്ള അവസരങ്ങൾ അനുദിനം ലഭിച്ചിരുന്നപോൾ. ഈ പരസ്പരാപേക്ഷ ഒരു മാതൃകാകുടുംബം കെട്ടിപ്പടുക്കുന്നതിനു പുറമേ സന്തോഷപ്രദങ്ങളായ ധാരാളം ജോലികളിൽ ഏർപ്പെടുന്നതിനും അവരെ ശക്തരാക്കി.

ഈ ദമ്പതികളുടെ പരസ്പര വിശ്വാസവും പരസ്പരാശ്രയ ബുദ്ധിയും ഫ്രഡറിക്കിൻെറ മരണംവരെ നിലനിന്നു. 1853 സെപ്തംബറിലാണല്ലൊ ഫ്രഡറിക്ക് ഐഹികവാസം വെടിഞ്ഞതു്. ഫ്രഡ്റിക്കിൻെറ ആരോഗ്യപ്രാപ്തിക്കായി ഫ്രാൻസിൽനിന്നു മാറി ജിനൊവാ ഉൾക്കടലി

www.malankaralibrary.com

ന് സമീപം അൻറിഗ്നാനൊ (**Antignano**) എന്ന സ്ഥലത്തു അദ്ദേഹം സകുടുംബം താമസിക്കുകയായിരുന്നു. ആഗസ്റ്റ് മാസമായിട്ടും രോഗത്തിനു ശമനം ഉണ്ടായില്ല. മാത്രമല്ലാ ആരോഗ്യം പ്രതിദിനം ക്ഷയിച്ചുംവന്നു. സെപ്തംബർ എട്ടാം തീയതിയിലെ ദൈവജനനിയുടെ തിരുനാൾ ആസന്നമായി. ഏതായാലും അന്നു കർബാന മുടക്കുവാൻ ഫ്രഡറിക്കു വിസമ്മതിച്ചു. എന്തു വന്നാലും അന്നു പള്ളിയിൽ പോകണമെന്നും കർബാന കാണണമെന്നും തീരുമാനിച്ചു. അടുത്തുള്ള ലെഗ്രോൻ പട്ടണത്തിൽനിന്നു സവാരിക്കായി ഒരു കുതിരവണ്ടി അദ്ദേഹത്തിൻെറ ഭാര്യ വരുത്തി. കാൽനടയായി തന്നെ പള്ളിയിൽ പോകണമെന്നു ഫ്രഡറിക്ക് നിർബന്ധിച്ചു, "ഇതു് ഒരുപക്ഷെ എൻെറ അവസാനത്തെ പാദസഞ്ചാരമായിരിക്കാം. അതു എൻെറ ദൈവത്തെയും അവിടത്തെ അനുഗ്രഹീതയായ മാതാവിനെയും സന്ദർശിക്കുവാൻ തന്നെയാകട്ടെ" എന്നു് അദ്ദേഹം ന്യായവാദം ചെയ്തു. ഭാര്യയുടെ കൈയ്ത്തണ്ടിൽ താങ്ങി അദ്ദേഹം മന്ദംമന്ദം ദേവാലയത്തിലേക്കു നടന്നു. മാർഗ്ഗമദ്ധ്യേ കാണപ്പെട്ട ആളുകൾക്കു് ഈ മഹദ്ദമ്പതിമാരാരായിരുന്നുവെന്നറിയാമായിരുന്നു. ഫ്രഡറിക്കിൻെറ വാടി വിളറിയ മുഖവും ഇടറിയ സ്വരവും സാവധാനത്തിലുള്ള കാൽപെരുമാററവും കാണികളുടെ ഭക്ത്യാദരങ്ങളെ വർദ്ധിപ്പിച്ചു. നഗ്നശിരസ്കരായി പലരും അദ്ദേഹത്തെ പ്രണാമപൂർവ്വം അഭിവാദ്യം ചെയ്തു. ചിലർ കയ്യ് പൊക്കിയും അദ്ദേഹത്തെ ആദരിച്ചു. ഫ്രഡറിക്കു് വികാരതരളിതനായി അശ്രുധാര പൊഴിച്ചു.

കർബാനക്കു മുമ്പു് ദിവ്യകാരുണ്യം സ്വീകരിക്കുവാൻ ആഗ്രഹിക്കത്തക്കവണ്ണം ഫ്രഡറിക്കു് ക്ഷീണിതനായിരുന്നു. അൻറിഗ്നാനൊയിലെ വയോധികനായ വികാരിയച്ചൻ

www.malankaralibrary.com

രോഗബാധിതനായി കിടക്കുകയായിരുന്നു. ഒസ്സാനാമിന്റെ ആഗ്രഹം അറിഞ്ഞയുടൻ "ഞാൻ അദ്ദേഹത്തിനു വിശുദ്ധ കുർബാന കൊടുക്കാം" എന്നു് പറഞ്ഞു് അച്ചൻ തയാറായി. പരിചാരകൻ അദ്ദേഹത്തെ കിടക്കയിൽ നിന്നു് എഴുന്നേല്പിച്ചു പള്ളിയകത്താക്കി. അദ്ദേഹം ഒരു വൈദിക ശുശ്രൂഷിയുടെ സഹായത്തോടുകൂടി സക്രാരി തുറന്നു ദിവ്യരക്ഷകന്റെ തിരുശ്ശരീരം എഴുന്നള്ളിച്ചു അഴികാലിങ്കൽ എത്തി. ഫ്രഡറിക്കാകട്ടെ സ്വന്തം "കാവൽ മാലാഖാ"യുടെ കയ്യിൽ താങ്ങി അവിടെ ചെന്നു മുട്ടുകുത്തി നില്ക്കുന്നുണ്ടായിരുന്നു. അച്ചൻ ഇരുവക്കും ദിവ്യകാരുണ്യം നല്കി. ആ ദിവ്യചടങ്ങു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവസാനത്തേതായിരുന്നു. ഒസ്സാനാമിന്നു അന്നത്തെതിൽ പിന്നെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ സംഗതിയായ്യുമില്ല.

ഭാര്യാഭർത്താക്കന്മാർ അന്യോന്യം കുററങ്ങളെയും കുറവുകളെയും ക്ഷമിച്ചും സഹിച്ചും തങ്ങളുടെ കടമകളെ സനിഷ്കർഷം നിർവ്വഹിച്ചും മാതൃകാപരമായ ജീവിതം നയിക്കുന്നതു അവക്കും അവരുടെ സന്തതികൾക്കും മാത്രമല്ലാ അന്യന്മാക്കും ലോകത്തിനു മൊത്തത്തിലും ഉപകാരപ്രദമാണെന്നുള്ളതിൽ സംശയമില്ല. മാതാപിതാക്കളെ അനുകരിക്കുന്നതിൽ അവരുടെ സന്തതികൾക്കുള്ള ജന്മസിദ്ധമായ വാസന സുവിദിതമാണല്ലൊ. ഫ്രഡറിക്കു് ഒസ്സാനാമിന്റെ ദീനാനുകമ്പയും പരോപകാര തല്പരതയും അദ്ദേഹത്തിന്റെ അച്ഛനമ്മമാരിൽനിന്നു ദായഭാഗമായി ലഭിച്ചതാണെന്നുകൂടി വിശ്വസിപ്പാൻ കാരണമുണ്ടു്. ഫ്രഡറിക്കിന്റെ പിതാവു് ഒരു ഭിഷഗ്വരൻ എങ്കിലും ഹൃദ്രോഗിയായിരുന്നു. അദ്ദേഹം ദരിദ്രരായ രോഗികളെ ചെന്നാശ്വസിപ്പിക്കുക പതിവായിരുന്നു. ഫ്രഡറിക്കിന്റെ മാതാവിനും

www.malankaralibrary.com

ഈ ഗുണവിശേഷം ഉണ്ടായിരുന്നു. സാധുക്കൾക്ക് പാർപ്പിടമായി നഗരത്തിൽ വളരെ നില ഉയരമുള്ള വലിയ കെട്ടിടങ്ങൾ നൽകപ്പെട്ടിരുന്നു. ഏറ്റോഗി നാലുനിലയിലധികം പൊക്കമുള്ള മാളികകളിൽ പ്രവേശിക്കുകയില്ലെന്നു് ഭാര്യയോടു അവരുടെ നിർബന്ധത്തിൽ വാഗ്ദാനം ചെയ്തിരുന്നു. എങ്കിലും വളരെ കഴിയുന്നതിനുമുമ്പു് ഇരുവരും തമ്മിൽ ദരിദ്രർ താമസിച്ചിരുന്ന ഒരു കെട്ടിടത്തിന്റെ ഏഴാം നിലയിൽവെച്ചു യാദൃച്ഛികമായി കണ്ടുമുട്ടുവാൻ കഴിഞ്ഞു. മാക്സിന്റെ കാലത്തിനു മുമ്പുതന്നെ നിസ്വരുടെയും ദരിദ്രരുടെയും ഉന്നമനാർത്ഥം വളരെയധികം പ്രവർത്തിച്ച ഫ്രഡറിക്ക് ഒസ്സാനാമിന്റെ ഔദാര്യ വിശേഷത്തിൽ നിന്നു മാത്രമല്ലാ ദാമ്പത്യജീവിതചര്യയിൽ നിന്നും ഇദാനീന്തന്മാർക്കു ധാരാളം പഠിക്കുവാനുണ്ടു്.

---

# പാതിരിയും സാമൂതിരിയും

ഭാരതത്തിൽ അപ്പോസ്തലകാലം മുതൽക്ക് ക്രിസ്തീയ സമുദായം നിലനിന്നുപോന്നതിനാൽ ഒരു കാലത്തു കേരള ചക്രവർത്തിയെന്നറിയപ്പെട്ടിരുന്ന സാമൂതിരിപ്പാടിന്റെ ആസ്ഥാനമായ കോഴിക്കോട്ടും ക്രിസ്ത്യാനികൾ ഒരു പ്രബലസമുദായമായി കഴിഞ്ഞതിൽ വിസ്മയത്തിനു വകയില്ല. പതിനഞ്ചാം നൂററാണ്ടിന്റെ അവസാനത്തോടുകൂടി കോഴിക്കോട്ട് സന്ദർശിച്ച ഹിറോനിമൊ ദിസാന്തൊസ്റ്റെഫാനൊ എന്ന ദേഹം പ്രസ്തുത പട്ടണത്തെപ്പററി „ഈ പട്ടണത്തിൽ ക്രിസ്ത്യാനികൾ അധിവസിക്കുന്ന അനേകസഹസ്രം ഭവനങ്ങൾ ഉണ്ടു്" എന്നു് എഴുതിയിട്ടുണ്ടു്. അനേക സഹസ്രം ക്രിസ്ത്യാനി

www.malankaralibrary.com

കൾ അധിവസിക്കുന്ന ഭവനങ്ങളെന്നു മാത്രമെ എഴുത്തുകാരൻ ഉദ്ദേശിച്ചിരുന്നുള്ളുവോ എന്നു നമുക്കു് നിശ്ചയമില്ല. ഏതായാലും വെനീസ് നഗരത്തിൽവെച്ചു് 1502-ാം സംവത്സരത്തിൽ സാമൂതിരിയുടെ കൊട്ടാരം സംബന്ധിച്ച വിവരങ്ങൾ നൽകിയ ഇന്ത്യക്കാരനായ ജോസഫ് എന്ന സഞ്ചാരി പ്രസ്തുത കൊട്ടാരത്തിൽ നാലു വിശാലശാലകൾ ഉണ്ടായിരുന്നുവെന്നും അവയിൽ ഒന്നു ഹിന്ദുക്കൾക്കും, ഒന്നു മുസ്ലീമിങ്ങൾക്കും, ഒന്നു ക്രിസ്ത്യാനികൾക്കും, ഒന്നു യഹൂദർക്കും വേണ്ടിയായിരുന്നുവെന്നും ഒരു സമുദായക്കാർക്കുള്ള ശാല ഉപയോഗിക്കാൻ ഇതര സമുദായക്കാർക്കു അനുവാദമില്ലായിരുന്നു എന്നും പ്രസ്താവിച്ചിട്ടുണ്ടു്. വാസ്ക്കോഡിഗാമാ ഇദംപ്രഥമമായി കോഴിക്കോട്ടിറങ്ങിയപ്പോൾ അവിടെ ക്രിസ്ത്യാനികളുടെ ഒരു പള്ളി സന്ദർശിച്ചുവെന്നും പരിശുദ്ധ ദൈവമാതാവിൻെറ പ്രതിമയെ നമസ്കരിച്ചു വണങ്ങിയെന്നും ചരിത്രകാരന്മാർ എഴുതിയിട്ടുണ്ടു്. ദേവാലയഭിത്തികളിൽ കണ്ട ചിത്രങ്ങളുടെ ഭാവവും പ്രകൃതിയും, ദേവാലയത്തിൻെറ നിർമ്മാണരീതിയും ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ളതു് പിൽക്കാലത്തെ സ്ഥിതിഗതികൾക്കനുരൂപമായ ഒരു സങ്കല്പമല്ലാ നൽകുന്നതെന്നു ചിന്തിച്ചിട്ടു ഗാമാ കണ്ടതു് ഒരു ക്രൈസ്തവ ദേവാലയമല്ലാ ഹിന്ദുക്ഷേത്രമായിരുന്നുവെന്നു് അനുമാനം ചെയ്യുന്നവരുമുണ്ടു്. "പരിശുദ്ധമറിയം" പരിശുദ്ധമറിയം" എന്നു് വീണ്ടും വീണ്ടും വിജ്ഞാപനംചെയ്തു കേട്ടതിനെ തുടൎന്നു പ്രതിമയുടെ മുമ്പിൽ മുട്ടുകുത്തി നമസ്കരിച്ച ഗാമാ കാൎത്ത്യായിനിയുടെയൊ മറെറാ പ്രതിമ കന്യകമറിയത്തിൻേറതായി തെററിദ്ധരിച്ചുവെന്ന വിശ്വസിക്കുക പ്രയാസമാണു്. ഉന്നതങ്ങളായ കൊടിമരങ്ങളും കരിങ്കൽ ഭിത്തികളും കലാവൈഭവം നിറഞ്ഞ പ്രതിമകളും

www.malankaralibrary.com

ക്രൈസ്തവദേവാലയങ്ങളോടു സംബന്ധിച്ചു ഈ ഇരുപതാം നൂറ്റാണ്ടിലും നാം കാണുന്നുണ്ടല്ലോ. ആകയാൽ പ്രതിമ പരിശുദ്ധ മറിയയുടേതെന്നു ഗാമായ്ക്കു തോന്നിയതും "അദ്ദേഹം മുട്ടുകുത്തി, അദ്ദേഹത്തോടുകൂടി നമ്മുടെ ആളുകളും; അങ്ങനെ അവർ പ്രാർത്ഥിച്ച"തും വെറും വ്യാമോഹത്തിന്റെ ഫലമായിരിക്കുവാൻ ഇടയില്ല. മാത്രമല്ല, ഗാമായുടെ സഹയാത്രികന്മാരിൽ പെഡ്റൊദി കോവില്ലാം എന്ന വൈദികനും ഉൾപ്പെട്ടിരുന്നുവെന്നു നാം സ്മരിക്കണം. കോഴിക്കോട്ടുകണ്ട പൗർവ്വീക ക്രിസ്ത്യാനികളെപ്പററി വളരെയധികം പോർട്ടുഗീസ് ചരിത്രകാരന്മാർ പ്രസ്താവിക്കുന്നില്ലെന്നുള്ളതു വാസ്തവമാണ്. മററു സ്ഥലങ്ങളിൽ ഉണ്ടായ വിധം പറങ്കി—കൽദായബന്ധം കോഴിക്കോട്ടു പ്രബലപ്പെട്ടില്ലെന്നു മാത്രം നാം ഇതിൽനിന്നു മനസ്സിലാക്കിയാൽ മതി. ഈശോസഭക്കാരുടെ വരവിനുമുമ്പായി "ഗോവാ, കൊച്ചി, അങ്കമാലി മുതലായ സ്ഥലങ്ങളിൽ" കൽദായക്കാർ ഉണ്ടായിരുന്നുവെന്നു കാർഡിനൽ ബ്രോസാ എഴുതിയിട്ടുണ്ട്. ഗോവായെക്കാൾ പുരാതനത്വവും വാണിജ്യപ്രശസ്തിയും കൂടുതൽ ഉണ്ടായിരുന്ന കോഴിക്കോട്ടിൽ കൽദായക്കാർ ഇല്ലായിരുന്നുവെന്നല്ല ഉണ്ടായിരുന്നുവെന്നാണു നാം ധരിക്കേണ്ടതു. കോഴിക്കോട്ടിൽനിന്നു ദൂരസ്ഥിതമല്ലാത്ത ദില്ലിമലയിൽ പുരാതന ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്നു കററലാൻ ഭൂപടം പ്രകടിപ്പിക്കുന്നതും നാം ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു.

യൂദന്മാരുടെ പ്രേരണയാലാണു വാസ്ക്കോഡിഗാമായും സാമൂതിരിയും തമ്മിൽ ദൃഢമായ മൈത്രീബന്ധം സ്ഥാപിക്കാനിടയാകാതിരുന്നതു. സ്വദേശ ക്രിസ്ത്യാനികളുടെ സേവനവും വിധേയത്വവുംകൊണ്ടു തൃപ്തനായിരുന്ന സാമൂതിരി പോർട്ടുഗീസ് ക്രിസ്ത്യാനികളെ അത്ര കാര്യമായി

www.malankaralibrary.com

ഗണിക്കവാൻ വിസമ്മതിച്ചുവെന്നും വരാം. "ഈ ജനങ്ങ ളിൽ ചിലർ മാർത്തോമ്മാ ക്രിസ്ത്യാനികളാണ്." എന്നു ഗാമ യൂദന്മാരിൽ നിന്നു് കേട്ടറിഞ്ഞുവെന്നു ദിബാറോസ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു്.

പെദ്രോകോവില്ലാം എന്ന പാദ്രിയെപ്പററി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അദ്ദേഹം ട്രിനിറേററിയൻ സന്യാസസഭയിലെ ഒരംഗമായിരുന്നു. അദ്ദേഹം വാസ്ക്കോഡിഗാമായുടെ വൈദീകോപദേഷ്ടാവും കുമ്പസാരക്കാരനുമായിരുന്നു. പോർട്ടുഗീസ് നാവികന്മാരുടെ മതഭക്തിക്ക് ഒരു തെളിവായി അവർ തങ്ങളുടെ സഞ്ചാരങ്ങളിൽ വൈദികസഹായം അഭിലഷിച്ചിരുന്നുവെന്നു പ്രസ്താവിക്കേണ്ടതുണ്ടു്. ഗാമായും കൂട്ടരും സഞ്ചാരം ചെയ്തിരുന്ന കപ്പലുകൾക്കു് വിശുദ്ധ റഫായെൽ, വിശുദ്ധ ഗബ്രിയെൽ, വിശുദ്ധ മിഖായെൽ എന്നിങ്ങനെ നാമകരണം ചെയ്തുവെന്നുള്ളതും സ്മർത്തവ്യമാണു്. ഗാമായോടു കൂടെയുണ്ടായിരുന്ന രണ്ടു് വൈദികന്മാരിൽ റൊഡ്റിഗൊ അന്നെസ് മൊസാംബിക്കിൽവെച്ചു ചരമമടഞ്ഞതിനാലാണു് കോവില്ലാം ഏകാകിയായി സാമൂതിരിയുടെ തലസ്ഥാനത്തിൽ മതപ്രസംഗം ചെയ്യേണ്ടിവന്നതു്. ഗാമാ സാമൂതിരിയാൽ സസന്തോഷം സ്വീകരിക്കപ്പെട്ടുകയും പോർട്ടുഗീസ് രാജാവിന്റെ സമ്മാനങ്ങൾ സാമൂതിരിയെ അത്യധികം സന്തുഷ്ടനാക്കുകയും ചെയ്തതിനാൽ കോവില്ലാം പാദ്രിക്കു് കോഴിക്കോട്ടിലും പരിസരങ്ങളിലും നിർബാധം മതപ്രസംഗം ചെയ്യാൻ കുറെക്കാലത്തേക്കു് സാധിച്ചു. അദ്ദേഹം ഹിന്ദുക്കളോടും യൂദന്മാരോടും സുവിശേഷം അറിയിച്ചു. സ്പെയിനിലെ കാസ്റയിലിൽനിന്നുവന്ന മുഹമ്മദീയർ കോഴിക്കോട്ടു താമസമുണ്ടായിരുന്നതിനാൽ ഭാഷാപരമായ വൈ

www.malankaralibrary.com

ഷമൃങ്ങൾ ഒട്ടുവളരെ ഒഴിയ്ക്കുവാൻ പാതിരിക്കു സാധിച്ചു. പോർട്ടുഗീസുകാരും നഗരവാസികളും സ്നേഹപൂർണ്ണമായ സമ്പർക്കത്തിൽ കഴിഞ്ഞു എന്നാണു് സർദാർ കെ. എം. പണിക്കർ പ്രസ്താവിക്കുന്നതു്. ഈ സ്നേഹപൂർണ്ണമായ സമ്പർക്കത്തിൽ കോവില്ലാം പാദ്രി മറ്റെല്ലാവരെയും പിമ്പിലാക്കി. അദ്ദേഹം പല അവസരങ്ങളിലും സാമൂതിരിയുടെ മുമ്പിൽ സന്നിഹിതനാകുകയും പാതിരിയുടെ മതനിഷ്ഠയും സേവനസന്നദ്ധതയും സാമൂതിരി പ്രസംസിക്കുയും ചെയ്തിട്ടുണ്ടു്. പാതിരിയുടെ രാജാവുമായുണ്ടായ വേഴ്ച യൂദന്മാർക്കു ഒട്ടുംതന്നെ രസിച്ചില്ല. പോർട്ടുഗീസ് രാജാവിനു് ഗാമാവഴി സാമൂതിരി അയച്ച സന്ദേശം പോർട്ടുഗീസുകാർക്കു് ഉദാരമായ ആനുകൂല്യങ്ങൾ വാണിജ്യപരമായി വാഗ്ദാനം ചെയ്യുന്നതായിരുന്നു. ഈ പുതുവർത്തകസമുദായം തങ്ങളുടെ വാണിജ്യ പ്രതാപത്തിന്നു ഹാനിവരുത്തുമെന്നു യൂദന്മാർ ഭയപ്പെട്ടു. ആ അനത്ഥം ഒഴിയ്ക്കുവാൻ പാതിരിയെ സാമൂതിരിയിൽനിന്നു് അകറ്റേണമെന്നു അവർ ഉറച്ചു. പല കൌശലങ്ങളും ഈ ലക്ഷ്യത്തിന്നായി പ്രയോഗിച്ചു. ഫലിച്ചില്ല; പ്രത്യുത പാദ്രിയുടെ സ്വാധീനശക്തി പ്രതിദിനം വദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. യൂദന്മാർ ഭഗ്നോത്സാഹരായില്ല. അവർ കൊവില്ലാമിനെ വധിക്കുവാൻ നിശ്ചയിച്ചു. ക്രൂരന്മാർ എയ്ത അമ്പേററു, അദ്ദേഹം മൃതിയടഞ്ഞു; അഥവാ രക്തസാക്ഷി മകുടം സ്വീകരിച്ചു. ജീവിതത്തിൽ അദ്ദേഹം അവസാനമായി നൽകിയ സന്ദേശം, അനതിവിദൂരമായ ഭാവിയിൽ ഈശോസഭാ വൈദികർ ഇന്ത്യയിൽ ആഗതരാകുമെന്നും അവരുടെ പ്രയത്നഫലമായി അനേകസഹസ്രം ഭാരതീയർ കത്തോലിക്കാവിശ്വാസം സ്വീകരിക്കുമെന്നും ആയിരുന്നവത്രെ.

സന്ദേശം, 15—11—1951.

---

www.malankaralibrary.com

# "നരകസംഹാരി."

ഈ തലക്കെട്ടു ആസ്തിക്യത്തെ കുറിക്കുന്നതല്ല. ആശയത്തെയും ആഗ്രഹത്തെയും കുറിക്കുന്നതത്രെ. 'രോമസംഹാരി' യെപ്പററി പത്രങ്ങളിൽ പരസ്യം കണ്ടിട്ടുള്ളവർ ധാരാളമാണല്ലൊ. അവരിൽ ആരെങ്കിലും 'നരകസംഹാരി' വി. പി. വരുത്താമെന്നു കരുതി അഞ്ചലിലൊ തപാലിലൊ എഴുത്തയക്കുന്നുവെങ്കിൽ അതു വ്യത്ഥമായിരിക്കും. 'നരകസംഹാരി'ക്കായി പലരും ആഗ്രഹിക്കുന്നുണ്ടെങ്കിലും ധനവ്യയംകൊണ്ടോ ബുദ്ധിപ്രയോഗംകൊണ്ടോ കൈവരാവുന്ന ഒരു 'നരകസംഹാരി' ഇതഃപൎയ്യന്തം കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അടുത്ത കാലത്തു കണ്ടുപിടിക്കാമെന്നു വിചാരിക്കാൻ തരവുമില്ല. എങ്കിലും എത്രയോ പേരാണു് അതിനെ കാംക്ഷിക്കുന്നതു്! തേടിയിട്ടു കാണാത്ത വസ്തു ഇല്ലെന്നു വയ്ക്കുന്നതു നന്നെന്നു ഒരു പക്ഷമുണ്ടു്. ഇതനുസരിച്ചു 'നരകം' എന്നൊന്നില്ലെന്നു വിശ്വസിക്കുന്നവരുടെ സംഖ്യ ലോകത്തിൽ ദിവസംപ്രതി എന്നപോൽ വൎദ്ധിച്ചുവരുന്നു. ആത്മാവിനു ചില സാഹചൎയ്യങ്ങളിൽ ലഭിക്കുന്ന അധിവാസസ്ഥാനമാണല്ലൊ നരകം. ആത്മാവു് ഇല്ലെന്നു വാദിച്ചുകൊണ്ടു് 'നരക'ത്തിൻെറ സ്ഥിതി ഒരുക്കൂട്ടർ ഇല്ലാതാക്കുന്നു. തെളിവില്ലെങ്കിലും ഈ അനുമാനത്തിൽ യുക്തിയുണ്ടെന്നാണു് ഇവരുടെ ഭാവം. ഏതാനും മാസങ്ങൾക്കു മുൻപു ഇംഗ്ലണ്ടിലെ ഒരു പ്രതിദിനപത്രം 'നരകം' സംബന്ധിച്ചു് അതിൻെറ വായനക്കാൎക്കുള്ള അഭിപ്രായം അറിവാൻ ഉത്സാഹിച്ചതായി ഓൎക്കുന്നുണ്ടു്. ക്രിസ്തുമതതത്വങ്ങൾ ആദരിക്കുന്നുവെന്നു അഭിമാനിക്കുന്നവരാണല്ലൊ ആംഗ്ലേയജനസാമാന്യം. ഈ വസ്തുത ആലോചിക്കുമ്പോൾ 'നരകം' ഉണ്ടെന്നുള്ള അഭിപ്രായക്കാരല്ലാതെ മറിച്ചു നിന

www.malankaralibrary.com

ജ്ജുന്നവർ ഇംഗ്ലണ്ടിലുണ്ടാകാനിടയില്ലെന്നു വായനക്കാർ ധരിച്ചേക്കാം. എങ്കിലും, പ്രസ്തുത പ്രതിദിനപത്രത്തിൽ ന രകം ഉണ്ടെന്നും ഇല്ലെന്നുമുള്ള അഭിപ്രായങ്ങൾ പുരസ്ക രിച്ചു ധാരാളം ലേഖനങ്ങൾ പ്രത്യക്ഷപ്പെടുകയുണ്ടായി. ആംഗ്ലിക്കൻ മുതലായ പ്രോട്ടസ്റ്റൻറുസഭകളിൽ ഉൾപ്പെട്ട ഏതാനും പുരോഹിതവര്യന്മാരും ഈ നരകാരികളിൽ ഉണ്ടായിരുന്നുവെന്നു കേൾക്കുമ്പോൾ ചില വായനക്കാർ പുരികംചുളിച്ചേക്കാം. എന്തിനങ്ങിനെ വിരസം പ്രദർശി പ്പിക്കുന്നു. നിങ്ങളുടെ ഭാവനാശക്തിയെ വികസിപ്പിക്കു ക. നാം ഈ ലോകത്തു പൊളിയും ചതിയും ദ്രോഹവും വ ഞ്ചനയും ദുർവൃത്തിയും ദുർമ്മോഹവും ആയി കഴിച്ചതിനു ശേഷം പാരത്രിക ജീവിതത്തിൽ പ്രവേശിക്കുമ്പോൾ ന മ്മുടെ അധർമ്മങ്ങൾക്കു ഒരു ശിക്ഷയും ഉണ്ടാകാതെ 'മോക്ഷ പ്രാപ്തി' നമുക്കു സംഭവിക്കുമെങ്കിൽ അതു എത്രയൊ ആ ശാസപ്രദമായ ഒരവസ്ഥ! അയൽവാസിയെ എന്തിനു സ്നേഹിക്കുന്നു? ഇങ്ങോട്ടു ചെയ്ത ദ്രോഹത്തിനു എന്തുകൊ ണ്ടു് ഇരട്ടിയും മൂവിരട്ടിയും ദ്രോഹം തിരിച്ചുകൊടുത്തു കൂടാ? നമ്മുടെ മാംസേഛകളെ എന്തിനു അമർത്തുന്നു? ഈശ്വരാരാധനയിലും സഹോദരസേവനത്തിലും എന്തി ന്നായി സമയം കഴിക്കുന്നു? ശാരീരികങ്ങളായ വികാരങ്ങ ളെയും വാസനകളെയും എന്തുകൊണ്ടു് നിരങ്കുശമായി അ നുസരിച്ചുകൂടാ? പാരത്രികജീവിതത്തിൽ ഐഹികങ്ങളാ യ ദുഷ്കർമ്മങ്ങൾക്കു ശിക്ഷയില്ലാതിരിക്കുന്ന അവസ്ഥ ഉണ്ടാ യിരുന്നുവെങ്കിൽ ലോകത്തിൻെറ സ്ഥിതിയെന്താകുമായിരു ന്നു! അപ്പോൾ കാര്യമില്ലാതെ—അഥവാ കാരണമില്ലാതെ യാണോ നരകമില്ലെന്നു ശീഘ്രക്കാരായ വിദ്വാന്മാർ അഭി പ്രായപ്പെടുന്നതു്?

നമ്മുടെ നാട്ടുകാരിലും ഈ ഭ്രമം സംക്രമിച്ചു വശായി

www.malankaralibrary.com

ട്ടുണ്ട്. സാധു സുന്ദരസിംഗ്ഗുമായുള്ള ഒരു അഭിമുഖ സംഭാഷണം ജൂൺ 22-ാംനു-ലെ 'മലയാള മനോരമ'യിൽ പ്രസിദ്ധം ചെയ്തിരുന്നു. അതിലെ ഒരു ചോദ്യവും അതിനുള്ള ഉത്തരവും താഴെ കാണുന്നപ്രകാരമത്രെ.

ചോ. നിത്യമായ ശിക്ഷയുണ്ടെന്നു വിചാരിക്കുന്നുവോ?

ഉ. ശിക്ഷയുണ്ട്. എന്നാൽ അതു് നിത്യമായ ഒന്നല്ല. നമ്മുടെ ശിക്ഷയുടെ കാലം അവസാനിക്കും. അങ്ങനെ അവസാനിക്കുമ്പോൾ നമ്മെ ആത്മീയ ജീവിതത്തിനു അർഹന്മാരാക്കുന്ന ചില സൗകര്യങ്ങൾ ഉണ്ടായേക്കാം. നമ്മുടെ ആത്മാവിനു പരിപൂർണ്ണവികാസം ലഭിക്കുവാൻ അനേക യുഗങ്ങൾ വേണ്ടിവന്നേക്കാം. ഈ ഉത്തരം സാധുസുന്ദരസിംഗിൻേറതാണെന്നു പറയേണ്ടതില്ലല്ലൊ. സാധു കത്തോലിക്ക വൈദികരുടെ ഒരു മിത്രമാണെന്നു ഞാൻ അറിഞ്ഞിട്ടില്ല. ആ കൂട്ടരും അദ്ദേഹവുമായുള്ള എടപാടുകൾ ചുരുക്കമാണു്. ഒരെടപാടു എൻെറ ഓൎമ്മയിൽ വരുന്നതു് സാധു ഇപ്പോഴത്തെ നിലയിൽ എത്തുന്നതിനു മുമ്പായി പ്രയോഗിച്ച ചില കൗശലങ്ങൾ ഒരു കത്തോലിക്ക പട്ടക്കാരൻ പത്രരംഗത്തു പ്രസിദ്ധം ചെയ്തു്, സന്ദർഭവശാൽ സാധുവിൻെറ യശസ്സിനു ഉത്തരഇൻഡ്യയിൽ സാരമായ കളങ്കം സംഭവിപ്പിച്ചുവെന്നുള്ളതാണു്. ഈ ഓൎമ്മ ഇല്ലായിരുന്നുവെങ്കിൽ കത്തോലിക്ക പട്ടക്കാരുടെ ഉദരപൂരണത്തിനായി അതിലാരെങ്കിലുമോ കത്തോലിക്കസഭതന്നേയോ, കണ്ടുപിടിച്ചതെന്നു ചിലർ അസംബന്ധം പുലമ്പുന്ന 'ശുദ്ധീകരണസ്ഥല'ത്തെ താങ്ങുന്നതിനായിട്ടാണു് സുന്ദരസിംഗിൻെറ ഉത്തരം ഉദ്യമിക്കുന്നതെന്നു നമുക്കു വിചാരിക്കാമായിരുന്നു, ഏതായാലും, "ശിക്ഷയുണ്ട്. എന്നാൽ നിത്യമായ ഒന്നല്ല" എന്നു സാധു സുന്ദരസിം

www.malankaralibrary.com

ശ് പ്രസ്താവിച്ചതു നരകശിക്ഷയെപ്പററി ആയിരിക്കാൻ ഇടയില്ല. നരകശിക്ഷ നിത്യമായിട്ടുള്ളതാണെന്ന സുവിശേഷങ്ങളിൽ പല പ്രാവശ്യം സ്പഷ്ടമാക്കിയിട്ടുണ്ടു്. വി. മർക്കോസ് 9 അ. 42, 43-ൽ പാപനിമിത്തം നൽകുന്നവരെ, പ്രത്യേകിച്ചു കൊച്ചുകട്ടികൾക്ക പാപനിമിത്തം, ഉതപ്പു നൽകുന്നവരെ, "അവരുടെ പുഴ ചാകുകയില്ല, തീ കെട്ടുകയുമില്ല എന്ന അന്തമില്ലാത്ത അഗ്നി"കൊണ്ടു ക്രിസ്തുനാഥൻ ഭയപ്പെടുത്തുന്നു. കെടാത്ത തീ നിത്യമായിരിക്കണം. ചാകാത്ത പുഴുവും നിത്യമായിരിക്കണം. ആകയാൽ പാപനിമിത്തം നൽകുന്നവർക്ക അല്ലെങ്കിൽ ഉതപ്പിക്കുന്നവർക്കുള്ള ശിക്ഷ നിത്യമത്രെ സംശയമില്ല. അന്തമില്ലാത്ത അഗ്നി നിത്യമായി എരിഞ്ഞുകൊണ്ടുതന്നെയിരിക്കുന്നു.

ദൈവത്തിൻെറ അനന്തമായ കൃപാതിരേകത്തിനു യോജിച്ചതല്ല നരകശിക്ഷ അല്ലെങ്കിൽ നരകത്തിലെ നിത്യശിക്ഷയെന്നു പറഞ്ഞുകൊണ്ടാണ് ചിലർ നരകസംഹാരികളാകുന്നതു്. ദൈവം നരകശിക്ഷ നിശ്ചയിച്ചുകൊണ്ടു, സകലരേയും നരകത്തിലേക്ക നിശ്ചയിച്ചിരുന്നുവെങ്കിൽ ആ പ്രവൃത്തി അവിടത്തെ കൃപാതിരേകത്തിനു വിരോധമാണെന്നു പറയാം. എന്നാൽ യാതൊരുവനും നരകശിക്ഷ അനുഭവിപ്പാൻ ദൈവം ആഗ്രഹിക്കുന്നില്ല. തൻെറ അനുഗ്രഹങ്ങളെ അനാദരിച്ചു പാപത്തിൽ നിലനിൽക്കുകയും പാപങ്ങളെപ്പററി അനുതപിക്കാതിരിക്കുകയും ചെയ്യുന്നവരത്രേ ആ ശിക്ഷക്കർഹരാകുന്നതു്. പാപിയുടെ അനുതാപത്തെ ദൈവം ഇഷ്ടപ്പെടുന്നുവെന്നുള്ളതിനെപ്പററി സംശയത്തിനവകാശമില്ലല്ലൊ. പാപിയുടെ പാപം എത്ര കാഠിന്യമുള്ളതായിരുന്നാലും അനുതാപമാണ് പാപപൊറുതിക്കാധാരമായി നിൽക്കുന്നതു്. അനുതാപമുണ്ടായി പാ

www.malankaralibrary.com

പികം മോചനം ലഭിക്കേണമെന്നുള്ളതാണ് ദൈവതിരുമ നസ്സ്. ഇതിനെ ഉദാഹരിക്കുന്നതിലേക്കു പിശാചുക്കൾ അനുതപിച്ചിരുന്നുവെങ്കിൽ ദൈവം നിത്യനരകത്തിലേക്കുള്ള അവരുടെ കുററവിധിയെ അസ്ഥിരപ്പെടുത്തുമായിരുന്നുവെന്നും, അവർ ഇപ്പോൾ അനുതപിക്കുമെങ്കിൽ ദൈവം അവരോടു ഇപ്പോൾതന്നെ ക്ഷമിക്കുമെന്നും പണ്ഡിതാഗ്രേസരനായ സുവാറെസ് പറഞ്ഞിരിക്കുന്നതു് ഏററവും സ്മരണാർഹമാണ്. ആകയാൽ ക്രൈസ്തവവിശ്വാസത്തിൽനിന്നു നാം മനസ്സിലാക്കേണ്ടതു ദൈവഹൃദയം പാപികളുടെ നേർക്കു നിർദ്ദയമായിത്തീരുന്നതുകൊണ്ടല്ല പാപികൾ ദൈവകൃപയുടെ പേർക്കു നിർദ്ദയന്മാരായിരിക്കുന്നതുകൊണ്ടാണ് നരകശിക്ഷ സംസ്ഥാപിതമായിരിക്കുന്നുവെന്നത്രെ. ആകയാൽ ധിക്കാരിയായ പാപിയുടെ ഒരു സൃഷ്ടിയാണ് നരകം എന്നു പറയാം. നന്മയെപ്രതിയുള്ള സ്നേഹംകൊണ്ടു ആ സൃഷ്ടിയെ ദൈവം നരകശിക്ഷ അനുഭവിക്കുവാൻ അനുവദിക്കുന്നുവെന്നേയുള്ളു. ദൈവം സർവ്വനന്മസ്വരൂപിയാണെന്നുള്ളതും നിത്യമായ നരകശിക്ഷയെ സാദ്ധ്യമാക്കുന്നു. ദൈവം നിത്യനന്മയും സത്യസ്വരൂപനും നീതിയുടെ നിദാനവും ആയിരിക്കുന്നതുകൊണ്ടു് ദൈവവും പാപവുമായി ഐക്യമൊ സാമീപ്യമോ പാടില്ല. ദൈവത്തിൽനിന്നുള്ള വിരഹവും അകൽച്ചയും തന്നെ നരകം. അതു നിത്യമായിരിക്കുന്ന അവസ്ഥതന്നെ നിത്യനരകത്താൽ സൂചിതമാകുന്നു. മററു വാക്കുകളിൽ പറഞ്ഞാൽ സർവ്വനന്മയും പരിപൂർണ്ണസൗഭാഗ്യവുമായ ദൈവത്തിൽനിന്നു നരകത്തിലേക്കു തന്നെത്തന്നെ തള്ളിയിടുകയാണ് സകല പാപികളും ചെയ്യുന്നതു്. നിത്യനരകവും നിത്യമായ നരകശിക്ഷയും ദൈവത്തിൻെറ കൃപയ്ക്കോ നന്മയ്ക്കോ സ്നേഹത്തിനൊ യോജിയ്ക്കാത്തതല്ലെന്നു നാം കാണുന്നു.

www.malankaralibrary.com

നാസ്തികന്മാർ ഈ വസ്തുത മനസ്സിലാക്കാൻ ശ്രമിക്കുന്നതിനു പകരം നരകത്തെ റദ്ദാക്കുവാൻ വേണ്ടി ദൈവത്തെയും ആത്മാവിനെയും മരണാനന്തര ജീവിതത്തെയും എടുത്തുകളയുന്നു! ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവർ ക്രിസ്തുവിനെ അനുകരിക്കുന്നതിനു പകരം ഈ നാസ്തികന്മാരെ അനുകൂലിക്കുന്നതാണു വിസ്മയാവഹം.

സമസ്താത്മാക്കളുടെ തിരുനാളിൽ ഭാര്യയും കുഞ്ഞുങ്ങളും രാവിലെ പള്ളിയിൽപോയി, പിറകെ പോകാമെന്നു വിചാരിച്ച എനിക്കു സാഹചര്യങ്ങളുടെ പ്രാതികൂല്യവും തൻമൂലം ഇച്ഛാഭംഗവും ഉണ്ടായി. മരണാന്തരജീവിതമില്ലായിരുന്നുവെങ്കിൽ ഇച്ഛാഭംഗത്തിനിടയാകുമായിരുന്നില്ലെന്നു കരുതി ‘നരകസാംഹാരി’യേപ്പററി ഇത്രയും എഴുതിയെന്നേയൊള്ളു.

കോട്ടയംപത്രിക.

---

www.malankaralibrary.com

# നാസികളോ 'നാശി'കളോ.

ശബ്ദസ്ഫുടതയും ഉച്ചാരണശുദ്ധിയും എല്ലാപ്പോഴും എല്ലാവക്കും ഉണ്ടായിയെന്നു വരുന്നതല്ല. ഈ സ്ഥിതിക്ക് ഇന്നാട്ടിലേ പല ആളുകളും ഹിററ്ലറിൻെറയും തദനുയായികളുടേയും നൂതന ഭീകരപ്രസ്ഥാനത്തെ, 'നാസി'സത്തെ 'നാശി'സമെന്നു അഭിസംബോധനം ചെയ്യുന്നതു ക്ഷന്തവ്യമായിരിക്കുമല്ലോ. മാത്രമല്ല, നിലവിലിരിക്കുന്ന സാമുദായികാദശ്ങ്ങളേയും, രാഷ്ട്രീയസംഘടനകളേയും, മതസിദ്ധാന്തങ്ങളേയും തച്ചുടച്ചു്, തൽസ്ഥാനത്തു് നവീനമായ അധികാരവും പ്രാബല്യവും പ്രതിഷ്ഠിക്കുവാൻ വേണ്ടി, എന്തുംചെയ്യാൻ സന്നദ്ധരായിരിക്കുന്നവർ, ആരെയും വധിക്കുവാൻ ഉത്സുകരായിരിക്കുന്നവർ, ഏതു നിയമത്തെയും ലംഘിച്ചു് നിർവൃതിനേടുന്നവർ 'നാശി'കൾ എന്ന പേരിനു് അവകാശികളാണെന്നു് നിരാക്ഷേപം പ്രസ്താവിക്കാവുന്നതാണ്. നാശത്തിൻെറ ബീജങ്ങളെ സവ്വത്ര വിതരണം ചെയ്തുകൊണ്ടു് ഭൂലോകരംഗമാസകലം നാശോന്മുഖമാക്കിത്തീർത്തിട്ടുള്ളവക്ക് 'നാശി'കൾ എന്ന നാമം എത്രമാത്രം യോജിക്കുമെന്നുള്ള കായ്യത്തിൽ അവസാനതീരുമാനം ചെയ്യേണ്ടവർ വൈയാകരണന്മാരാണെങ്കിലും ജമ്മനിയിലെ നാസികൾ 'നാശി'കളായിട്ടു മാത്രം ലോകചരിത്രത്തിൽ സ്ഥാനംപിടിക്കുമെന്നുള്ളതു് നിവ്വിവാദമാണ്.

ആവൂ! എത്ര രാജ്യാതൃത്തികളാണ് അവർ അതിലംഘിച്ചിട്ടുള്ളതു്! എത്രയെത്ര രാജകീയ സിംഹാസനങ്ങളാണു് അവർ അപഹരിച്ചിട്ടുള്ളതു്! നാസിമുദ്രയ്ക്കു് പ്രണമസ്കാരം ചെയ്യാത്ത എത്ര ജനസമുദായങ്ങളെയാണ് അവർ ദശാംശീകരിച്ചിട്ടുള്ളതു്! സ്വതന്ത്രമായ പോളണ്ടെവിടെ?

www.malankaralibrary.com

ആസ്ത്രിയായെവിടെ? ചെക്കൊസ്ലോവാക്യായെവിടെ? ബൽജിയം എവിടെ? ഹോളണ്ട് എവിടെ? ലക്സംബർഗെവിടെ? നോർവേ-സ്വീഡൻ എവിടെ? പൂറരാജ്യങ്ങളുടെ കാര്യമെന്തിനു പറയുന്നു? ജമ്മനിയിൽതന്നെ ഐശ്വര്യസമൃദ്ധമായി പ്രശോഭിച്ചിരുന്ന എത്രയെത്ര സാമുദായികസ്ഥാപനങ്ങളും സന്ന്യാസമന്ദിരങ്ങളുമാണ് ഇന്നു നാമാവശേഷമായി പരിണമിച്ചിരിക്കുന്നതു്? ദാരുണമാകാവുന്ന ഈ വിവരണം ദീർഘിപ്പിക്കുന്നില്ല. നാസികളുടെ പൈശാചിക പ്രവൎത്തനങ്ങളുടെ സ്വരൂപം ഉദ്ദീപിപ്പിക്കുന്നതിനു് ഇത്രയും പ്രസ്താവിക്കാതെ കഴിക്കാമായിരുന്നു.

നാസിസത്തിൻെറ സാമുദായികമോ രാഷ്ട്രീയമോ ആയ നശീകരണവേലകളെ ഉഗ്രതയിലും ക്രൗര്യത്തിലും അതിശയിക്കുന്നവയാണു് മതപരമായി ആ പ്രസ്ഥാനം ചെയ്യുന്ന സാഹസങ്ങൾ. ക്രിസ്തുമതത്തോടു് "തീരാത്ത സമരം നടത്തുവാൻ" തങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നു നാസികൾ തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണല്ലൊ. മതംതന്നെ ഹിററ്ലറിൻെറ ദൃഷ്ടിയിൽ ഒരു വെറും 'ചായപൂച്ചാ'യിട്ടാണു് തീൎന്നിരിക്കുന്നതു്. ക്രിസ്ത്യാനികൾക്കെതിരായുള്ള നാസികളുടെ ആയോധനം ആരംഭിച്ചകാലത്തു് പല ക്രൈസ്തവനേതാക്കന്മാരും സ്വമതാവകാശങ്ങളെ പുലത്തുന്നതിൽ വേണ്ടവിധം ശ്രദ്ധ പതിച്ചിരുന്നില്ല. ഈ മൗനാലംബനം എല്ലാ സഭാവിഭാഗങ്ങൾക്കും ഒരുപോലെ അനൎത്ഥകാരണമായി തീരുകയും ചെയ്തു. നാസികളുടെ നശീകരണം സീമയററവിധം വദ്ധിച്ചപ്പോൾ ക്രിസ്ത്യൻ നേതാക്കന്മാർ പ്രബുദ്ധരായി. നാസിസം മുമ്പോലെതന്നെ ആദരണീയമല്ലെന്നു വിശ്വസിച്ചു് അതിനെതിരായി പ്രചരണവേലകൾ പൂർവ്വാധികം ശ്രദ്ധയോടുകൂടി അവർ നടത്തുകയും ചെയ്തു. കത്തോലിക്കരും പ്രോട്ടസ്റ്റൻറു് വിഭാഗക്കാരും സം

www.malankaralibrary.com

യോജിച്ചുള്ള ഒരു എതിർപ്രസ്ഥാനമാണ് ഇപ്പോൾ ഹിററ്‌ലരും കൂട്ടരും അഭിമുഖീകരിക്കുന്നതു്. ഇങ്ങനെ ജർമ്മനിനിയിൽതന്നെ തനിക്കെതിരായി ഒരു പ്രബല സംഘക്കക്ഷി ആവിർഭവിക്കുന്നതിൽ ഹിററ്‌ലർ പരിതപ്തനായിതീർന്നിരിക്കുന്നു. നാസികൾക്കെതിരായി ജർമ്മനിയിൽ ഒരു വിപ്ലവമുണ്ടായേക്കുമെന്നുതന്നെ 'ഫ്യൂററെർ' ഭയപ്പെടുന്നു. വിപ്ലവത്തിന്റെ സംഭാവ്യതയെപ്പററി ഹിററ്‌ലർ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതിപ്രകാരമാണ്: "നമ്മുടെ നിര ഭേദിക്കുവാൻ താൻ ശക്തനാണെന്നു ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ—ആ ആൾ എവിടെനിന്നു വരുന്നവനായാലും—ഞാൻ അവനെ എന്റെ പതിവനുസരിച്ച് സൂക്ഷിച്ചുകൊണ്ടിരിക്കയും തക്ക മുഹൂർത്തത്തിൽ വെള്ളിടിപോലെ ഞാനവനെ വെട്ടുകയും ചെയ്യും. അപ്പോൾ അവന്റെ അവസരം—മതത്തിന്റെ ഛായപൂച്ചോട്ടുകൂടിയതായിരുന്നാലും—നഷ്ടപ്പെടുകതന്നെ ചെയ്യും."

ക്രിസ്തുമതത്തിനെതിരായി നാസികൾ പ്രയോഗിക്കാൻ കരുതിയിരുന്ന ഒരായുധം ഒരു പുതിയ ക്രൈസ്തവസഭാവിഭാഗത്തിന്റെ നിർമ്മാണമായിരുന്നു. അതു സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ നിലവിലിരിക്കുന്ന സഭാവിഭാഗങ്ങളുടെതറ മാന്തുന്നതിനുദ്യമിച്ചു. മതഭക്തന്മാരായ പുരോഹിതന്മാരേയും ആത്മായക്കാരേയും തിരഞ്ഞെടുത്തു അവരെ പീഡിപ്പിക്കയും തടവിൽ പാർപ്പിക്കുകയും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ഇതിന്റെ ആദ്യത്തെ പടിയായി നടത്തി. മററു ചിലരെ തിരഞ്ഞെടുത്തു യുദ്ധരംഗങ്ങളിലേക്കു അയക്കയും അവിടെ മൃത്യുവിന്റെ വക്ത്രത്തിലേക്ക് അവർ തള്ളപ്പെടുകയും ചെയ്തു. പള്ളിസ്വത്തുക്കൾ കവന്നെടുക്കുകയും സന്യാസാശ്രമങ്ങളും മററു വൈദികസ്ഥാപനങ്ങളും കണ്ടുകെട്ടി അവയുടെ മുതൽ നാസികൾക്ക

www.malankaralibrary.com

ധീനമാക്കുന്ന പദ്ധതി സ്വീകരിക്കപ്പെട്ടുകയും ചെയ്തു. ഇതനുസരിച്ചു നിരാധാരരും നിസ്സഹായരുമായിത്തീൎന്ന പട്ടക്കാരുടേയും സന്യാസികളുടേയും സംഖ്യ പരിഗണനാതീതമാണെന്നു പറയപ്പെട്ടുന്നു.

നാസിവൎഗ്ഗത്തിൽ സൎവ്വപ്രധാന ക്രിസ്തുമതദ്വേഷിയാണു് ആൽഫ്രെഡ് റോസൻബർഗ്. നാസികക്ഷിയുടെ മതപരവും വിജ്ഞാനസംബന്ധവും ആയ പരിശീലനത്തിനും ശിക്ഷണത്തിനും ഹിററ്ലറിൻെറ പ്രതിനിധിയെന്നനിലയിൽ നിയന്ത്രണാധികാരം സിദ്ധിച്ചിട്ടുള്ളതു് ഈ റോസൻ ബർഗിനാണു്. "ഇരുപതാം നൂററാണ്ടിലെ മിത്ഥ്യാവാദം" എന്ന പേരിൽ റോസൻബർഗ് രചിച്ചു് പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിൻെറ ഉള്ളടക്കം ധരിച്ചിട്ടുള്ളവൎക്കു് ആ ദേഹത്തിൻെറ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസരീതി ക്രിസ്തുമതത്തെ എത്രമാത്രം അനുകൂലിക്കുമെന്നു് ഊഹിക്കാൻ സാധിക്കുന്നു. ജൎമ്മനിയിൽ മാത്രമല്ല പിടിച്ചെടുക്കപ്പെട്ട പൌരസ്ത്യദേശങ്ങൾ മുഴുവനിലുമാണു് റോസൻബർഗിൻെറ നിയന്ത്രണാധികാരം പ്രയോഗിപ്പാനുള്ളതു്. റഷ്യയിൽ നാസിതത്വപ്രചരണത്തിനായി റോസൻബർഗ് മൂന്നു സഹായികളെ നിയമിച്ചിട്ടുണ്ടു്. മേയർ, ലോസ്, കോസ് എന്നീ മൂന്നുപേരും നിൎമ്മതപ്രസ്ഥാനപ്രണയികളാണെന്നുള്ള വസ്തുതയും പ്രസ്താവയോഗ്യമാണു്. ക്രൈസ്തവമായ സകലതിനോടും ആയോധനം നടത്തി യശസ്വികളാകുവാനാണു് ഇവരും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഇവരും സ്മിത്തും റോസൻബർഗ്ഗും കൂടിയാണു് നാസിസത്തിലെ പഞ്ചമതദ്രോഹികൾ. ഇവരുടെ പ്രസിദ്ധീകരണങ്ങളും പ്രവൎത്തനങ്ങളും ക്രിസ്തുമതവിശ്വാ

www.malankaralibrary.com

സത്തിന്റെ കണികപോലും നാസിപ്രധാന രാജ്യങ്ങളിൽ അവശേഷിക്കരുതെന്നുദ്ദേശിച്ചുള്ളവ മാത്രമാണു്.

നാസികളുടെ ബലം പ്രയോഗിച്ചു പല പൊതുയോഗങ്ങൾ നടത്തുകയും അവയിൽ ദൈവദൂഷകങ്ങളായ പ്രസംഗങ്ങൾ നടക്കുകയും ചെയ്യുന്നുണ്ടെന്നു കേട്ടാൽ ആരുടെ അന്തരംഗമാണുരുകാത്തതു്. ഒരു പ്രസംഗകൻ "യഹോവയേ, അങ്ങേയ്ക്കു് പിന്മാറാൻ കാലമായി" എന്നു പരസ്യമാ പുലമ്പിപോലും. ടിയർ എന്ന രൂപതയിലെ മെത്രാൻ മോൺസിഞ്ഞോർ ബോൺപാസ്സർ അദ്ദേഹത്തിന്റെ ഭദ്രാസനദേവാലയത്തിൽ ചെയ്ത ഒരു പ്രഭാഷണമല്ലെയൊ ഈ ദൈവദൂഷണസംരംഭത്തെ ശക്തിയുക്താ അപലപിച്ചതായി കാണുന്നു. സർവ്വചരാചരങ്ങളുടേയും സ്രഷ്ടാവായ സനാതന സർവ്വശക്തനെ ഈ വിധം പരസ്യമായി അധിക്ഷേപിക്കുകയും ഉന്മാദാധീനരായി "ഞങ്ങൾ പ്രകൃതിനിയമങ്ങളെ മാത്രം അംഗീകരിക്കുന്നു. വേദപ്രമാണങ്ങളെ അംഗീകരിക്കുന്നില്ല" എന്നു് ആക്രോശിക്കയും ചെയ്യുന്നവർ സാക്ഷാൽ "നാശി"കളാണെന്നു് ആരുതന്നെ സമ്മതിക്കയില്ല. ഇവരുടെ നശീകരണോദ്യമങ്ങളിൽനിന്നു നമ്മുടെ ജന്മഭൂമി സുരക്ഷിതമാകാൻ കാരുണ്യവാനായ സർവ്വശക്തൻ സഹായിക്കുമാറാകട്ടെ.

കുടുംബദീപം.

www.malankaralibrary.com

# പീഡാനുഭവ പരിശേഷങ്ങൾ.

ക്രൈസ്തവലോകത്തിൽ പ്രധാനഭാഗം ക്രിസ്തുനാഥന്റെ പീഡാനുഭവത്തെപ്പററി ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന അവസരമാണല്ലൊ ഇതു്. ക്രിസ്തു ചരിത്രപുരുഷനല്ലാ എന്നു വാദിച്ചിട്ടുള്ള താൎക്കികന്മാർപോലും ക്രിസ്തുവിന്റെ പീഡാനുഭവം സംബന്ധിച്ച സ്ഥലം, സാധനം, മുതലായവ സന്ദർശിച്ചു് അവമൂലം ക്രിസ്തുഭക്തന്മാരായിത്തീൎന്നിട്ടുള്ള സ്ഥിതിക്കു ക്രിസ്തുഭക്തന്മാരിൽ പീഡാനുഭവം സംബന്ധിച്ച ധ്യാനം സജീവവും ഫലപ്രദവുമാക്കുന്നതിനു പീഡാനുഭവ പരിശേഷങ്ങൾ അത്യന്തം ഉപകാരപ്രദങ്ങളാണെന്നുള്ളതിൽ സംശയമില്ല. ക്രിസ്തുവിന്റെ സമകാലീനന്മാരായിരിക്കാൻ സാധിച്ചില്ലല്ലോ എന്നു കരുതി പരിതപിക്കുന്നവരെ തന്റെ ജീവിതകാലത്തേക്കും ജീവിതരീതിയിലേക്കും അടുപ്പിക്കുന്നതിനു് ഈ പരിശേഷങ്ങൾ അത്യധികം സഹായിക്കുകയും ചെയ്യും.

## കുരിശു്

കൎത്താവിന്റെ ക്രൂശ്മരണാനന്തരം പീഡോപകരണങ്ങളെല്ലാം റോമന്മാരുടെ സമ്പ്രദായമനുസരിച്ചു കൊലക്കളത്തിന്നടുത്തു് ഒരു കുഴിയിൽ ഇട്ടു മൂടുകയാണു ചെയ്തതു്. ക്രൂശ്, മുൾമുടി, കുന്തം, ആണി മുതലായവയെല്ലാം ഈവിധം മണ്ണിനടിയിൽ നിക്ഷേപിക്കപ്പെട്ടു. ക്രിസ്തുവിന്റെ ക്രൂശും തന്റെ ഇരുഭാഗത്തു തൂക്കപ്പെട്ട ഗെസ്മാസിന്റെയും ഡിസ്മാസിന്റെയും കുരിശുകളും മണ്ണിൽനിന്നു കോൻസ്തന്തീനോസ് രാജാവിന്റെ മാതാവു് എലന്നാരാജ്ഞിയുടെ ഉത്സാഹഫലമായി കുഴിച്ചെടുക്കപ്പെട്ടതും അത്ഭുതപ്രവൎത്തനത്താൽ ക്രിസ്തുനാഥന്റെ ക്രൂശ് മററു രണ്ടിൽനിന്നു തിരിച്ചറിയുന്നതിനു സംഗതിയായതും ചരിത്രപ്രസിദ്ധമാണല്ലൊ. ഈ പരിശുദ്ധ കുരിശിന്റെ ശകലങ്ങൾ ഇപ്പോൾ ക്രൈസ്തവലോകത്തിന്റെ പല ഭാഗങ്ങളിൽ സൂക്ഷിക്കപ്പെടുന്നു.

www.malankaralibrary.com

## മുൾമുടി.

മുൾമുടിയും കുരിശിനോടുകൂടി കണ്ടെടുക്കുകയുണ്ടായി. 409–ൽ നോളായിലെ മെത്രാനായിരുന്ന വി. പൊളീനസ് ഈ മുൾമുടി എലനാ കണ്ടെടുത്ത സംഗതി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. ത്രൂർസിലെ വി. ഗ്രീഗോറിയോസും ഇതിനെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മുൾമുടി റോമായിലേക്ക് ആദ്യം കൊണ്ടുപോയതായിട്ടല്ല വിചാരിക്കേണ്ടതു്. 800–ാം വത്സരത്തിൽ മുൾമുടിയിൽനിന്ന് എതാനും മുള്ളുകളും വേറെ ചില പീഡാനുഭവപരിശേഷങ്ങളും യറുശലേമിലെ പാത്രിയർക്കീസ് കാറൽമാൻ ചക്രവർത്തിക്ക് അയച്ചുകൊടുത്തതായി ചരിത്രമുണ്ട്. ഈ തിരുവസ്തുക്കൾ ചക്രവർത്തി ഭക്ത്യാദരപൂർവ്വം സ്വീകരിച്ചുവെന്നു മാത്രമല്ല അവ നിക്ഷേപിക്കുന്നതിലേക്കു പണിയിച്ച ഒരു സങ്കേതത്തിൽ. പാരീസിന്നടുത്തുള്ള സെൻറു ഡെനീസിലെ ആശ്രമദേവാലയത്തിൽ, സൂക്ഷിച്ചതായും കാണുന്നു, മുൾമുടിയുടെ ശേഷിച്ച ഭാഗം സാരസന്മാരുടെ ആക്രമങ്ങൾ ഭയന്നു പിൽക്കാലത്തു കൊൻസ്തന്തീനോപ്പോലിസിലേക്ക് എഷ്യായിൽനിന്നു മാററുവാനിടയായി. കൊൻസ്തന്തീനോപ്പോലീസിലെ രാജാക്കന്മാരിൽ ഒരാൾ 100–ാമാണ്ടിടയ്ക്കു് ക്രൂശ് യുദ്ധത്തിൽ എർപ്പെട്ട ഒരു നാടുവാഴിക്കെഴുതിയ ഒരു കത്തിൽ മുൾമുടി ആ നഗരത്തിലുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. അങ്ങിനെ അവിടെ ആ തിരുവസ്തു ഇരിക്കെ രണ്ടാമത്തെ ബാൽഡ്വീൻ ചക്രവർത്തിയുടെ കാലത്തു വെനീസിലേക്ക് ഒരു മാററമുണ്ടായി. ചക്രവർത്തിക്കു പണത്തിനാവശ്യം നേരിട്ടപ്പോൾ മുൾമുടി വെനീസിലെ ചില വർത്തകപ്രമാണികളുടെ പക്കൽ ഈടുവെച്ച് അനേകായിരം ഡക്കററ് നാണയം വാങ്ങിച്ചു. പണം തിരിച്ചുകൊടുത്തു, തിരുവസ്തു വീണ്ടെടുക്കുവാൻ പ്രയാസമെന്നു കണ്ടപ്പോൾ ബാൽഡ്വീൻ ഫ്രാൻസിലെ ലൂയിസ് രാജാവിൻെറ സഹായം അപേക്ഷിച്ചു. രാജാവു് ഔദാൎയ്യബുദ്ധിയോടുകൂടി കടം വീട്ടുകയും മുൾമുടി തൻെറ കൈവശത്തിൽ ആക്കുകയും ചെയ്തു. രണ്ടു ഡോമിനിക്കൻ സന്യാസിമാരെ അയച്ച്

www.malankaralibrary.com

അവർ വഴിയാണു മുൾമുടി വെനീസിൽനിന്നു ഫ്രാൻസി ലേക്കു മാററിയതു്. സ്വീകരണം വളരെ ആഘോഷപൂർവ്വം നടന്നു. രാജാവും, സഹോദരനായ കുമാരനും, പ്രഭുക്കന്മാരും, ഉദ്യോഗസ്ഥപ്രമാണികളും ഏതാനും ദൂരം ഭയഭക്തിസമേതം കാൽനടയായി സഞ്ചരിച്ചു തിരുവസ്തുവിനെ അഭിമുഖീകരിച്ചു് അതിനെ തലസ്ഥാന നഗരത്തിലേക്കു് ആനയിച്ചു എന്നാണു പാരമ്പര്യം. യാത്രയിൽ രാജാവും മററും നഗ്നപാദന്മാരായിരുന്നുവെന്നും പറയപ്പെടുന്നു.

പാരീസിൽക്കൂടി ഒഴുകുന്ന സീൻനദിയിലുള്ള ഒരു ചെറുദ്വീപിൽ തിരുവസ്തുവിനുവേണ്ടി ഒരു സങ്കേതസ്ഥാനം പണിയുകയും അതിൽ അതിനെ നിക്ഷേപിക്കുകയും ചെയ്തു. അന്നു മുതൽ ഇന്നും തിരുക്കപ്പേളയെന്നാണു് അതിനുള്ള നാമം. നൊത്തർദാം മെത്രാസനാലയത്തിൽനിന്നു വളരെ ദൂരെയല്ലാതെ കാണപ്പെടുന്ന ആ കപ്പേളയിന്നും ഭദ്രമായിരിക്കുന്നു. ഫ്രാൻസിൽ ധാരാളം വൈദികാക്രമണങ്ങളും അഭ്യന്തര കലഹങ്ങളും ഘോരസമരങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും പ്രസ്തുത കപ്പേള നിർബാധമായി നിലനിന്നുവരുന്നു. മുൾമുടിയും അതിനുള്ളിൽ സുരക്ഷിതമായിരിക്കുന്നു.

"തിരുക്കുന്തം."

ദിവ്യരക്ഷകന്റെ ചങ്കിൽ കുത്തിക്കയററിയ കുന്തത്തെയാണല്ലോ നാം "തിരുക്കുന്തം" എന്നു നാമകരണം ചെയ്യുന്നതു്. മുൾമുടിയോന്നിച്ചാണു് ഇതും കണ്ടുകിട്ടിയതു്. ആറാം നൂററാണ്ടിലും ഏട്ടാം നൂററാണ്ടിലും ഉണ്ടായിരുന്ന ഇതിന്റെ പ്രശസ്തിയേപ്പററി യഥാക്രമം ആ കാലങ്ങളിൽ ജീവിച്ചിരുന്ന ഫ്രഞ്ചുകാരനായ ടൂർസിലെ വി. ഗ്രീഗോറിയോസും ഇംഗ്ലണ്ടിലെ വന്ദ്യനായ ബീദും പ്രസ്താവിക്കുന്നുണ്ടു്. യേരുശലത്തിൽനിന്നു സാരസന്മാരെ ഭയന്നു് ഈ തിരുവസ്തു മാററപ്പെട്ടതു് അന്ത്യോഖ്യായിലേക്കായിരുന്നു. അവിടെ നിന്നു 1098-ൽ ഇതു ക്രൂശു്യുദ്ധഭടന്മാരുടെ ശ്ര

ധയിൽപെട്ടു. അവർ അതിനെ യേറുശലേമിലേക്ക തിരിച്ചുകൊണ്ടുപോകയും അനന്തരം അവിടെനിന്ന സാമ്രാജ്യ നഗരമായ കൊൻസ്റ്റന്തീനോപ്പോലീസിലേക്ക മാററുകയും ചെയ്തു. ശൂലാഗ്രം ഇവിടെനിന്ന ഫ്രാൻസിലെ വി. ലൂയീസ് രാജൻ സ്വാധീനത്തിലാക്കി പാരീസിലേക്ക കൊണ്ടുവരികയും തിരുക്കപ്പേളയിലെ അമൂല്യസമ്പാദ്യത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇന്നും അതവിടെത്തന്നെ ഉണ്ട്. തിരുക്കുന്തത്തിൻെറ ഏറിയ ഭാഗം കൊസ്റ്റന്തീനോപ്പോലീസിൽത്തന്നെ സൂക്ഷിക്കപ്പെട്ടുവന്നു. 1453—ൽ ആ നഗരം തുർക്കികൾ പിടിച്ചടക്കിയ അവസരത്തിൽപോലും യാതൊരുവിധത്തിലുള്ള അനാദരവിനും ഇടയായില്ല. അവിടെനിന്ന് 1492—ൽ അതു തുർക്കിസുൽത്താൻ ബജാസ്സെത്തിനാൽ എട്ടാമത്തെ ഇന്നൊച്ചെൻസ് പാപ്പായ്ക്കു സമ്മാനിക്കപ്പെട്ടു. റോമയിൽ വി. പത്രോസിൻെറ ദേവാലയത്തിലെ തിരുവസ്തുക്കളുടെ ശേഖരത്തിൽ അതിപ്പോഴും ഉണ്ട്. പ്രതിവർഷം ദുഃഖവെള്ളിയാഴ്ച വൈകുന്നേരം ആ ദേവാലയത്തിൽ കൂടുന്ന ഭക്തജനസംഘത്തിനു അതിനെ പ്രദർശിപ്പിക്കുന്ന പതിവും ഉണ്ട്. ഈ പ്രദർശനം വിശുദ്ധവാരത്തിൽ റോമായിൽ നടക്കുന്ന മഹനീയ സംഭവങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഇതു പ്രമാണിച്ചു പരിശുദ്ധ പിതാവു സിസ്റ്റിൻ കപ്പേളയിൽനിന്നു രാജകീയ സോപാനപഥത്തിലൂടെ അടുത്തുള്ള ബസീലിക്കയിലേക്ക പ്രഭുഭടന്മാരാലും സ്വിസ്സ്ഭടന്മാരാലും പരിസേവിതനായി, വൈദികസത്തമന്മാരാലും ഉദ്യോഗസ്ഥവീരന്മാരാലും പരിവൃതനായി, കത്തിജ്വലിക്കുന്ന മെഴുകുതിരികളും പ്രത്യേകവസ്ത്രങ്ങളും ധരിച്ച അനുചരന്മാരോടുകൂടി നടത്തുന്ന ഘോഷയാത്ര ഏററം ഹൃദ്യമാകുന്നു.

## വിശുദ്ധ ആണികൾ.

മററു പരിശേഷങ്ങളോടുകൂടി കർത്താവിനെ കുരിശിൽ തറയ്ക്കാനുപയോഗിച്ചിരുന്ന ആണികളും വി. ഏലന്നാരാജ്ഞിക്ക ലഭിച്ചു. ഇക്കാലത്തെ ക്രൂശ് രൂപങ്ങളിൽ മൂ

www.malankaralibrary.com

ന്നാണികളിന്മേൽ കൎത്താവിനെ തൂക്കിയതായിട്ടോ തറച്ച തായിട്ടോ ആണു നാം കാണുന്നതു്. എന്നാൽ പതിമ്മൂന്നാം ശതകത്തിനു മുമ്പുള്ള രൂപങ്ങളിൽ നാലാണികൾ കാണാറുണ്ടായിരുന്നു. പാദങ്ങൾക്കു രണ്ടിനുംകൂടി ഇപ്പോൾ കാണുന്ന ഒററ ആണിക്കു പകരം ഓരോ പാദത്തിനും ഓരോ ആണിവീതമായിരുന്നു അന്നു് കാണിച്ചിരുന്നതു്. ഏതായാലും ആണികളിൽ ഒന്നു് അതലാന്റിക്കു് മഹാസമുദ്രത്തിൽ എറിഞ്ഞിരിക്കുകയാണു്. ഹെലനായും അനുയായികളും ആപൽക്കരമായ ആ സമുദ്രത്തിൽക്കൂടി സഞ്ചരിച്ചു കൊണ്ടിരിക്കുകയാൽ ഭയാനകമായ ഒരു കൊടുങ്കാററുണ്ടായി പ്രാണാപായം ഉണ്ടാകുമെന്നനിലയായി. ഭയവിഹ്വലയായ രാജ്ഞി പ്രശാന്തതയുണ്ടാവാനൎത്ഥിച്ചുകൊണ്ടു വിശുദ്ധ ആണികളിലൊന്നു സമുദ്രത്തിലേക്കെറിഞ്ഞു. പ്രക്ഷുബ്ധമായിരുന്ന സമുദ്രം പ്രശാന്തത പ്രാപിച്ചു ടൂർസിലെ വി. ഗ്രീഗോറി ഈ സ്മരണീയസംഭവത്തെപ്പററി വിസ്തരിച്ചെഴുതിട്ടുണ്ടു്. വേറൊരാണി ഹെലനാറാണി സ്വപുത്രൻ വി. കൊൻസ്റ്റന്തീനോസിനും നൽകി. ആ ആണി വളരെ കനം കുറഞ്ഞവിധത്തിൽ ചക്രവൎത്തി അടിച്ചുപരത്തി ച്ചു രത്നഖചിതമായ തന്റെ കനകമകുടത്തിനുള്ളിൽ ഒരു അകയുറയെന്നോണം സ്ഥാപിക്കുകയുണ്ടായി. ഈ മകുടം അസാധാരണമായ ഉത്സവാവസരങ്ങളിൽ മാത്രമേ ചക്രവൎത്തി ധരിക്കാറുണ്ടായിരുന്നുപോൽ. ഈ കിരീടം പ്രധാനമായ ഒരു വിശേഷ ദാനമായി റോമാസഭയ്ക്കു കൊൻസ്റ്റന്തീനോപ്പോലീസിൽനിന്നു ലഭിച്ചു. റോമായിൽനിന്നു വി: ഗ്രീഗോറിയോസ് പാപ്പാ ഇതിനെ ലോംബോർദി രാജ്ഞിയായ തിയോദൊലിന്തായ്ക്കു സമ്മാനമായി അയച്ചുകൊടുത്തു. ഈ രാജ്ഞി 628—ൽ നിൎയ്യാതയായശേഷം അതു മോൻഡായിലെ പള്ളിയിൽ സൂക്ഷിക്കപ്പെടുവാനിടയായി. ഇന്നും അവിടെത്തന്നെയുണ്ടു്. സെപ്ത്oബർ മാസത്തിലെ ആദ്യഞായറാഴ്ച വിശ്വാസികളുടെ വണക്കത്തിനായി പ്രദൎശിപ്പിക്കപ്പെടുന്ന ഈ „ഇരുമ്പു" ചരിത്രപ്രകീൎത്തിതമാണു്. എത്രയധികം നാടുവാഴികളുടെ നെററിത്തടങ്ങൾ

www.malankaralibrary.com

കാണും ഈ മകടം അലങ്കാരമായി തീൎന്നിട്ടുള്ളതെന്നു നിശ്ചയമില്ല. വിശപ്രജേതാവായ നെപ്പോളിയൻ ചക്രവൎത്തിയും ഈ കിരീടത്തിനായി തല കനിക്കുകയുണ്ടായി. വേറൊരാണി തന്റെ പുത്രൻ കതിരസവാരി ചെയ്യുമ്പോൾ ആപത്തുണ്ടാകാതിരിക്കാൻവേണ്ടി ഏലനാരാജ്ഞി രശ്മികളിൽവെച്ചു പണിയിച്ചു. ഈ കതിരരശ്മി' കടിഞ്ഞാൺ, കൊൻസ്റ്റന്തീനോസിന്റെ പിൻഗാമികൾ ഉപയോഗിക്കാതെ രാജ്യത്തിലെ ഖജനാവിൽ സൂക്ഷിച്ചിരുന്നു. ആറാം നൂററാണ്ടിൽ ഇങ്ങനെ ഇതു ഖജനാവിലെ നിക്ഷേപമായിരുന്നു. കൊൻസ്റ്റന്തീനോപ്പോലീസിൽവെച്ചു നടന്ന അഞ്ചാമത്തെ സാർവത്രിക സൂനഹദോസ് സംബന്ധിച്ച് അവിടെയെത്തിയിരുന്ന വിജിലിയോസ് മാർപ്പാപ്പാ ചെയ്ത ഒരു സത്യത്തിൽ വിശുദ്ധരശ്മിയുടെ കാൎയ്യംകൂടി പ്രസ്താവിക്കുകയുണ്ടായി. ഈ തിരുവസ്തു നാലാമത്തെ ക്രൂശ് യുദ്ധകാലത്തു മോഷ്ടിക്കുകയും പ്രാൻസിലെ കാർപ്പെന്ത്രാസ് എന്ന സ്ഥലത്തെ മെത്രാസന ദേവാലയത്തിലേക്കു കൊണ്ടുപോകയും ചെയ്തു. അതു് ആ ദേവാലയത്തിൽ ചെന്നു സന്ദർശിക്കുന്നവൎക്ക് അഞ്ചാമത്തെ നിക്കോളോസ് പാപ്പാ 1491-ൽ ദണ്ഡമോചനവരം നൽകുകയുണ്ടായി.

പീലാത്തോസിന്റെ കൊട്ടാരത്തിൽവെച്ചു ദിവ്യരക്ഷകൻ ആരോഹണാവരോഹണാൎത്ഥം ഉപയോഗിച്ച കോണിപ്പടികൾ, വേറൊനിക്കാ തിരുമുഖം തുടച്ച ശീല, കൎത്താവിനു ശുക്തം മുക്കികുടിപ്പാൻ കൊടുത്ത ശൂന്യാവയവം, കുരിശിൻ മുകളിൽ ഒട്ടിച്ച നാമഫലകം, ക്രിസ്തുവിന്റെ പ്രേതവസ്ത്രം, തിരുവങ്കി മുതലായി വേറെയും ധാരാളം പീഡാനുഭവപരിശേഷങ്ങൾ, ക്രൈസ്തവലോകത്തിന്റെ പലേ ഭാഗങ്ങളിൽ, സാക്ഷാൽ

www.malankaralibrary.com

ലോകരക്ഷ നൽകുന്ന അവസരത്തിൽ ലോകരക്ഷകൻെറ വാഹനമായിരുന്ന കാൽവറിയിൽ നാട്ടിയ കുരിശിൻെറ ശകലങ്ങളോടൊപ്പം ആരാധിക്കപ്പെടുന്നുണ്ടു്. അവയെപ്പററിയുള്ള ചിന്ത ലൌകികനന്മയ്ക്കും ആത്മികാഭിവൃദ്ധിക്കും ഭക്തജനങ്ങളെ പാത്രീഭൂതരാക്കുമെന്നുള്ളതു പ്രത്യേകിച്ചു പ്രസ്താവിക്കേണ്ട അവശ്യമില്ലല്ലൊ.

മലയാള മനോരമ.

---

# ദിവംഗതനോ!
# ആഹാ, അപ്രൃശ്യനോ?

സ്റ്റാലിൻ ദിവംഗതനായി എന്ന പ്രയോഗം സാധൂകരിക്കാമോ?

മാർപാപ്പാതിരുമേനി സ്റ്റാലിൻെറ ആത്മാവിനുവേണ്ടി നടത്തിയ പ്രാർത്ഥന അനുചിതമോ?

ഞാൻ ഏതൊ കാര്യം ആലോചിച്ചു്, ചിന്തയിൽനിന്നു് അർദ്ധനിദ്രയിലേക്കു കടന്നിരുന്നു. ചൂടിൻെറ ആധിക്യവും പഴയ രീതിയിൽ കഴിഞ്ഞ പരിസരങ്ങളുടെ ആലസ്യവും എന്നെ ആ അവസ്ഥയിലാക്കുവാൻ സഹായിച്ചു. അപ്പോഴാണു്, ആശ്ചര്യം കലന്ന പ്രസ്തുത ചോദ്യം എന്നെ തട്ടിയുണത്തിയതു്. ചോദ്യം എൻെറ പിറകിൽ നിന്നാണു് വന്നതു്. ചോദ്യകത്താവു് അവിടെ അടുത്തു കാണപ്പെട്ട ചില വത്തമാനപ്പത്രങ്ങളിലൂടെ കണ്ണോടിക്കുന്നതായി ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ കണ്ടു. അങ്ങനെ,

www.malankaralibrary.com

പ്രസ്തുത ചോദ്യം "സ്റ്റാലിൻ ദിവംഗതനായി" എന്ന ചില വർത്തമാനപ്പത്രങ്ങളിൽ കണ്ട പ്രസ്താവനമൂലം ഉളവായതായിരുന്നു എന്ന് എനിക്ക ഊഹിക്കുവാൻ കഴിഞ്ഞു. സ്റ്റാലിൻ ദിവംഗതനാകുമെന്ന് ആ ചോദ്യകർത്താവിന്ന ചിന്തിക്കുവാൻ സാധിച്ചില്ല. സ്റ്റാലിൻ സമാധാനത്തിന്റെ മനുഷ്യനായിരുന്നുയെന്ന് ഭാരതത്തിന്റെ ഇന്നത്തെ വന്ദ്യ നേതാവ് പണ്ഡിററ് നെഹ്റു പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ആ അഭിപ്രായം ആദരണീയമായി നമ്മുടെ യുവസ്നേഹിതന്നു തോന്നിയില്ല. സ്റ്റാലിൻ സമാധാനത്തിന്റെ മനുഷ്യനൊ! ആട്ടിൻ കുട്ടിയെ പിടിച്ചു കൊന്നു വലിച്ചുകീറി അതിന്റെ രക്തമാംസങ്ങളിൽ ആനന്ദിക്കുന്ന ചെന്നായ് സമാധാനത്തിന്റെ ജന്തുവെന്നു സങ്കല്പിക്കപ്പെടാമൊ? ആട്ടിൻകുട്ടി അതിന്റെ ജീവസന്ധാരണത്തിന്നായി നശിപ്പിക്കുമായിരുന്ന പുല്ലുകൾ, പുല്ലുങ്ങൾ, ചെടികൾ, തളിരുകൾ ഇവ സംബന്ധിച്ചിടത്തോളം ചെന്നായ് സമാധാന ജന്തു ആയിരുന്നുവെന്നു പറയാം. ഇങ്ങനെ തനിക്ക തോന്നിയവിധം, തന്റെ ആഗ്രഹനിവൃത്തിക്കായി എന്തും ചെയ്യാൻ മടിക്കാതിരുന്ന ഒരു സമാധാന മനുഷ്യനായിരുന്നു സ്റ്റാലിൻ എന്നേ 1917—ലെ ബൊൽഷവിക്ക് വിപ്ലവം സംബന്ധിച്ചും, അതിനു ശേഷവും, ഉള്ള സ്റ്റാലിന്റെ ചെയ്തികളെപ്പററി ചിന്തിക്കുന്ന സാധാരണന്മാർക്ക ധരിക്കുവാൻ സാധിക്കുകയുള്ളൂ. ഒട്ടുവളരെ രക്തരേചന പരിപാടികൾ (Blood Purges) ക്കും കൂട്ടക്കൊലകൾക്കും ശേഷമാണ് സ്റ്റാലിൻ അധികാരത്തിൽ എത്തിയതു്. സ്വാധികാരം നിലനിറുത്തുവാൻ പല ജനസംഹാരങ്ങളുംഅദ്ദേഹം നിർവഹിച്ചു. കൂട്ടുടമസമ്പ്രദായത്തിന്റെ വിജയത്തിന്നുവേണ്ടി അനേകകോടി ജനങ്ങളുടെ ജീവൻ ബലികഴിച്ചു. ജർമ്മൻ നാസികളുമായി സഖ്യത്തിലേർപ്പെട്ടു്, രണ്ടാം ലോകമഹായുദ്ധം ഇള

www.malankaralibrary.com

ക്കിവിട്ടു. യൂറോപ്പ് എന്നുവേണ്ട ലോകം മുഴുവനും കഴിഞ്ഞ ഏഴുസംവത്സരക്കാലമായി ദുരന്തദുരിതം അനുഭവിക്കുന്നതിനു ഹേതുവായ ആ "ശീതസമര"ത്തിന്റെ നേതൃത്വം വഹിച്ചു. യുദ്ധോപകരണനിർമ്മാണത്തിനുള്ള അതിഭീമമായ വ്യയഭാരം റഷ്യൻ ജനതതിക്കും, അതിനെ തുടർന്ന് ലോകം മുഴുവനിലും ചുമത്തി. ഇങ്ങനെ ആലോചിക്കുമ്പോൾ സമാധാന മനുഷ്യൻ എന്നതിലധികം സമര മനുഷ്യൻ എന്ന വിശേഷണമാണ് സ്റ്റാലിനു അന്വർത്ഥമായി തീരുക.

സ്റ്റാലിനു ഒരു പ്രധാന ഗുണമുണ്ടായിരുന്നതു് ആദർശനിഷ്ഠയായിരുന്നു. ലോകോപകാരപ്രദമെന്നു് തനിക്കു് തോന്നിയ ഒരു സാമ്പത്തിക പദ്ധതിയുടെ പുരോഗമനത്തിന്നായി ഈശ്വരനെയും സമസ്തലോകത്തെയും വെല്ലുവിളിക്കാൻ സ്റ്റാലിൻ സദാ സന്നദ്ധനായിരുന്നു. ഈശ്വരനേ വെല്ലുവിളിക്കുക മാത്രമല്ല, ലൗകിക ജീവിത രംഗത്തുനിന്നു് ഈശ്വരനെ ബഹിഷ്ക്കരിക്കുവാനുദ്യമിക്കുകയാണു് ആ നിഷ്ഠുര സാമ്രാട്ടു് ചെയ്തതു്. അദ്ദേഹം ഈശ്വരാസ്തിത്വം നിഷേധിക്കുന്ന ജനസമുദായത്തിന്റെ, മാനവവിഭാഗത്തിന്റെ, സാമ്രാട്ടും കൂടിയായിരുന്നു. ഇന്നു് ഭൂലോകവാസികൾ രണ്ടു പ്രധാന ചേരികളിലായി തിരിഞ്ഞിരിക്കുകയാണല്ലൊ. ദൈവഭയത്തോടും ദൈവസ്നേഹത്തോടുംകൂടി ജീവിക്കുന്നവരും ദൈവദ്വേഷികളും ദൈവദ്രോഹികളുമായി കഴിയുന്നവരും. ഈ രണ്ടാമത്തെ കൂട്ടരുടെ വളർച്ചയ്ക്കു് സ്റ്റാലിനോടൊപ്പം സഹായിച്ചിട്ടുള്ള ഒരാൾ ആധുനിക ലോകത്തുണ്ടായിട്ടുണ്ടോയെന്നു സംശയമാണു്. മൂന്നാമതൊരു ചേരികൂടെ ലോകത്തിലുണ്ടു്. അതു ദൈവഹീനന്മാരുടെ ചേരിയാണു്. "മാതളനാരങ്ങ ഇല്ലെങ്കിൽ പൂവു്" എന്ന വൈ

www.malankaralibrary.com

ദൃശാസനത്തെ അനുസ്മരിപ്പിക്കുമാറ് ദൈവദ്വേഷികളും ദൈവഹീനരും പലപ്പോഴും ഒരു വർഗ്ഗത്തിൽ നിന്ന് മറ്റേതിലേക്ക് മാറുകയും കൂട്ടിക്കുഴയുകയും ഒരേഫലം തന്നെ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ദൈവദ്വേഷിയെ (Antigod) യും ദൈവഹീന (Godless) നെയും തമ്മിൽ വേർതിരിക്കുന്ന മറ വളരെ ലോലമാണ്. അതുകൊണ്ടത്രെ ദൈവവിരോധികളെപ്പോലെ തന്നെ ദൈവഹീനരും സ്റ്റാലിനെ തങ്ങളുടെ അഭിവന്ദ്യ ഗോത്രപിതാവായി കരുതുന്നത്. ഇതിൽ വിസ്മയത്തിനു വകയില്ല. കാരണം ഇരുകൂട്ടരും സ്റ്റാലിനോടൊപ്പം ആദ്ധ്യാത്മികങ്ങളും ദൈവികങ്ങളുമായ സകല മൂല്യങ്ങളെയും നിരാകരിക്കുന്നു. ആദ്ധ്യാത്മിക ദൈവീക മൂല്യങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട്, അവശ്യാവശ്യമായവയിൽനിന്നു ഭിന്നമായ, പദ്ധതികൾമൂലം മനുഷ്യസമുദായത്തിൻെറ സുസ്ഥിതി കൈവരുത്താമെന്നു ലെനിനും തുടർന്ന് സ്റ്റാലിനും വിശ്വസിച്ചു. തദർത്ഥം അവർ അപരിമിതമായ ശക്തി അഭിവാഞ്ഛിച്ചു. ഈ ഉദ്ദേശ്യസിദ്ധിക്ക് ചതിയും, വഞ്ചനയും, പരദ്രോഹവും ക്രൗര്യവും, കൂട്ടക്കൊലയും രക്തരേചനവും ആവശ്യമെന്ന് അവർ കരുതി. ആദ്ധ്യാത്മിക ദൈവിക മൂല്യങ്ങളും ഈ കഠിനകൃത്യങ്ങളും വൻ പാതകങ്ങളും തമ്മിൽ പൊരുത്തമില്ലല്ലോ. അങ്ങനെ ലെനിൻ, സ്റ്റാലിൻ പ്രഭൃതികൾ ദൈവദ്വേഷി ദൈവഹീന വർഗ്ഗങ്ങളുടെ നേതൃത്വപീഠത്തിൽ അവരോധിക്കപ്പെടുകയും ചെയ്തു.

ഇക്കൂട്ടർ എപ്രകാരം ഈശ്വരസാമീപ്യവും ഈശ്വരസാന്നിദ്ധ്യവുമുള്ള ദിവംഗമികളാ'മെന്ന സംശയം നമ്മുടെ യുവാസ്സേറിതനെന്നപോലെ പലർക്കുമുണ്ടാകാവുന്നതാണ്. തന്നിമിത്തമത്രെ പലരും സ്റ്റാലിൻെറ ആത്മശാന്തിക്കുവേണ്ടി

www.malankaralibrary.com

പന്ത്രണ്ടാം പീയൂസ് തിരുമേനി പ്രാൎത്ഥിച്ച എന്നവാൎത്തമൂലം വിസ്മയഭരിതരായതു്. ഒരാൾ അന്യനെ ദ്രോഹിച്ചുവെന്നുവന്നാലും ദ്രോഹമേററയാൾ ദ്രോഹകൎത്താവിനെ ദ്രോഹിക്കാതിരിക്കുന്ന അനുഭവം ലോകത്തിൽ ധാരാളമുണ്ടു്. ദ്രോഹമേററയാളുടെ കാരുണ്യാതിരേകം കൊണ്ടോ ദൌൎബല്യം കൊണ്ടോ ഇങ്ങനെ സംഭവിക്കാം. ദൈവത്തിന്റെ കാൎയ്യത്തിൽ ദൌൎബല്യശങ്കയ്ക്കു കാരണമില്ല. ദൈവം സൎവ്വശക്തനും സൎവ്വവല്ലഭനും ആണെന്നു ഈശ്വരവിശ്വാസികൾ സമൎത്ഥിക്കുന്നു. അവിടത്തേക്കു് അപ്രതിഹതമായ ശക്തിയും അപരിമിതമായ കാരുണ്യവുമുണ്ടു്. അവിടത്തെ ശക്തിമൂലം ദൈവദ്രോഹികൾക്കു് തക്ക ശിക്ഷ നൽകുവാൻ സാധിക്കുമെന്നിരുന്നാലും കാരുണ്യാധിക്യത്തിൽ ശക്തി അലിഞ്ഞു് പ്രവൎത്തനരഹിതമായി കഴിയുന്ന അവസ്ഥ ദൈവവിശ്വാസികൾക്കു് സുപരിചിതമാണു്. ആകയാൽ ദൈവഭക്തർ ദൈവദ്രോഹികളുടെ കാൎയ്യത്തിൽ ഈശ്വരകാരുണ്യത്തെപ്പററിയാണു് ഈശ്വരശക്തിയെക്കാൾ കൂടുതലായി ചിന്തിക്കുന്നതു്. മാത്രമല്ല, ക്രിസ്തുഭക്തർ തങ്ങൾക്കു് അപകാരം ചെയ്തവരോടു ക്ഷമിക്കുവാൻ, അനുദിനം പല പ്രാവശ്യം ക്രിസ്തുനാഥന്റെ നിർദ്ദേശത്താൽതന്നെ ഉൽബോധനം നല്കപ്പെടുന്നവരുമാണു്. ഗാഗുൽത്താ മലമുകളിൽ ക്രൂശിൽ തറയ്ക്കപ്പെട്ടു്, ദണ്ഡനമേററു് മരണാസന്നനായിരിക്കുകയിൽ സ്വപീഡകന്മാൎക്കുവേണ്ടി "പിതാവെ, അവരോടു ക്ഷമിക്കേണമെ, എന്തുകൊണ്ടെന്നാൽ അവർ ചെയ്യുന്നതെന്തെന്നു് അവർ അറിയുന്നില്ല." എന്നു ക്രിസ്തു പ്രാൎത്ഥിച്ചതിന്റെ അനുകരണം അഥവാ ആവൎത്തനം മാത്രമാണു് പന്ത്രണ്ടാം പീയൂസ് സ്റ്റാലിനുവേണ്ടി നടത്തിയ പ്രാൎത്ഥന. ക്രിസ്തുവിന്റെ വികാരി, അല്ലെങ്കിൽ പ്രതിനിധിയായിട്ടാണല്ലൊ പാപ്പാ തദധീനരാൽ ആദരിക്കപ്പെടുന്നതു്. ക്രൂശിൽ കിട്ട

www.malankaralibrary.com

ന്നുകൊണ്ടു് ക്രിസ്തുനാഥൻ അരുൾചെയ്ത സപ്ത വാക്യങ്ങളിൽ അട്ടത്തതു്, അതായതു രണ്ടാമത്തെതു് ഈ അവസരത്തിൽ നമ്മുടെ പ്രത്യേക ശ്രദ്ധയെ അർഹിക്കുന്നു. വലതുഭാഗത്തു ക്രൂശിക്കപ്പെട്ട "കള്ളൻ" ഒരു മഹാ പാതകിയായിരുന്നുവെന്നത്രെ സുവിശേഷം സ്ഥാപിക്കുന്നതു്. അവൻ ക്രിസ്തുവിനെ അഭിമുഖീകരിച്ചു്, നിൻെറ രാജ്യത്തു എത്തുമ്പോൾ, നാഥാ നീ എന്നെ ഓർക്കേണമെ എന്നു പ്രാർത്ഥിച്ചു. ദൈവത്തിൻെറ കാരുണ്യാതിരേകം ക്ഷണികമായി, ആലങ്കരിക ശീഘ്രതയേയും അതിലംഘിച്ചുകൊണ്ടു്, പ്രവർത്തിച്ചു. ക്രിസ്തുനാഥൻ ആ "നല്ല കള്ളനെ" സമാശ്വസിപ്പിച്ചു, അയാൾക്കു രക്ഷനൽകി, അയാൾക്കു് അന്നേദിനം തന്നെ സ്വർഗ്ഗപ്രാപ്തി വാഗ്ദാനം ചെയ്തു, "ഇന്നു് നീ എന്നോടുകൂടി പറുദീസായിലായിരിക്കും" എന്ന നാഥൻെറ സമുദ്ധാരകമായ വാക്യം എത്രയോ കാരുണ്യമസൃണമാകുന്നു. ആ നാഥൻ, ക്രിസ്തു ഭഗവാൻ സനാതനനും ചിരഞ്ജീവിയും ആകകൊണ്ടു് അവിടത്തെ കാരുണ്യകടാക്ഷം സ്റ്റാലിൻെറമേൽ പതിക്കുവാൻ സംഗതിയായില്ലെന്നാർക്കറിയാം. സ്റ്റാലിൻ ഒരു കാലത്തു ക്രിസ്തുവിശ്വാസിയായിരുന്നു. വൈദിക പദ പ്രാപ്തിക്കായി പരിശീലനം കഴിച്ചിരുന്നു. അദ്ദേഹത്തിൻെറ അന്തരംഗം താൻ നടത്തിയ പൈശാചിക മർദ്ദനപരിപാടിയുടെ മദ്ധ്യത്തിലും ഈശ്വരകാരുണ്യ ചിന്തയിൽ നിന്നു് വിദൂരമായിരുന്നില്ലെന്നുവരാം. ബാഹ്യലോകത്തെ സംബന്ധിച്ചിടത്തോളം ബോധരഹിതനായി സ്റ്റാലിൻ കഴിഞ്ഞ അദ്ദേഹത്തിൻെറ അവസാന മണിക്കൂറുകളിൽ, അന്തിമമുഹൂർത്തത്തിൽ തന്നെ, ആ മർദ്ദക സാമ്രാട്ടിൻെറ, ആ ക്രൌര്യസ്ഥൈര്യത്തിൻെറ, ഹൃദയം, ദൈവത്തിങ്കലേക്കു് തിരിയുവാൻ ശക്തമായി ഇരുപതാം നൂററാണ്ടിലെ "നല്ല കള്ള"നാകാൻ അദ്ദേഹത്തെ സഹായിച്ചുവെ

www.malankaralibrary.com

ങ്കിൽ! ജീവിത കോലാഹലങ്ങൾക്കിടയിൽ ദൈവത്തെ വിസ്മരിച്ചയാൾ മരണാവസരത്തിൽ ദൈവത്തെ ശരണീകരിച്ചുവെങ്കിൽ! തീർച്ചയായും ദൈവവും ആത്മാവും ഉണ്ടെന്നു വിശ്വസിക്കുവാൻ സ്റ്റാലിനെ പ്രേരിപ്പിക്കുന്ന ഒരു മരണാനന്തരജീവിതം അദ്ദേഹത്തിനുണ്ടാകും, ഇങ്ങനെ „സ്റ്റാലിൻ ദിവംഗതനായി" എന്ന പ്രസ്താവന സാധൂകരിക്കാമെന്നായിരുന്നു സമാധാനം. „കണ്ടറിയണം" എന്നു പിറുപിറുത്തുകൊണ്ടു് അയാൾ രംഗത്തുനിന്നു പിൻവാങ്ങി.

നവഭാരതി

---

# ദൈവവചനം സജീവമോ?

ദൈവവചനത്തെപ്പററി ഇക്കാലത്തു വിദ്യാലയഭിത്തികൾക്കുള്ളിലും പൊതുയോഗങ്ങളിലും ധാരാളമായി പ്രസംഗിക്കാറുണ്ടെങ്കിലും, ആ പ്രസംഗഫലമായി ശ്രോതാക്കളുടെ ജീവിതരീതിയിലും സന്മാർഗ്ഗാസക്തിയിലും പറയത്തക്ക വ്യത്യാസങ്ങൾ ഉണ്ടാകാറില്ലെന്നു സമർത്ഥിച്ചുകൊണ്ടു്, അമേരിക്കൻ കത്തോലിക്കാ സർവ്വകലാശാലയിലെ ഡാക്ടർ വില്ല്യം റസ്സൽ ഇന്നു പ്രഖ്യാപിക്കപ്പെടുന്ന ദൈവവചനം തന്നെ നിർജ്ജീവമായിത്തീർന്നിട്ടില്ലയോയെന്നു ഒരു പ്രഭാഷണമദ്ധ്യേ സന്ദേഹിക്കുകയുണ്ടായി. മതോപദേഷ്ടാവിൻെറ ഉദ്ദേശ്യം മതതത്വങ്ങളെപ്പററിയുള്ള ആദരവും, അതനുസരിച്ചു ജീവിക്കുവാനുള്ള സന്നദ്ധതയും, ശ്രോതാക്കളിൽ വ

www.malankaralibrary.com

ദ്ധിപ്പിക്കുകയാകയാൽ ആ ഫലങ്ങൾ ഉളവാക്കാത്ത ദൈവ ഛന പ്രഖ്യാപനം വ്യർത്ഥമാണെന്നു ഡോക്ടർ റസ്സൽ അഭി പ്രായപ്പെട്ടു. മതം, തദനുയായികളുടെ വിശ്വാസത്തെ മാ ത്രമല്ലാ, ചിന്താഗതിയെയും ആചാരമുറകളേയും ഗാഢമാ യി ബന്ധിക്കേണ്ടതാണു്. ഇങ്ങനെയെങ്കിൽ ബാഹ്യാവ ലോകനത്തിൽ കത്തോലിക്കരും ഇതരന്മാരും തമ്മിൽ സാ രമായ അന്തരമില്ലാത്തതെന്താണെന്നു ഡാക്ടർ റസ്സൽ ചോ ദിച്ചു. അക്രൈസ്തവരുടെ അബദ്ധോപദേശങ്ങളെ വിമർ ശിക്കുന്നതിലും അവർ ക്രിസ്തുമതത്തിന്നെതിരായി കൊണ്ടു വരുന്ന ദുർവ്വാദങ്ങളെ ഖണ്ഡിക്കുന്നതിലും ക്രിസ്ത്യാനികൾ വിനിയോഗിക്കുന്ന സമയവും ശ്രമവും, ക്രൈസ്തവചൈത ന്യം ക്രിസ്ത്യാനികളുടെയിടയിൽ പൂർവ്വാധികം വ്യാപിക്കു ന്നതിലേയ്ക്കുപയോഗിക്കുക അഭികാമ്യമായിരിക്കുമെന്നു അദ്ദേഹം സ്ഥാപിക്കുകയുംചെയ്തു. കുദാശകളുടെ സംഖ്യ, പാപങ്ങളുടെ ഗുണവ്യത്യാസം, മുതലായ കാര്യങ്ങൾ പഠി പ്പിച്ചു് മതോപദേഷ്ടാക്കൾ തത്വപരമായ ഉപരിജ്ഞാനം നൽകുവാനേ ശ്രമിക്കുന്നൊള്ളുയെന്നും, ക്രൈസ്തവ ചൈത ന്യത്തോടുകൂടി സ്നേഹിക്കുവാനും പ്രവർത്തിക്കുവാനും പഠി പ്പിക്കുന്ന വിഷയത്തിൽ കത്തോലിക്ക മതാധികാരികൾ കാലോചിതമല്ലാത്ത അനാസ്ഥ പ്രദർശിപ്പിക്കുന്നുവെന്നുമാ ണു് ഡോക്ടർ റസ്സലിൻെറ വിവക്ഷ.

എന്നാൽ ഒക്ടോബർ 2–ാംതീയതിയും നവംബർ 6–ാം തീയതിയും കോട്ടയത്തെ കാത്തോലിക്ക ക്ലബ്ബ് മന്ദിരത്തിൽ നടന്ന യോഗങ്ങളും പ്രസംഗങ്ങളും, ഒടുവിൽ പറഞ്ഞ ദി വസം കോട്ടയം ലൂർദ്ദു് പള്ളിയിൽ നിർവ്വഹിക്കപ്പെട്ട ചട ങ്ങുകളുമായി അടുത്തു പരിചയിച്ചിരുന്നുവെങ്കിൽ ഡാക്ടർ റസ്സൽ തൻെറ അഭിപ്രായം അല്പമായിട്ടെങ്കിലും ഭേദപ്പെട്ടു

www.malankaralibrary.com

ത്തുമായിരുന്നുവെന്നുള്ളതിനു സംശയമില്ല. യോഗങ്ങൾ കോട്ടയത്തെയും സമീപസ്ഥലങ്ങളിലെയും അഭ്യസ്തവിദ്യരായ കത്തോലിക്കരെ ഉദ്ദേശിച്ചായിരുന്നു. അവരിൽ ധാരാളംപേർ അവിടെ സന്നിഹിതരാകയും ചെയ്തു. ആദ്യത്തെ യോഗത്തിൽ ബ്രദർ പീററർ റെഡി, എം. എ. എൽ. ററി. ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം: „മനുഷ്യജീവിതത്തിൽ ആദ്ധ്യാത്മിക ബോധത്തിനു പണ്ടുണ്ടായിരുന്ന പൂജ്യസ്ഥാനം ഇന്നു നഷ്ടപ്രായമായിരിക്കുകയാണു്. യഥാർത്ഥത്തിൽ അതീവ നിസ്സാരങ്ങളായ ലൌകിക കാര്യങ്ങൾക്കാണു് ഇന്നു സർവ്വപ്രാധാന്യവും. രാഷ്ട്രം ഇന്നു അത്യുന്നതമായ ഒരു പൂജ്യസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടിരിക്കയാണു്. രാഷ്ട്രമാകുന്ന മഹായന്ത്രസംവിധാനത്തിലെ കേവലം നിസ്സാരമായ ഒരാണിയുടെ പദത്തിലേക്കു വ്യക്തി അധഃപതിച്ചുപോയി. ധനതൃഷ്ണയാണു് ഇന്നു സർവ്വത്ര കളിയാടുന്നതു്. പണമുള്ളവരും ഇല്ലാത്തവരും പണത്തിൻെറ പിന്നാലെ വിരണ്ടോടുകയാണു്. നമ്മുടെ രാഷ്ട്രീയവും സാമ്പത്തികവും, മതപരവുമായ എല്ലാ യത്നങ്ങളും, വാസ്തവം പറഞ്ഞാൽ നമ്മുടെ ആദർശങ്ങളും, നമ്മുടെ സ്വാതന്ത്ര്യവും, സമത്വവും സാഹോദര്യവുമെല്ലാം അവയുടെ യഥാർത്ഥ സാരസർവ്വസ്വങ്ങളിൽനിന്നു് പിഴുതെടുത്തു, മൃഗശാലയുടെ പശ്ചാത്തലത്തിലാണു് വ്യാഖ്യാനിക്കപ്പെടുന്നതു്. എല്ലാ സ്ഥാപനങ്ങളെയും കുററം പറയുക ഇന്നു സാധാരണമാണല്ലൊ. നിലവിലുള്ള സ്ഥാപനങ്ങളുടെ സ്ഥാനത്തു പുതിയവയെ പ്രതിഷ്ഠിക്കുന്നതിലാണു് മനുഷ്യൻെറ മുക്തി എന്നു പ്രഖ്യാപിക്കപ്പെടുന്നു. എന്നാൽ യഥാർത്ഥമായ ഹൃദയപരിവർത്തനത്തെപ്പററി നാം യാതൊന്നുംതന്നെ കേൾക്കുന്നില്ല! „വിദ്വേഷമെ, നീ എൻെറ പ്രേമതത്വമായിരിക്കുക; സാത്താനെ, നീയാണെൻെറ ദൈവം; ഉദര

www.malankaralibrary.com

മെ; നീ തന്നെ എൻെറ അന്ത്യം എന്നുള്ള മുറവിളികളാൽ ഇന്നു നമ്മുടെ അന്തരീക്ഷം മുഖരിതമാണുതാനും."

മിസ്റ്റർ റെഡ്ഢി തുടൎന്നുപറഞ്ഞു; "രക്തച്ചൊരിച്ചിലിൽ കൂടിയോ, അഗ്നിയിൽ കൂടിയൊ ഒരു പാൎട്ടിയുടെ മൃഗീയ ഭൂരിപക്ഷത്തിൽകൂടിയോ അല്ലാ പ്രത്യുത സ്നേഹവും സഹതാപവും വഴി", വിശുദ്ധ ഫ്രാൻസീസിൻെറ ഈ അലോക സാധാരണമായ ചൈതന്യവിശേഷത്തിനു് മാത്രമെ, ഇന്നത്തെ കുഴപ്പങ്ങളിൽനിന്നു ലോകത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഈ വസ്തുത മാർപ്പാപ്പാമാർ തന്നെ അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്......വിശുദ്ധ അസീസിയുടെ ചൈതന്യവിശേഷമാകുന്ന തൈലത്തിനു മാത്രമെ മനുഷ്യരാശിയുടെ ഇന്നത്തെ മുറിവുകളെ സുഖപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. വി. ഫ്റാൻസീസിൻെറ ചൈതന്യത്തെ മൂന്നു കൊച്ചുവാക്കുകളിൽ സംക്ഷേപിക്കാം, ഞാൻ ഒന്നുമല്ലാ, എനിക്കു യാതൊന്നുമില്ല, ക്രിസ്തുവല്ലാതെ യാതൊന്നും എനിക്കുവേണ്ടാ".

വി. ഫ്റാൻസീസിൻെറ ചൈതന്യവിശേഷമായ തൈല സംഭരണത്തിനായിട്ടാണു് കോട്ടയം യോഗങ്ങളിൽ അഭ്യസ്തവിദ്യരായ കത്തോലിക്കർ പലേ ഇടവകകളിൽ നിന്നും സംബന്ധിച്ചതു്. അവക്കു തൈലവിതരണം ചെയ്യുവാനാണു് കപ്പൂച്ചിൻ സന്യാസവൎയ്യരായ ഫാദർ ഇഗ്നേഷ്യസ്, ഫാദർ ലിയൊ തുടങ്ങിയവർ ഏതാനും മാസങ്ങളായി ഉത്സാഹിച്ചുകൊണ്ടിരുന്നതു്.

ക്രിസ്തുസഭ. ഒരു സമീകരണ പ്രസ്ഥാനമാണെന്നാണെല്ലാം പ്രസിദ്ധി. റോമനും യവനനും, യഹൂദനും പുറജാ

www.malankaralibrary.com

തിക്കാരനും, തങ്ങളുടെ പ്രത്യേക ലക്ഷണങ്ങളെയും ദുർവ്വാസനകളെയും പരിത്യജിച്ചു്, കരിശിൻറവഴി, ആശ്രിക്കുന്നതിൽ ഏകാഭിപ്രായക്കാരായി പരിണമിക്കുന്നു. അവരെല്ലാം സമത്വസുന്ദരവും സാഹോദര്യ നിർഭരവുമായ ഒരു ഏകോദരസമുദായത്തിൽ ലയിക്കുന്നു. ഇപ്രകാരമുള്ള, അഥവാ ഇതിലുമധികം പ്രവർത്തകമായ ഒരു സമീകരണശക്തിയാണു് കോട്ടയത്തെ യോഗങ്ങളിൽ അനുഭവപ്പെട്ടതു്. അവിടെ പേച്ചുകാരും മുൻസ്ഫും, ജഡ്ജിയും, അഭിഭാഷകനും, ബാങ്കറും വ്യവസായിയും, കർഷകനും വർത്തകനും, നിയമസഭാംഗവും സമ്മതിദായകനും, പത്രപ്രവർത്തകനും അദ്ധ്യാപകനും, തങ്ങളുടെ വിവിധങ്ങളായ ഉപാധികളെയും സാദ്ധ്യതകളെയും വിഗണിച്ചിട്ടു് കത്തോലിക്കരെന്ന നിലയിൽ തങ്ങൾക്കു കൈവരുത്താവുന്ന, തങ്ങളിൽനിന്നു ലോകത്തിനു ലഭിക്കാവുന്ന, പുണ്യവൃത്തിയിൽ മാത്രം ദത്തശ്രദ്ധരായിരുന്നു. മൂന്നു കൂടാരങ്ങളല്ല, വാസയോഗ്യങ്ങളായ മുപ്പതുകൂടാരങ്ങളായാലും മതിയാകയില്ലെന്നുള്ള മനഃസ്ഥിതി ആ "പുണ്യാഹ" കർമ്മങ്ങളിൽ സംബന്ധിച്ചവരിൽ കൂടികൊണ്ടുയെന്നുള്ളതിനു സംശയമില്ല.

അതെ, സാക്ഷാൽ ഓരോ ദിവസവും, "പുണ്യാഹം" തന്നെ ആയിരുന്നു. രണ്ടാമത്തെ ദിവസത്തിൽ ഫ്റാൻസിസ്കൻ 'പാശവും' 'ഉത്തരീയവും' സ്വീകരിച്ച നവസന്യാസത്തിലേയ്ക്കു പ്രവേശിച്ചതു് തീർച്ചയായും അതിൽ സംബന്ധിച്ചവരെ "പുളകിതാത്മാ"ക്കളാക്കിതീർത്തിരിക്കണം. 'ലോകസൂത്ര'ത്തിൽനിന്നു ഫ്റാൻസിസ്കൻ "പാശത്തിലേക്കു്!. പാശത്തിലെ കെട്ടുകൾ ആത്മനിയന്ത്രണം, ആശാനിഗ്രഹം, നയനസംയമനം, മുതലായി എത്രയെത്ര കെട്ടുകളേയും മുട്ടുകളേയും നിർദ്ദേശിക്കുന്നുയെന്നു ശക്തമായ ഒരു ഭാവനയ്ക്കേ സങ്കല്പിക്കാൻ സാധിക്കുകയുള്ളു. "ഞാൻ

www.malankaralibrary.com

സത്യമായിട്ടു നിങ്ങളോടു പറയുന്നു, നിങ്ങൾ വീണ്ടും ശിശുക്കളെപ്പോലെ ആവുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല" എന്ന ദിവ്യനാഥന്റെ അമൂല്യോപദേശം അവിസ്മരണീയംതന്നെ. അറുപതുകഴിഞ്ഞ കിഴവനും, ഊറാൻ മീശക്കാരനായ യുവാവും സക്രാരിയിൽ എഴുന്നരുളിയ കർത്താവിന്റെ മുമ്പിൽ പ്രണാമംചെയ്തു്, വിശ്വാസ സത്യം ഉച്ചരിച്ചു്, വീണ്ടും ശിശുക്കളായിതീന്ന ആ പരിവൎത്തനകൎമ്മം കത്തോലിക്കാ സഭയിൽ മാത്രമെ സാദ്ധ്യമാകയുള്ളു. ലൌകികങ്ങളെ അലൌകികങ്ങളായി, പാരിത്രകങ്ങളായി, പകൎത്തുന്നതിൽ സഭയ്ക്കു് അനന്യാദൃശമായ ഒരു ശക്തിവിശേഷമുണ്ടു്. കത്തുന്ന മെഴുകുതിരി വൈദികൻ ഫ്രാൻസിസ്കൻ നവസന്യാസിയുടെ കയ്യിൽ കൊടുത്തുകൊണ്ടു് അയാളെ സ്വർഗ്ഗപ്രകാശാനുഭവത്തിലേക്കു് ക്ഷണിക്കുന്നു. മേരിഗിരിയിലെ മെഡിക്കൽ മിഷ്യൻസഹോദരികൾ പരിശുദ്ധാരൂപിയെ ശ്രുതിമധുരമായ ഗാനാലാപം മൂലം ആഹ്വാനം ചെയ്തു് ചടങ്ങുകൾക്കു് പവിത്രത നൽകുന്നു. ഇങ്ങനെ ലോകവും നാകവും തമ്മിലുള്ള സേതുബന്ധമാണു് കോട്ടയം ലൂർദ്പള്ളിയിൽ നടന്നതു്. അന്നു് അവിടെ ഫ്രാൻസിസ്കൻ നവസന്യാസികളായി ഉയൎന്ന അഭ്യസ്തവിദ്യർ, അവരിൽ ഭൂരിപക്ഷവും ഒന്നിലധികം സൎവ്വകലാശാലാ ബിരുദങ്ങൾ സമ്പാദിച്ചവരായിരുന്നു— അനേക ശതം രാജാക്കന്മാരും, പ്രഭുമുഖ്യരും, ധനാഢ്യരും, കവിസാൎവ്വഭൌമരും, വൈദിക സത്തമരും, പണ്ഡിതാഗ്രേസരരും സുലഭമായി സഞ്ചരിച്ച ഒരു ഭക്തിമാൎഗ്ഗത്തിൽ പ്രഥമപാദം വെക്കുക മാത്രമാണു് ചെയ്തതു്. ഒരഭിഭാഷക സ്നേഹിതൻ ഫലിതമായി പ്രസ്താവിച്ചപ്രകാരം മുക്തി പ്രാപ്തിക്കായി അങ്ങനെ ചെയ്തു. എന്നാൽ പ്രഥമ പാദവും യാത്രാസമാപ്തിയും തമ്മിൽ എന്തന്തരം! സഞ്ച

www.malankaralibrary.com

രിക്കേണ്ട മാർഗ്ഗം എത്രയോ സുദീർഘം! പക്ഷെ ഓരോ ചിന്തയും, ഓരോ നിശ്വാസവും, ഓരോ പദോച്ചാരണവും, ഓരോ വസ്ത്രധാരണ ചടങ്ങും, ഓരോ കേശാലങ്കാരകർമ്മവും ലക്ഷ്യപ്രാപ്തിയെ ത്വരിതപ്പെടുത്തുന്നതിനും അല്ലെങ്കിൽ വിഘ്നപ്പെടുത്തുന്നതിനും, ശേഷിയും ശേമുഷിയും ഉള്ളതായിരിക്കും. ഈ വിചാരത്തോടുകൂടി നമുക്കു ഫ്റാൻസിസ്കൻപാശം ധരിക്കാം; അതിലെ കെട്ടുകളെ രക്ഷാകരമായി മുറുക്കാം. അനന്തരഫലമായി കേരളത്തിൽ ഫ്റാൻസിസ്കൻ ചൈതന്യം പ്രചരിക്കട്ടെ; കത്തോലിക്കാ മുക്തിമാർഗ്ഗം പൂർവ്വാധികം ആദരിക്കപ്പെടട്ടെ.

ദീപിക ആഴ്ചപ്പതിപ്പ്, 1949 നവംബർ 27.

www.malankaralibrary.com

# ആ കുറവിലങ്ങാട്ടുകാരനെ പററി.

എൻെറ ഈ പ്രസ്താവം സാഹസികമാണെന്ന് എനിക്കുതന്നെ തോന്നുന്നു. അദ്ദേഹം അതീതകാലങ്ങളിൽ ജീവിച്ചിരുന്നുവെങ്കിലും, ബഹുധാ വിശ്വവിശ്രുതനായിത്തീൎന്ന ഒരു സമുദായ നേതാവായിരുന്നു. കുറവിലങ്ങാട്ടെ പുരാതന "നാലില്ല"ക്കാരിൽ പലതുകൊണ്ടും പ്രധാനമായി പരിഗണിക്കപ്പെട്ട പകലോമററം തറവാട്ടിൽ അദ്ദേഹം ജനിച്ചു. ആ നാലില്ലങ്ങളിൽ ഒന്നായ കാളികാവു് തറവാട്ടിലാണു് ഈയുള്ളവൻെറ ജനനമെങ്കിലും കുറവിലങ്ങാട്ടുകാരെന്നനിലയിലല്ലാതെ ഞങ്ങൾ തമ്മിൽ യാതൊരു സാമ്യവുമില്ല. പ്രത്യുത ഞങ്ങൾ തമ്മിൽ അമ്പിളിയും കമ്പളവും തമ്മിലുള്ളതിൽ കവിഞ്ഞ അന്തരവുമുണ്ടു് അദ്ദേഹം സമുദായനേതാവു് മാത്രമല്ല, വൈദികാധികാരിയും കൂടിയായിരുന്നു. ഒരു വമ്പിച്ച ഒനസമുദായത്തിൻെറ, അനേകായിരം ആയുധപാണികളെ യഥേഷ്ടം സമരത്തിനോ സമാധാനത്തിനോ വേണ്ടി അണിനിരത്താൻ കഴിഞ്ഞ കേരള നസ്രാണിസമുദായത്തിൻെറ, നിസ്തുല്യനായകനായിരുന്ന അദ്ദേഹത്തിൻെറ സഖ്യം സമ്പാദിക്കുവാൻ ഇന്നാട്ടിലെ നാടുവാഴികൾ അഹമഹമികയാ മത്സരിച്ചതുപോലെ അദ്ദേഹത്തിൻെറ സൗമനസ്യവും ആനുകൂല്യവും സമ്പാദിക്കുവാൻ വിദേശമിഷനറിമാരും വൈദികാധികാരികളും അത്യദ്ധ്വാനംചെയ്തിരുന്നു. ഒരു നാടുവാഴിയെ പ്രീണിപ്പിച്ചു് അപരനെ ഭീഷണിപ്പെടുത്തുവാൻ കഴിഞ്ഞിരുന്ന അദ്ദേഹം, വൈദികാധികാരികളോടുള്ള പെരുമാററത്തിലും നയകോവിദനെന്നറിയപ്പെട്ടു. ഇപ്രകാരമുള്ള ഒരു പുരുഷപുംഗവ

www.malankaralibrary.com

ന തെററുപററിയെന്നു് പറയുവാൻ സൂക്ഷ്മതയും ദീർഘ ചിന്തയും അത്യാവശ്യമാണു്. ശ്രദ്ധാപൂർവ്വവും അതിസൂക്ഷ്മമായും ദീർഘമനാൾ ചിന്തിച്ചിട്ടും, അദ്ദേഹത്തിനു് മാർ തോമ്മാ അക്കദിയാക്കോനു, ചില ചരിത്രകാരന്മാർ ഒന്നാംമാർതോമ്മാ മെത്രാൻ എന്നു് കീർത്തിക്കുന്ന ആ വൈദികസ്ഥാനിക്കു്, തെററുപററിയെന്നാണു് ആവർത്തിച്ചാവർത്തിച്ചു എനിക്കു് പ്രസ്താവിപ്പാനുള്ളതു്. യാക്കോബായ സമുദായക്കേസ്സ് സംബന്ധിച്ചു് ഇന്ത്യാ സുപ്രീംകോടതിയിലോ തിരുവിതാംകൂർ കൊച്ചി ഹൈക്കോടതികളിലോ മററു കോടതികളിലോ നടന്നിട്ടുള്ള വാദിപ്രതിഭാഗങ്ങളിലെ വാദഗതിയും കോടതികളിൽനിന്നുണ്ടായിട്ടുള്ള അഭിപ്രായപ്രകടനവും പഠിച്ചിട്ടുള്ളവക്കറിയാം ഒരു സാധാരണ പട്ടക്കാരൻ, അല്ല. പട്ടക്കാരിൽ പ്രശസ്തനായ ഒരു പ്രമാണി, മെത്രാൻപദവിയിലേക്കുയരണമെങ്കിൽ ഏതെല്ലാം കാന്മികന്മാക്കും കർമ്മങ്ങൾക്കും വിധേയനായിരിക്കണമെന്നു്. സഭാനിയമങ്ങളും, സുന്നഹദോസ്സ് നിശ്ചയങ്ങളും പാരമ്പര്യവും ഇതിനു് അവശ്യാവശ്യവും അലംഘനീയവുമായ നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടു്. ഒരു മെത്രാൻ അപ്പസ്തോലപിൻഗാമിയാണു്. ഈ ദൈവ്രഹികപിന്തുടർച്ച ഒരു മെത്രാന ലഭിക്കുന്നതും ലഭിക്കേണ്ടതും നിയമാനുസൃതവും അധികാരയുക്തവുമായ „കൈവെപ്പു"മൂലമത്രെ. „എന്തെന്നാൽ ഞാൻ കർത്താവിൽനിന്നു ലഭിച്ചതു് നിങ്ങൾക്കു് ഏല്പിച്ചുതരികയുംചെയ്തു" (1 കൊറി 11. 12) എന്ന വിശുദ്ധ പൗലോസിൻെറ വാക്യം അപ്രകാരം മാത്രമാണു് സാർത്ഥീകൃതമാകുന്നതു്. വീണ്ടും „നിങ്ങൾ സ്വീകരിച്ചതിനു പുറമെയുള്ള ഒരു സുവിശേഷം ആരെങ്കിലും നിങ്ങളോടു പ്രസംഗിക്കുന്നുവെങ്കിൽ അവനു ശാപം" (ഗാല. 1. 9) എന്നും ശ്ലീഹാ ഉപദേശിക്കുന്നുണ്ടു്. ഇങ്ങനെ ക്രിസ്തുവും അപ്പസ്തോല

www.malankaralibrary.com

ന്മാരും പ്രസംഗിച്ച സുവിശേഷം, നൽകിയ ഉപദേശം, അന്യൂനമായി കാത്തുസൂക്ഷിക്കുകയും നിർഭേദമായി അനുസരിക്കുകയും ചെയ്യുന്നതു് സാക്ഷാൽ ക്രൈസ്തവസഭയാണ്. ഈ സഭയോടാണു് ക്രിസ്തുനാഥൻ "കണ്ടാലും ഞാൻ നിങ്ങളോടുകൂടി എല്ലാ നാളുകളിലും, അതെ ലോകാവസാനംവരെ ഉണ്ടായിരിക്കും" എന്നു് കാരുണ്യപൂർവ്വം കരാർ ചെയ്തതു്. ഈ സഭയിൽ പഠിപ്പിക്കുന്ന വിഭാഗവും പഠിക്കുന്ന വിഭാഗവുമുണ്ടു്. മെത്രാന്മാരുൾപ്പെടെയുള്ള വൈദികാദ്ധ്യക്ഷന്മാർ പഠിപ്പിക്കുന്ന സഭാവിഭാഗമാണു്. പഠിപ്പിക്കുന്ന സഭാവിഭാഗത്തിന്റെ പ്രവർത്തനരംഗത്തിൽ പഠിക്കുന്ന സഭാവിഭാഗം കൈയേററം ചെയ്യുമ്പോൾ അധികാരധിക്കാരവും ശീശ്മയും ആവിർഭവിക്കുന്നു. അരിയൂസ്, നെസ്തോറിയസ് മുതലായവർ പ്രബോധകസഭയെ, പഠിപ്പിക്കുന്ന സഭാവിഭാഗത്തെ, യഥാർഹം ആദരിക്കുകയും അനുസരിക്കുകയും ചെയ്യാതിരുന്നതിനാൽ സഭയിൽനിന്നു് നിഷ്കാസിതരായി. സഭയെ അനുസരിക്കാതെ സത്യവിശ്വാസത്തിൽ നിന്നു് വ്യതിചലിച്ചവർ ഈവിധം നിഷ്കാസിതരായതു് റോമാ മെത്രാന്റെ അധികാരഭ്രമംകൊണ്ടല്ല, ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയുടെ പരമാദ്ധ്യക്ഷൻ റോമാ മെത്രാനായതുകൊണ്ടും, തായിത്തടിയിൽനിന്നു മുറിക്കപ്പെട്ട കൊമ്പു് യഥാകാലം ഉണങ്ങിപ്പോകുമെന്നുള്ളതുകൊണ്ടുമത്രെ. അപ്പസ്തോലനായ വി. യാക്കോബിന്റെ ജീവിതകാലത്തുതന്നെ റോമായിലെ ക്ലെമന്റു് പാപ്പാ പത്രോസിന്റെ പിൻഗാമിയെന്ന നിലയിൽ കൊറിന്തിലെ സഭക്കിങ്ങനെ എഴുതുകയുണ്ടായി: "ദൈവം ഞങ്ങൾ വഴിയായി സംസാരിച്ച കാര്യങ്ങളെ ആരെങ്കിലും അനുസരിക്കാതിരിക്കുന്നുവെങ്കിൽ അവർ നിസ്സാരമല്ലാത്ത ഉല്ലംഘനത്തിലും ആപത്തിലുമാണു് അകപ്പെട്ടിരിക്കുന്നതെന്നു്

www.malankaralibrary.com

ബോധിക്കട്ടെ." ഒരു മെത്രാന്റ് സഭയിലുള്ള അധികാരം, എത്രതന്നെ ഉന്നതവും സമത്ഥവുമായ ഒരു പട്ടക്കാരനുള്ളതിൽ നിന്നു വളരെ ഭിന്നമാണു്. മെത്രാന്റെ സ്ഥാനം ദൈവ സ്ഥാപിതമാണു്. പാത്രിയക്കീസിന്റെ സ്ഥാനംപോലെ സഭ വിവിധ ഭൂവിഭാഗങ്ങളിൽ അധികമധികമായി വ്യാപിച്ചതുമൂലം സ്ഥലകാലസംബന്ധിയായ കാരണങ്ങളിൽ നിന്നു് രൂപമെടുത്തതല്ല. മററു വൈദികസ്ഥാനികൾക്കുള്ളതിനെക്കാൾ ഉൽകൃഷ്ടതരമാണു് മെത്രാന്റെ സ്ഥാനമെന്ന ത്രെന്തോസ്സ് സൂനഹദോസിന്റെ ഇരുപത്തിമൂന്നാം യോഗത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. മെത്രാന്മാർ ദൈവത്തിന്റെ സഭയെ ഭരിപ്പാൻ പരിശുദ്ധ റൂഹായാൽ പ്രതിഷ്ഠിതരാണെന്നുള്ള ശ്ലീഹായുടെ വാക്യവും സ്മരണീയമാണു്. അപ്പസ്തോലന്മാർക്കുണ്ടായിരുന്ന സ്ഥാനംതന്നെ തുടൻ സഭയിൽ യഥാത്ഥ കൈവെപ്പുമൂലം ഓരോ മെത്രാനും വഹിച്ചുകൊണ്ടിരിക്കുന്നു.

മെത്രാന്റെ ഉൽകൃഷ്ടപദവും അധികാരാവകാശങ്ങളും ഒരു മെത്രാനിൽനിന്നു് മെത്രാൻസ്ഥാന നിയുക്തനിലേക്കു്, മെത്രാൻ സ്ഥാനാത്ഥിയിലേക്കു്, കാനോനികമായ കൈവെപ്പും കമ്മാനുഷ്ഠാനവുംമൂലം പ്രവഹിക്കുന്നു. ഈ പ്രവാഹസമ്പ്രദായം പ്രാരംഭംമുതൽ അപ്പസ്തോലന്മാർ സ്വീകരിച്ചുപോന്നതാണു്. വിദ്യുച്ഛക്തിയുടെ പ്രവാഹത്തിനുള്ള കമ്പി എവിടെയെങ്കിലും മുറിഞ്ഞു വേർപെട്ടാൽ അതിനപ്പുറം ശക്തിവ്യാപിക്കുന്നില്ലെന്നു നാം അറിയുന്നതുപോലെ ഒരു മെത്രാന്റെ മുറപ്രകാരമുള്ള സഹകരണവും പ്രവത്തനവും കൂടാതെ മെത്രാനാകുവാനോ പട്ടക്കാരനാകുവാനോയുള്ള ശക്തി ഒരുവനും ലഭിക്കുന്നില്ല.

www.malankaralibrary.com

ഈ സത്യങ്ങളെല്ലാം തോമ്മാ അർക്കദിയാക്കോൻ അറിഞ്ഞിരുന്നുവെങ്കിലും കേരള നസ്രാണികൾ, "പൌലീത്തക്കാരെ നാമും നമ്മുടെ അനന്തരവരും കാണുകയില്ല" എന്നു് മട്ടാഞ്ചേരിയിൽക്കൂടി സത്യം ചെയ്തതിനെത്തുടൎന്നു്, പൌലീസ്തൻ അവഥാ ജെസ്വീത്തനായിരുന്ന കൊടുങ്ങല്ലൂരെ ഗാർസ്യാ മെത്രാപ്പോലീത്തായുടെ, കേരള നസ്രാണികളുടെ ധൎമ്മാദ്ധ്യക്ഷന്റെ, അധികാരത്തെ തോമ്മാ അർക്കദിയാക്കോൻ ധിക്കരിക്കുകയും തൽസ്ഥാനത്തു് അധികാരത്തിൽ പ്രവേശിക്കുവാൻ, മെത്രാൻപട്ടം നേടുന്നതിനുത്സാഹിക്കുകയുംചെയ്തു. മെത്രാനാകുവാൻ ഒരാൾ ആഗ്രഹിക്കുന്നതിൽ പാപമില്ലെന്നുവന്നാലും ഒരു സാധാരണ പട്ടക്കാരൻ, ഏതാനും അനുയായികളുടെയും പാൎശ്വവൎത്തികളുടെയും ആനുകൂല്യവും, അംഗീകാരവും കൊണ്ടുമാത്രം, അവർ എത്ര സ്വാധീനശക്തിയുള്ള പട്ടക്കാരും അൽമായപ്രധാനന്മാരുമായിരുന്നാലും, മെത്രാനാകുക ക്രൈസ്തവ സഭാചരിത്രത്തിലെ അത്ഭുതപൂൎവ്വസംഭവങ്ങളിൽ പെടുന്നു. ഈ ചിന്ത അർക്കദിയാക്കോനെ മെത്രാനാകുവാനുള്ള ഉദ്യമത്തിൽ നിന്നു നിവൎത്തിപ്പിച്ചില്ല. മട്ടാഞ്ചേരിയിലെ കൂനൻകുരിശുസത്യം നടന്നതിന്റെശേഷം ഇടപ്പള്ളിയിൽ പട്ടക്കാരുടെയും ജനങ്ങളുടെയും ഒരു യോഗംകൂട്ടി തന്റെ ദുൎമ്മോഹത്തിനും ദുരാലോചനയ്ക്കും അദ്ദേഹം മൂർച്ചകൂട്ടി. 1653-ാം കാലം എടവമാസം 22-ാംനു- "ത്രിത്വത്തിന്റെ തിരുനാൾ ദിവസം പ്രധാനികളെല്ലാം ആലങ്ങാട്ടുപള്ളിയിൽ എത്തി വേറെ നിൎവ്വാഹമില്ലാഞ്ഞതിനാൽ അവുദാലാഹായുടെ അനുവാദപ്രകാരം 12 പട്ടക്കാരുകൂടി ക്രമങ്ങൾനടത്തി തോമ്മാ അർക്കദിയാക്കോനച്ചനെ മുടിവെച്ചു മെത്രാനായി വാഴിച്ചു് എന്നിപ്രകാരമാണു് തോമ്മാ അർക്കദിയാക്കോന്റെ മെത്രാൻമുടി ചൂടലിനെപ്പറ്റി ഒരു പുരാതനരേഖയിൽ

www.malankaralibrary.com

കാണുന്നതു്. ഒരു മെത്രാനെങ്കിലും മെത്രാൻ പട്ടാഭിഷേക കർമ്മങ്ങളിൽ ആവശ്യം സംബന്ധിക്കേണ്ടതുണ്ടെന്നു അർക്കദിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാർ ആദിയായ അദ്ദേഹത്തിൻെറ പ്രധാന സഹകാരികൾക്കും അറിയാമായിരുന്നു. അതുകൊണ്ടായിരിക്കണം ഉദ്ധൃതഭാഗത്തിൽ „വേറെ നിർവ്വാഹമില്ലാഞ്ഞതിനാൽ അവുദാലാഹാരുടെ അനുവാദപ്രകാരം പന്ത്രണ്ടു പട്ടക്കാരുകൂടി ക്രമങ്ങൾ നടത്തി തോമ്മാ അർക്കദിയാക്കോനച്ചനെ മുടിവെച്ചു മെത്രാനായി വാഴിച്ചു" എന്നു് രേഖപ്പെടുത്തേണ്ടിവന്നതു്. അവുദാലാഹാ അഥവാ അഹത്തള്ളാ കേരളത്തിലേക്കു് നിയുക്തനായ ഒരു കൽദായ മെത്രാനായിരുന്നു. പന്ത്രണ്ടു് പട്ടക്കാർകൂടി നടത്തിയ ക്രമങ്ങൾ „വെറും അക്രമ"മായിരുന്നുവെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്? പന്ത്രണ്ടു പട്ടക്കാർ ചേർന്നാൽ മെത്രാനാകുമോ? ആയിരം അമ്പട്ടകത്തി ചേർന്നാലും മരം വെട്ടിമുറിക്കാൻ മതിയാകുകയില്ലെന്നുള്ള ചൊല്ലു ഓർമ്മയിൽ വരുന്നു. പന്ത്രണ്ടു പട്ടക്കാർ ചേരുമ്പോൾ ഒരു മെത്രാൻെറ സ്ഥാനവും അധികാരവും ലഭിക്കുമെന്നു വന്നാൽ ഇരുപത്തിനാലുവേണ്ടാ പന്ത്രണ്ടോ ആറോ ശമ്മാശന്മാർ ചേർന്നാൽ ആർക്കെങ്കിലും കത്തനാർപട്ടം കൊടുക്കാമെന്നും, പന്ത്രണ്ടോ ആറോ അൽമായർ ചേർന്നാൽ ഒരാൾക്കു് ശമ്മാശപട്ടം കൊടുക്കാമെന്നും അനുമാനിക്കുന്നതിൽ അസാംഗത്യമില്ലല്ലോ. „കൈവെപ്പു"മൂലം കൃപാവരവും ആദ്ധ്യാത്മികാനന്തരതവും പിൻതുടർച്ചയും ഈവിധം അനധികൃതമായും ധിക്കാരപരമായും താഴെനിന്നു് മുകളിലേക്കൊഴുകുമെന്നുള്ള വ്യാമോഹത്തോടനുബന്ധപ്പെട്ടു് ആലങ്ങാട്ടുപള്ളിയിൽ നടന്ന ആ „അക്രമ"സംകവം സഭാചരിത്രത്തിൽ ഇണയില്ലാത്തതാണെന്നു് അർക്കദിയാക്കോനും അനുയായികൾക്കും അറിയാമായിരുന്നു. „ഇങ്ങനെ ശുശ്രൂഷക്കാരായ ജനം ദൈവ

www.malankaralibrary.com

ത്തിൻെറ വചനം സ്വീകരിച്ചുയെന്നു യരുശലേമിലെ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശെമയോൻ കേപ്പായെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടുന്നതിനു അവൎക്കുവേണ്ടി പ്രാൎത്ഥിച്ചു. ഇങ്ങനെ ശ്ലീഹന്മാരുടെ കൈവെപ്പുമൂലം പരിശുദ്ധാവു് നൽകപ്പെട്ടുന്നു.", ഇപ്രകാരമുള്ള അപ്പസ്തോലനടപടികളിലെ വാക്യങ്ങളുടെ സൂചനയും അവൎക്കറിയാമായിരുന്നു. "അഗ്നിനാവുകളാൽ ശ്ലീഹന്മാരെ ജ്ഞാനികളാക്കിത്തീൎത്ത ദൈവമേ, നിൻെറ കൃപാസ്സുവേണ്ടി നോക്കിപ്പാൎക്കുന്ന ഈ ദാസനെ നിൻെറ നൽവരത്താൽ ശുദ്ധീകരിക്കേണമെ. നിൻെറ കൃപയാൽ ഇവൻ ശുദ്ധീകരിക്കപ്പെട്ടുമാറാകണമെ" എന്നീ പ്രാൎത്ഥന മെത്രാഭിഷേകകൎമ്മങ്ങൾക്കിടയിൽ ഉച്ചരിക്കേണ്ടതു് പന്ത്രണ്ടു കത്തങ്ങളൊ അൽമായരോ അല്ലെന്നും, തോമ്മാ അൎക്കദിയാക്കോനു നിശ്ചയമുണ്ടായിരുന്നു. എന്നിട്ടും സാക്ഷാൽ "കൈവെപ്പി"ല്ലാത്ത ഒരു കൈവെപ്പിനു അദ്ദേഹം തലകുനിച്ചതും, മെത്രാനെന്നു സ്വയം അഭിമാനിച്ചതും, മെത്രാൻ സ്ഥാനത്തിനടുത്ത ചുമതലകൾ, പട്ടംകൊട, സൈത്തു് കൂദാശ ഇത്യാദി നിൎവ്വഹിച്ചതും വമ്പിച്ച രീതിയിലുള്ള തെററായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല.

തോമ്മാ അൎക്കദിയാക്കോൻെറ മെത്രാൻ പട്ടാഭിനയം നടന്നിട്ടു് ശതാബ്ദങ്ങൾ മൂന്നുകഴിഞ്ഞു. ആ വേഷംകെട്ടലിന്നാധാരമായ താത്വികാബദ്ധവും അതിനെത്തുടൎന്നു സമുദായമദ്ധ്യേ ഉണ്ടായ പിളർപ്പും ഇല്ലായിരുന്നുവെങ്കിൽ അതു് വിസ്മൃതികോട്ടിയിൽ തള്ളേണ്ടതായിരുന്നേനെ. പുത്തൻകൂറു് ശീശ്മ ഇവിടെ ആവിർഭവിച്ചതിനു് മട്ടാഞ്ചേരിയിലെ കൂനൻകുരിശു സത്യത്തിലധികം കാരണം നൽകിയതു

www.malankaralibrary.com

ആലഞ്ചാട്ടെ മെത്രാൻപട്ടംകെട്ടലായിരുന്നു. കൂനൻകുരിശുസത്യത്തിൽ കത്തോലിക്കാസഭയോടുള്ള ഐക്യവും വിധേയത്വവും ഉപേക്ഷിക്കാതെതന്നെ ഒരു വിശ്വാസിക്കു സഹകരിക്കാമായിരുന്നു. ഒരു പ്രത്യേക മിഷനറി സംഘത്തോടൊ സന്യാസസഭയോടൊ വിപ്രതിപത്തി പ്രദർശിപ്പിക്കുന്നവർ സഹോദരബുദ്ധിക്കും പരസ്നേഹത്തിനും എതിരായി പാപം ചെയ്യുന്നുവെന്നു വന്നേക്കാം. എന്നാൽ നാമമാത്രനായ ഒരു മെത്രാന്റെ കീഴ്പ്പെടുകയും ധർമ്മാദ്ധ്യക്ഷനായ മെത്രാനെ ധിക്കരിക്കുകയും ചെയ്യുന്നതു് ഏതൊരാളെയും സഭാഗാത്രത്തിൽ നിന്നു വേർപെടുത്തുന്ന ദുഷ്കൃത്യമാണു്. സാർവ്വത്രികസഭയുടെ അദ്ധ്യക്ഷനായ റോമാ പാപ്പായുടെ അധികാരത്തിൽനിന്നും, തന്മൂലം അപ്പസ്തോലപ്രഭുവിനോടുള്ള ബന്ധത്തിൽനിന്നും, അന്യമായ ഒരു സഭയുടെ അദ്ധ്യക്ഷനായി സ്വയം പ്രഖ്യാപിച്ചുകൊണ്ടു് ഒരിക്കലും സാധൂകരിക്കാൻ പാടില്ലാതിരുന്ന ഒരു മാർഗ്ഗത്തിൽക്കൂടെയാണു് തോമ്മാ അർക്കദിയാക്കോൻ സഞ്ചാരം തുടന്നതു്. ഈ മാർഗ്ഗത്തിലേക്കു് അദ്ദേഹം ആയിരിക്കണക്കിനു് അനുയായികളെ സമ്പാദിക്കുകയും ചെയ്തു. ആ ആയിരങ്ങൾ ഇന്നു ലക്ഷങ്ങളായി വർദ്ധിച്ചിട്ടുണ്ടു്. അർക്കദിയാക്കോൻ പ്രകടിപ്പിച്ച വിയോജനാസക്തിയും അധികാരധിക്കാരവും മുന്നൂറു സംവത്സരങ്ങൾ കഴിഞ്ഞിട്ടും പണ്ടെങ്ങുമുണ്ടായിട്ടില്ലാത്തവിധം അവജ്ഞയോടും ഔദ്ധത്യത്തോടുംകൂടി നിലനില്ക്കുകയും ചെയ്യുന്നു. പാപ്പായെ ധിക്കരിച്ചവരുടെ സന്തതികൾ പിന്നൊരിക്കൽ ഒരു പാത്രിയക്കീസിനെ ശരണീകരിച്ചുവെങ്കിലും അവരുടെ സന്തതികൾ പാത്രിയക്കീസിനെയും പാപ്പായെയും ഒരുപോലെ ധിക്കരിക്കുന്നവരായി കാലാന്തരത്തിൽ പ്രത്യക്ഷപ്പെട്ടു. ധിക്കാരച്ചെടിയാതൊരമാന്തവും കൂടാതെ ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. കേരളത്തി

www.malankaralibrary.com

ലെ അകത്തോലിക്കാ സഭാവിഭാഗങ്ങളിൽ മേലധികാരിക
ളെ അവഗണിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന മേല്പട്ട
ക്കാരും മേല്പട്ടക്കാരോടുള്ള പെരുമാററത്തിൽ അതേ നാണ
യങ്ങൾ തന്നെ ഉപയോഗിക്കുന്ന പട്ടക്കാരും ഇന്നും വിരള
മല്ല. ഇവക്കെല്ലാം മാതൃക നൽകിയതു് നമ്മുടെ രാജ്യ
ത്തെ സംബന്ധിച്ചിടത്തോളം തോമ്മാ അർക്കദിയാക്കോന
ത്രെ. അതുകൊണ്ടുമാത്രമാണു് "ആ കറവിലങ്ങാട്ടുകാരനു്
തെററുപററി"യെന്നു് മുകളിൽ പ്രതിപാദിച്ചതു്.

സത്യദീപം.

www.malankaralibrary.com

# ആ വക്കീൽസ്നേഹിതൻെറ ചോദ്യം.

ഞങ്ങൾ ഒക്ടോബർ 16–ാം തീയതി തോട്ടാശ്ശേരി മത്തച്ചൻെറ ശവമഞ്ചത്തിനു ചുററും, ആ സഹൃദയശിരോമണിക്ക് അന്തിമാർച്ചനകൃത്യം നിർവ്വഹിക്കുവാൻ കൂടിയിരിക്കുകയിരുന്നു. പരേതൻെറ അടുത്ത ചാർച്ചക്കാരോ ബന്ധുക്കളോ കളത്രപുത്രാദികളോ മാത്രമല്ല അവിടെ സന്നിഹിതരായതു്. ദുഃഖാർത്തരുടെ വിപുലതരമായ ഒരു വൃത്തം അവിടെ പ്രത്യക്ഷീഭവിച്ചു. സേവന സന്നദ്ധമായ ഒരു ഹൃദയത്തിനു് ജാതിമതാദിപരിധികളെ ഉല്ലംഘിച്ചു് എത്ര ദൂരമെങ്കിലും സഞ്ചരിക്കാമെന്നു ആ ജനസഞ്ചയം പ്രസ്പഷ്ടമാക്കി ഓരോ മുഖത്തും ശോകമുദ്ര ആഴമായി പതിഞ്ഞു. കത്തോലിക്കനെന്നോ അകത്തോലിക്കനെന്നോ, ഹിന്ദുവെന്നോ മുസ്ലീമെന്നോ ഉള്ള വ്യത്യാസം താദൃശവികാരാവേശം സംബന്ധിച്ചിടത്തോളം തെല്ലുമില്ലായിരുന്നു. മത്തച്ചൻ മുൻസിപ്പൽ കൗൺസിലർ, പഞ്ചായത്തുജഡ്ജി, പ്രജാസഭാമെംബർ ഇത്യാദി വിവിധ നിലകളിൽ പ്രശംസാർഹമായി പ്രവർത്തിച്ചിരുന്നു. പ്രസ്തുത പ്രവർത്തനമണ്ഡലങ്ങളിലെ സേവനമല്ലാ അദ്ദേഹത്തിനു് അനേകസഹസ്രം സുഹൃത്തുക്കളെ സമ്പാദിച്ചതു്. കൈയും കാലും, വാക്കും നോക്കുംകൊണ്ടു് പരനുപകാരം ചെയ്യുവാൻ മത്തച്ചനുണ്ടായിരുന്ന പ്രാവീണ്യമാണ് അദ്ദേഹത്തെ സർവ്വരുടേയും കണ്ണിലുണ്ണിയായി ചമച്ചതു്. അന്തിമാർച്ചനയ്ക്കായി സമ്മേളിച്ചവരിൽ ചിലർ കൈലേസുകൊണ്ടു് മുഖം കൂടെക്കൂടെ തുടയ്ക്കുന്നതും; ചിലർ കണ്ണുനിറയ്ക്കുന്നതും, ഒട്ടുവളെരെ നിറഞ്ഞ കണ്ണുകളിൽനിന്നു് അശ്രുകണങ്ങൾ പൊഴിയുന്നതും ചിലർ ദീർഘ ശ്വാസനത്താൽ മെയ്വിറപ്പിക്കുന്നതും, ചിലർ മൗനം ഭഞ്ജിക്കാതെ നിലകൊള്ളുന്നതുമൊക്കെ അകൃത്രിമമായ ശോകത്തള്ളലിൻെറ ബഹിർപ്രവാഹം മാത്രമായിരുന്നു. രോഗബാധിതനു വളരെ ശ്രമിച്ചിട്ടും കിട്ടാതി

www.malankaralibrary.com

രുന്ന പെയ്‌വാർഡ് പ്രവേശനം ലഭിച്ചു. വിദ്യാർത്ഥിക്ക് ആഗ്രഹിച്ച വിഷയമെടുത്ത് ഉപരിപഠനം നടത്തുവാൻ അഡ്മിഷൻകിട്ടി. പ്രതികളെ മർദ്ദിക്കാതെ ക്രിമിനൽ കേസ്സ് അധികാരികളുടെ സഹകരണത്തിൽ അവസാനിച്ചു. നിലമുടമസ്ഥനും താറാവുകാരനും തമ്മിൽ അടിയിലും ഇടിയിലും എത്തിയ വാശിയും വഴക്കും ഒതുങ്ങിത്തീൻ. മുരടിച്ചുകഴിഞ്ഞ പരീക്ഷാവിജയി ഉദ്യോഗത്തിൽകയറി. നിരാശയിൽ വർത്തിച്ച സർവ്വീസുകാരനു പ്രമോഷനു വഴിതുറന്നു, ചേരിക്കൽ അതിർത്തിതക്കം കശപിശക്കൂടാതെ അവസാനിച്ചു. സ്ത്രീധനസംഖ്യസംബന്ധിച്ച അഭിപ്രായവ്യത്യാസംമൂലം മാസങ്ങൾ പലതാലോചനയിൽ കഴിഞ്ഞ വിവാഹസംഗതി അവസാനതീരുമാനത്തിലെത്തി, സംഘടനയിലെ തക്കം ശിക്ഷണനടപടി കൂടാതെ കലാശിച്ചു, ഇങ്ങനെ എത്രയെത്ര കാര്യങ്ങളാണ് മത്തച്ചൻെറ സ്നേഹമസൃണമായ സൗമനസ്യവും സന്നദ്ധതയും ക്ഷമാശീലവും നയവിശേഷവും പൊതുജനസമ്മതിയുംമൂലം തുടൻതുടൻ നടന്നിട്ടുള്ളതെന്നു കണക്കില്ല. നിസ്സ്വാർത്ഥമായ സേവനത്തിൻെറ നീണ്ട ചരിത്രമാണ് ശ്രീ മത്തച്ചനുണ്ടായിരുന്നതു്. പരോപകാരപ്രവർത്തനങ്ങളുടെ വമ്പിച്ച ഭണ്ഡാരമാകുന്ന അദ്ദേഹത്തിൻെറ സമ്പാദ്യസർവ്വസ്വം. എന്നിരുന്നാലും കൂടിയിരുന്നവരിൽ ഒരു ഭാഗത്തിനു് ദുർഗ്രഹമായ ചേഷ്ടകളും അവിടെ നടന്നു.

ഒട്ടുവളരെ ആളുകൾ ശവമഞ്ചത്തെ സമീപിച്ചു്, മുട്ടുകുത്തി, സ്വർഗ്ഗത്തിലേക്ക് ഹൃദയമുയർത്തി, പരേതൻെറ ആത്മശാന്തിക്കായിപ്രാർത്ഥിച്ചുകൊണ്ടിരുന്നു. അഭിഭാഷകാഗ്രേസരരും, കോളേജ് പ്രഥമസന്മാരുൾപ്പെട്ട പണ്ഡിതശിരോമണികളും, വർത്തകപ്രമാണികളും, ഭിഷഗ്വരപ്രമുഖരും, കലാസമ്പന്നരും, സാഹിത്യപ്രവർത്തകരും, കർഷകപ്രധാനരും പ്രാർത്ഥനാനിരതരുടെ ഈ ഗണത്തിൽ പെട്ടു. ഇവർ ദുഃഖാർത്തരിൽതന്നെ ഒരു ഭാഗത്തിൻെറ അനുകമ്പാവിഷയമാകുകയുംചെയ്തു. മദ്ധ്യശതകങ്ങളിലെ അന്ധവിശ്വാസപടലോൽഭൂതമായ കരിനിഴൽ കത്തോലിക്കരിൽ ഇപ്പോ

www.malankaralibrary.com

ഴം നില നില്ക്കുന്നവല്ലൊയെന്നു കരുതി ചിലർ വിസ്മയിച്ചു. വല്ല ഗുണവുമുണ്ടാകുമെങ്കിൽ പരേതന്റെ ആത്മാവിനതു് ലഭിച്ചുകൊള്ളട്ടെയെന്നു ചിന്തിച്ചു് ചിലർ മൗനാനുവാദം മൂളി. നിഷ്കാപട്യത്തിന്റെ കനകകിരണങ്ങൾ ചുററും വിതറിയ ഒരു മുഖത്തുനിന്നു് ഒരു ചോദ്യം പുറപ്പെട്ടു. അതിന്റെ കർത്താവു് ഒരു അകത്തോലിക്കാ വക്കീൽ സ്നേഹിതനായിരുന്നു, ഇപ്പോൾ എന്തിനായിട്ടാണീ പ്രാർത്ഥന?" അടുത്തിരുന്ന ഒരു കത്തോലിക്കാസഹോദരനോടു് ഏററവും മൃദുലസ്വരത്തിൽ ചെയ്ത ചോദ്യം ആരുതന്നെ ആദരിക്കുകയില്ല! "മരിച്ച ആളിന്റെ ആത്മാവിനു് നിത്യാശ്വാസം ലഭിക്കുവാൻ" എന്നു് കത്തോലിക്കാഭാഗത്തുനിന്നു സമാധാനം നൽകി.

"മരിച്ച ആളിന്റെ ആത്മാവു് സംസാരബന്ധിൽനിന്നു സ്വാതന്ത്ര്യംലഭിച്ചു പരിശുദ്ധി പ്രാപിച്ചതുകൊണ്ടു് ആ ആത്മാവിനു നമ്മുടെ പ്രാർത്ഥനകൊണ്ടു് പ്രയോജനമില്ലല്ലൊ. നമുക്കു് നന്മ കൈവരുത്തുവാൻ നാം ആ ആത്മാവിനോടു പ്രാർത്ഥിക്കുകയല്ലേവേണ്ടതു്?" വീണ്ടുംഒരുചോദ്യം.

"അപ്പോൾ ഏതൊരാളിനും വിശുദ്ധപദപ്രാപ്തിക്കു് മരണം ഒരു പാസ്പോർട്ടാകുകല്ലൊ. ലൗകികജീവിതത്തിന്റെ അവസ്ഥ അനുസരിച്ചു് ചിലരുടെ ആത്മാക്കൾ മരണത്തോടുകൂടി സംസാരവിമുക്തങ്ങളായി വിശുദ്ധയിൽ എത്തിയെന്നും മററു ചിലരുടെ ആത്മാക്കൾക്കു് മരണത്തോടുകൂടി പരിപൂർണ്ണമായ വിശുദ്ധി കൈവന്നില്ലെന്നുംവരാം. ആകയാലാണു് മരിച്ചവരുടെ ആത്മാക്കൾക്കു് പരിശുദ്ധിയുണ്ടാകുവാനായി പ്രാർത്ഥിക്കേണമെന്നു വ്യവസ്ഥയുള്ളതു്. ഭൂവാസികളുടെ അപേക്ഷ ഏതെങ്കിലും ഒരാത്മാവിന്റെ കാര്യത്തിൽ ആവശ്യമില്ലെന്നു വന്നാൽ അപേക്ഷ ഫലശൂന്യമാകാതെ ആവശ്യമുള്ള ആത്മാക്കൾക്കു് ഉപകാരപ്രദമാകത്തക്കവണ്ണം സംഗതികൾ പരമകാരുണികനായ ദൈവം നിയന്ത്രിച്ചുകൊള്ളുമെന്നാണു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്: കത്തോലിക്കാ ഭാഗത്തെ ഈ സമാധാനം

www.malankaralibrary.com

പ്രശ്നകൎത്താവിനെ എത്രമാത്രം തൃപ്തിപ്പെടുത്തിയെന്നറി ഞ്ഞില്ല. ആ രഹസ്യസംഭാഷണം തുടൎന്നുമില്ല.

നിത്യസൗഭാഗ്യരംഗമായ സ്വൎഗ്ഗവും നിത്യശിക്ഷാ രംഗമായ നരകവും ഇവയ്ക്കു പുറമേ, മൂന്നാമതൊരു രംഗം, ഒരു ശുദ്ധീകരണരംഗവും, ഉണ്ടെന്നുള്ള ക്രൈസ്തവ സഭയുടെ വിശ്വാസവും ഉപദേശവുമാണല്ലൊ മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാൎത്ഥിക്കുവാൻ നമ്മെ നിർബന്ധിക്കുന്നതു്. നിസ്സാരമായ കളങ്കമോ കറയോപോലും ഇല്ലാത്ത ആത്മാവിനുമാത്രമേ സ്വൎഗ്ഗത്തിൽ സ്ഥാനം ലഭിക്കുകയുള്ളു. നിത്യശിക്ഷയ്ക്കർഹരാകത്തക്കവണ്ണം അത്രയ്ക്കു പാപപങ്കിലമാകാത്തവരുടെ ആത്മാക്കൾ, പീഡനമേററം തപോജപങ്ങൾ, പരിത്യാഗങ്ങൾ ഇവമൂലവും, പാപകറകളഞ്ഞു സ്വൎഗ്ഗ പ്രവേശനത്തിനുള്ള അർഹത സമ്പാദിക്കേണ്ടിയിരിക്കുന്നു. ഈ അർഹത സമ്പാദിക്കുന്നതിനുള്ള രംഗമാണു്, അഥവാ സ്ഥലമത്രെ ശുദ്ധീകരണസ്ഥലം (Purgatory) എന്നു വ്യവഹരിക്കപ്പെടുന്നതു്. വെളിപാടു് 21-ാം അദ്ധ്യായം 27-ാം വാക്യവും വി. മത്തായി 5-ാം അദ്ധ്യായം 26-ാം വാക്യവും ശുദ്ധീകരണസ്ഥലത്തിൻെറ അസ്തിത്വത്തെ പ്രഖ്യാപിക്കുന്നു. പാപത്തിനുള്ള നിത്യശിക്ഷ യഥാൎത്ഥ കമ്പസാരം മൂലം നിങ്ങുന്നുവെങ്കിലും അവശേഷിക്കുന്ന അനിത്യശിക്ഷ സ്വന്തം പ്രയത്നംമൂലമോ ഇതരന്മാരുടെ പ്രവൎത്തനങ്ങൾമൂലമോ ററാകാത്തപക്ഷം സ്വൎഗ്ഗപ്രാപ്തി അസാദ്ധ്യം തന്നെ. ഈ ലോകത്തിൽവെച്ചോ ശുദ്ധീകരണസ്ഥലത്തിൽ വച്ചോ വെളിപാടിലെ "അത്യല്പമാലിന്യം" കഴുകിക്കളയേണ്ടതും വി. മത്തായിയുടെ സുവിശേഷത്തിൽ പ്രസ്താവിക്കുന്ന "അവസാനത്തെ ചില്ലിക്കാശു" വീട്ടിത്തീൎക്കേണ്ടതും ആത്മാവിൻെറ സ്വൎഗ്ഗപ്രാപ്തിക്കാവശ്യാവശ്യമാകുന്നു.

കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിന്നു വേർപെട്ടുനില്ക്കുന്ന അർമേന്യൻ സഭയും യൗനായസഭയും മററു ചില പൗരസ്ത്യസഭകളും "ശുദ്ധീകരണസ്ഥല"ത്തിൽ വി

www.malankaralibrary.com

ശ്വസിക്കുന്നില്ലെങ്കിലും അവസാനവിധിക്കുശേഷം മരിച്ചവരുടെ ആത്മാക്കൾ സ്വർഗ്ഗമോ, നരകമോ പ്രാപിക്കുവാൻ അർഹരാകുന്നതുവരെ അവ വിശ്രമിക്കേണ്ടുന്ന ഒരു മദ്ധ്യസ്ഥലം ഉണ്ടെന്നു സമ്മതിക്കുന്നുണ്ടു്. ഇതോടൊപ്പം തന്നെ പരേതരുടെ ആത്മാനുകൂല്യാർത്ഥം അവർ ദിവ്യബലികളും തപജപങ്ങളും അർപ്പിക്കുകയും ചെയ്യുന്നു.

മരിച്ചവരുടെ ആത്മാക്കൾക്കു വേണ്ടിയുള്ള ബലികളും തപോജപങ്ങളും പരിത്യാഗങ്ങളും ക്രൈസ്തവ സഭയിൽ നടപ്പിലിരിക്കുന്നതു് വേദപുസ്തകത്തിലെ വാക്യങ്ങൾ അടിസ്ഥാനമാക്കിയാണെന്നുള്ളതു് ശ്രദ്ധാർഹമാണു്. യുദ്ധത്തിൽ മരിച്ച യഹൂദഭടന്മാരുടെ പാപമോചനത്തിനും ആത്മശാന്തിക്കുമായി യൂദാമക്കബായ എന്ന സൈന്യാധിപൻ പന്തീരായിരം വെള്ളിനാണയങ്ങൾ ശേഖരിച്ചു ബലിസമർപ്പണാർത്ഥം യെറുശലെമിലേക്കയച്ച വിവരം പഴയ നിയമത്തിലെ മക്കാബായക്കാരുടെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ചില ക്രൈസ്തവസഭാവിഭാഗങ്ങൾ "ശുദ്ധീകരണസ്ഥലം" റദ്ദാക്കുവാനായിരിക്കാം, മക്കാബായക്കാരുടെ ഗ്രന്ഥം അനംഗീകൃതവേദഗ്രന്ഥമായി സങ്കല്പിക്കുന്നുണ്ടെങ്കിലും സഭാപിതാക്കളും സൂനഹദോസുകളും ആ ഗ്രന്ഥത്തെ അധികൃതവും അംഗീകൃതവുമായിട്ടാണു് പരിഗണിക്കുന്നതു്. പല സഭാപിതാക്കന്മാരുടെയും സൂനഹദോസുകളുടെയും നാമങ്ങൾ പ്രസ്താവിക്കുവാനുണ്ടെങ്കിലും തന്റെ കാലത്തു് മക്കബായഗ്രന്ഥം അംഗീകൃതവും ഈശ്വരനിവേശിതവുമായി സാർവ്വത്രികസഭ സ്വീകരിച്ചിരുന്നുവെന്നു വി. ആഗസ്തീനോസ് അഭിപ്രായപ്പെട്ടിട്ടുള്ളതു് പ്രകൃതത്തിനു മതിയാകുമെന്നുകരുതുന്നു.

ഒരുവന്റെ മരണാനന്തരവും അയാളുടെ ആത്മാവിനു പാപപരിഹാരം ചെയ്യുവാൻ സാദ്ധ്യമാണെന്നും പാപമോചനത്തിനവസരമുണ്ടെന്നും നമ്മെ അനുസ്മരിപ്പിക്കുന്ന പുതിയ നിയമ വാക്യങ്ങളെ മുകളിൽ സൂചിപ്പിച്ചിട്ടുണ്ടു്. "മനുഷ്യപുത്രനെതിരായി സംസാരിക്കുന്നവന്റെ പാപം

www.malankaralibrary.com

മോചിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനെതിരായി സംസാരിക്കുന്നവൻെറ പാപം ഈ ലോകത്തിലോ ഭവിഷ്യല്ലോകത്തിലോ മോചിക്കപ്പെടുകയില്ല." (St. Mathew 12:32) ഈ വാക്യവും നമ്മുടെ ചർച്ചയ്ക്കുപകരിക്കുന്നതാണു് ഭവിഷ്യല്ലോകത്തിൽ പാപമോചനം സുസാദ്ധ്യമാണെ.ന്നുതന്നെയാണല്ലൊ ഇതിൻെറ സാരം. ആ ഭവിഷ്യല്ലോകം ഒരിക്കലും നരകാമായിരിക്കുകയില്ല, കത്തോലിക്കാസഭ ഉപദേശിക്കുന്ന ശുദ്ധീകരണസ്ഥലമാണെന്നു വിശളമാ;ന്നു്.

അപ്പോസ്തലന്മാരുടെ സമകാലികനും വി, പൗലോസ് അപ്പോസ്തലൻെറ ശിഷ്യനുമായ വി. ഡയനീഷ്യസ് അഗയൊപ്പഗീത്തൻ, മൃതൻെറ ശരീരത്തെ സമീപിച്ചു് പുരോഹിതൻ ജപോച്ചാരണം ചെയ്തു്, മാനുഷിക ദൗർബല്യംമൂലം പരേതനുണ്ടായ തെററുകൾ ക്ഷമിക്കുവാനും ജീവിക്കുന്നവരുടെ പ്രകാശത്തിലേക്കും സഹവാസത്തിലേക്കും അയാളെ ചേർക്കുവാനും ദൈവകൃപ പ്രാർത്ഥിക്കുന്ന ആദിമ ക്രൈസ്തവസഭയിലെ ആചാരത്തെപ്പററി എഴുതിയിട്ടുണ്ടു്. മൃതൻെറ ആത്മാവാകട്ടെ അയാളുടെ തെററുകൾ ക്ഷമിപ്പെടുന്നതിനുമുമ്പും പിമ്പും ഒരേസ്ഥലത്തും സ്ഥിതിയിലും ആയിരിക്കുകയില്ലെന്നുള്ള വിവക്ഷയാണല്ലൊ പ്രസ്തുത പൂർവ്വികപ്രാർത്ഥനയ്ക്കടിസ്ഥാനം. പറുദീസായിൽ പ്രവേശിക്കുന്നതിനുമുമ്പായി തെററുകളിൽനിന്നും ശിക്ഷകളിൽനിന്നും മൃതൻെറ ആത്മാവു മോചനം പ്രാപിക്കേണ്ടതാവശ്യമായി മേൽപ്രകാരം പ്രാർത്ഥിച്ചവർ വിശ്വസിച്ചിരുന്നു. അങ്ങനെയുള്ള മോചനപ്രാപ്തിക്കുള്ള സ്ഥലമാണു് ശുദ്ധീകരണസ്ഥലമെന്നു നിർദ്ദേശിക്കുന്നതു്. മൂന്നാംശതകത്തിൽ ജീവിച്ചിരുന്ന ഒരിജെൻ എഴുതിയിരിക്കുന്നു: "രക്ഷ പ്രാപിക്കുന്നവൻ അഗ്നിമൂലം അപ്രകാരം ചെയ്യുന്നു. സ്വർഗ്ഗത്തിൽ കൂട്ടുചേരാവുന്ന ഈയ്യത്തിൻെറ അംശത്തെ അഗ്നി നശിപ്പിച്ചു് സ്വർഗ്ഗത്തെ ശുദ്ധമാക്കുന്നവിധത്തിൽ, അഗ്നിമൂലം എല്ലാവരും ശുദ്ധീകൃതരായി സ്വർഗ്ഗത്തിൽ എത്തുന്നു." ഒരിജെൻ ഉദ്ദേശിക്കുന്ന അഗ്നി തീർച്ചയായും നരകാഗ്നി

www.malankaralibrary.com

ആയിരിക്കുകയില്ലാ. നരകത്തിലെ അഗ്നി പീഡനത്തിനു മാത്രമുള്ളതാണ്, ശുദ്ധീകരണത്തിനുള്ളതല്ലാ. നരകാഗ്നിയിൽ നിപതിക്കുന്ന ആത്മാക്കൾക്ക് സ്വർഗ്ഗപ്രാപ്തി ഒരിക്കലും സാദ്ധ്യവുമല്ലാ, ആകയാൽ ഒരിജെൻെറ പ്രതിപാദനം തീർച്ചയായും ശുദ്ധീകരണ സ്ഥലത്തിലെ അഗ്നിയെപ്പററി മാത്രമാകുന്നു. തൻെറ മരണാനന്തരം സ്വജനങ്ങൾ തൻെറ ആത്മശാന്തിക്കായി കൂടെക്കൂടെ പ്രാർത്ഥിക്കേണമെന്നു നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. അപ്രേം രേഖാമൂലം അഭ്യർത്ഥിച്ചിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥന വി. ബസിലിയോസ് അദ്ദേഹം രചിച്ച വൈദികക്രമത്തിൽ എഴുതിച്ചേർത്തിരുന്നുവെന്നുള്ളതും സ്മരണീയാണ്. യെറുശലേമിലെ വി. സിറിൽ അദ്ദേഹത്തിൻെറ കാലത്ത് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന കുർബാനയുടെ മദ്ധ്യേ ഉപയോഗത്തിലിരുന്നതായി ഉൽബോധിപ്പിക്കുന്നു. കൊൻസ്റ്റൻറയിൻ ചക്രവർത്തി വിശ്വാസികളുടെ പ്രാർത്ഥനകൾ തൻെറ ആത്മാനുകൂലാർത്ഥം ധാരാളമുവാൻ വേണ്ടി സ്വന്തം മൃതശരീരം ഒരു സുപ്രസിദ്ധദേവാലയത്തിൽ സംസ്കരിക്കുവാൻ ആവശ്യപ്പെട്ടുവെന്ന് ചക്രവർത്തിയുടെ ചരിത്രത്തിൽ, എവുസേബിയൂസ് രേഖപ്പെടുത്തിയിട്ടുണ്ടു. "നമ്മുടെ ആത്മാക്കളെയും നമ്മുടെ മുന്നോട്ടികളായി വിശ്രമസ്ഥലത്തേക്കു പ്രയാണം ചെയ്തിട്ടുള്ള നമ്മുടെ സഹോദരന്മാരുടെ ആത്മാക്കളെയും ദൈവത്തിൻെറ കാരുണ്യത്തിന്നായി നമുക്ക് ഏല്പിച്ചുകൊടുക്കാം" എന്നിങ്ങനെ വി. ഗ്രിഗോറിയോസ് നസിയെൻസ്യൻ എഴുതുകയുണ്ടായി. വിശ്രമസ്ഥലം പ്രയാണലക്ഷ്യമല്ലല്ലോ. ആകയാൽ ഉദ്ധൃതവാക്യം മോക്ഷപ്രാപ്തിക്കു മുമ്പുള്ള ശുദ്ധീകരണരംഗത്തെ സൂചിപ്പിക്കുന്നുവെന്നു അനുമാനിക്കണം.

അഞ്ചാംശതകത്തിൽ ജീവിച്ച വേറൊരു സിദ്ധൻ പറയുന്നു: "ശരീരത്തിൽനിന്നു നിർഗ്ഗമിക്കുന്ന ആത്മാവിൻെറ ദീപ്തികുറയ്ക്കുന്ന മാലിന്യങ്ങൾ ശുദ്ധീകരണസ്ഥലത്തിലെ അഗ്നി

www.malankaralibrary.com

യാൽ നശിപ്പിക്കപ്പെടുന്നതിനുമുമ്പ് ദൈവികസൗഭാഗ്യം അനുഭവിക്കുവാൻ അതിനു സാധിക്കുകയില്ല." ഈ അഭിപ്രായംതന്നെ വി. എപ്പിഫാനിയോസിനും ഉണ്ടായിരുന്നു. ശുദ്ധീകരണസ്ഥലം എന്നതിനെ നിരാകരിച്ച അരിയൂസിനെ അദ്ദേഹം പാഷണ്ഡിയായി പരിഗണിച്ചതിതുകൊണ്ടായിരുന്നു. അരിയൂസിൻെറ സമകാലികരായ പൗരസ്ത്യസഭാംഗങ്ങൾ ശുദ്ധീകരണ സ്ഥലത്തിൻെറ അസ്തിത്വത്തിൽ സാമാന്യമായി വിശ്വസിച്ചിരുന്നുവെന്നാണ് ഇതിൽനിന്നു ധരിക്കേണ്ടതു്. മൂന്നാം ശതകത്തിൻെറ ആരംഭംമുതൽ പരേതരുടെ ചരമവാർഷിക. പ്രത്യേക് പ്രാർത്ഥനകളോടും കാഴ്ചകളോടും ആചരിക്കുക പതിവായിരുന്നുവെന്നത്രെ സഭാപിതാവായ തെർത്തുല്യൻെറ സാക്ഷ്യം. ഇപ്രകാരമെല്ലാം ആലോചിക്കുമ്പോൾ മരിച്ചവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതും, ഉപവസിക്കുന്നതും ബലികളർപ്പിക്കുന്നതും ഉത്തമമായ ഭക്തികൃത്യമാണെന്നു സുവേദ്യമത്രെ. ഈ വിഷയത്തിലും കത്തോലിക്കാസഭ സുവിശേഷതത്വങ്ങൾക്കും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾക്കും പാരമ്പര്യത്തിനും അനുയുക്തമായവിധംതന്നെ വർത്തിക്കുന്നു.

സത്യദീപം 1954 നവമ്പർ 3.

www.malankaralibrary.com

# മൂന്നുതരം കത്തോലിക്കർ

കത്തോലിക്കരിൽ തരഭേദമുണ്ടെന്നു ആർക്ക്, എങ്ങനെ പറയുവാൻ സാധിക്കും? ഒരു കർത്താവും ഒരു മാമ്മോദീസായും ഒരു സഭയും അല്ലേ കത്തോലിക്കർക്കെല്ലാമുള്ളതു്? കത്തോലിക്കരുടെയിടയിൽ കാണാറുള്ള ആചാരവ്യത്യാസവും ഭാഷാവ്യത്യാസവും; വൈദികരുടെയും വൈദികാദ്ധ്യക്ഷന്മാരുടേയിടയിൽപ്പോലും നടപ്പുള്ള വേഷഭൂഷാദികളിലെ അന്തരവും അവരുടെ കത്തോലിക്കത്വത്തിനു് മാററു കുറയ്ക്കുകയും കൂട്ടുകയും ചെയ്യുന്ന സാഹചര്യങ്ങളാണോ? എന്നിങ്ങനെ ചോദ്യത്തിനു പുറകെ ചോദ്യത്തെ അണിനിരത്തുന്നതാണു് ഈ ലേഖനത്തിൻെറ ശീർഷകം എന്നു പലരും ചിന്തിച്ചേക്കാം. എന്നാൽ ഭാഷയോ ദേശമോ ആചാരമോ പാരമ്പര്യമോ വേഷഭൂഷാദികളൊ സ്ഥാനമാനാദികളൊ മൂലം സംഭവിക്കാവുന്ന തരം തിരിവല്ലാ ഇവിടെ വിവക്ഷിക്കുന്നതു്. ഒരു കുടുംബത്തിൽ ജനിച്ചുവളന്നു, ഒരേ മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ കഴിയുന്ന സഹോദരസഹോദരിമാരുടെയിടയിൽപ്പോലും അനുഭവപ്പെടുന്ന കത്തോലിക്കാചൈതന്യത്തിലുള്ള അന്തരം ആസ്പദമാക്കിയിറുള്ള തരംതിരിവാണു് ഇവിടെ ചർച്ചയ്ക്കു് വിഷയമായിട്ടുള്ളതു്. ഒരു യുവാവു് അതിരാവിലെ ദിവ്യപൂജയിൽ സംബന്ധിക്കുവാൻ ദേവാലയത്തിൽ പോകുമ്പോൾ അയാളുടെ ഒരു സഹോദരൻ വീച്ചുവലയുമായി പുഴവക്കത്തേക്കു് മത്സ്യഗ്രഹണത്തിനു പോകുന്നുവെന്നിരിക്കട്ടെ. വേറൊരു സഹോദരൻ ഇരുവരും നിജകൃത്യങ്ങൾ നിർവ്വഹിച്ചു മടങ്ങിവന്നശേഷമാണു് കുംഭകുന്നസേവ അവസാനിപ്പിച്ചതെന്നും കരുതുക. ഈ മൂവരും മൂന്നുതരം കത്തോലിക്കരാണെന്നു വരുമോ? അന്നു കിട്ടുന്ന മീൻവിററു് വസൂലാകുന്ന തുക ഒരു മിഷൻ സ്ഥാപനത്തിനയച്ചുകൊടുക്കാമെന്നു മുൻകൂട്ടി ചെയ്തിരുന്ന നിശ്ചയമനുസരിച്ചു് ആവുന്നിടത്തോളം നേരത്തെ വീശാനിറങ്ങിയ ആളിനു് കത്തോലിക്കാചൈതന്യം, തലേദിവസം വാങ്ങിയ കസവു

www.malankaralibrary.com

നേയ്യുപയോഗിച്ചുണ്ടാകുന്ന സ്വന്തം പകിട്ടിന്റെ പരിമാണം അറിയുവാൻ രാവിലെ പള്ളിയിൽപ്പോയ സ്വസഹോദരന്റേതിനെക്കാൾ കുറയുമെന്നു ബന്ധിച്ചുപറയുന്ന ആളാരാണു്? വളരെ വൈകി ഉറക്കത്തിൽനിന്നു് എണീററ സഹോദരൻ പാതിരാവുശേഷമാണു് ഒരു രോഗിയുടെ സവിധം രണ്ടുമൂന്നു ദിവസം ശുശ്രൂഷാനിരതനായി ഉറക്കമിളച്ചതിനുശേഷം സ്വഭവനത്തിൽ മടങ്ങിയെത്തിയതെന്നറിയുമ്പോൾ മൂവരിൽ മൂപ്പു കല്പിക്കേണ്ടതാർക്കാണു്? ഈ മൂന്നു സഹോദരന്മാരുടെ കത്തോലിക്കത്വത്തിനു് കുറികോൽ കണ്ടെത്തുക പ്രയാസമാണെങ്കിൽ മുപ്പത്തഞ്ചുകോടിയുടെ കാര്യത്തിൽ തരംതിരിവു് എത്രയോ ദുസ്സാദ്ധ്യമായിരിക്കണം. എങ്കിലും ഒരു കാര്യം തീർച്ചയാണു്. മനുഷ്യഹൃദയങ്ങളുടെ അത്യഗാധങ്ങളിൽ സദാ „സെർച്ചു് ലയിററു്” പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ദൈവം ഓരോരുത്തർക്കും, കത്തോലിക്കർക്കും ഇതരന്മാർക്കും, അവരുടെ ഓരോ പ്രവൃത്തിക്കുമുള്ള സമ്മാനമോ ശിക്ഷയോ അവരുടെ ആത്മാർത്ഥതയും ദൈവഹിതത്തോടുള്ള അനുരഞ്ജനയും അനുസരിച്ചു നൽകുമെന്നുള്ളതുതന്നെ. ദൈവത്തിന്റെ വിധി ലോകത്തിന്റെ വിധിയിൽനിന്നു പലപ്പോഴും സാരമായ വിധത്തിൽ വിഭിന്നമാണല്ലൊ. ക്രിസ്തുനാഥന്റെ കുററവിസ്താരം നടന്ന അവസരത്തിൽ പീലാത്തോസിനു് നാഥനെപ്പററി തോന്നിയ ഭക്ത്യാദരങ്ങളുടെ സ്ഫുലിംഗങ്ങൾ നാം സുവിശേഷത്തിൽ കാണുന്നു. നാഥനോടൊന്നിച്ചു് കാൽവരിയിൽ കരിശേറിയ ആ „നല്ലകള്ള”നു് ഈദൃശമായ ഒരു പശ്ചാത്തലം ഉണ്ടായിരുന്നതായി നാം അറിയുന്നില്ല. എങ്കിലും പറുദീസാ പ്രാപ്തിക്കുള്ള ആ വരിഷ്ഠവരം ആ „നല്ലകള്ള”നാണല്ലൊ ലഭിച്ചതു്. ഓടുന്നവനെല്ലാം ഓട്ടത്തിൽ ജയിക്കുന്നില്ലെന്നും സമ്മാനാർഹരാകുന്നില്ലെന്നു

www.malankaralibrary.com

നമുള്ള അനുഭവം മനുഷ്യസമുദായത്തിന്റെ ആരംഭം മുതൽ ഇന്നോളം നിലനിന്നുപോരുന്നതത്രെ.

ഒരിക്കൽ ഒരു മെത്രാസനദേവാലയത്തിന്റെ പണി തിടുക്കത്തിൽ നടന്നുകൊണ്ടിരുന്നു. അനേകശതം വേലക്കാർ അത്യദ്ധ്വാനംചെയ്തു അഹോരാത്രം ബുദ്ധിമുട്ടി പ്രയത്നിച്ചു. ഓരോ ജോലിക്കും വളരെപ്പേർ സഹകരിച്ചിരുന്നു. വേലക്കാരുടെയിടയിൽ വേഷപ്രച്ഛന്നനായി സ്ഥലത്തെ മെത്രാൻ ഒരിക്കൽ ചെന്നു് അവരുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. കുമ്മായംകൂട്ടുന്ന പണിക്കാരിൽ മൂന്നുപേരുമായി നടന്ന സംഭാഷണത്തിന്റെ വിവരമാണു് നമുക്കു് ലഭിച്ചിരിക്കുന്നതു്. എന്താണു് ജോലിയെന്നു് ഒരുവനോടു ചോദിച്ചപ്പോൾ "മണലും കുമ്മായവുംകൂടി ചേർക്കുകയാണു്" എന്നായിരുന്നു അയാളുടെ മറുപടി. "ഭാര്യക്കും കുഞ്ഞുങ്ങൾക്കും ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നു" എന്നു് രണ്ടാമനു ഉത്തരം നൽകി. "മെത്രാസനദേവാലയം പണിയുന്നു" എന്ന സമാധാനമാണു് മൂന്നാമൻ നൽകിയതു്. പണിക്കാരുടെ ഈ പ്രത്യുത്തരങ്ങളെ വിമർശിച്ചുകൊണ്ടു് കത്തോലിക്കരിൽ കാണപ്പെടുന്ന മൂന്നുതരക്കാരെയാണു് അവ നിർദ്ദേശിക്കുന്നതെന്നത്രെ ഒരു വൈദികപണ്ഡിതൻ സമർത്ഥിക്കുന്നതു്. നമ്മിൽ ചിലർ കത്തോലിക്കാമതാവലംബികളായിരിക്കുന്നതു് സാഹചര്യങ്ങൾമൂലം മാത്രമാണു്. പൂർവ്വികന്മാർ കത്തോലിക്കരായിരുന്നതിനാൽ നാമും കത്തോലിക്കരായി. അല്ലെങ്കിൽ ഇഷ്ടജനങ്ങൾമൂലം നാം കത്തോലിക്കാമതം സ്വീകരിക്കുവാൻ സംഗതിവന്നു. ഇതിൽ കവിഞ്ഞൊരു പരിഗണനയും നമുക്കു് കത്തോലിക്കാമതം സംബന്ധിച്ചില്ല. പ്രസ്തുത മതം പ്രചരിക്കുന്നതുകൊണ്ടോ, വിജയിക്കുന്നതുകൊണ്ടോ നാം സന്തോഷിക്കുന്നില്ല. അതിന്റെ പരാജയമോ വിനാശമോ നമുക്കു് സന്താപകാരണമാകുന്നുമില്ല. സൗകര്യങ്ങളെല്ലാം ഒത്തിണങ്ങിയാൽ നാം ഞായറാഴ്ചയും "കടമുള്ള" മററു ദിവസങ്ങളിലും പള്ളിയിൽ പോയെന്നുവരും. പലപ്പോഴും പ്രതികൂല സാഹച

www.malankaralibrary.com

ശ്ലങ്ങളാണു് നമുക്കനുഭവപ്പെടാറുള്ളതെന്നുമാത്രം. ഈവക കത്തോലിക്കരെ "അനാസ്ഥ" കത്തോലിക്കരെന്നാണു" നമ്മുടെ വൈദികപണ്ഡിതൻ നാമകരണം ചെയ്യുന്നതു്. അവൻ "മെണലും കുമ്മായവും കൂട്ടിച്ചേർക്കുക"മാത്രം. അവരുടെ വീക്ഷണഗതി അതിനപ്പുറമില്ല. കത്തോലിക്കാ സഭാംഗങ്ങളായതുകൊണ്ടു് ചിലക്കു പള്ളിയോഗങ്ങളിലും പ്രാദേശിക സംഘടനകളിലും സർക്കാർ സർവ്വീസുകളിലും പ്രവേശം ലഭിക്കുന്നുണ്ടു്. ഭക്തസംഘടനകളിൽ ചേൻറു സ്ഥാനമാനങ്ങൾ സമ്പാദിക്കുവാൻ സാധിക്കുന്നു. സമുദായപ്രാതിനിധ്യതത്വമനുസരിച്ചു് പേരും പെരുമയും ലഭിക്കുന്നു. ഡിന്നറുകളിലും പാർട്ടികളിലും ക്ഷണിക്കപ്പെടുന്നു. ചിലരുടെ ദൃഷ്ടിയിൽ സഭയുടെ അംഗത്വം ആത്മരക്ഷയുടെ കാര്യത്തിൽ ഉറപ്പുനൽകുകയും ചെയ്യുന്നു. തങ്ങൾക്കു കൈവരാവുന്ന നന്മകളും ഗുണങ്ങളും ആലോചിച്ചാൽ സഭ ആദരണീയമാണു്. സഭയോടുള്ള നമ്മുടെ പൂണബന്ധത്തെപ്പററിയോ ബാദ്ധ്യതകളെപ്പററിയോ ചിന്തിച്ചിട്ടാവശ്യമില്ല. സഭ ദൈവസ്ഥാപിതമെങ്കിൽ താനെ നിലനില്ക്കുകയോ പുരോഗമിക്കുകയോ ചെയ്യും. അതേ, ദൈവസ്ഥാപിതംതന്നെ. ദൈവത്തിൻെറ ഉദ്ദേശ്യങ്ങൾ നിറവേററുന്നതിൽ മനുഷ്യൻെറ സഹകരണമാവശ്യമെന്നുവന്നാൽ അതിലേക്കു് വിപുലമായ വൈദികലോകമുണ്ടു്. മെത്രാന്മാരും പട്ടക്കാരും പോരെങ്കിൽ സന്യാസിസമൂഹങ്ങളും സഭയുടെ കാര്യത്തിൽ വാപ്പതരാകാൻ ബാദ്ധ്യസ്ഥരാണു്. സഭയെ ആശ്രയിച്ചു ആവുന്നിടത്തോളം ആനുകൂല്യങ്ങൾ സമ്പാദിക്കുവാനേ നമുക്കു് ഉത്തരവാദിത്വമുള്ളു. ഈ വിധം യുക്തിവാദം ചെയ്യുന്ന "സ്വാതന്ത്ര്യപ്രേമികളാ"യ കത്തോലിക്കരുടെ ചിത്രമാണു് രണ്ടാമത്തെ കുമ്മായവേലക്കാരൻ പ്രദർശിപ്പി

www.malankaralibrary.com

ക്കുന്നതു്. "ദീപസ്തംഭം മഹാശ്ചര്യം; നമുക്കും കിട്ടണം പ ണം" എന്ന വാക്യം ഇവിടെ അനുസ്മരണീയംതന്നെ.

"മെത്രാസനദേവാലയം പണിയുന്നു" എന്ന മറുപടി തൽകർത്താവായ കുമ്മായവേലക്കാരനെ അഭിനന്ദനാർഹനാക്കിത്തീർത്തു. അവൻെറ പ്രവൃത്തിയുടെ സാരവും പരമോദ്ദേശ്യവും അവൻ മനസ്സിലാക്കിക്കഴിഞ്ഞു. അവൻ തൻെറ മുമ്പിൽ മണലും കുമ്മായവും, പിമ്പിൽ ഭാര്യയേയും കുഞ്ഞുങ്ങളേയും മാത്രമല്ല കണ്ടതു്. ഉത്തുംഗങ്ങളായ മണിമാളികകളോടും മനോഹരങ്ങളായ ബലിപീഠങ്ങളോടുംകൂടി പരിലസിക്കുന്ന പ്രഭാവത്തായ ഒരു ദേവാലയം, ലോകവും നാകവും മദ്ധ്യേയുള്ള ഒരുജ്ജ്വലസോപാനം, അവൻെറ മനോദർപ്പണത്തിൽ ദൃശ്യമായി. അതിൻെറ നിർമ്മാണത്തിൽ തനിക്കുള്ള ഭാഗഭാഗിത്വത്തെ അവൻ പ്രാഗത്ഭ്യപൂർവ്വം സ്മരിച്ചു. അവൻ വെറും ഒരു കത്തോലിക്കനല്ല സംസ്ഥാപകനായ ഒരു കത്തോലിക്കനാണെന്നുതന്നെ അവൻ ബോധിച്ചു. തൻെറ ശക്ത്യനുസാരം കത്തോലിക്കാസഭയുടെ വിജയത്തിലും പുരോഗമനത്തിലും സഹകരിക്കേണ്ടതാവശ്യാവശ്യമാണെന്നു അവൻ ധരിച്ചു. അതിൻപ്രകാരം സഭാ പ്രവർത്തിക്കുവാനുള്ള സന്നദ്ധതാപ്രഖ്യാപനമായിരുന്നു അവൻെറ മറുപടി.

മനുഷ്യനഗരത്തിനു വിരുദ്ധമായ ഒരു ദൈവനഗരത്തെപ്പററി വിശുദ്ധ അഗസ്റ്റീനോസ് പ്രതിപാദിക്കുന്നുണ്ടല്ലൊ. ഈ ദൈവനഗരസ്ഥാപനം ഓരോ കത്തോലിക്കൻെറയും, ഓരോ ക്രൈസ്തവൻെറയും കർത്തവ്യവൃത്തത്തിൽ പെട്ടതാണു്. അല്ലാ ഓരോ ഈശ്വരവിശ്വാസിയുടെയും കാര്യപരിപാടിയിലും ഉൾപ്പെടുന്നുവെന്നു പറയാം. ഈ സല്പരിണാമത്തിലുള്ള നമ്മുടെ ആകാംക്ഷയത്രെ "നിൻെറ

www.malankaralibrary.com

രാജ്യംവരേണമെ" എന്ന സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള നമ്മുടെ അനുദിനപ്രാർത്ഥനയിൽ പ്രകാശിപ്പിക്കപ്പെടുന്നതു്. ദൈവത്തിൻെറ പിതൃത്വവും അഖിലലോകമാനവസമൂഹമദ്ധ്യേ സാഹോദര്യവും അതോടുകൂടി സാർവ്വത്രികമായ ശാന്തിയും, സമാധാനവും, നീതിബോധവും സത്യവും പ്രബലപ്പെടാതെ സ്വർഗ്ഗരാജ്യം ഭൂമുഖത്തവതരിക്കുക അസാദ്ധ്യമാണു്. അവ പ്രബലപ്പെടുമ്പോൾ സകലവും ക്രിസ്തുവിൽ പുനഃസ്ഥാപിക്കപ്പെടുകയെന്നുള്ള ലക്ഷ്യപ്രാപ്തിയിൽ ലോകം എത്തുകയും ചെയ്യും. ഈ പ്രബലീകരണത്തിൽ നാം സ്വീകരിക്കുന്ന ഭാഗമാണു് "ആ മൂന്നുതരം കത്തോലിക്കരിൽ" ഏതിലാണു് നമ്മെ പരിഗണിക്കേണ്ടതെന്നു വെളിപ്പെടുത്തുന്നതു്. പുത്തനാണ്ടിൻെറ ഈ പുതുമാസം കടന്നു കഴിയുന്നതിനു മുൻപു് തൽസംബന്ധമായ ഒരു ആത്മപരിശോധന നമ്മിൽ പലക്കും ഒഴിച്ചുകൂടാത്തതല്ലേ? നമ്മിൽ ഓരോ വ്യക്തിയുമത്രെ അംഗീകാരരൂപത്തിലോ നിഷേധാത്മകമായോ മറുപടി നൽകേണ്ടതു്.

സത്യദീപം, 1954 ഫെബ്രുവരി 10.

www.malankaralibrary.com

# നിയോമിയുടെ ബലി

ആ തറവാട്ടിലെ ഏക ബിരുദധാരിണിയാണ് നിയോമി. സഹോദരികളോടൊപ്പം സാമാന്യ വിദ്യാഭ്യാസത്തിനുശേഷം നിയോമിയെ കുടുംബസ്ഥിതിക്കും പ്രായബുദ്ധിക്കും സംസ്കാരത്തിനും യോജിച്ച മറ്റൊരു കുടുംബത്തിലേക്ക് കെട്ടിച്ചയക്കണമെന്ന് പിതാവിനു താല്പര്യമുണ്ടായിരുന്നുവെങ്കിലും പഠനത്തിലുള്ള അവളുടെ ഉത്സാഹവും ശ്രദ്ധയും ക്ലാസ്സുകളിൽ തോല്ക്കാതുള്ള പുരോഗമനവും നിയോമിയുടെ സ്വഭാവമാധുര്യത്തിലും ആശയശുദ്ധിയിലുമുണ്ടായിരുന്ന മതിപ്പും ആ താല്പര്യം പ്രയോഗത്തിൽ വരുത്തുവാൻ പ്രതിബന്ധമായിത്തീർന്നു. സ്ത്രീധനത്തിനായി കരുതിയിരുന്ന ധനവും കെട്ടിയിരിപ്പിൽ തുരുമ്പിച്ചുവശായി എന്നു പറയാം. അങ്ങനെയിരിക്കുകയിലാണ് ഒരു കത്തോലിക്കാ ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി പോകുവാൻ ആലോചനനടന്നത്. മറ്റൊരിടായിരുന്നുവെങ്കിൽ ആ ആലോചന അരനിമിഷം പറകുകയില്ലായിരുന്നു. ഒരു കത്തോലിക്കാ ഹൈസ്ക്കൂളിൽ, കന്യാസ്ത്രീകളുടെ നിയന്ത്രണത്തിലും സഹകരണത്തിലും കഴിഞ്ഞ ഒരു സ്ഥാപനത്തിൽ, സഹവിദ്യാഭ്യാസം നിഷിദ്ധമായിരുന്ന സാഹചര്യങ്ങളിൽ, ആ ജോലി സ്വീകരിക്കുന്നതിൽ പ്രാതികൂല്യത്തിനാവശ്യമില്ലെന്ന് അമ്മയും സഹോദരിമാരും ചേർന്ന് ഒരു ആലോചനായോഗത്തിൽ നിശ്ചയം ചെയ്തു. റീത്തുകാരുടെ വകയാണ്. സ്കൂളെന്നും റീത്തുകന്യാസ്ത്രീകളാണ് അവിടെ പഠിപ്പിക്കുന്നതെന്നുമുള്ള ചിന്ത ഒരു സഹോദരിയിൽനിന്ന് നേരിയ ഒരു പ്രതിഷേധസ്വരത്തിന് അവസരം നൽകിയെങ്കിലും കത്തോലിക്കാ സന്യാസിനിമാരെയും അവരുടെ ജീവിതചര്യകളെയും പററി അത്യധികം ബഹുമാനം നിയോമിക്കുണ്ടായിരുന്നതിനാൽ ആ സ്വരത്തിന് തുച്ഛമായ പ്രതിധ്വനിയേ ലഭിച്ചുള്ളു. ഇങ്ങനെയത്രെ നിയോമി കുന്നങ്കുളം കത്തോലിക്കാ ഹൈസ്കൂളിൽ അദ്ധ്യാപികയായിത്തീർന്നത്.

www.malankaralibrary.com

ഡിസമ്പർമാസം രാവിലെ അല്പം മൂടൽമഞ്ഞു കാണാറുണ്ടെങ്കിലും അന്തരീക്ഷം പ്രായേണ കാറും കോളും കൂടാതെയാണ് കഴിയുക. ക്രിസ്തുമസ്സ് ഒഴിവിനായി നിയോമി വീട്ടിൽ വന്നതിനുശേഷം അവിടെ ഒരു നവജീവൻ ഉണ്ടായതുപോലെ തോന്നി. കുഞ്ഞുങ്ങളെ സന്ധ്യനമസ്കാരത്തിനും പ്രഭാതാരാധനയ്ക്കും ഒരുക്കുന്നതിൽ പ്രധാനഭാരവാഹിത്വം നിയോമി വഹിച്ചിരുന്നു. അവരെ കൂടുതൽ ദൈവസ്നേഹത്തിലേക്കും സദ്വൃത്തിയിലേക്കും നിയോമിയുടെ ഓരോ വാക്കും ഓരോ പ്രവൃത്തിയും നയിച്ചുകൊണ്ടിരുന്നു. ഇതിൽ സഹോദരനും, സഹോദരിമാർക്കും പ്രത്യേകം നിയോമിയുടെ അച്ഛനമ്മമാർക്കും സന്തോഷം തോന്നി എട്ടുപത്തു ദിവസം അവധിക്കാലത്തുനിന്നും കൊഴിഞ്ഞുപോയി. അപ്പോഴേക്കും നിയോമി കുടുംബത്തിലെ ആവശ്യാവശ്യമായ ഒരംഗമാണെന്നുള്ള ബോദ്ധ്യം കുടുംബാംഗങ്ങളിലും ഇതരരിലും വ്യാപിച്ചു.

"മോളെ, നിയോമി, പള്ളിക്കൂടം തുറക്കുന്നതിനു ഇനിയും മൂന്നോ നാലോ ദിവസമേയുള്ളല്ലോ. ഒരു മാസമോ മറ്റോ കഴിഞ്ഞേ നീ പള്ളിക്കൂടത്തിലേക്ക് ചെല്ലുകയെന്നൊരെഴുത്തയക്കരുതോ? അക്കാലത്തേക്കുള്ള ശമ്പളം കിട്ടുകയില്ലെങ്കിൽവേണ്ടാ, നിൻെറ ശമ്പളംകൊണ്ടു കഴിയാൻ ഇവിടെ ആർക്കും ആവശ്യവും ആഗ്രഹവും ഇല്ലെന്നറിയരുതോ?" അമ്മ ചോദിച്ചു.

"എൻെറ പൊന്നമ്മച്ചീ, പള്ളിക്കൂടം തുറക്കുന്നതിൻെറ തലേ ദിവസം കന്നുകുളത്തെത്താമെന്നു പറഞ്ഞാണു ഞാൻ പോന്നതു്; അമ്മച്ചി പ്രതിബന്ധമൊന്നും മുണ്ടാക്കരുതേ."

"പ്രതിബന്ധം ഉണ്ടാക്കുകയല്ല. നിൻെറ അപ്പച്ചൻ ഇന്നാൾ പറയുന്നതു കേട്ടു. അടുത്തുതന്നെ, ഈ ജോലി നിറുത്തി വെച്ച്. നിൻെറ വിവാഹാലോചന തുടരേണമെന്നു്. അങ്ങേക്കും പ്രായമായില്ലേ!"

www.malankaralibrary.com

„അപ്പച്ചൻെറ പ്രായധിക്യം സാരമില്ല. ഇനിയും അപ്പച്ചനും അമ്മച്ചിയും അനേകസംവത്സരം ജീവിച്ചിരിക്കുകയും ചെയ്യും. ആകയാൽ ഞാൻ സ്കൂളിൽ പോകട്ടെ, കല്യാണാലോചന പിന്നെയും ആകാമല്ലൊ."

„കുറെമുമ്പ് ഒരിടക്കാൻ ഇവിടെ വന്നിരുന്നു. ചാലക്കുടിക്കടുത്തു് ഒരു നല്ല കല്യാണാലോചനയും കൊണ്ടു്. സ്ത്രീധനം ഇവിടെ ഉദ്ദേശിച്ചതിൽ ഒട്ടും കുറുകയില്ല. കൊച്ചൻ ബി. എൽ പാസ്സായിട്ടുമുണ്ടു്"

„എൻെറ പൊന്നമ്മച്ചീ, എം. എ. ക്കാരുടെയും ബി എൽ ക്കാരുടെയും സംഗതിയൊന്നും ആലോചിക്കേണ്ടെന്നു് ഞാൻ എത്രയോ പ്രാവിശ്യം പറഞ്ഞിട്ടുള്ളതാണു്. ഈ എടക്കാക്കും വഴികാട്ടികൾക്കും കൊടുക്കുന്ന ചോറും പണവും സാധുക്കൾക്കായിരുന്നുവെങ്കിൽ!"

„ഒരു ഡാക്ടർ ചെറുക്കൻെറ കാര്യം വേറൊരാൾ പറയുന്നതുകേട്ടു. ബി. എൽ. ക്കാരൻ വേണ്ടെങ്കിൽ ആ സംഗതിയാലോചിക്കാം."

„അമ്മച്ചിയെന്തിനിവിധം വർത്തമാനം പറഞ്ഞു ക്ലേശിമ്മുന്നു. എന്നെ വക്കീലും ഡാക്ടരും ആരും വിവാഹം ചെയ്യേണ്ട. കാലമാകുമ്പോൾ വരനെ ഞാൻ കണ്ടുപിടിച്ചുകൊള്ളാം. നിങ്ങളെല്ലാവരും എന്നെ അനുഗ്രഹിച്ചാൽ മതി."

അന്നുതന്നെ നിയോമിയുടെ അചരനമ്മമാർ തങ്ങളുടെ പുത്രിയെപ്പററി സംസാരിച്ചു: „അവൾക്കു് ഇരുപതുവയസ്സിലധികം പ്രായമായി. ബി. എ. പരീക്ഷ ജയിച്ചിട്ടുമുണ്ടു്. ദൈവാനുഗ്രഹത്താൽ അവൾ വഷളന്മാരുടെ കൂട്ടുകെട്ടിൽ ചേരാനിടയില്ല. ആകയാൽ അവൾക്കിഷ്ടമുള്ള വരനെ തിരഞ്ഞെടുത്തുകൊള്ളട്ടെ. ബാക്കികാര്യങ്ങൾ ഞാൻ ചെയ്തുകൊള്ളാം." പിതാവു് ഉപസംഹരിച്ചു.

www.malankaralibrary.com

വി. കൊച്ചുത്രേസ്യായുടെ തിരുനാൾ കന്നകളും സന്യാസിനി മന്ദിരത്തിൽ പ്രത്യേകപടങ്ങുകൾക്ക് കാരണമായി. തെരേസാമാർട്ടിൻ സന്യാസിനിമന്ദിരത്തിൽ ചേരുന്നതിനു് പ്രാരംഭമായി സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളെയും മനോവ്യഥയേയും പററി അദ്ധ്യാപികമാരും വിദ്യാത്ഥിനികളും പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളുംവഴി ഗ്രഹിച്ചിട്ടുണ്ടായിരുന്ന സംഗതികൾക്ക് തിരുനാൾദിനം ഒരു നവചൈതന്യം ചാത്തി. തെരേസാ മാർട്ടിൻ അനുകരണയോഗ്യയായ ഒരു വനിതാരത്നം തന്നെയായിരുന്നുവെന്നു് അവരിൽ പലക്കുംതോന്നി. നിയോമി വി. കൊച്ചുത്രേസ്യായുടെ ജീവചരിത്രവുമായി പലപ്രാവശ്യം പരിചയപ്പെട്ടിരുന്നു. ആ വിശുദ്ധയെ അനുകരിച്ചു് ഒരു സന്യാസിയാകുന്നതിനും, പ്രാരംഭമായി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനും ചെയ്തിരുന്ന തീരുമാനം തിരുനാൾദിവസം ദൃഢതരമാകുകയും ചെയ്തു.

വിവരം അപ്പനമ്മമാരും മററു ബന്ധുജനങ്ങളും അറിഞ്ഞപ്പോൾ നിയോമിയുടെ നിശ്ചയത്തിനു് അവരുടെ അംഗീകാരവും സമ്മതവുമുണ്ടായില്ല. പ്രത്യുത ആ കുമാരിയെ അതിൽ നിന്നു നിവത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും തുടരെത്തുടരെ നടന്നു. എന്നാൽ ദൈവത്തിൽ ആശ്രയിച്ചും മനസ്സാക്ഷി അനുസരിച്ചും ഐഹികജീവിതം നയിക്കണമെന്നു് അഭിവാഞ്ഛയോടെ വത്തിച്ച നിയോമിയിൽ ഇഷ്ടജനങ്ങളുടെ ഉദ്യമങ്ങൾ വിഫലമായതേയുള്ളു. മാതാപിതാക്കന്മാരുടെ മുഖംനോക്കി അവരുടെ ആഗ്രഹത്തെ നിരാകരിക്കാതെ കഴിക്കണമെന്നു് കരുതി സ്വഭവനത്തിലേക്ക് തിരിച്ചുപോകുവാനും അവൾ സന്നദ്ധയായില്ല. ഇഷ്ടജനവിരഹം അത്യധികം സന്താപജനകമായിരുന്നുവെങ്കിലും എത്ര വലിയ ത്യാഗവും ദൈവതിരുമനസ്സുമായി തന്നെ ബന്ധിക്കുന്നതിലേക്ക് തുലോം തുച്ഛമായി നിയോമി കരുതി.

മാസങ്ങൾ പലതു കഴിഞ്ഞു. നിയോമി കത്തോലിക്കാസഭാംഗമായി. ആവശ്യമായ പരിശീലനശേഷം തി

www.malankaralibrary.com

രുവല്ലാത്രുപതയിലെ ക്രിസ്ലാനുകരണ സന്യാസിനി സഭയിൽ മുറപ്രകാരം പ്രവേശിച്ചു. ഇന്നന്നെ സാഹചര്യങ്ങളിൽ ധാരാളം യാക്കോബായക്കാരും മാർത്തോമ്മാക്കാരും ആംഗ്ളിക്കരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുക കാലത്തിനു തക്ക ഒരു കോലമായിട്ടേ അഴകുള്ള നിയോമിയുടെ സ്വജനങ്ങൾ കരുതിയുള്ളു. എന്നാൽ ഒരു സന്യാസിനിയാകുക പ്രതിലോമപരമായ ഒരു സാഹസമായി അവർ കരുതി. ഒരു സന്യാസിനിയുടെ ജീവിതം എത്രമാത്രം സ്വാതന്ത്ര്യരഹിതം, ക്ലേശഭൂയിഷ്ഠം, ആശാരഹിതം! മഠത്തിൽ ചേർന്നു കന്യാസ്ത്രീയാകുന്നതു് "ജീവനോടുകൂടി ശവക്കുഴിയിൽ ഇറങ്ങി അവിടെ ഉറങ്ങുവാൻ ശ്രമിക്കുന്നതിനു സമമാണു്. ഒരു ദിനം വന്നെന്നിരിക്കട്ടെ, തിരിഞ്ഞുനോക്കുവാനാരുമില്ലാതെ കരിഞ്ഞുപൊരിഞ്ഞു മരിക്കയാണു് കന്യാസ്ത്രീയുടെ അനുഭവം" എന്നൊരിക്കൽ നിയോമിയെ നിരുത്സാഹപ്പെടുത്തുവാൻ ആരോ പറഞ്ഞുപോലും. "രോഗാവസ്ഥയിൽ ശുശ്രൂഷിക്കുവാനാരുമില്ലാതെ കഴിയാനുള്ള ദുരവസ്ഥ ദൈവം എനിക്കു് തരികയില്ല." എന്നായിരുന്നു നിയോമിയുടെ സമാധാനം.

സിയോമി സന്യാസസഭയിൽ നിത്യവ്രതം ചെയ്തു. മിശിഹായെ വരനായി സ്വീകരിച്ചു, അന്നത്തെ അവളുടെ ആനന്ദാനുഭൂതി വാചാമഗോചരംതന്നെ, ക്രിസ്തുവിൽ നിന്നു് യാതൊരു ലൗകിക വസ്തുവിനും ജഡികവികാരത്തിനും തന്നെ വേർപെടുത്തുവാൻ കഴിഞ്ഞില്ലല്ലോയെന്ന ചിന്ത ഭാവി ജീവിതം അവളുടെ ദൃഷ്ടിയിൽ ശോഭനമാക്കിച്ചെയ്തു. എങ്കിലും അവളുടെ ഹൃദയം സമാധാനസമ്പൂർണ്ണമായിരുന്നില്ല. അതിൽ ഇരുളടഞ്ഞ ഒരു കോണുണ്ടായിരുന്നു. തന്റെ അചരനമ്മമാരും ഏകോദരസഹോദരരങ്ങളും കത്തോലിക്കാസഭയിൽനിന്നു്, നിത്യരക്ഷയുടെ ആ അനന്യസങ്കേതത്തിൽനിന്നു്, വേർപെട്ടു് കഴിയുന്നല്ലൊ എന്നുള്ള സ്മരണ നിയോമിയെ സദാ അലട്ടിക്കൊണ്ടിരിരുന്നു. സഹപ്രവർത്തകരുമായി സല്ലാപം ചെയ്യുമ്പോഴും വിദ്യാർത്ഥിഗണത്തിനു് പ്രബോധനം നൽകുമ്പോഴും പ്രസ്തുത സ്മരണ അവളെ അപഹസിക്കുന്നതായി, അവ

www.malankaralibrary.com

ളുടെ മുമ്പിൽ ശക്തമായ ഒരു ചോദ്യചിഹ്നം അവതരിപ്പിക്കുന്നതായി, അവൾക്ക് തോന്നി. ദൈവാലയത്തിലെ ശുശ്രൂഷകൾക്കിടയിലും വിശ്രമാവസരങ്ങളിലെ ഏകാന്തതയിലും ഈ ചോദ്യചിഹ്നം അവളെ തുറിച്ചുനോക്കുമാറായിരുന്നു. എത്രയെത്ര വിശുദ്ധന്മാരും, വിശുദ്ധകളുമാണ് സ്വന്തം ആത്മാവിനെ നിത്യശിക്ഷയിൽ നിന്നു പരിരക്ഷിക്കുന്നതിനായി ആയുസ്സും അത്ഥവും സ്ഥാനമാനങ്ങളും ലോകബന്ധവും ഉപേക്ഷിച്ചിട്ടുള്ളതു്; ഒററപ്പാപംമൂലം മരിയഗൊരേത്തിക്ക് അവയുടെ ജീവനെ രക്ഷിക്കാമായിരുന്നു. ഒററ പ്രഖ്യാപനത്തിനുള്ള വിസമ്മതത്രെ രാജസഖിത്വവും ഉന്നതസ്ഥാനവും പ്രാണനും ഉപേക്ഷിക്കുവാൻ സർതോമസ് മൂറിനെ പ്രേരിപ്പിച്ചതു്. ഇപ്രകാരമുള്ള നിരവധി ഉദാഹരണങ്ങൾ കത്തോലിക്കാ സഭാചരിത്രം നൽകുന്ന സ്ഥിതിക്ക് തന്റെ സ്വജനങ്ങളെ കത്തോലിക്കാ സഭയിലേക്കാകർഷിക്കുന്നതിലേക്ക് താൻ ഒന്നും ചെയ്യേണ്ടതായിട്ടില്ലയോയെന്നായിരുന്നു നിയോമിയുടെ ചിന്താഗതി. ചിന്തിച്ചു്, ചിന്തിച്ചു് നിയോമി വേറൊരു ദൃഢനിശ്ചയത്തിലെത്തുന്നു. പുത്രന്റെ ജീവനെ രക്ഷിക്കുവാൻ സ്വജീവൻ സമർപ്പിച്ച മുസ്ളീംരാജാവിന്റെ സ്നേഹാധിക്യം ചരിത്രപ്രകീത്തിതമാണല്ലോ. സ്വജനങ്ങളുടെ മാനസാന്തരം ഉദ്ദേശിച്ചു് നിയോമി സ്വജീവൻ ദൈവത്തിനു് ബലിസമപ്പിക്കാമെന്നു പ്രതിജ്ഞ ചെയ്തു. ദൈവനാമത്തിൽ, ദൈവമഹത്വം ലാക്കാക്കി, ചെയ്ത ദൃഢ പ്രതിജ്ഞ.

നിയോമിയുടെ പ്രതിജ്ഞയുടെ ഭാരം സഹിച്ചുകൊണ്ടു് മാസങ്ങൾ പലതു് നീങ്ങി. നിയോമി കുന്നംകുളം വിട്ടു് ചെങ്ങരൂർ താമസമായി. പഴയപടി അദ്ധ്യാപവൃത്തിയും ബാലലോകത്തിന്റെ വിജ്ഞാന നിമ്മാണവും സ്വഭാവരൂപീകരണവും തന്നെ ജോലി. വടക്കെന്നപോലെ തെക്കും കാണുന്നവരുടെയെല്ലാം കണ്ണിലുണ്ണി, അറിയുന്നവരുടെയെല്ലാം സ്നേഹഭാജനം. മാർച്ച് 18-ാംതീയതി നല്ലമരണമദ്ധ്യസ്ഥനായ മാർ യൗസേപ്പിന്റെ, ആ തൊഴിലാളിവീരന്റെ, മരണത്തിരുനാൾ യഥാവിധി ആഘോ

www.malankaralibrary.com

ഷിക്കവാൻ ചെങ്ങന്നൂർ മഠത്തിൽ നടന്ന സജ്ജീകരണങ്ങളിൽ സിസ്റ്റർ നിയോമി ഉത്സാഹപൂർവ്വം ഭാഗഭാക്കായി. ഭദ്രാസനാധ്യക്ഷൻ ജോസഫ് മാർ സെവേരിയോസ് തിരുമനസ്സിലെ സന്ദർശനവും അന്നത്തെ പരിപാടിയിൽപെട്ടു. സന്യാസിനികൾ ഭക്തിപൂർവ്വം തിരുമേനിക്ക് തിരുനാൾ ഭാവുകങ്ങൾ ആശംസിച്ചു. തിരുമേനി സകലരെയും അനുഗ്രഹിച്ചാശീർവ്വദിച്ചു: തിരുമേനി മഠത്തിൽനിന്നു യാത്ര പുറപ്പെട്ടയുടൻതന്നെ സിസ്റ്റർ നിയോമി അവിടുത്തെ ആശിസ്സുകളാൽ പൂർവ്വാധികം ആദ്ധ്യാത്മിക ചൈതന്യം പൂണ്ട് പ്രാർത്ഥനാനിരതയായി ഒരു സഖിയോടുകൂടി ദേവാലയത്തിൽ പ്രവേശിച്ചു. വിശുദ്ധ കർബ്ബാനയുടെ സമക്ഷം ഒരു പായ് വിരിച്ച് ആ കന്യകാദ്വയം സ്വർഗ്ഗവാസികളോടൊപ്പം ദൈവസ്തുതിയിൽ ഏർപ്പെട്ടു. ദിവ്യമണാളന്റെ ആഗമനം പ്രതീക്ഷിച്ചുള്ള വിവേകമതികളായ കന്യകകളുടെ കാത്തിരിപ്പ്.!

ബലിവസ്തു സ്വീകരണത്തിനായി മുൾപ്പടർപ്പിൽ കണ്ട അഗ്നിപ്പരപ്പിനെ അനുസ്മരിപ്പിക്കുമാറു്, നിയോമിയും സഖിയും പ്രാർത്ഥിച്ചുകൊണ്ടിരുന്ന ചെറുദേവാലയത്തിനു ചുറ്റും മഹാമാരി ചൊരിഞ്ഞു. ആകാശം മേഘാവലിയാൽ ആവൃതമായി. മേഘഗർജ്ജനം ദിഗന്തം മുഴക്കി. കന്യകകൾ പ്രാർത്ഥിക്കുന്നതിൽ അലംഭാവംവരുത്തിയില്ല. കാറ്റിന്റെ ഊററം കൊണ്ടു തുറന്ന വാതിൽ അടസ്സുവാൻ സഖി പായയിൽനിന്നു് നിഷ്ക്രമിച്ചു. ആ ക്ഷണത്തിൽ ഘോരമായ അശനിപാതം. ആ ആകാശവാളിനു് നിയോമി ഊണായി. പത്തു മിനിററുകൊണ്ടു് ആ ഭക്തശിരോമണിയുടെ ദേഹിദേഹത്തിൽ നിന്നു വേർപെട്ടു. അവളുടെ രോഗശുശ്രൂഷയ്ക്കു ദീർഘകാലം വേണ്ടിയിരുന്നില്ല. വേണ്ടതിലധികം ശുശ്രൂഷകരും ഉണ്ടായിരുന്നു. അങ്ങനെ നിയോമിയുടെ ബലി സ്വീകൃതമായി!!

സിസ്റ്റർ നിയോമിക്ക് ഊഹാതീതമായ അന്തിമോപചാരമാണു് ലഭിച്ചതു്. ശ്മശാനയാത്രയിൽ മെത്രാപ്പോ

www.malankaralibrary.com

ലീത്തായും മെത്രാന്മാരും, മോൺസീത്തോറന്മാരും ഒട്ടുവളരെ വൈദികരും, സന്യാസികളും സന്യാസിനികളും, നാട്ടുകാരും യൂറോപ്യന്മാരും, ബഹുശതം സ്വത്തുകാരും തൊഴിൽക്കാരും സംബന്ധിച്ചപ്പോൾ കത്തോലിക്കാസഭയിൽ സന്യാസീസന്യാസിനികൾക്ക് ആലംബരഹിതമായ ഒരവസ്ഥയല്ലാ ഉള്ളതെന്ന് അവിടെ കൂടിയിരുന്ന അകത്തോലിക്കാ സഹോദരങ്ങൾക്ക്, വിശിഷ്യ നിയോമിയുടെ അഛനമ്മമാർ തുടങ്ങിയ സ്വജനങ്ങൾക്ക്, പൂർവ്വാധികം ബോധ്യപ്പെട്ടിരിക്കണം. നിയോമിയുടെ ബലി ഫലവത്തായി പരിണമിക്കട്ടെ!!

www.malankaralibrary.com

## അവർ ശീശ്മസംഹാരികളും ആയിരുന്നു.

പത്തൊമ്പതാം നൂററാണ്ടിൽ കേരള കത്തോലിക്കസഭയ്ക്കു് കൈവന്ന ഒരു മഹാഭാഗ്യമാണല്ലൊ കർമ്മലീത്താ നിഷ്പാദുകസഭാസ്ഥാപനം. ആ നൂററാണ്ടിൽ ഇന്നാട്ടിലെ കത്തോലിക്കമതത്തിനു് ഭയങ്കരമായ മൂന്നു ക്ഷതം പററിയിരുന്നു. അവ 1838–ലെ പദ്രൊവാദൊ ശീശ്മയും 1861–ലെ റൊക്കൊസ്യൻ മത്സരവും 1874–ലെ മെല്ലൂസ്യൻ ഛിദ്രവും ആയിരുന്നു. പതിനേഴാം നൂററാണ്ടിൽ പുത്തൻകൂർ ശീശ്മ ഇവിടെ ആവിർഭവിച്ചതിനെ തുടർന്നാണല്ലൊ കർമ്മലീത്താസഭാവൈദികർ മോൺസിഞ്ഞോർ ജോസഫ് സെബാസ്ത്യാനിയുടെ നേതൃത്വത്തിൽ ഔദ്യോഗികമായി കേരളത്തിൽ പ്രവർത്തനമാരംഭിച്ചതു്. ആ പ്രവർത്തനത്തിൻെറ പ്രധാനഫലം ശീശ്മക്കാരിൽ ഗണ്യമായ ഒരു ഭാഗം മാതൃസഭയിലേയ്ക്കു് തിരിച്ചുവരികയായിരുന്നു. ഇങ്ങനെ കേരളത്തിൽ ശീശ്മവിനാശവും കർമ്മലീത്താപ്രവർത്തനവും തമ്മിൽ കാര്യകാരണബന്ധം പതിനേഴാം നൂററാണ്ടിലുറച്ചതായി കാണുന്നു. പത്തൊമ്പതാം നൂററാണ്ടിൽ സഭയിലെ ധർമ്മാദ്ധ്യക്ഷന്മാർക്കെതിരായി തലപൊക്കിയ ശീശ്മകൾക്കും മത്സരങ്ങൾക്കും കണ്ടാകോടാലിയായി രംഗപ്രവേശം ചെയ്തതല്ലയൊ ഏതദ്ദേശ്യ കർമ്മലീത്താസഭയെന്നു സംശയിക്കുവാൻ അവകാശമുണ്ടു്. അത്യുല്ക്കൃഷ്ടമായ ഒരാദ്ധ്യാത്മിക സമരമാണു് ശീശ്മകൾക്കെതിരാ കർമ്മലീത്താസഭാംഗങ്ങൾ നടത്തിയിട്ടുള്ളതു്. ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നതു്. ശീശ്മ വിനാശനസമരത്തിൽ കർമ്മലീത്താസുറിയാനി സഭാംഗങ്ങൾ വഹിച്ചിട്ടുള്ള സുപ്രധാനഭാഗം ഇല്ലായിരുന്നുവെങ്കിൽ കേരളസഭയുടെ ചിത്രം ഭയാനകമായി മാത്രമാണു് സങ്കല്പദൃഷ്ടിയിൽ ഉദയം ചെയ്യുവാനിടയാകുക. സുറിയാനി കർമ്മലീത്താസഭാംഗങ്ങളുടെ

www.malankaralibrary.com

പ്രവൎത്തനങ്ങൾക്കു ചില ബന്ധപ്പെട്ട അ ധികാരകേ ന്ദ്രങ്ങളിൽനിന്നു നിരുത്സാഹപ്രദമായ നിയന്ത്രണവും നിരോധവും ഉണ്ടാകാതിരുന്നുവെങ്കിൽ ഇന്നത്തെ പല ശീശ്മ പ്രമുഖരും, രക്ഷാകരമായ കത്തോലിക്കാസഭയുടെ മടിയിൽ നിസ്സംശയം വിശ്രമിക്കുമായിരുന്നു എന്നു വിശ്വസിപ്പാനും അവകാശമുണ്ടു്.

## പദ്രൊവാദൊ ശീശ്മ

കൊച്ചി, കൊടുങ്ങല്ലൂർ ഇവ ഗോവാ അതിരൂപതയ്ക്കധീനമായിരുന്ന പദ്രൊവാദൊ രൂപതകളായിരുന്നു. ഈ രൂപതകളിൽ മെത്രാന്മാരെയും മററു ചില വൈദികസ്ഥാനികളെയും നാമനിർദ്ദേശം ചെയ്യുവാനും, അവൎക്കു വേതനം നൽകുവാനും പോർട്ടുഗീസു ഗവൎമ്മേണ്ടിന്നവകാശം റോമാസിംഹാസനത്താൽ നൽകപ്പെട്ടു. കൊച്ചീരൂപതയിലും കൊടുങ്ങല്ലൂർ രൂപതയിലും പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തിൽ സുറിയാനിക്കാരും ലത്തീൻകാരും ഇടകലൎന്നു ജീവിച്ചിരുന്നതിനാൽ ഏതാണ്ടു് സംയുക്തറീത്തുവ്യവസ്ഥിതിയാണു് നിലവിലിരുന്നതു്. രൂപതകളിൽ പരിശുദ്ധ സിംഹാസനം അംഗീകരിച്ചതും മുകളിൽ പ്രസ്താവിച്ചതുമായ രാജകീയാധികാര പ്രയോഗത്തിൽനിന്നാണു് „പദ്രൊവാദൊ” അഥവാ പോർട്ടുഗീസ് „സംരക്ഷണാധികാരം” എന്ന പേരുണ്ടായതു്. പദ്രൊവാദൊ രൂപതകളുടെ അതൃത്തികൾ കാലാന്തരത്തിൽ കൂടുതൽ വ്യാപകമായിത്തീൎന്നതോടുകൂടി പല സ്ഥലങ്ങളെ സംബന്ധിച്ചും പദ്രൊവാദൊ അനാവശ്യവും ന്യായരഹിതവുമായി അനുഭവപ്പെട്ടു. ആകയാൽ പദ്രൊവാദൊ രൂപതകളുടെ അതൃത്തികൾ നിയന്ത്രിക്കുകയും പദ്രൊവാദൊ അധികാരികൾ കയ്യടക്കിവെച്ചിരുന്ന മിഷ്യൻ കേന്ദ്രങ്ങൾ ആ അധികാരത്തിൽനിന്നു് വേർപെടുത്തി അവയുടെമേൽ ഭരണാധി

www.malankaralibrary.com

കാരം നിർവ്വഹിക്കുവാൻ അപ്പസ്തോലിക്ക വികാരിമാരായ മെത്രാന്മാരെ നിയമിക്കുകയും ചെയ്യുവാൻ പരിശുദ്ധ സിംഹാസനം നിർബന്ധിതമായി. എതന്മൂലം "മൂൽത്താ പ്രെക്ലാറെ" (Multa Praeclare) എന്ന ബ്രീഫ് 1838 എപ്രിൽ 24-ാം തീയതി പതിനാറാം ഗ്രിഗോറിയോസ് മാർപ്പാപ്പാ പ്രസിദ്ധം ചെയ്തു. ബ്രീഫിലെ താല്പര്യപ്രകാരം വികാരി അപ്പസ്തോലിക്കമാൎക്ക നിർദ്ദിഷ്ട പ്രദേശങ്ങളിൽ അധികാരപ്രയോഗസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുകയായിരുന്നു പദ്രൊവാദൊ ശ്രുപതാധികാരികൾ ചെയ്യേണ്ടിയിരുന്നതു്. അവർ നിർഭാഗ്യവശാൽ അപ്രകാരം ചെയ്തില്ല; വിശേഷിച്ചു്, അപ്പസ്തോലിക്ക വികാരിമാരുടെ അധികാര പ്രയോഗത്തെ നിരോധിക്കുകയും ചെയ്തു. ഇങ്ങനെ മാർപ്പാപ്പായുടെ ആജ്ഞ ധിക്കരിക്കുന്ന ഒരുഗണം ക്രൈസ്തവർ അഥവാ കത്തോലിക്കർ ഭാരതഭൂമിയിൽ ഉണ്ടായി. ഇപ്രകാരമാണു് പദ്രൊവാദൊ ശീശ്മയുടെ ആരംഭം. ശീശ്മക്കാൎക്ക "കേരളത്തെ സംബന്ധിച്ചിടത്തോളം, വരാപ്പുഴത്തെ വൈദികാദ്ധ്യക്ഷന്മാരുടെ അധികാരം അംഗീകരിച്ചു മാത്രമെ കത്തോലിക്കസഭയുടെ ഐക്യത്തിനു പുനഃപ്രവേശനം സാദ്ധ്യമായിരുന്നൊള്ളു. പദ്രൊവാദൊ അധികാരത്തിൽനിന്നു് വരാപ്പുഴ അധികാരത്തിലേക്കു് ഇടവകകളും ജനങ്ങളും മാറാതിരിക്കുവാൻ പോർട്ടുഗീസ് വൈദികർ തീവ്രയത്നംചെയ്തു. കേരളത്തിൽ, സുറിയാനി റീത്തുകാരാകട്ടെ ലത്തീൻ റീത്തുകാരാകട്ടെ, "മൂൽത്താ പ്രെക്ലാറെ"യുടെ പ്രഖ്യാപനത്തിനുശേഷം പദ്രൊവാദൊ ബന്ധത്തിൽ തുടരുന്നപക്ഷം കത്തോലിക്കസഭയുടെ അംഗത്വവും വിശുദ്ധ ക്രൂദാശകളുടെ സൽഫലങ്ങളും അവരെ സംബന്ധിച്ചിടത്തോളം വിനഷ്ടമായി തീൎന്നിരുന്നു. ഈ വാസ്തവം പല പള്ളികളിലും പ്രസംഗിച്ചു് കുത്സിതമായ പദ്രൊവാദൊ ബന്ധത്തിൽനിന്നു വിശ്വാസികളെ അകററി ന്യായയുക്ത

www.malankaralibrary.com

മായ വരാപ്പുഴ അധികാരത്തിലേയ്ക്കാനയിക്കുവാൻ അത്യ ദ്ധ്വാനംചെയ്ത വൈദികരിൽ പ്രമുഖർ പാലയ്ക്കൽ തോ മ്മാ മല്പാനും പോരൂക്കര തോമ്മാമല്പാനുമായിരുന്നു. ഇവർ വരാപ്പുഴ വികാരി അപ്പസ്തോലിക്കമാരുടെ സിക്രട്ടറിപദം അനുക്രമം അലങ്കരിച്ചിരുന്നതിനാലും മല്പാന്മാർ എന്ന നി ലയിൽ ഒട്ടുവളരെ പട്ടക്കാർ ഇവരുടെ ശിഷ്യഗണത്തിൽ പ്പെട്ടിരുന്നതുകൊണ്ടും ഈ വിഷയത്തിൽ ഗണ്യമായ സേ വനം ഇവരാൽ സാദ്ധ്യമായി. ഒരു കക്ഷി പദ്രോവാദൊ ഭാഗത്തും മറേറകക്ഷി വരാപ്പുഴ ഭാഗത്തും ചേർന്നു. ജന ങ്ങളും പട്ടക്കാരും, പല പള്ളികളിലും ഇടവകകളിലും പരസ്പരം കത്തിഴും കന്തവുമായിക്കഴിഞ്ഞ അവസ്ഥയ്ക്കറു തിവരുത്തുവാൻ തോമ്മാമല്പാന്മാരുടെ ഉദ്യമങ്ങൾ ഹേതു വായി. 1833-ൽ വരാപ്പുഴ ഭാഗത്തു് 22 ലത്തീൻപള്ളി കളും 41 സുറിയാനിപ്പള്ളികളും ഉണ്ടായിരുന്നു. എന്നാൽ "മൂൽത്താ പ്രെക്ലാറെ"യുടെ പ്രഖ്യാപനത്തെ തുടർന്നു 1850- ൽ അവ യഥാക്രമം 29-ം 76-ം ആയി വർദ്ധിച്ചു എന്നുള്ളതു് ഇവിടെ സ്മരണീയമാണു്.

### രണ്ടു അന്തോനിക്കത്തനാരന്മാർ

പദ്രൊവാദൊ അധികാരികളെപ്പോലെതന്നെ വരാപ്പുഴ അധികാരികളും വൈദികകർമ്മങ്ങൾക്കായി ലത്തീൻറീ ത്ത് ഉപയോഗിച്ചുവന്നതിനാൽ പദ്രൊവാദൊ ഭാഗത്തു നിന്നിരുന്ന സുറിയാനിക്കാരും; വരാപ്പുഴ ഭരണത്തിന്നധീ നരായ സുറിയാനിക്കാരും ഒരുപോലെ പൂർവ്വികമുറയനുസ രിച്ചു കൽദായമെത്രാന്മാരെ ലഭിക്കുവാൻ അഭിലഷിച്ചിരു ന്നു എന്ന സംഗതി നാം വിസ്മരിക്കരുതു്. ആകയാൽ കൽ ദായമെത്രാന്മാരെ കേരളത്തിൽ ലഭിക്കുവാനുള്ള ശ്രമം പ ലവഴിക്കും നടന്നുകൊണ്ടിരുന്നതിൽ വിസ്മയത്തിനു വക

www.malankaralibrary.com

യില്ല. കമ്മലീത്താ സഭാസ്ഥാപനവിഷയത്തിൽ രണ്ടു തോമ്മാമല്പാന്മാർ മുന്നോടികളായിരുന്നവല്ലൊ. കൽദായബന്ധ പുനഃസ്ഥാപനത്തിന്നുത്സാഹിച്ചവക്ക് രണ്ടു അന്തോനിക്കത്തനാരന്മാർ നേതൃത്വം വഹിച്ചു. ഇവർ, കടകച്ചിറ അന്തോനി, തൊണ്ടനാട്ടു് അന്തോനി എന്നീ വൈദികരായിരുന്നു. ഒരു കൽദായ സുറിയാനി മെത്രാനെ ലഭിക്കുവാൻ സുറിയാനി സമുദായത്തിൻെറ നാമത്തിൽ അഭ്യർത്ഥിച്ചുകൊണ്ടു് അവർ മെസൊപ്പൊട്ടേമിയായിലെത്തി. ബാബേലിൽ നിന്നു വന്നു് കേരളത്തിൽ സഞ്ചരിക്കുകയും കുറവിലങ്ങാട്ടു കുറെക്കാലം താമസിക്കുകയും ചെയ്ത ദേൻഹാ എന്ന കൽദായ പട്ടക്കാരൻ ഈ കൽദായ മെത്രാൻ പ്രേമികൾക്കു് പ്രോത്സാഹനം നൽകിയിരുന്നു. അന്നും കുറവിലങ്ങാട്ടു വരാപ്പുഴ ഭാഗത്തും, പദ്രൊവാദൊ കക്ഷിയിലും ഉറച്ചുനിന്ന വൈദികരും അൽമായപ്രമാണികളും ഉണ്ടായിരുന്നുവെങ്കിലും ഇരുക്കൂട്ടരും കൽദായ മെത്രാൻ കാഴ്ത്തിൽ ഏകാഭിപ്രായം സ്വീകരിച്ചിരുന്നപ്പോൾ. വരാപ്പുഴ അധികാരികൾക്കു് ഈ പ്രസ്ഥാനം അരോചകമായിരുന്നു പറയേണ്ടതില്ലാ. ബർണർദീനോസ് വികാരി അപ്പസ്തോലിക്കാ പ്രസ്ഥാനക്കാരെ പ്രതികൂലിച്ചു എന്നു മാത്രമല്ല അവരിൽ പലരെ ശാസിക്കുകയും ചിലരെ ശിക്ഷിക്കുകയും ചെയ്തു, ആദ്യത്തെ യാത്ര ഫലപ്രദമാകാതെ കടകച്ചിറ അന്തോനിക്കത്തനാർ തിരിച്ചുവന്നു. തുടന്നു അദ്ദേഹത്തെ ബർണർദീനോസ് തിരുമേനി കത്തോലിക്കാസഭയിൽനിന്നു് ബഹിഷ്കരിച്ചു. തെല്ലും കൂസാതെ മുമ്പിലത്തെ അഭ്യർത്ഥന പൂർവ്വാധികം ജനകീയവും ശക്തിമത്തുമാക്കുവാനായിരുന്നു അന്തോനിക്കത്തനാരുടെ അനന്തര ശ്രമം. അനുയായികളായി ഏതാനും ആളുകളെ സമ്പാദിച്ചു് ആവശ്യമായ അപേക്ഷകളുമായി കത്തനാർ രണ്ടാമതും ശീമയാത്ര കഴിച്ചു. ഒരു പട്ടക്കാരനും രണ്ടു ശമ്മാശന്മാരും

www.malankaralibrary.com

വൈദികസ്ഥാനാർത്ഥികളായ പന്ത്രണ്ടു യുവാക്കന്മാരും അദ്ദേഹത്തിനു സഹയാത്രികന്മാരായിരുന്നു: പക്ഷേ, അന്തോനിക്കത്തനാർ ഈ പ്രാവശ്യം ലക്ഷ്യത്തിലെത്തിയില്ല. ബസ്രായിൽ വെച്ചു ജ്വരബാധിതനായി, യാത്രമുടക്കാതെ തുടൎന്നു ബാബേലിലെത്തിയെങ്കിലും അവിടെവെച്ചു ചരമമടഞ്ഞു.

## മാർ തോമ്മാ റോക്കോസ്

തൊണ്ടനാട്ടന്തോനിക്കത്തനാർ ആദ്യയാത്രയ്ക്കുശേഷം മടങ്ങാതെ മെസിപ്പൊട്ടേമിയായിൽ താമസിക്കുകയായിരുന്നു. അദ്ദേഹം ഇംഗിതസിദ്ധിക്കായി പരിശ്രമിച്ചുകൊണ്ടിരുന്നു. തൽഫലമായി കൽദായപാത്രിയാക്കീസ് മഹാ ദിവ്യശ്രീ ജോസഫ് അവുദൊ സുറിയാനിക്കാരുടെ അപേക്ഷയനുസരിച്ച് അയച്ച മാർ തോമ്മാ റോക്കോസ് 1861-ൽ കേരളത്തിൽ ആഗതനാകുകയും ചെയ്തു. റോക്കോസിന്റെ ആഗമനം 1861 ഇടവത്തിൽ ആയിരുന്നു. സുറിയാനിമെത്രാനെ ലഭിക്കണമെന്നുള്ള വാഞ്ഛ അന്നത്തെ കത്തോലിക്കാസുറിയാനി സഭാംഗങ്ങൾക്കു ധാരാളമുണ്ടായിരുന്നുവെങ്കിലും പരിശുദ്ധ സിംഹാസനത്തിന്റെ പ്രത്യക്ഷമായ ആജ്ഞകൂടാതെ ഇവിടേക്കയക്കപ്പെട്ട റോക്കോസിന്റെ അനുയായി വൎഗ്ഗത്തിൽ അണിനിരക്കുവാൻ അവർ സന്നദ്ധരായില്ല. വാതിലിൽ കൂടെയല്ലാതെ പ്രവേശിക്കുന്നവൻ ചോരനാണെന്നുള്ള അനുമാനമാണ് സഭാംഗങ്ങൾ മൊത്തത്തിൽ ചാവറ കുറിയാക്കോസച്ചന്റെ നേതൃത്വത്തിൽ സ്വീകരിച്ചതു്. സുറിയാനിക്കാരിൽ ഒരു വലിയ ഭാഗം, കത്തോലിക്കാസുറിയാനിസഭയുടെ പ്രമുഖ ഉപകൎത്താക്കളുൾപ്പെടെ, റോക്കോസ് കക്ഷിയിൽ ചേൎന്നിരുന്നതിനാൽ കത്തോലിക്കാക്കാരുടെ ഈ നിലപാടു സംഘടനയുടെ അഭിവൃദ്ധിക്കുതന്നെ വിഘാതമായിത്തീൎന്നു. എൽത്തു

www.malankaralibrary.com

രുത്തു് ആശ്രമത്തിൻെറയും അനുബന്ധപ്പെട്ട കെട്ടിടങ്ങളു ടെ നിർമ്മാണജോലികളും മററു പല പുരോഗമന പദ്ധതി കളും റോക്കോസ്യൻ മത്സര ചക്രവാതത്തിൽപെട്ടു കറങ്ങി മാത്രമൊ, റോക്കോസ്കക്ഷിക്കാർ „അവക്കു തടസ്സമായിരു ന്ന കൊവേന്തയേയും കൊവേന്തകാരെയും നിർമ്മൂലമാക്കു ന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊ ണ്ടിരുന്നു". റോക്കോസ്യൻകക്ഷിയുടെ ഉപദ്രവങ്ങളിൽ നി ന്നു് തങ്ങളെ രക്ഷിക്കുവാൻ വേണ്ട മുൻകരുതലുകൾ ചെ യ്യുന്നതിനു കൊച്ചീദിവാൻ തോട്ടക്കാട്ടു ശങ്കുണ്ണിമേനോൻ അവർകൾ സമക്ഷം കൊവേന്തക്കാർ അപേക്ഷിച്ചതും, ദ്രോഹകൃത്തായ ഒരു വൈദികനെക്കൊണ്ടു് നല്ലനടപ്പിനു ജാമ്യക്കച്ചീട്ടു് വെപ്പിക്കുവാനുത്തരവുണ്ടായതും, അനന്തര സംഭവങ്ങളാണു്. മത്സരകക്ഷിയുടെ ശല്യം ഏതാണ്ടിതി നോടെ അവസാനിച്ചുവെങ്കിലും, റോക്കാസിന്നെതിരായ സ മരം „കൊവേന്ത"ക്കാർ തുടരുകതന്നെചെയ്തു. റോക്കോ സിനെ അനുകൂലിച്ചുകൂടെന്നു, ചാവറയച്ചൻ മാന്നാനത്ത ച്ചടിപ്പിച്ചു ഒരു പരസ്യം കേരളമാകെ പ്രചരിച്ചതോടെ റോക്കോസിൻെറ അനുയായികൾ ദശാംശീഭവിച്ചു. ചാ വറയച്ചനോടൊപ്പം കട്ടക്കയത്തു വലിയ ചാണ്ടിയച്ചൻ, കാപ്പിൽ മത്തായി അച്ചൻ, തോപ്പിൽ ഗീവറുഗീസച്ചൻ മുതലായ കമ്മത്തീത്താവൈദികർ രോക്കോസ് വിരുദ്ധസ മരത്തിൽ ഉപസേനാനികളായിരുന്നു. ചാവറയച്ചനെ ഇ തിനകം സുറിയാനിക്കാരുടെ കാര്യാന്വേഷണത്തിനുള്ള സ്വ ന്തം വികാരിജനറാളായി ബർണർദീനോസ് മെത്രാപ്പോ ലീത്താ നിയമിച്ചിരുന്നു. റോക്കോസ് മെത്രാനോടെങ്ങ നെ പെരുമാറണമെന്നുപദേശം ആരാഞ്ഞു് പ്രിയോർ ചാ വറ കർയ്യാക്കോസച്ചൻ റോമായിലേയ്ക്കു ഇതിനെത്തുടന്നു നി വേദനമയച്ചു. അതിനു ലഭിച്ച മറുപടി റോക്കോസിന്ന

www.malankaralibrary.com

നുകൂലമല്ലായിരുന്നു. 1861 സെപ്റ്റംബർ 5–ാംനു- ഒമ്പതാം പീയൂസ് പാപ്പാ അയച്ച തിരുവെഴുത്തിൽ റോക്കോസിനെ മഹറോൻചൊല്ലി സഭയിൽനിന്നു ബഹിഷ്കരിക്കുവാൻ അനുശാസിക്കുകയുണ്ടായി. മഹറോൻശിക്ഷയ്ക്കുശേഷം, ശീശ്മക്കാരുടെയും യാക്കോബായക്കാർ, പ്രോട്ടസ്റ്റണ്ടുകാർ, എന്നിവരുടെയും അകമ്പടിയോടു കൂടി റോക്കോസ് മദ്ധ്യതിരുവിതാംകൂറിൽ ഒരു പര്യടനം അഘോഷപൂർവ്വം നടത്തി. പ്രയോരച്ചൻ പ്രവർത്തനരഹിതനായില്ലാ. അദ്ദേഹം ഏതാനും പള്ളിക്കാരുടെ സഹകരണ സഹിതം ചേർത്തല ഡിവിഷൻപേഷ്കാരുടെ മുമ്പാകെ ഹർജികൊടുത്തു് റോക്കോസിൻെറ യാത്ര നിരോധിച്ചുള്ള ഉത്തരവ്വ് വാങ്ങി. തിരുവിതംകൂറിൽ സ്വൈരവസേം നിഷിദ്ധമെന്നു് വന്നപ്പോൾ, റോക്കോസ്സ് കൊച്ചിയിലേയ്ക്കു മടങ്ങി. ഏതാനും പള്ളികൾ മാർഗ്ഗമദ്ധ്യേ സന്ദർശിച്ചശേഷം മലയാററൂരെത്തി. പാത്രിയർക്കീസ് അദ്ദേഹത്തെ മെസൊപ്പൊട്ടേമിയായിലേയ്ക്കു തിരിച്ചുവിളിയ്ക്കുന്ന കല്പന വരാപ്പുഴ വന്നതു് മലയാററൂർവെച്ചു് അദ്ദേഹത്തിനു നൽകപ്പെട്ടു. കലഹപ്രിയരും ശീശ്മപ്രണയികളും കേരളം വിട്ടുപോകരുതെന്നദ്ദേഹത്തോടു് നിർബന്ധിച്ചപേക്ഷിച്ചു. ഞാറക്കൽചെന്നു് അദ്ദേഹത്തിൻെറ അനുയായികളുടെ ഒരു യോഗം വിളിച്ചുകൂട്ടി പാത്രിയർക്കീസിൻെറ ആജ്ഞ ലംഘിക്കുക സാദ്ധ്യമല്ലെന്നറിയിച്ചു് എല്ലാവരോടും യാത്രപറഞ്ഞു പിരിയുകയാണു് റോക്കോസ്സ് ചെയ്തതു്.

## മാർ ഏലിയാ മേലൂസ്

മാർ റോക്കോസൊന്നിച്ചു് മെസോപ്പൊട്ടേമിയായിലേയ്ക്കു് പോയ തൊണ്ടനാട്ടു് അന്തോനികത്തനാർ കൽദായ പാത്രിയർക്കീസിൽനിന്നു് മെത്രാൻപട്ടം സ്വീകരിയ്ക്കുവാൻ ഭഗീരഥശ്രമം ചെയ്തു. ഫലിക്കായ്കയാൽ നെസ്തോറിയൻ

www.malankaralibrary.com

പാത്രിയർക്കീസിൽനിന്നു് അഭിഷേകം സ്വീകരിച്ചു് മാർ അബ്ദീശൊ നാമധാരിയായി മലയാളത്തിൽ വന്നു. അനന്തരം പ്ലാശനാൽ അസ്ഥാനമാക്കി, തൊണ്ടനാട്ടു് ശീശ്മ കുറേക്കാലം നിലനിന്നു. മെത്രാൻ സ്ഥാനചിഹ്നങ്ങളോടു കൂടി അദ്ദേഹം വിഹരിച്ചു വരവേ കർമ്മലീത്താസഭാംഗങ്ങൾ ഉൾപ്പെട്ട ചില സ്നേഹിതന്മാരുടെ ഉപദേശം സ്വീകരിച്ചു് അദ്ദേഹം മാനസ്സാന്തരപ്പെടുവാൻ സമ്മതിക്കുകയും മാന്നാനത്തു ചെന്നു, അവിടത്തെ കർമ്മലീത്താ സന്യാസിമാരുടെ ആതിഥ്യം സ്വീകരിച്ചു് മെത്രാൻ മുടി, വടി, പട്ടുടുപ്പു്, മുതലായ വേഷഭൂഷാദികൾ ഉപേക്ഷിച്ചു പിരിയുകയും ചെയ്തു. മഹറോൻശിക്ഷയിൽനിന്നു് വിമുക്തനായി വരാപ്പുഴകീഴു് ഏതാനും പള്ളികളിൽ വികാരിയായി ജോലി നോക്കി. തൊണ്ടനാട്ടച്ചൻ വിളക്കുമാടം പള്ളിയിൽ വികാരിയായിരുന്ന അവസരത്തിലാണു് മേലൂസ് മെത്രാൻ കേരളത്തിൽ വന്നതു്. വികാരിത്വം വലിച്ചെറിഞ്ഞു് മാർ ഏലിയാ മേലൂസിന്റെ അന്തേവാസിയാകുവാൻ തൊണ്ടനാട്ടിനു് ദീർഘാലോചന വേണ്ടിവന്നില്ല. തൊണ്ടനാട്ടു് ശീശ്മക്കാരനായി വീണ്ടും രംഗത്തിറങ്ങിയെങ്കിലും, തൊണ്ടനാടൻ ശീശ്മയ്ക്കു് ഹരം വരുത്തിയതിൽ പ്രധാനമായ ഒരു ഭാഗം കേരളകർമ്മിലീത്താ സുറിയാനിസഭാംഗങ്ങൾക്കുണ്ടായിരുന്നു.

റോക്കോസിന്റെ കേരളപ്രാപ്തിയ്ക്കു് ദേൻഹാ എന്ന കൽദായവൈദികൻ വഴിതെളിച്ചതായി നാം കണ്ടു. വേറൊരു കൽദായവൈദികൻ, പിലിപ്പു് അസ്സീസ്, മേലൂസിന്റെ കേരളപ്രാപ്തിക്കു വഴിതെളിച്ചു. ദേൻഹായ്ക്കു കുറവിലങ്ങാട്ടു് സ്വാഗതം ലഭിച്ചതുപോലെതന്നെ അസ്സീസ് തൃശ്ശൂരെ കത്തോലിക്കരാൽ സസന്തോഷം സ്വീകരിക്കപ്പെട്ടു. ലത്തീൻ ഭരണത്തിൽ അതൃപ്തരായിരുന്ന തൃശ്ശൂർ ക

www.malankaralibrary.com

ത്തോലിക്കർ—അവരിൽ ചിലർ വരാപ്പുഴ അധികാരത്തിലും ബാക്കി പദ്രൊവാദൊ ഭരണത്തിലും ആയിരുന്നു— അസ്സീസിന്റെ ഉപദേശം അനുസരിച്ച് ഒരു കൽദായ മെത്രാനെ ബാബേലിൽനിന്നു വരുത്തുന്നതിലേക്ക് സകല ഏപ്പാടുകളും ചെയ്തു.

റോക്കോസ് മെത്രാനെ കൽദായ പാത്രിയർക്കീസ് കേരളത്തിൽനിന്നു തിരിച്ചു വിളിച്ചതായി നാം കണ്ടു. അങ്ങനെ ചെയ്തതു് കേരളത്തിലെ കൽദായക്കാരുടെമേലുള്ള പാത്രിയർക്കീസിന്റെ അധികാരം സംബന്ധിച്ചു റോമ്മാ സിംഹാസനസമക്ഷം ജോസഫ് അവുദൊ പാത്രിയർക്കീസ്സ് അവകാശവാദം നടത്തുന്ന അവസരത്തിലായിരുന്നു. ഈ വാദം വളരെ സംവത്സരം തുടന്നു നടത്തി. പാത്രിയർക്കീസ് റോമ്മായിലെത്തി സ്വന്തം അവകാശവാദത്തിനു മൂർച്ച കൂട്ടി. മാർപ്പാപ്പാ തിരുമനസ്സിലെയും പ്രൊപ്പഗാന്താ തിരുസംഘാദ്ധ്യക്ഷൻ കർദ്ദിനാളിന്റെയും സമക്ഷം പാത്രിയർക്കീസു ചെയ്ത നിവേദനങ്ങൾ വിജയിച്ചില്ല. റോക്കോസ്മെത്രാനെ പരിശുദ്ധ സിംഹാസനത്തിന്റെ നിർബന്ധംമൂലം തിരിച്ചു വിളിക്കേണ്ടിവന്നതിൽ പാത്രിയർക്കീസ് അനുഭവിച്ച ഇച്ഛാഭംഗം ശമിച്ചിരുന്നുമില്ല. അതുകൊണ്ടു് ഒരു കൈക്കൂടെ നോക്കാമെന്നു പാത്രിയർക്കീസ് തീരുമാനിച്ചു. റോക്കോസിനേക്കാൾ കമ്മശ്ശൂരനായ ഒരു കിങ്കരനേയാണദ്ദേഹത്തിന്നീപ്രാവശ്യം ലഭിച്ചതു്. ബാബേലിലെ കൽദായ പാത്രിയർക്കീസിനു പോർട്ടുഗീസുകാരുടെ നിരോധനത്തിനു് മുമ്പു കേരളസഭയുടെമേലുണ്ടായിരുന്ന അധികാരാവകാശങ്ങൾ വീണ്ടും ലഭിക്കേണമെന്നു് വത്തിക്കാൻ സൂനഹദോസിൽ സന്നിഹിതരായി ഉഗ്രവാദം ചെയ്ത കൽദായമെത്രാന്മാരിൽ പ്രമുഖനായിരുന്നു മാർ ഏലിയാസ് മേല്ലൂസ്. അദ്ദേഹത്തിന്റെ കേരളത്തിലുള്ള ഈ നാട്ടിൽ

www.malankaralibrary.com

സുജ്ഞാതമായിരുന്നതിനാൽ കേരള സുറിയാനിക്കാരിൽ പലക്കും അദ്ദേഹത്തെ ഇവിടെ കിട്ടിയാൽ കൊള്ളാമെന്നാഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്നിവിടെ വരേണമെന്നും. ഒന്നാം വത്തിക്കാൻ സൂനഹദോസ്സ്, ഫ്രാൻസും ജർമ്മനിയും തമ്മിൽ യുദ്ധമാരംഭിച്ചതിനാൽ ചർച്ചകൾ പൂർത്തിയാകാതെ പിരിച്ചുവിടുകയാണല്ലൊ ഉണ്ടായതു്. ഈ സാഹചര്യങ്ങളിൽ പാത്രിയക്കീസ്സ് അക്രായിലെ മെത്രാനായിരുന്ന മേല്ലൂസിനെ മലബാർ ഭരണത്തിന്നായി അയച്ചു. 1874 ഒക്ടോബർ 2–ാംതീയതി മേല്ലൂസ് കേരളത്തിൽ എത്തി. "ദീപജ്വാല ദർശിച്ച ശലഭംകണക്കെ വരാപ്പുഴ അധികാരത്തിൽ നിന്നിരുന്ന പള്ളികൾ മേല്ലൂസ് ശീശ്മയിൽ തങ്ങളെ അർപ്പിച്ചു." തെക്കും വടക്കുമായി നാല്പത്തിയൊന്നു് പള്ളികൾ പെട്ടെന്നു് മേല്ലൂസിൻെറ ഭരണത്തിലായി. വേറെ പല പള്ളികൾ അങ്ങോട്ടു് ആഞ്ഞുതുടങ്ങുകയും ചെയ്തു. മേല്ലൂസ് വീശിയ വലയ്ക്കു അനുദിനം വിസ്താരംകൂടിവന്നു. റോമായിൽ വിവരങ്ങൾ അടിക്കടി ലഭിച്ചുകൊണ്ടിരുന്നു. മേല്ലൂസ് മഹറോൻശിക്ഷയ്ക്കു് വിഷയീഭൂതനായി. ശിക്ഷയെപ്പററി ഗൌനിയ്ക്കാത്തവിധം അദ്ദേഹം വർത്തിച്ചു. അദ്ദേഹത്തിനു് അനുയായികളും അധികാരവൃത്തവും ഒരുപോലെ വർദ്ധിച്ചു.

റോക്കോസ് മത്സരകാലത്തു് വരാപ്പുഴ അധികാരത്തിലും പരിശുദ്ധ പിതാവിനോടുള്ള ഐക്യത്തിലും പട്ടക്കാരെയും ജനങ്ങളെയും സ്ഥിരനിഷ്ഠരാക്കുവാൻ അത്യദ്ധ്വാനം ചെയ്ത കർമ്മലീത്താക്കാർ സഭാസംരക്ഷണത്തിനു കഞ്ചുകിതരായി ഈ അവസരത്തിലും അണിനിരന്നു. ഒല്ലൂർ പള്ളിയിൽ വികാരിയായിരുന്ന കർമ്മലീത്താസന്യാസിമത്തായി ഗ്രിഗോറിയോസച്ചൻ (കൊട്ടപാടം) റോമ്മായിൽ ബോധിപ്പിച്ചു, മേല്ലൂസ് പരിശുദ്ധ സിംഹാസനത്തിൻെറ അധികാരപ്രകാരം വന്നതല്ലെന്നും കൽദായ പാത്രിയക്കീസിനു കേരളത്തിൽ യാതൊരവകാശവും ദത്തമായിട്ടില്ലെന്നും കല്പന വരുത്തി. ഈ കല്പന പരസ്യമായതോടുകൂടി ശീശ്മയുടെ പ്രവാഹത്തിനു വടക്കൻ പ്രദേ

www.malankaralibrary.com

ശങ്ങളിൽ ക്ഷയം ഭവിച്ചു. തെക്കൻദിക്കിൽ ഒരു വാസസ്ഥാനത്തിനു മേലൂസ് ശ്രമിക്കുകയും ഗസെർത്തമെത്രാൻ മാർ യാക്കോബിനെ വരുത്തി അദ്ദേഹവുമൊരുമിച്ചു കറവിലങ്ങാട്ടു ചെല്ലുകയും അവിടെ ഏതാനും ദിവസങ്ങൾ താമസിക്കുകയും ചെയ്തു. കറവിലങ്ങാട്ടുകാരിൽ ഭൂരിഭാഗവും കർമ്മലീത്താ സന്യാസിമാരും പ്രായേണ മററു കാര്യങ്ങളിൽ വ്യാപൃതരായിരുന്ന ഒരു ദിനത്തിലാണ് ശീശ്മ മെത്രാന്മാർ കറവിലങ്ങാട്ടു ചെന്നതു്. മേലൂസ് മെത്രാനും മാർ യാക്കോബു് മെത്രാനും കറവിലങ്ങാട്ടു് ചെന്നതിനെപ്പററി സുപ്രസിദ്ധ കർമ്മലീത്താ ചരിത്രകാരൻ ഫാദർ ബെർണ്ണാർഡ് ഇപ്രകാരമാണ് പ്രസ്താവിക്കുന്നതു്: "കർമ്മലീത്താ വൈദികന്മാരോടു യോജിച്ചുകൊണ്ടു് മേലൂസ് ശീശ്മയുടെ നട്ടെല്ലു തകർക്കുകയും മാർ യാക്കോബിനെ മനസ്സു തിരിക്കുകയും ചെയ്യുന്നതിനു് ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരുന്ന സംപൂജ്യനായ നിധിയിരിക്കൽ മാണിയച്ചൻ മാന്നാനത്തു പ്രഥമ ദിവ്യപൂജാർപ്പണം ചെയ്തതും ഈ ദിവസംതന്നെ ആയിരുന്നു എന്നുള്ളതും വിശിഷ്യ സ്മരണീയമാണു്."
(മാർ തോമ്മാക്രിസ്ത്യാനികൾ, രണ്ടാം പുസ്തകം, പ. 302.)

## മൌറിൻ മെത്രാൻ

കറവിലങ്ങാടിനെ ആശാവഹമായി മേലൂസ് കണ്ടില്ല. മാർ യാക്കോബിനെ അവിടെ താമസിപ്പിച്ചുകൊണ്ടു അദ്ദേഹം സ്ഥലം വിട്ടു. കുറെ കഴിഞ്ഞു് കറവിലങ്ങാട്ടെ വരാപ്പുഴ ഭാഗം വികാരിയായി ഉദ്യോഗത്തിൽ പ്രവേശിച്ച നിധിയിരിക്കൽ മാണികത്തനാർ മാർ യാക്കോബിന്റെ മാനസ്സന്തരത്തിനടിസ്ഥാനം ആരംഭിക്കുകയും ചെയ്തു. ആ അടിസ്ഥാന പ്രാരംഭമാകട്ടെ കർമ്മലീത്താ സന്യാസിമാരുടെ ആഭിമുഖ്യത്തിലായിരുന്നു. കേരള സുറിയാനിക്കാരുടെ സ്ഥിതിഗതികളും പ്രതീക്ഷകളും മേലൂസ് ശീശ്മയുടെ പ്രത്യാഘാതങ്ങളും നിവാരണമാർഗ്ഗങ്ങളും ആലോചിച്ചു് ഭാവിപരിപാടി നിശ്ചയിക്കുവാൻ ബോംബയിൽ നിന്നു് മൌറിൻ മെത്രാൻ വിസിററർ അപ്പസ്തോലിക്കയായി കേരളം സന്ദ

www.malankaralibrary.com

ശിക്കുന്ന അവസരത്തിൽ വൈദികന്മാരുടെ മഹായോഗം മാന്നാനത്തു നടക്കുന്നു. വിസിററർ അപ്പസ്തോലിക്കായുടെ ദ്വിഭാഷിയായി കുറവിലങ്ങാട്ടു വികാരി നിധിയിരിക്കൽ മാണിക്കത്തനാർ നിയമിക്കപ്പെട്ടു. ദ്വിഭാഷിയിൽനിന്നു മാർ യാക്കോബിന്റെ സ്ഥിതി ഡാക്ടർ മ്യൂറിൻ അഥവാ മൌറീൻ ഗ്രഹിക്കുന്നു. മാന്നാനം യോഗത്തിന്റെ രണ്ടാം ദിവസം മാർ യാക്കോബിനെ കത്തോലിക്കാ ഐക്യത്തിലേക്കു ക്ഷണിക്കുന്ന ഒരു കത്തു് വിസിററർ അപ്പസ്തോലിക്കാ മാന്നാനത്തുനിന്നു് കുറവിലങ്ങാട്ടേക്കയക്കുന്നു. ഒരു! കർമ്മലീത്താ സന്യാസവൈദികൻ, മുക്കാട്ടു് ബ. അൽഫോൻസച്ചൻ, പ്രസ്തുത എഴുത്തുമായി കുറവിലങ്ങാട്ടെത്തുന്നു. തൃപ്തികരമായ മറുപടി മാർ യാക്കോബ് നൽകിയില്ല. രണ്ടാമതായി മാന്നാനത്തുനിന്നു വിസിററർ അപ്പസ്തോലിക്കാ മാർ യാക്കോബിനെ മാനസാന്തരത്തിനു് ക്ഷണിക്കുന്നു. ഈ അവസരത്തിൽ മാണിയച്ചൻ ആയിരുന്നു സന്ദേശവാഹി. ബ. അൽഫോൻസച്ചനും ശംക്കുരിക്കൽ പൌലോസച്ചനും സഹഗാമികളും. മേല്ലൂസ് പോയപോലെ മാർ യാക്കോബും കുറവിലങ്ങാട്ടുനിന്നു പോയി. ഇരുസ്ഥാനികളും തൃശ്ശൂരിൽ ഒരുമിച്ചു താമസമാക്കി. മാർ യാക്കോബിന്റെ മാനസാന്തരം കാംക്ഷിച്ചു് കർമ്മലീത്താക്കാരും മാണിയച്ചനും അദ്ദേഹത്തെ അനുധാവനം ചെയ്തു. കട്ടക്കയത്തു വലിയ ചാണ്ടിയച്ചനും മാണിയച്ചനും ചേർന്നു മാർ യാക്കോബുമായി പല സന്ദർശനങ്ങൾ നടത്തി. മാർ യാക്കോബ് മേല്ലൂസിന്റെ സഹവാസം ഉപേക്ഷിക്കാമെന്നു് ആദ്യമായി സമ്മതിച്ചു. വിസിററർ അപ്പസ്തോലിക്കാ നിർദ്ദേശിക്കുന്ന സ്ഥലത്തു താമസിക്കാമെന്നും ശീശ്മ ഉപേക്ഷിക്കാമെന്നും പിന്നീടു് വാഗ്ദാനം ചെയ്തു. തൃശ്ശൂർ ശീശ്മക്കാരുടെ കോപവഹ്നി കത്തിക്കാളി, മാർ യാക്കോബിനെ ഭസ്മീകരിക്കുമെന്നു് ശങ്കിക്കുവാൻ ന്യായമുണ്ടായിരുന്നു. അദ്ദേഹത്തി

www.malankaralibrary.com

നെവിടെ അഭയം നൽകും? കർമ്മലീത്താ സന്യാസിമാർ ധൈര്യപൂർവ്വം മുന്നോട്ടുവന്നു. ഏതെങ്കിലുമാകട്ടെ, മാർ യാക്കോബിനെ എൽത്തുരുത്താശ്രമത്തിൽ താമസിപ്പിച്ചു കൊള്ളാമെന്നു അവർ ഭരമേററു. മാർ യാക്കോബിൻെറ വസതിമാററം പകൽസമയം ശക്യമല്ലായിരുന്നു. മാർ യാക്കോബ് ശീശ്മയുടെ കേന്ദ്രം ഉപേക്ഷിക്കുന്നതിലേയ്ക്കു് കർക്കടകം 29–ാംതീയതി നിശ്ചയിച്ചു. രജനിയുടെ മറവിൽ ആ പ്രയാണവും ആരംഭിച്ചു. കർത്താവിനെ ഒററു രാത്രിഞ്ചരന്മാരായിത്തീൎന്ന തൻെറ കിങ്കരന്മാൎക്കും അവരാൽ നീതനായ മാർ യാക്കോബിനും ശീശ്മക്കാരുടെ ദ്രോഹബുദ്ധിയിൽ നിന്നു വല്ല ആപത്തും നേരിട്ടേക്കുമോയെന്നു് ശങ്കിച്ചു അൎദ്ധരാത്രിയ്ക്കു ശേഷവും അനിദ്രാണനും അസ്വസ്ഥനും അക്ഷമനുമായിക്കഴിഞ്ഞ വിസ്ററർ അപ്പസ്തോലിക്ക, മാർ യാക്കോവും മാണിയച്ചനും ചാണ്ടിയച്ചനും യാത്ര ചെയ്ത വണ്ടി എൽത്തുരുത്താശ്രമത്തിനു സമീപം എത്തിയപ്പോൾ അനുഭവിച്ച സന്തോഷവും സംതൃപ്തിയും സാക്ഷാൽ വാചാമഗോചരമായിരുന്നു. എൽത്തുരുത്താശ്രമമായിരുന്നു ആ ദിവസങ്ങളിൽ വിസിററർ അപ്പസ്തോലിക്കയുടെ അധിവാസസ്ഥാനം. കേരളത്തിൽ വിസിററർ അപ്പസ്തോലിക്ക താമസിച്ച കാലങ്ങളിൽ അധികഭാഗവും എൽത്തുരുത്തിൽത്തന്നെയായിരുന്നു അദ്ദേഹത്തിൻെറ അധിവാസം. മേലൂസിൻെറ തൃശ്ശൂർ പാളയത്തിനു് സമീപം മേലൂസിനെതിരായ സമരത്തിലെ സൎവ്വസൈന്യാധിപൻ തൻെറ പ്രമുഖ ഉപസേനാനികളായിരുന്ന കർമ്മലീത്താ സന്യാസികളോടുകൂടി അവരുടെ എൽത്തുരുത്താശ്രമത്തിൽ പാളയമുറപ്പിച്ചതു അസംഗതമായിരുന്നില്ല.

## ഒല്ലൂർ യോഗം.

എൽത്തുരുത്താശ്രമത്തിൽ നിന്നാണു് വടക്കൻ ദിക്ക

www.malankaralibrary.com

കളിലെ ശീശ്മവിനാശനത്തിനു സഹായിച്ച ഒല്ലൂർ യോഗം ചേരുവാനുള്ള കല്പന വിസിററർ അപ്പസ്തോലിക്ക 1876 കന്നിമാസം 1—ാം തീയതി പ്രസിദ്ധം ചെയ്തതു്. മന്നാനം യോഗത്തിൽ സംബന്ധിക്കുവാൻ സാധിക്കാതിരുന്നവരെ ഉദ്ദേശിച്ചായിരുന്നു ഒല്ലൂർ യോഗം. കല്പനയൊന്നിച്ചു, മൌറിൻ മെത്രാൻ മേലൂസ് മെത്രാനയച്ചുകൊടുത്ത ഒരു കത്തിൻെറ പകർപ്പും അയച്ചിരുന്നു. എൽത്തുരുത്താശ്രമ ഭിത്തികൾക്കുള്ളിൽ വെച്ചുല്ലേഖനം ചെയ്യപ്പെട്ട പ്രസ്തുത കല്പനയിലെ നവത്വം തുളുമ്പുന്ന അനേകം ഭാഗങ്ങളിൽ ഒന്നിവിടെ ഉദ്ധരിക്കുന്നതു് ശീശ്മവിനാശത്തിനു ഇന്നും സഹായകമാകുകയാൽ വിഷയാന്തര ഗമനമായി വായനക്കാർ പരിഗണിക്കുകയില്ലല്ലൊ. "ഈശോമിശിഹാ സ്ഥാപിച്ച ഏക പള്ളിയെ തന്നാൽ സ്ഥാപിക്കപ്പെട്ടതെന്നു് ദുരവകാശം പറയുന്ന മററു പള്ളികളിൽ നിന്നു വേർതിരിച്ചറിവാൻ നമ്മെ പ്രാപ്തരാക്കേണ്ടതിന്നു യാതൊരു പോംവഴിയും നമ്മുടെ ദിവ്യരക്ഷിതാവു് കല്പിച്ചിട്ടില്ലയൊ? ഉണ്ടു്. താൻ ഐക്യതയുടെ ഒരടിസ്ഥാനത്തെ സ്ഥാപിച്ചു. അതിൽ എല്ലാ ക്രിസ്ത്യാനികളും ചേർന്നിരിപ്പാൻ നിർബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ദേഹത്തിൻെറ അവയവങ്ങൾ എല്ലാം തലയ്ക്കു് കീഴ്പെട്ടിരിക്കുന്നതുപ്രകാരം സകലരും അങ്ങേയ്ക്കു് കീഴ്പ്പെട്ടിരിക്കേണ്ടതായി തൻെറ ശുദ്ധ പള്ളിയുടെമേൽ ഒരു കാണപ്പെടാവുന്ന തലവനെ താൻ സ്ഥാപിച്ചു. തൻെറ ശുദ്ധ പള്ളിയ്ക്കു താൻ ഒരു മേൽനായകനെ നിയമിച്ചു. അയാൾക്കുമാത്രം ഭൂമിമേൽ ദൈവരാജിതമായ തമ്പുരാൻെറ വീടിനെ തുറപ്പാനും അടപ്പാനുമുള്ള താക്കോലുകളെ കൊടുത്തു. താൻ ഒരു പ്രധാന ഇടയനെ കല്പിച്ചു. അയാളെ മാത്രം തൻെറ കുഞ്ഞാടുകളെയും പള്ളാടുകളെയും മേയിപ്പാനുള്ള ചുമതല ഭരമേല്പിച്ചു. താൻ

www.malankaralibrary.com

ഒരു പ്രധാന മേല്പട്ടക്കാരനെ നിയമിച്ചു. അയാൾക്കുമാത്രം തന്റെ സഹോദരന്മാരെ ഉറപ്പിപ്പാനുള്ള അധികാരം കൊടുത്തുകൊണ്ടു് അയാളുടെ വിശ്വാസം കുറയാതിരിപ്പാൻ അയാൾക്കുവേണ്ടി മാത്രം താൻ പ്രാർത്ഥിച്ചു. പത്രോസിനോടല്ലാതെ ശേഷം ശ്ലീഹന്മാരിൽ ഒരുത്തനോടെങ്കിലും നീ കല്ലാകുന്നു, ഈ കല്ലിന്മേൽ എന്റെ പള്ളി പണിചെയ്യും എന്നു താൻ കല്പിച്ചില്ല" (ശുദ്ധ മത്തായി 16-ാം അ. 18-ാം വാക്യം) പത്രോസിനോടു മാത്രമല്ലാതെ യാതൊരു ശ്ലീഹായോടും "ആകാശരാജ്യത്തിന്റെ താക്കോൽകളെ നിനക്കു ഞാൻ തരും" എന്നു താൻ അരുളിച്ചെയ്തില്ല. (മത്താ. 16—19.) പത്രോസിനോടല്ലാതെ മറ്റു യാതൊരു ശ്ലീഹായോടും "എന്റെ കുഞ്ഞാടുകളെ നീ മേയ്ക്ക, എന്നു താൻ കല്പിച്ചിട്ടില്ല; (യോഹ. 21-ാം അ. 15-17.)"

മൌറീൻ-മേലൂസ് വാദപ്രതിവാദങ്ങളിൽ നാം പ്രവേശിക്കേണ്ടതില്ല. ഒല്ലൂർ യോഗവും മാന്നാനം യോഗം പോലെ ശീശ്മക്കു കണ്ണുകോടാലിയായി മുറക്കു നടന്നു. വൈദികരും ജനങ്ങളും, ഇടവകകൾ പൂർണ്ണമായും, ശീശ്മ ഉപേക്ഷിച്ചു കത്തോലിക്കാസഭയിലേക്കു മടങ്ങി. ഒല്ലൂർ യോഗം കഴിഞ്ഞിട്ടും കല്ദായ സുറിയാനി സഭാംഗങ്ങളുടെ പ്രേരണയ്ക്കും ആലോചനകൾക്കും വിധേയനായി മൌറീൻമെത്രാൻ ശീശ്മയൊടുങ്ങുവാനുള്ള പല ശ്രമങ്ങളും ചെയ്തു. ശീശ്മക്കാരുടെ അധീനതയിലിരുന്ന ദേവാലയങ്ങൾ സർക്കാർ കോടതികളിൽ കേസുകൊടുത്തു് ഒഴിപ്പിച്ചു് കത്തോലിക്കരുടെ പരിപൂർണ്ണാധികാരത്തിലാക്കേണമെന്നുള്ള തീരുമാനം മൌറീൻ മെത്രാൻ സ്വീകരിച്ചതും എൽത്തുരുത്താശ്രമത്തിൽ അതിഥിയായിരുന്ന അവസരത്തിലായിരുന്നുവെന്നു തോന്നുന്നു. 1877-സെപ്തംബറിൽ മൌറീൻ മെത്രാൻ ബോംബെയ്ക്കു മടങ്ങുന്നതുവരെ ശീശ്മക്കെതിരായ അദ്ദേഹത്തിന്റെ സകലവിധ പ്രവർത്തനങ്ങളിലും സുറിയാനി കല്ദായസഭാംഗങ്ങളുടെ സഹകരണം ശക്യമായ വിധത്തിൽ അദ്ദേഹത്തിനു ലഭിച്ചിരുന്നു. മാർ യാക്കോബിന്റെ കത്തോലിക്കാസഭാ പുനരൈക്യം, ബാബേൽ പാത്രിയർക്കീ

www.malankaralibrary.com

സിൻെറ ആജ്ഞാനുസാരമുണ്ടായ മാർ മേലൂസിൻെറ സ്വദേശത്തേക്കുള്ള പ്രത്യാഗമനം, ഇവയെ തുടൎന്നു മേലൂസ് ശീശ്മയുടെ നട്ടെല്ലു് ഒടിയുകതന്നെ ചെയ്തു.

## 'കുരളവേദം'

"കോരിരിമ്പു് കഴിഞ്ഞു് കരിമ്പു്" എന്ന രീതിയിൽ ബലം കുറഞ്ഞ ഒരു ശീശ്മ ഡാക്ടർ ലവീഞ്ഞു് കോട്ടയം വികാരി അപ്പസ്തോലിക്ക ആയിരുന്ന കാലത്തു് കുട്ടനാട്ടിൽ അങ്കുരിച്ചു. യാക്കോബായ വിശ്വാസം, പ്രോട്ടസ്റ്റാണ്ടു് പാഷണ്ഡതകൾ ഇവയെല്ലാം ചേൎത്തുണ്ടായി. ചേന്നങ്കരിപള്ളിയിടവക പടവുപുരയ്ക്കൽ കുരുവിളകത്തനാരായിരുന്നു അതിൻെറ പ്രണേതാവു്. അദ്ദേഹവും തൃശ്ശൂർ ശീശ്മക്കാരുടെ നേതാവു് ആഗസ്തീനോസ് കോറപ്പസ്ക്കോപ്പായുമായി ചില്ലറ വേഴ്ച്ചയുണ്ടായിരുന്നു. പരിശുദ്ധ ദൈവമാതാവിൻെറ നേക്കുള്ള വണക്കത്തിനിദ്ദേഹം ബദ്ധവിരോധിയായിരുന്നു. ഏതായാലും ചേന്നങ്കരിയിലും കൈനകരിയിലും ഈ പുതിയ ശീശ്മയുടെ കരിനിഴൽ ശക്തിയായി വ്യാപിച്ചു. ചേന്നങ്കരിപള്ളി മുറപ്രകാരമുള്ള വികാരിയെ ബഹിഷ്ക്കരിച്ചു ശീശ്മനേതാവു് കരസ്ഥമാക്കി. പുളിങ്കുന്നു് ആശ്രമത്തിലെ സന്യാസികളുടെയും കത്തോലിക്കസഭാഭക്തരായിരുന്ന വൈദികരുടെയും ശ്രമഫലമായി കുരുവിളയച്ചൻെറ ഈ "കുരളവേദം" വരണ്ടുപോകുകയാണുണ്ടായതു്. ലവീഞ്ഞു് മെത്രാൻ ശീശ്മത്തലവനെതിരായി ചേന്നങ്കരി പള്ളിയുടെ കൈവശം സംബന്ധിച്ചു കൊടുത്ത വ്യവഹാരം തിരുവിതാംകൂർ ഹൈക്കോടതിയിലും കീഴ്ക്കോടതിയിലും കത്തോലിക്കാഭാഗത്തേക്കു് അനുകൂലമായി അവസാനിച്ചു. വിധിപ്രകാരം വ്യവഹാരച്ചെലവു് കൊടുക്കുവാൻ അപ്രാപ്തനായിത്തീൎന്ന കുരുവിളകത്തനാർ തൃശ്ശൂരിൽ ചെന്നു് ശീശ്മക്കാരുടെ പക്കൽ സങ്കേതം പ്രാപിച്ചു. കോട്ടയം മിസ്സത്തിൻെറ വികാരിജനറാൾ സ്ഥാനം കിട്ടായ്കയാൽ കുരുവിളകത്തനാർ ലവീഞ്ഞു മെത്രാൻെറ നേൎക്കു പരിഭൂതനായിത്തീൎന്നയെന്നാണു് പറയപ്പെടുന്നതു്.

www.malankaralibrary.com

ഏതായാലും ആ നഷ്ടം ആവുന്നത്ര പരിഹരിച്ച് അദ്ദേഹം യാക്കോബായ മെത്രാന്മാരുടെ രീതിയിൽ പട്ടുടുപ്പും ശിരോ ഭൂഷണവും അണിഞ്ഞാണ് ചെറുശീശ്മയെ നയിച്ചിരുന്നത്. ആ വേഷത്തിൽതന്നെ അദ്ദേഹം തൃശ്ശൂരെത്തി അവിടുത്തെ ശീശ്മത്താവളത്തിൽ താമസിച്ചു. "വ്യാകുലമാതാവി"ന്റെ പുരാതന ദേവാലയത്തിൽ പാപ്പാവിരോധികളെങ്കിലും മരിയഭക്തരായികഴിഞ്ഞ തൃശ്ശൂർ ശീശ്മക്കാർക്കു ഈ തെക്കൻ മെത്രാൻ വേഷധാരിയുടെ ദൈവമാതൃവിദ്വേഷം ദുസ്സഹമായി; അവരിൽ യാഥാസ്ഥിതികന്മാർക്കു പ്രത്യേകിച്ചും. അവരുടെ സമരപരിപാടിയുടെ ഫലമായി "മെത്രാൻ" പട്ടുടുപ്പും തൊപ്പിയും താഴെവച്ചു. കമ്മലീത്താ സഭാംഗങ്ങളുടെ പരിശ്രമങ്ങളും "കേരളവേദഛേദിനി" എന്ന ചെറുഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണവുംകൊണ്ടും ശീശ്മ മുഴുവനായി അസ്തമിച്ചില്ല. അതിന്റെ തുച്ഛമായ ഉച്ഛിഷ്ടം ഇന്നും അവശേഷിക്കുന്നു.

## പുനരൈക്യപ്രസ്ഥാനം.

മാർ ജോസഫ് ദിവന്ന്യാസ്യോസ് എന്ന യാക്കോബായ മെത്രാപ്പോലീത്തായുടെ കാലത്തു നടന്ന പുത്തൻകൂർ–പഴയകൂർ സംയോജനാലോചനയിലും കമ്മലീത്താ സഭാംഗങ്ങൾക്കു ഭാഗഭാഗിത്വമുണ്ടായിരുന്നു. മാർ ദിവന്ന്യാസ്യോസിന്റെ പുനരൈക്യത്തിനു പ്രാരംഭമെന്നോണം നടന്ന പല ആലോചനകൾക്കും മാന്നാനംകൊവേന്ത രംഗമായിരുന്നു. മാർ ഇവാനിയോസ് തിരുമേനി സമാരംഭിച്ച പുനരൈക്യപ്രസ്ഥാനത്തിൽ സുറിയാനി കമ്മലീത്താ വൈദികർക്കുള്ള സ്ഥാനം സുവിദിതമാണല്ലോ. യാക്കോബായ വൈദികപ്രമുഖരിൽ പലരും പുനരൈക്യത്തിനു് പ്രാരംഭമായി കത്തോലിക്ക വിശ്വാസപരമായ പ്രാണവായു ആദ്യമായി ശ്വസിച്ചതു് ചെത്തിപ്പുഴ ആശ്രമ പരിസരങ്ങളിൽ വെച്ചായിരുന്നു. തിരുവല്ലാ, അയിരൂർ മുതലായ പല പുനരൈക്യകേന്ദ്രങ്ങളിൽ കത്തോലിക്ക വിശ്വാസദീപം

www.malankaralibrary.com

കൊളുത്തിയതും ആളികത്തിച്ചതും കൽദായ സുറിയാനി വൈദികരായിരുന്നു. പ്രസ്തുത സഭാംഗങ്ങൾ തിരുവനന്തപുരം അതിരൂപതയ്ക്കും താങ്ങായി വിളങ്ങി.

ഒരു അഖിലകേരള സംഘടനയെന്ന ഘട്ടം ഇപ്പോൾ കൽദായ സുറിയാനിസഭാംഗങ്ങൾ കവച്ചുവെച്ചു കഴിഞ്ഞിരിക്കുന്നു. മംഗലാപുരവും കുടലൂണ്ടിയും കഴിഞ്ഞു ഇപ്പോൾ ബാംഗ്ളൂരിലേയ്ക്കും റെയിഗാർ—അംബികപ്പൂരിലേയ്ക്കും അല്ലാ നിത്യനഗരമായ റോമായിലേയ്ക്കും അവരുടെ പ്രവർത്തനമണ്ഡലം വ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. അവരിൽനിന്ന് വിദേശമിഷനറിമാർ മാത്രമല്ലാ മിഷ്യൻ മെത്രാന്മാരും ധാരാളമായുണ്ടാകേണ്ടതു് ഭാരതസഭയുടെ ശോഭനമായ ഭാവിക്കത്യന്താപേക്ഷിതമാണ്. വിമലാംബികയുടെ പ്രബലസഹായത്താൽ വിളംബംവിനാ അങ്ങനെ സംഭവിക്കുമാറാകട്ടെ.

കാമ്മൽ.

---

# സോഷ്യലിസ്റ്റം സഭാദർശനവും.

ക്രിസ്തുനാഥൻ താൻ ലോകരക്ഷാർത്ഥം നടത്തിയ ക്രൂശുബലിയുടെ സമാപനഘട്ടത്തിൽ പാദാന്തികെ നിന്നിരുന്ന പ്രിയശിഷ്യൻ യോഹന്നാനെ കാരുണ്യപൂർവ്വം കടാക്ഷിച്ച്, „ഇതാ നിൻെറ അമ്മ" എന്ന് ദുഃഖോർത്തയായ ദിവ്യജനനിയെ നിർദ്ദേശിച്ച് അരുൾചെയ്തതു നിമിത്തം മരിയാംബികയുടെ സംരക്ഷണത്തിൽ ലോകമാസകലം സമർപ്പിക്കപ്പെട്ടിരിക്കുകയാണെന്ന് നാം വിശ്വസിക്കുന്നു. ഈ വിശ്വാസം സാർത്ഥീകരിക്കുന്ന സംഭവങ്ങൾ ഈ കഴിഞ്ഞ പത്തൊമ്പതു ശതാബ്ദങ്ങളിൽ ധാരാളമുണ്ടായിട്ടുണ്ട്. മനുഷ്യജാതിയുടെയും ക്രൈസ്തവജനതയുടെയും സുഭദ്രതയി

www.malankaralibrary.com

ലും സുഭിക്ഷതയിലും അനന്യസാധാരണമായ വ്യാഗ്രതയും ശ്രദ്ധയുമാണ് ദൈവമാതാവു് എല്ലാകാലത്തും പ്രകടിപ്പിച്ചുപോന്നിട്ടുള്ളതു്. ദരിദ്ര്യം, രോഗബാധ, സമരാഗ്നി ഇവയിൽ നിന്നു് മരിയാംബിക ഒരു പ്രാവശ്യമോ പത്തുപ്രാവശ്യമോ മാത്രമല്ല, നഗരങ്ങളെയും രാജ്യങ്ങളെയും ജനസമുദായങ്ങളെയും സംരക്ഷിച്ചിട്ടുള്ളതു്! "ലൊറേത്തോലിററനി" എന്നറിയപ്പെടുന്ന സ്തവനാമപരമ്പരയിലെ പദങ്ങൾ മാതാവിൻെറ പ്രത്യേക സഹായംമൂലം മനുഷ്യരാശിയ്ക്കു് സംസിദ്ധമായ ദുരിതമോചനം, ആരോഗ്യസമ്പാദനം, വിജയലബ്ധി ഇത്യാദി അനുസ്മരിപ്പിക്കുന്നവയത്രേ. കാനായിൽ പരസ്യമായി ദിവ്യനാഥ പ്രകടിപ്പിച്ച ദീനദയാലുത്വം, ആശ്രിതവാത്സല്യം, പരോപകാരതല്പരത, അന്നത്തെപ്പോലെതന്നെ ഇന്നും കന്നിയമ്മയിൽ പരിലസിക്കുന്നുണ്ടെന്നാണു് ഭക്തലോകത്തിൻെറ അനുഭവം. മിൽവിയൻ പാലത്തിങ്കൽ (Milvian Bridge) മഹാനായ കൊൻസ്റ്റൻറിൻരായിനു ലഭിച്ച വിജയത്തെ, ക്രൈസ്തവസഭയ്ക്കു കൈവന്ന നന്മകളെ സംബന്ധിച്ചിടത്തോളം പിമ്പിലാക്കുന്നതായിരുന്നു ലെപ്പാൻേറായിലെ (Lepanto) വിജയം. എത്ര എത്ര ലേപ്പാൻേറാകളാണു് ദൈവമാതാവു് അവിടത്തെ ഭക്തസഞ്ചയത്തിനു് പ്രദാനം ചെയ്തിട്ടുള്ളതു്! ഈ വിജയങ്ങൾ സകലതിൻെറയും ലക്ഷ്യം ക്രിസ്തുനാഥൻ സ്ഥാപിച്ച സാമ്രാജ്യം വിപുലപ്പെടുത്തുകയും അധികമധികം ശോഭനമാക്കിതീർക്കുകയുമത്രേ. ഈ സാമ്രാജ്യവിപുലീകരണത്തിൽ ദിവ്യനാഥയുടെ പാർശ്വവർത്തികളായി, ഹിതാനുവർത്തികളായി, ആയോധനം ചെയ്യുകയാണല്ലൊ സൊഡാലിസ്ററുകളുടെ കർത്തവ്യം.

സഖി, സഹചരൻ, എന്നിങ്ങനെ അർത്ഥമുള്ള (Sedalis) എന്ന ലാററിൻ ശബ്ദത്തിൽ നിന്നാണല്ലോ സൊഡാലിസ്റ്റു് എന്ന ഉദ്യോഗനാമം സിദ്ധമായിട്ടുള്ളതു്. ദൈവമാതാവിൻെറ സഖി, സഹചരൻ എന്ന സ്ഥാനം എത്രയോ മഹത്തും അർത്ഥഗംഭീരവുമായിരിക്കുന്നു! മാതാവു് ആഗ്രഹിക്കുന്നതുതന്നെ സഖിയുടെ ആഗ്രഹവിഷയം.

www.malankaralibrary.com

മാതാവ് സ്നേഹിക്കുന്നതുതന്നെ സഭയുടെ സ്നേഹവിഷയം. മാതാവ് ദ്വേഷിക്കുന്നതുതന്നെ സഭയുടെ ദ്വേഷവിഷയം. "Idem velle, idem nolle, id est signum verae amicitiae" എന്ന ലാററിൻ വാക്യം ഇവിടെ സ്മർത്തവ്യമാണ്. സഭയുടെ വികസനവും ആത്മാക്കളുടെ രക്ഷയും, ദൈവമാതാവ് ഇഷ്ടപ്പെടുന്നതുകൊണ്ടുതന്നെ ഓരോ മരിയസംഘ്യാംഗവും പ്രസ്തുത ഉദ്ദേശ്യങ്ങൾ മുൻനിറുത്തി നിസ്തുലം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ പരിശ്രമങ്ങളുടെ ആവശ്യം ഭൗതികചിന്തയുടെ ആക്രമണംമൂലം തിമിരാന്ധമായ ഈ കാലങ്ങളിൽ വദ്ധമാനമായിരിക്കുന്നേയുള്ളു. കത്തോലിക്കർ ഞായറാഴ്ച കത്തോലിക്കരായി മാത്രം കഴിയേണ്ടിയിരുന്ന കാലം ഉണ്ടായിരുന്നുവോ എന്നു നിശ്ചയമില്ല. എന്തായാലും ഞായറാഴ്ചകളിലും അപരിത്യാജ്യങ്ങളായ മററു ദിവസങ്ങളിലും ദേവാലയങ്ങളിൽപോയി ക്രിയാശകളിൽ സംബന്ധിക്കുകമാത്രം ചെയ്തുകൊണ്ട് ഇന്നത്തെ കത്തോലിക്കർക്ക് കൃതകൃത്യതയടയുവാൻ നിവൃത്തിയില്ല. മാനിക്സ് മെത്രാപ്പോലീത്താ മെൽബോൺ കത്തോലിക്കരോട് ഒരവസരത്തിൽ ഉപദേശിച്ചപ്രകാരം ദിവസം പ്രതി മണിക്കൂറുതോറും, കത്തോലിക്കത്വത്തിൻെറ പ്രവൃത്തനങ്ങളാൽ പ്രശോഭിക്കുന്ന കത്തോലിക്കരാണ്, ഇന്നത്തെ ആവശ്യം. ഓരോ കത്തോലിക്കൻെറയും ഓരോ സൊഡാലിസ്റ്റിൻെറയും ഭാവവും നോട്ടവും പ്രവൃത്തിയും അവൻെറ കത്തോലിക്കാവിശ്വാസത്തെ അനുസ്മരിപ്പിക്കുന്നതായിരിക്കണം. ദേവാലയത്തിൽ പ്രവേശിച്ചതിനുശേഷം ദിവ്യകാരുണ്യസമക്ഷം ഭയഭക്തിബഹുമാനപൂർവ്വം ആരാധിക്കുന്ന കത്തോലിക്കനും ഭിത്തികളിലെ ചിത്രങ്ങളും മേൽക്കൂരകളിലെ വേലത്തരങ്ങളും നോക്കി മൂളിപ്പാട്ടും നിരാസ്ഥയുമായി കഴിയുന്ന കത്തോലിക്കനും ഒരേ തോതിലുള്ള കത്തോലിക്കത്വമാണ് പ്രകടിപ്പിക്കുന്നതെന്നു എങ്ങനെ പറയുവാൻ സാധിക്കും? ഇവരിൽ മരിയൻ സൊഡാലിസ്റ്റ് ആരെയാണ് അനുകരിക്കേണ്ടതെന്ന് അനുക്തസിദ്ധമാണല്ലോ. ഓരോ കത്തോലിക്കനും അവശ്യം വേണ്ടുന്നതായ സനാതന കത്തോലിക്കത്വത്തെ ഉദ്ദേശിച്ചാ

www.malankaralibrary.com

ണു്, പന്ത്രണ്ടാം പീയൂസ് തിരുമേനി കത്തോലിക്കാ ഭൂമിയിലെ ലാവണ്യവും സൗരഭ്യവും, അരിമാവിലെ കാരവും ലോകത്തിന്റെ പ്രകാശവും ആകുന്നു എന്നു് പ്രസ്താവിച്ചിട്ടുള്ളതു്.

പുരാതന റോമിലെ കത്തോലിക്കാവിശ്വാസികൾ ആന്തർഭൗമഗുഹകളിലും പാറക്കെട്ടിലെ അളകളിലും ഓടി ഒളിച്ചിരുന്നു. ഇന്നാകട്ടെ കത്തോലിക്കത്വം പരസ്യമായി പ്രഖ്യാപിക്കപ്പെടാവുന്ന രാജ്യങ്ങളിൽ കത്തോലിക്കത്വം, ആത്മാർത്ഥമായ കത്തോലിക്കത്വം, ഗുഹകളിലും അളകളിലും അഭയംപ്രാപിച്ചിരിക്കുകയാണു്. ദൈവവും ക്രിസ്തുവും വിദ്യാസമ്മേളനങ്ങളിൽനിന്നും, രാഷ്ട്രീയയോഗങ്ങളിൽനിന്നും, മാത്രമല്ല ഗാർഹികസദസ്സുകളിൽ നിന്നുപോലും നിഷ്കാസിതരായിരിക്കുന്നു. ഈ അവസ്ഥ നിലനില്ക്കുന്ന കാലത്തോളം കത്തോലിക്കാസഭയ്ക്കു് അതർഹിക്കുന്ന പ്രഭ ഉണ്ടാകയില്ല. ദൈവമാതാവിന്റെ വ്യഗ്രതയ്ക്കും, ശ്രദ്ധയ്ക്കും, പ്രയത്നങ്ങൾക്കും വേണ്ടത്ര ഫലം കൈവരുകയുമില്ല.

പൊമ്പെയിലും, ലൂർദ്ദിലും, ഫാത്തിമായിലും ലിപ്പായിലും മററസംഖ്യം പുണ്യസ്ഥലങ്ങളിലും ദൈവമാതാവു്, അക്ഷീണതയായി അത്ഭുതകൃത്യങ്ങളിൽ സ്വകൃത്യനിർവ്വഹണത്തിന്നു ക്രൈസ്തവലോകത്തെ ആഹ്വാനം ചെയ്തിട്ടുള്ളതു്, ക്രൈസ്തവചൈതന്യം അനുദിനം കുറഞ്ഞു കുറഞ്ഞു വരുന്നതിനെയാണു് അനുസ്മരിപ്പിക്കുന്നതു്. ഫാത്തിമായിലെ അവസാന സന്ദർശനത്തിൽ എഴുപതിനായിരം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ലോകനാശം ഒഴിയ്ക്കുന്നതിലേയ്ക്കു് പ്രാർത്ഥനയുടെയും തപക്രിയയുടെയും ആവശ്യം ദൈവജനനി ഉൽബോധിപ്പിച്ചതു് വളരെ അർത്ഥവത്താണു്. പ്രസ്തുത ആവശ്യം കാലക്രമംകൊണ്ടു് ക്ഷയിക്കുകയല്ല വർദ്ധിക്കുകയാണു് ചെയ്യുന്നതു്. ലോകവ്യാപാരങ്ങളിൽനിന്നു് ദൈവത്തെ അകററിനിർത്തുന്ന ഗർഹണീയമായ അവസ്ഥ രാജ്യങ്ങളിൽനിന്നു് രാജ്യങ്ങളിലേക്കും ജനസമുദായങ്ങളിൽനിന്നു് ജനസമുദായങ്ങളിലേയ്ക്കും അതിശീഘ്രം സംക്ര

www.malankaralibrary.com

മിച്ചുകൊണ്ടിരിക്കയാണു്. പൊതുജനപ്രീതിക്കുവേണ്ടി ആവശ്യമുള്ളിടത്തുപോലും, ഈശ്വരസ്മരണയും ദൈവനാമോച്ചാരണവും വേണ്ടെന്നുവെയ്ക്കുന്നതു് ഒരു ഫാഷൻ ആയിത്തീൎന്നിട്ടുണ്ടു്. പല വൈദികരും അതിലുമധികം അൽമായപ്രമാണികളുംകൂടി പൊതുനിരയിൽ പല സംഘങ്ങളായി യാത്രചെയ്യുകയിൽ ഒരു കത്തോലിക്കാ ദേവാലയത്തിനു മുമ്പിൽ ആചാരസൂചകമായി തലയിൽനിന്നു് തൊപ്പി എടുത്തതു് ഒരു വൈദികൻ മാത്രമായിരുന്നു. അദ്ദേഹം സഹയാത്രികന്മാരുടെ പ്രാതിനിദ്ധ്യം വഹിച്ചുവെന്നു് ഉപചാരപൂൎവ്വം അനുമാനിക്കരുതോ!

അയർലണ്ടിൽ ഒരു കത്തോലിക്കാ ദേവാലയത്തിൽനിന്നും സ്വല്പം ദൂരെയായി പട്ടക്കാരുടെ ബംഗ്ലാവു് സ്ഥിതിചെയ്തിരുന്നു. ഒരു വൈദികൻ ബംഗ്ലാവിൽനിന്നു് പള്ളിയിലേയ്ക്കു കർബാന ചൊല്ലുവാൻ പോകുന്ന മദ്ധ്യേ അപ്രതീക്ഷിതമായ ഒരു മഴപെയ്തതിനാൽ അദ്ദേഹത്തിനു് ബുദ്ധിമുട്ടുണ്ടായി. വിഷമാവസ്ഥയിൽ അദ്ദേഹത്തെ സമീപിച്ച ഒരു കത്തോലിക്കൻ, "നല്ല ദിവസം അച്ചാ, നല്ല ദിവസം അച്ചാ" എന്നിങ്ങനെ അഭിവാദ്യംചെയ്തു. പട്ടക്കാരൻ കാൎയ്യം മനസ്സിലാകാതെ കുഴങ്ങിയപ്പോൾ ഐറിഷുകാൎക്കു് ജന്മസിദ്ധമായ വിനോദരസത്തോടുകൂടി കിട്ടിയ മറുപടി, "ഈശ്വരനെ മറക്കുകയും വെറുക്കുകയും ചെയ്യുന്ന ഇക്കാലത്തു് മനുഷ്യനാൽ ദൂഷിതമാകാതെ ദൈവത്തിൽനിന്നു് നേരിട്ടു കിട്ടുന്ന ഒരു സാധനമാണല്ലോ മഴ", എന്നായിരുന്നു. ഈശ്വരദത്തമായ സകലതിനേയും മനുഷ്യൻ അധോമുഖീകരിണ്ടന്നുള്ളതത്രെ സൂചന. ആകയാൽ ദൈവത്തെ തങ്കലേയ്ക്കും തന്റെ ജീവിതചൎയ്യകളിലേക്കും തന്റെ പരിസരങ്ങളിലേയ്ക്കും ആനയിക്കുവാൻ സൊഡാലിസ്റ്റു് സദാ ജാഗരൂകനായിരിക്കേണ്ടതാണു്.

ക്രിസ്തുവിനെ തങ്കലേക്കു് ആകർഷിക്കുന്നതിനുവേണ്ടി ഓരോ സൊഡാലിസ്റ്റും ആൎയ്യചരിതനായിരിക്കണം. ആൎയ്യചരിതന്റെ നിൎവ്വചനം "സംസാരത്തിൽ ശാന്തത

www.malankaralibrary.com

യും ആചാരത്തിൽ ലാളിത്യവുമുള്ളവൻ" എന്നു കാണുന്നു. ക്രിസ്തുവിന്റെ അന്തേവാസികൾക്കു ഈ ഗുണങ്ങൾ ഒഴിച്ചുകൂടാത്തവയാണ്. ഈ ഗുണങ്ങൾ ഇല്ലാത്ത ആൾ പാപത്തെ ഭയപ്പെടുന്നു എന്നു് കരുതിക്കൂടാ. കോപാവേശത്തിന്റെ തിരത്തള്ളലിനിടയ്ക്കും നമുക്കു് മധുരഭാഷണം അനുപേക്ഷണീയമാണ്. തന്റെ ചാരിത്രഭംഗം ലാക്കാക്കി മൃഗീയമായി തന്നെ സമീപിച്ച ആ കശ്മലനോടു് മരിയാ ഗൊരേത്തി പ്രസ്താവിച്ചതെങ്ങനെയെന്നു നോക്കുക: "അലസ്സാന്ത്രോ അരുതു്! അരുതു്! അതൊരു പാപമാകുന്നു. ദൈവത്തിനിഷ്ടമുള്ളതല്ല". പാപത്തെയും ദൈവത്തെയും സാക്ഷി നിറുത്തിയുള്ള ഈ അഭ്യർത്ഥന മാധുര്യത്തിൽ മധുവിനെയും, സൌരഭ്യത്തിൽ മല്ലികയേയും അതിശയിക്കുന്നതായിരുന്നു. പൈശാശികലഹരിയോററ അലസ്സാന്ത്രോയിൽ അതു് ഫലിച്ചില്ല. പാപത്തെ മരണത്തെക്കാൾ മരിയാ ഭയപ്പെട്ടു. അവൾ അലസ്സാന്ത്രോയുടെ ദുർമ്മോഹത്തിന്റെ നിഴലിനെപ്പോലും ആട്ടി അകലെപ്പായിച്ചു. ഇങ്ങനെ ദുർമ്മോഹവൈരികൾക്കും പാപദ്വേഷികൾക്കും അനുപമമായ ഒരു മാതൃക ലഭിച്ചു. സഭയ്ക്കു ഒരു രക്തസാക്ഷിണിയും ഒരു വിശുദ്ധയും കൈവരികയും ചെയ്തു.

ദൈവസ്നേഹമാണ് മരിയാഗൊരേത്തിക്കു് പ്രേരണ നൽകിയതും, അവളുടെ ധാർമ്മിക കവചമായി പരിലസിച്ചതും. നിർദ്ധനന്മാർക്കെല്ലാം അവരുടെ സന്മാതൃകകൾക്കു് അവലംബമായിത്തീർന്നതു് ദൈവസ്നേഹമായിരുന്നു എന്നുള്ളതിനെ നാം ഒരിക്കലും വിസ്മരിക്കരുതു്. "മൂന്നുവയസ്സായതിനുശേഷം ഞാൻ യാതൊന്നും ദൈവത്തിനു നിഷേധിച്ചിട്ടില്ല" എന്നു വി കൊച്ചുത്രേസ്യ ധീരധീരം പ്രഖ്യാപിച്ചതിനെ ആവർത്തിക്കുവാൻ നമുക്കോരോരുത്തർക്കും കഴിഞ്ഞിരുന്നുവെങ്കിൽ! കൊച്ചുത്രേസ്യയുടെ ജീവിതത്തിലെ സദ്ഭാത്തനം ആ പുണ്യവതിയുടെ ചർമവാക്യത്തിൽ പ്രതിബിംബിക്കുന്നുണ്ടു്. "എന്റെ സ്നേഹഭാജനമായ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു" എന്നായിരുന്നു ആ വാക്യം. കൊച്ചുത്രേസ്യായുടെ അദ്ധ്യാത്മിക ശിശുത്വത്തിന്റെ ഈ ചെറുവഴി സ്വീകരിച്ചിരിക്കുന്നുവെങ്കിൽ മനുഷ്യസമുദായം

www.malankaralibrary.com

അനായാസേന നവീകൃതവും ഉദ്ധൃതവും ആകുമായിരുന്നു എന്നത്രേ പതിനൊന്നാംപീയൂസ് പാപ്പാ അഭിപ്രായപ്പെട്ടതു്. ദൈവരാജ്യത്തെ പ്രഥമമായി അന്വേഷിപ്പിൻ, സകലതും താനെ വന്നുകൊള്ളുമെന്നുള്ള യേശുനാഥന്റെ സമത്ഥനം അനുഭവങ്ങളാൽ നിർഗ്ഗളം അനവരതമായിക്കൊണ്ടിരിക്കുന്നു. ദൈവരാജ്യത്തിന്മേൽ ദൃഷ്ടിപതിച്ചിരിക്കുന്നവക്കു മരണംപോലും ഹൃദ്യമായിത്തീരുന്നു.

„അപ്പച്ചാ അതു് എവിടെ ആകുന്നു. എന്റെ സമയമാട്ടു. എന്റെ പ്രാത്ഥനപ്പുസ്തകമെടുത്തു്, സൗഭാഗ്യമരണത്തിനുവേണ്ടിയുള്ള പ്രാത്ഥന വായിച്ചാലും" എന്നത്രെ മരണത്തിന് ഏതാനും നിമിഷങ്ങൾ മുമ്പ് ഡോമിനിക്ക് സാവിയോ സ്വപിതാവിനോടപേക്ഷിച്ചതു്. അന്ത്യശ്വാസത്തോടുകൂടി ആ കൊച്ചു വിശുദ്ധൻ „മനോഹരങ്ങളായ എന്തെല്ലാം സംഗതികൾ ഞാൻ കാണുന്നു" എന്നു് ആശ്ചയ്യപൂരിതനായി മൃദുസ്വരം ഉയത്തി. ആ കാഴ്ചകൾ ആരെ ഹഠാദാകർഷിക്കുകയില്ല?

(Golden Jubilee souvenir of the Sodalities of Assumptioan and Immaculate Conceptfon.)

www.malankaralibrary.com

# ധ്യാനാമൃതം.

ലോകചരിത്രത്തിൽ ഏററവും അന്യായവും നിയമ വിരുദ്ധവുമായി നടന്ന ഒരു ശിക്ഷാവിധിയാണു് പാതകി യുടെ ചിഹ്നമായിരുന്ന കരിശിനെ പാപമോചനത്തി നുള്ള ഉപകരണമായി പരിണമിപ്പിച്ചിട്ടുള്ളതു്. റോമൻ നഗരസ്ഥാപനാബ്ദം 783—ൽ ഗലിലേയനായ ഒരു "അത്ഭു തമനുഷ്യൻ" യരുശലെമിലെ യഹൂദ ജനസംഘത്താൽ വധ ശിക്ഷയ്ക്കു വിധേയനായി. കുററവിസ്താരം അക്രമവും നിയ മവിരുദ്ധവുമായിരുന്നു. യഹൂദ പുരോഹിതപ്രമാണികൾ നിയമലംഘനം, ദൈവദൂഷണം എന്നീ കുററങ്ങൾ ഗലിലേ യനിൽ ആരോപിച്ചു. ഗലിലെയൻ ദൈവപുത്രനെന്ന ഭിമാനിക്കുന്നുണ്ടോയെന്നു് ചോദിച്ചപ്പോൾ അനുസരണരൂ പത്തിൽ പ്രതി മറുപടി നൽകി. അങ്ങിനെ പ്രതി ദൈവ ദൂഷകനെന്നു് തീരുമാനിച്ചുണ്ടായ വിസ്താരവും കുററവിധി യും നിശയുടെ മറവിൽ അദ്ധരാത്രിക്കുശേഷം നടന്നു. ഒരു വനെയും വധശിക്ഷയ്ക്കു വിധിക്കുവാൻ യഹൂദജനത്തിനു് അനുവാദമില്ലായിരുന്നു. രാത്രിയിലുള്ള കുററവിസ്താരം നിയ മലംഘനമായിരുന്നുതാനും. എങ്കിലും താദൃശമായ വിസ്താര ത്തിൻെറ ഫലമായി, ഗലിലേയനു് വിധിശിക്ഷ യഹൂദ ജനം കല്പിക്കുകയും വിസ്താരത്തിലും ശിക്ഷാവിധിയിലുമു ണ്ടായ അനീതിക്കും ക്രമക്കേടിനും നിയമസാധുത്വം കല്പി ക്കുവാൻ അവർ "പ്രതി"യെ പീലാത്തോസിൻെറ പക്കൽ പ്രഭാതത്തിങ്കൽ ഹാജരാക്കുകയും ചെയ്തു. ഗലിലേയൻെറ മരണം, ക്രൂശുമരണം തന്നെ, അവർ ശക്തിയുക്തം അഭ്യ ർത്ഥിച്ചു. പീലാത്തോസ്സു് ചഞ്ചലഹൃദയനായിരുന്നതിനാൽ കർത്തവ്യവിമൂഢനായിത്തീന്നു. രാജദ്രോഹം ഗലിലേയനിൽ ദർശിക്കുവാൻ ആ സ്ഥാനിക്കു കഴിഞ്ഞില്ല. ഗലിലെയൻ രാജാവെന്നഭിമാനിച്ചതായി യഹൂദജനം അനുസ്മരിപ്പിച്ചു. ഏതുപ്രകാരമുള്ള രാജാവു്? സത്യത്തിൻെറ രാജാവു്? അവർ എന്തു കുററം ഗലിലേയനിൽ ആരോപിക്കുന്നു, എന്നു് പീ ലാത്തോസ്സു് ചോദിച്ചപ്പോൾ "ഇയാൾ കുററക്കാരനല്ലെ ങ്കിൽ ഞങ്ങൾ ഇവിടെ ഹാജരാക്കുകയില്ലായിരുന്നു" എന്നാ

www.malankaralibrary.com

യിരുന്നു ജനങ്ങൾ ഉത്തരം നൽകിയതു്. അനന്തരം "നിങ്ങൾ കൊണ്ടുപോയി നിങ്ങളുടെ നിയമപ്രകാരമുള്ള ശിക്ഷ നൽകിക്കൊള്ളു" എന്നു് പീലാത്തോസു ആജ്ഞാപിച്ചു. യഹൂദർ അഭിലഷിച്ച ശിക്ഷ മാത്രമേ നടത്തുവാൻ അവകാശമുണ്ടായിരുന്നൊള്ളു. ബന്ധനസ്ഥനായ ഗലിലെയനിൽ പീലാത്തോസ് തെറ്റൊന്നും കണ്ടിട്ടില്ലാ "ഞാൻ യഹൂദനല്ലാ, ഇതൊന്നും എൻെറ കാര്യമല്ല" എന്നു പറഞ്ഞു പീലാത്തോസ് അനാസ്ഥ പ്രകടിപ്പിച്ചു. ഗലിലെയൻ രാജാവാണൊ എന്നു് പീലാത്തോസ് ചോദിച്ചു. "എൻെറ രാജ്യം ഐഹികമല്ല" എന്നു് തുടന്നു് ഗലിലേയൻ പ്രസ്താവിച്ചപ്പോൾ, "അപ്പോൾ നിങ്ങൾ ഏതായാലും രാജാവാണല്ലോ" എന്നായി പീലാത്തോസ്. "അങ്ങു് അതു പറയുന്നു; പക്ഷേ സത്യത്തെ അറിയുന്നവരുടെമേൽമാത്രം" എന്നായിരുന്നു ഗലിലേയൻെറ സമാധാനം. വധശിക്ഷയ്ക്കു മതിയായ കാരണം പീലാത്തോസു കണ്ടില്ല. അടി ശിക്ഷ കൊടുത്തു് "രാജഭാവം നശിപ്പിച്ചു" പ്രതിയെ വിട്ടയയ്ക്കാമെന്നു പീലാത്തോസു കരുതി. അടിശിക്ഷ നടന്നു. ഭടന്മാർ മാറി മാറി അടിച്ചു. പലെടങ്ങളിൽ തൊലി പൊട്ടി, നിണം ധാരധാരയായി ഒഴുകി. ദേഹമാസകലം വ്രണമായി. "ക്രൂശിൽ തറയ്ക്കുക, ക്രൂശിൽ തറയ്ക്കുക" എന്ന യഹൂദീയ മുറവിളിയുടെ മാറ്റൊലി സർവ്വത്ര മുഴങ്ങി. "നിങ്ങൾ കൊണ്ടുപോയി ക്രൂശിൽ തറയ്ക്കുക, ഞാൻ ഈ ആളിൽ കുററം കാണുന്നില്ല" എന്നു് ചകിതഹൃദയനായി പീലാത്തോസു് പ്രസ്താവിച്ചു. "അയാൾ ദൈവപുത്രനെന്നു് സ്വയം കീർത്തിക്കുന്നു, ഞങ്ങളുടെ നിയമപ്രകാരം അയാൾ കുററക്കാരൻ തന്നെ." എന്നു് യഹൂദപ്രമാണികൾ പ്രതിവചിച്ചു. ഹേറോദേസിൻപക്കൽ കുററവിസ്താരത്തിനായിപോയി മടങ്ങിവന്നിട്ടും, പീലാത്തോസിൻെറ ഗലിലേയാനുകമ്പ അവസാനിച്ചില്ല. രാജചിഹ്നമായി പരിഹാസചെങ്കോലും മുൾമുടിയും അണിയിപ്പിച്ചു് ഗലിലെയൻെറ കളേബരം ബീഭത്സമാക്കി ജനസംഘത്തിനു കാണിച്ചുകൊടുത്തു. പൈസഹാ സംബന്ധിച്ച സ്വാതന്ത്ര്യലബ്ധിക്കു ഗലിലെയനെ വിഷയമാക്കാമോ എന്നും പീലാത്തോസു പരീക്ഷിച്ചുനോക്കി. "ക്രിസ്തു മരിക്കണം, ബറബായിക്കു സ്വാതന്ത്ര്യം നൽ

www.malankaralibrary.com

കേണ”മെന്നു് ജനസംഘം ഏകസ്വരത്തിൽ ആർത്തുവിളിച്ചു. ഇതിനിടയിൽ നിഷ്കന്മഷനായ ഗലിലേയനെ, യേശുവിനെ, വധശിക്ഷയ്ക്കു ഏല്പിച്ചുകൊടുക്കരുതെന്നു് പീലാത്തോസിൻെറ ഭാര്യ, ക്ലാവുദിയാ പ്രൊക്കലായിൽനിന്നൊരു സന്ദേശം പീലാത്തോസിനു ലഭിച്ചു. “ക്രിസ്തുവെന്നു പറയപ്പെടുന്ന യേശുവിനെ എന്തു ചെയ്യണം” എന്നു് വീണ്ടും പീലാത്തോസു ചോദിച്ചതിനു് “ക്രൂശിൽ തറയ്ക്കണം” എന്നായിരുന്നു ഏകസ്വരത്തിലുള്ള ജനങ്ങളുടെ മറുപടി! “അയാൾ എന്തു കുററമാണു് ചെയ്തതു്” എന്നു മൂന്നാംപ്രാവശ്യം പീലാത്തോസു് ചോദിച്ചപ്പോൾ “ക്രൂശിൽ തറയ്ക്കണം” എന്ന ശബ്ദം അത്യുച്ചത്തിൽ മുഴങ്ങി. “അയാളുടെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിരിക്കട്ടെ” എന്നു പറഞ്ഞുകൊണ്ടു് വീണ്ടും ജനങ്ങൾ അവരുടെ ക്രൌര്യവും നിർബന്ധബുദ്ധിയും പ്രകടിപ്പിച്ചു. എന്തിനധികം പറയുന്നു, പെരുങ്കള്ളനും കൊലപാതകിയുമായ ബറബാസ്സു് സ്വാതന്ത്ര്യം ലഭിച്ചു; നിഷ്കന്മഷനായ യേശു, ലോകപരിത്രാവായ മിശിഹാ, കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തു.

ഇങ്ങനെ കുരിശിൻെറ പ്രതാപം ആരംഭിച്ചു. മിശിഹായുടെ പരമബലിയ്ക്കു പീഠമായ സ്ലീവായുടെ തണലിൽ ഇന്നു് അനേകലക്ഷങ്ങൾ ആനന്ദിക്കുകയും ആശ്വസിക്കുകയും ചെയ്യുന്നു. അതു് ശാന്തിയുടേയും സമാധാനത്തിൻെറയും കാരുണ്യത്തിൻെറയും ചിഹ്നമാകുന്നു. അതു് സേനാനായകന്മാരുടേയും പ്രഭുപുംഗവന്മാരുടേയും വക്ഷസ്സിന്നലങ്കാരമായി പരിഗണിക്കപ്പെടുന്നു. രാജമകുടങ്ങൾക്കു് അതു് ഔൽകൃഷ്ട്യം നൽകുന്നു. യോദ്ധാവിനു് ധൈര്യവും, സേവകനു് സന്നദ്ധതയും, ദുഃഖിതനു് സമാധാനവും, രോഗിക്കു് ശമനവും അതുളവാക്കുന്നു. കുരിശിൻെറ സന്നിധിയിൽ രാഗങ്ങൾ ക്ഷയിക്കുന്നു, കാമക്രോധങ്ങൾ നശിക്കുന്നു, ആദ്ധ്യാത്മിക ചിന്ത വളരുന്നു, ഭക്തിത്തള്ളൽ ഏറുന്നു. ഈ പ്രകാരം ബഹുധാപരിശുദ്ധവും മൂല്യാതീതവുമായ കുരിശിങ്കലേയ്ക്കും ക്രൂശിക്കപ്പെട്ട ക്രിസ്തുനാഥനിലേയ്ക്കും വായനക്കാരെ ഹഠാദാകർഷിക്കത്തക്ക വിധത്തിലാണു് “ധ്യാനാമൃതം” എന്ന ഈ ചെറുകാവ്യം വിരചിതമായിരിക്കുന്നതു്.

www.malankaralibrary.com

സ്വന്തം ജീവിതകാലത്തിൽ ഗണ്യമായ ഒരു ഭാഗം നിയമഗ്രന്ഥങ്ങളും, ഹൈക്കോർട്ടു വിധികളും, അന്യായങ്ങളും, പത്രികകളും, പായൻറുകളും, സാക്ഷിമൊഴികളും, വാദങ്ങളും, എതൃവാദങ്ങളും, വിധിന്യായങ്ങളും ഡിക്രികളുമായി അഹോരാത്രം അവിശ്രമം സ്ഥിരപരിചയത്തിൽ കഴിയുന്ന വക്കീൽ മിസ്റ്റർ കെ. ജെ. വക്കിക്ക് അർത്ഥപുഷ്ടിയും, ചമൽക്കാരവും, സാരവും, സാരസ്യവും, ഭക്തിപ്രചുരിമയും, കവനപടുതയും തികഞ്ഞ ഖണ്ഡകാവ്യങ്ങൾ എഴുതാൻ സാധിച്ചതെങ്ങനെയെന്നോർത്തു ഞാൻ വിസ്മയഭരിതനായപ്പോൾ മഹാകവി ഉള്ളൂരിൻെറ സ്മരണ ഉദിച്ചു. വിജ്ഞാനപ്രയോഗത്തിൻെറ വിവിധശാഖകളിൽ ഓരോന്നിലും അസൂയാജനകമായവിധം പ്രശസ്തസേവനം ചിലർക്ക് സാദ്ധ്യമാണ്. മഹാകവി ഉള്ളൂർ താദൃശനായ ഒരു മഹാരഥനായിരുന്നു. എൻെറ മാന്യമിത്രം മിസ്റ്റർ വക്കിയും അപ്രകാരമുള്ള ഒരു സഹൃദയൻ തന്നെ. ഒരു ക്രൈസ്തവന് മുക്തി സമ്പാദനത്തിന് ക്രിസ്തുനാഥൻെറ പീഡാനുഭവത്തെപ്പററി ധ്യാനിക്കുന്നതിനേക്കാൾ വരിഷ്ഠമായ മാർഗ്ഗം ഇല്ല.

"നിൻതിരുപീഡകളൊക്കെയുമാദ്യന്തം
ചിന്തിപ്പാൻ സക്തിനീ നൽകീടണം
സന്തതമിദ്ധ്യാനപീയൂഷപാനത്താൽ
അന്തരാനന്ദം വളർത്തിടേണം."

എന്ന് മിസ്റ്റർ വക്കി പ്രാർത്ഥിക്കുന്നതിതുകൊണ്ടാണ്. 'ധ്യാനപീയൂഷപാനം' എത്രയ്ക്ക് ഹൃദ്യമായിരിക്കുന്നു. ഉപമയും ഉൽപ്രേക്ഷയും കവിഞ്ഞൊഴുകുന്ന പദ്യങ്ങൾ "ധ്യാനാമൃത"ത്തിൽ ധാരാളമുണ്ട്.

"ചാട്ടകൾ പാരം ചുഴററിയടിക്കുമ്പോൾ
ചീററിക്കൊണ്ടാഞ്ഞു നിൻമെയ്യിൽ കൊത്തുവാൻ
കന്മഷജാലമാം പന്നഗവീരന്മാർ
പാഞ്ഞടുത്തീടുന്നുവെന്നു തോന്നും."

www.malankaralibrary.com

ഇതിലെ ആശയഗാംഭീര്യം അലങ്കാരധോരണിയെ അതിശയിക്കുന്നുവെന്ന് പറയാമെങ്കിലും, രണ്ടും ഹൃദയാവർജ്ജകമാണ്, സംശയമില്ല.

"അല്പം വലത്തേക്കു ചാഞ്ഞുകിടക്കുന്ന
തല്പമാം ക്രൂശിലീപുണ്യശീർഷം
വാടിത്തളർന്നൊരു നാളത്തിൽ കാണുന്ന
രാജീവകോരകമെന്നപോലെ".

ശബ്ദാർത്ഥാലങ്കാരങ്ങളുടെ സമീചീനമായ ഒരു കൂട്ടിയാട്ടമാണ് ഈ പദ്യരംഗത്ത് പ്രത്യക്ഷപ്പെടുന്നത്.

ക്രിസ്തുനാഥന്റെ പീഡാനുഭവത്തേയും ക്രൂശുമരണത്തേയും അധികരിച്ചാണ് "ധ്യാനാമൃതം". പീഡാനുഭവത്തിന്റെ പ്രാരംഭഘട്ടമായ രക്തവിയർപ്പുമുതൽ ക്രൂശുമരണസമാപ്തിവരെയുള്ള പ്രധാന അനുഭവങ്ങൾ വായനക്കാർക്ക് ആത്മീയോപകാരം വരുത്തത്തക്കവിധത്തിൽ കവി ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്.

"പാവനമാകുമീരക്തപ്രവാഹത്തിൻ
കാരണം ഞാൻചെയ്ത പാപമല്ലേ,
പാപത്തിൽനിന്നെന്നെ വീണ്ടെടുക്കാനേകും
മൂല്യമമൂല്യമാം ദിവ്യരക്തം"
"ലോകങ്ങൾക്കൊക്കെയുമാലംബമായിട്ടും
ശോകവിനാശനാ, നിന്നെയേവം
കെട്ടിയടിക്കുവാൻ പാപിയാം ഞാൻചെയ്ത
ദുഷ്ടതയാണേകഹേതുവോർത്താൽ"
'പ്രാണനിപ്പാപികൾക്കേകുവാൻ നിൻതിരു
പ്രാണനെക്കാഴ്ചയായ് വച്ചനാഥാ,
കൈവല്യമൂർത്തേ, യെന്നാർത്തികൾ തീർത്തുനീ
കൈവരുത്തീടണം മോക്ഷഭാഗ്യം".

ഇത്യാദി പദ്യങ്ങളെപ്പറ്റി ആത്മാർത്ഥമായി ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ഏതൊരാളാണ് ഈ ശരണകലേക്ക് അനുനിമിഷം കൂടുതൽ കൂടുതലായി സമീപിക്കാതിരിക്കുക!

www.malankaralibrary.com

"ധ്യാനാമൃതം" കേരളകത്തോലിക്കാ സാഹിത്യം സംബന്ധിച്ചിടത്തോളം അനർഘമായ ഒരു സമ്പാദ്യമാണു്. തൽകർത്താവായ മിസ്റ്റർ കെ. ജെ. വക്കി കത്തോലിക്ക ജനസാമാന്യത്തിൻെറയും ഭക്തലോകത്തിൻെറയും ശാശ്വതമായ കൃതജ്ഞതക്കു് അവകാശിയായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിൻെറ സ്മരണാർഹമായ ഈ ഖണ്ഡകാവ്യവുമായി ഈ വിധം ബന്ധപ്പെടാൻ ഇടയായിതിൽ ഞാൻ അഭിമാനം കൊള്ളുകയും മിസ്റ്റർ വക്കിയുടെ പേരിലുള്ള എൻെറ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു. കുറവിലങ്ങാട്ടുകാരായ പ്രശസ്ത സാഹിത്യകാരന്മാർ ഇന്നു് സജീവരായി കൈരളിക്കു് മഹനീയമായ ശുസവനം ചെയ്യുന്നുണ്ടു്. അവരിൽ "കവിതാം" കുറവാണെന്നുള്ള ന്യൂനത മിസ്റ്റർ വക്കി പരിഹരിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിനു് വർദ്ധിതമായ അഭിമാനത്തിനു് വകയുണ്ടു്. അദ്ദേഹത്തെ ഹൃദയപൂർവ്വം അനുമോദിക്കുന്നതോടുകൂടി, അദ്ദേഹത്തോടൊപ്പം,

"നിൻതിരുകൈകളിൽ നിന്നൊഴുകീടുന്ന
ചോരയാമൗഷധസാരസർവ്വം
ഭക്തിസമന്വിതം പാനംചെയ്താത്മിക
രോഗങ്ങൾ സർവ്വം ശമിച്ചീടട്ടെ"

"വാത്സല്യപൂരത്താൽ നിർഗ്ഗമിപ്പിക്കുമീ
ഹൃദ്രക്തം സ്നേഹപീയൂഷയുക്തം
പാനംചെയ്തത്യന്തമുള്ളം കുളുർക്കട്ടെ
ലോകരിൽ സ്നിഗ്ദ്ധതകൈവരട്ടെ"

എന്നു് ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുകയും ചെയ്യുന്നു,

ധ്യാനാമൃതം, അവതാരികം.

www.malankaralibrary.com

# ക്രിസ്തുമതത്തിൽ ജാതിവ്യത്യാസത്തിനു സ്ഥാനമില്ല.

## അപവാദങ്ങൾ അനധികൃതങ്ങളാണ്.

അടുത്ത കാലത്തു ഭാരതത്തിന്റെ പല ഭാഗങ്ങളിൽ—കേരളത്തിലും പുറമെയും—അനേകലക്ഷം ആളുകൾ തങ്ങളുടെ പൂർവ്വിക മതാചാരങ്ങളെ ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്. രണ്ടും മൂന്നും ഗ്രാമങ്ങളിലെ ജനങ്ങളെല്ലാം ഏകോപിച്ചു ക്രിസ്തുമതം സ്വീകരിക്കുകയും ഗ്രാമങ്ങൾക്കു ക്രൈസ്തവസിദ്ധന്മാരുടെ പേരുകൾ കല്പിച്ച് അവയെ നവീകരിക്കുകയും അക്രൈസ്തവ മതപരങ്ങളായ ലക്ഷ്യങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നതു് സാധാരണമാണ്. തമിഴ്നാട്ടിലും, ആന്ധ്രാദേശത്തും, മൈസൂറിലും, മദ്ധ്യേന്ത്യയിലും, പഞ്ചാബിലും, ആസാമിലും, ഓറീസായിലും ചോട്ടാ നാഗപ്പൂരിലും സംഘം ചേർന്നുള്ള ഈ മാനസാന്തര പ്രസക്തി അനുഭവപ്പെട്ടുവരുന്നു. ചോട്ടാ നാഗപ്പൂരിൽ തന്നെ ഇക്കഴിഞ്ഞ അമ്പതു സംവത്സരങ്ങൾക്കിടയിൽ ഇരുപതു ലക്ഷത്തോളം ആളുകൾ ക്രിസ്ത്യാനികളായിട്ടുണ്ട്. പ്രതിവർഷം പതിനായിരത്തോളം ആളുകൾ ക്രിസ്തുമതം സ്വീകരിക്കുന്ന പ്രദേശങ്ങൾ ഭാരതത്തിൽ പലതുണ്ട്. "രണ്ടു ഗ്രാമങ്ങൾ മുഴുവനും ജ്ഞാനസ്നാനം സ്വീകരിച്ചു. ഒന്ന് ഉപദേശം സ്വീകരിച്ചുവരുന്നു. ചുററുമുള്ള മൂന്നു നാലു ഗ്രാമങ്ങളിൽ ധാരാളം ക്രൈസ്തവഭവനങ്ങൾ ഉണ്ട്. ഇതെല്ലാം ഒരു സംവത്സരംകൊണ്ടു സാധിച്ചതാണ്" എന്ന് ഒരു മിഷ്യനറി എഴുതുന്നു. പട്ടക്കാരേയും ഉപദേശികളേയും ആവശ്യത്തിനു കിട്ടിയിരുന്നുവെങ്കിൽ കൂട്ടമായി ജ്ഞാനസ്നാനപ്പെടുന്നതിന് അസംഖ്യം ഗ്രാമങ്ങളുണ്ടെന്നാണ് നെല്ലൂരിലെ മെത്രാൻ അടുത്തകാലത്തു പ്രസ്താവിക്കുകയുണ്ടായതു്. ഇങ്ങനെ പ്രവർത്തിക്കാനും പ്രസ്താവിക്കാനും സാധിക്കുന്ന മിഷ്യനറിമാരും മെത്രാന്മാരും ഭാരതഭൂമിയിൽ വേറെയും കാണുമെന്നുള്ളതിൽ യാതൊരു സംശയവും ഇല്ല.

www.malankaralibrary.com

സംഘം ചേൎന്നുള്ള ഈ മാനസാന്തര പ്രസ്ഥാനത്തെ എതിൎക്കുന്നതിനായി സവൎണ്ണഹിന്ദുക്കളുടെയും മററും ആയി ധാരാളം സംഘടനകൾ ഉണ്ടു്. അടുത്തകാലത്തു ഹിന്ദുമിഷ്യൻ എന്ന പേരിൽ അറിയപ്പെടുന്ന ഒരു സംഘടനയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമതം സ്വീകരിച്ച പുലയർ മുതലായവരെ ഹിന്ദുമതത്തിലേക്കാകർഷിച്ചതും അന്യായന്മാരുടെ "നായരീകരണം" നടന്നതും, ഈ കേരളത്തിലേയൊ തിരുവിതാംകൂറിലേയൊ അനുഭവങ്ങളാണല്ലൊ. ഇങ്ങനെയുള്ള പുനഃസ്വീകരണങ്ങൾ ഭാരതത്തിന്റെ മററു ഭാഗങ്ങളിലും ഉള്ളതാണു്. പെൻഷ്യൻ സ്വീകരിക്കുന്ന ഹൈക്കോർട്ടു ജഡ്ജിമാർ ഈവക പ്രവൎത്തനങ്ങളിൽ ഏർപ്പെടുന്നതു തിരുവിതാംകൂറിലുള്ള ഒരു പ്രത്യേകതയുമല്ല. മദ്രാസ് ഹൈക്കോടതിയിൽ ജഡ്ജിയായിരുന്നശേഷം ഇപ്പോൾ അടുത്തുൺ പററി വിശ്രമിക്കുന്ന ദിവാൻ ബഹദൂർ വി. ഭാഷ്യം അയ്യങ്കാർ മദ്രാസ് പ്രസിഡൻസിയിലെ ഈവക പ്രസ്ഥാനങ്ങളിൽ സൎവ്വപ്രധാന പ്രവൎത്തകനാണെന്നു പറയാം. ആദിദ്രാവിഡർ ആദിയായവർ കൂട്ടമായി ക്രിസ്തുമതത്തിൽ പ്രവേശിക്കുന്നതിനെ ഹിന്ദുക്കൾ തടയണമെന്നും അതിലേക്കു ഹിന്ദുക്കളുടെ വക സംഘടനകൾ ഊർജ്ജിതപ്പെട്ടു ഹിന്ദുക്കളുടെ ഇടയിലുള്ള ജാതിചിന്ത മുതലായ അനാവശ്യദുരാചാരങ്ങളെ നശിപ്പിക്കണമെന്നുമാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ഹിന്ദുക്കളിൽ ചില വിഭാഗക്കാർക്കു ഹിന്ദുസമുദായമദ്ധ്യത്തിൽ അനുഭവപ്പെടുന്ന സാമുദായികാവശതകളും അസൌകൎയ്യങ്ങളും അന്യമതം സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കുന്നുവെന്നും, ആകയാൽ ഇപ്രകാരമുള്ള അവശതകളാദിയായവ പരിഹരിച്ചു ഹിന്ദുസമുദായത്തെ ഇദാനീന്തന സാഹചൎയ്യങ്ങൾക്കു് അനുയോജിച്ച വിധത്തിൽ പരിഷ്കരിക്കാൻ സമുദായനേതാക്കന്മാർ, മഠാധിപന്മാർ, സനാതനികൾ, തുടങ്ങിയർ ഉത്സാഹിക്കണമെന്നുമാണു് അദ്ദേഹത്തിന്റെ ഉപദേശം.

ഈ ഉപദേശം ആക്ഷേപരഹിതമാണെന്നുള്ളതിൽ

www.malankaralibrary.com

സംശയമില്ല, എന്നാൽ ആദിദ്രാവിഡർ, കേരളത്തിലെ ചേരമർ, സാംബവർ മുതലായവർ ഹിന്തുസമുദായാംഗങ്ങളാണെന്നും ആകയാൽ അവരുടെ ക്രിസ്തുമതസ്വീകരണം ഹിന്തുസമുദായത്തിനു പററുന്ന ശോഷണമാണെന്നും പറയുന്നതിലേ യുക്തി മനസ്സിലാക്കാൻ പലപ്പോഴും അസാദ്ധ്യമായിട്ടാണു തോന്നുന്നതു്. ഭാരതത്തിൽ ആറു കോടിയോളം അധഃകൃതസമുദായാംഗങ്ങൾ ഉണ്ടു്. അവരെ സെൻസസ് റിപ്പോർട്ടു മുതലായ ഗവമ്മെൻറു റിക്കാർട്ടുകളിലും മററും ഹിന്ദുസമുദായാംഗങ്ങളായി ഗണിക്കാറുണ്ടെങ്കിലും അവരുടെ മതം ഹിന്ദുമതമല്ല. വേദോക്തമായ ഹിന്ദുമതത്തിനു് അവരുടെ മതവുമായി യാതൊരു സംബന്ധവും ഇല്ലെന്നുതന്നെ പറയാം. അവരുടെ വിശ്വാസം, പാരമ്പര്യം, ആചാരം, മുതലായവ പരിശോധിച്ചാൽ അവർ പുരാതനഭൂതാരാധകന്മാരുടെ സന്തതികളാണെന്നു് ആക്കും ബോധപ്പെടും. അവരെ (Animists) ഭൂതാരാധകന്മാർ അഥവാ പ്രേതാരാധകന്മാർ, എന്നാണു നാമകരണം ചെയ്യേണ്ടതു്. ഏക ദൈവവാദികളും ബഹുദേവവാദികളും അവരുടെയിടയിൽ ഉണ്ടെന്നുള്ളതു് ഈ നാമത്തെ ഒട്ടും അയുക്തമാക്കുന്നില്ല. ആധുനിക ഹൈന്ദവമതം രൂപീകൃതമാകുന്നതിനു മുമ്പുണ്ടായിരുന്ന മതവിശ്വാസത്തെ അവർ ഇപ്പോഴും തുടൎന്നുവരികയാണു്, വേദോക്തമായ ചാതുർവർണ്യത്തിൽ അവൎക്കു സ്ഥാനമില്ല. വൈദിക സാഹിത്യത്തിൽ പ്രസൂചിതമായിരിക്കുന്ന പഞ്ചമവർഗ്ഗത്തിൽ അവർ ഉൾപ്പെടുന്നു. ആൎയ്യമതത്തിന്നെതിരായി നിലനിന്നിരുന്നതും ആൎയ്യമതത്തേക്കാൾ പഴക്കമുള്ളതെന്നു പറയാവുന്നതുമായ ദ്രാവിഡമതത്തിൻെറ അവശിഷ്ടങ്ങളാണു് അവൎക്കിപ്പോഴുള്ള വിശ്വാസാചാരങ്ങൾ. ആൎയ്യദ്രാവിഡമതങ്ങൾ പരസ്പരം ആക്രമിച്ച വിശ്വാസാചാരസമ്മിശ്രണത്തിനു കാരണമാക്കിയതുനിമിത്തം ആൎയ്യമതത്തിൻെറയോ ഹൈന്ദവമതത്തിൻെറയോ ശകലങ്ങൾ പഞ്ചമവിശ്വാസത്തിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളതിനേ നിഷേധിക്കത്തക്കതല്ല. അവർ ഹിന്തുക്കളാണെന്നു പറയുന്നതു് ഒരു തെററിദ്ധാരണയുടെ ഫലമായിട്ടു മാത്രമാണു്. ക്രിസ്ത്യാനികളും

www.malankaralibrary.com

മുസ്ലീമിങ്ങളുമല്ലാത്ത തിരുവിതാംകൂറുകാരേയെല്ലാം—ഹിന്ദുസമുദായാംഗങ്ങൾ അല്ല തങ്ങൾ എന്നു പ്രഖ്യാപനം ചെയ്തിട്ടുള്ള ഈഴവരെപ്പോലും ഉൾപ്പെടുത്തി—ഹിന്ദുക്കൾ എന്നു നാമകരണം ചെയ്യുന്നതു് സൌകര്യത്തിനു പററിയതാണെങ്കിലും യഥാർത്ഥ ചരിത്രത്തിനോ ആഗമത്തിന്നോ പററിയതല്ല,

അധഃകൃതർ ക്രിസ്തുമതം സ്വീകരിക്കുന്നതിനു് വിരോധമായി പറയുന്ന മറെറാരു കാര്യം ക്രിസ്തുമതത്തിലും ജാതിവ്യത്യാസമുണ്ടെന്നും, ആകയാൽ ജാതിബാധയിൽനിന്നും മോചനം പ്രാപിക്കാൻ ക്രിസ്തുമത സ്വീകരണം സഹായകമാകയില്ലെന്നും ആണു്. ഒരു പ്രത്യേക വർഗ്ഗത്തിൽ ജനിച്ചയാൾ മററു യോഗ്യതയൊന്നും കൂടാതെതന്നെ വേറൊരു വർഗ്ഗത്തിൽ ജനിച്ചയാളേക്കാൾ ശ്രേഷ്ഠനാണെന്നാണല്ലൊ ജാതിബോധം സംബന്ധിച്ച ഉച്ചനീചത്വത്തിൻെറ പ്രധാന തത്വം. ഈ തത്വം അംഗീകരിക്കുകയും ഇങ്ങിനെ ജാതിബോധത്തെ സമ്മതിക്കുകയും ചെയ്യുന്നതു ക്രിസ്തീയവിശ്വാസത്താൽ അംഗീകരിക്കപ്പെടാത്ത ഒരവസ്ഥയാണു്. മനുഷ്യജാതി ആസകലം യേശുക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടുവെന്ന ക്രിസ്തുമതതത്വം സകലരേയും സമന്മാരാക്കുന്നു. എല്ലാവക്കും ഒരേ അന്ത്യവും ഒരേവിധത്തിലുള്ള ആവശ്യങ്ങളും ഉണ്ടെന്നു ദ്യോതിപ്പിക്കുകയും ചെയ്യുന്നു. ധനവാന്മാരെയും ദരിദ്രരേയും കുലീനന്മാരേയും കുലഹീനന്മാരേയും വെവ്വേറെ അറകളിൽ നിറുത്തി, നിത്യവും അതേ അവസ്ഥയിൽ നിലനിറുത്തിക്കൊണ്ടുപോകണമെന്നുള്ള നിഷ്ഠ സഭയ്ക്കു് ഒരിക്കലും ഉണ്ടായിട്ടില്ല. തൊഴിലാളിമുതലാളിബന്ധത്തെ നിർദ്ദോഷമാക്കിത്തീക്കാനായി ക്രൈസ്തവമതാദ്ധ്യക്ഷന്മാർ ചെയ്തിട്ടുള്ള വേലകൾ മഹനീയങ്ങളായിരിക്കുന്നു. പതിമ്മൂന്നാം ലെയോൻ, പതിനൊന്നാം പീയൂസ് എന്നീ മാർപ്പാപ്പാമാരുടെ തദ്വിഷയങ്ങളായ വിശ്വലേഖനങ്ങൾ പരിഷ്കൃതലോകത്തിൻെറ സവിശേഷശ്രദ്ധയെ അർഹിച്ചിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവയോഗ്യമാണു്.

www.malankaralibrary.com

വി. പൌലോസ് "ക്രിസ്തു സർവ്വരിലും സർവ്വമാകുന്നു" എന്നു പറഞ്ഞിട്ടുള്ളതനുസരിച്ചു കൂദാശകൾ ആദിയായ ആത്മീയ ശുശ്രൂഷകൾ സംബന്ധിച്ചു ക്രിസ്തുസഭകൾ ധനവാനും ദരിദ്രനും തമ്മിൽ യാതൊരു പക്ഷപാതവും പ്രദശിപ്പിക്കുന്നില്ല. ഏതെങ്കിലും ഒരു വർഗ്ഗം അശുദ്ധങ്ങളൊ അയിത്തക്കാരൊ ആണെന്നുള്ള മതം സഭയുടെ ഉപദേശത്തിനു വിരോധമാണ്. ഇതു സംബന്ധിച്ചു തെക്കേ ഇൻഡ്യയിലെ മെത്രാപ്പോലീത്താമാരും മെത്രാന്മാരും ഏകോപിച്ച് അടുത്തകാലത്തൊരു പരസ്യലേഖനം പ്രസിദ്ധം ചെയ്യുകയുണ്ടായി. അതിൽ നിന്ന് ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു കരുതുന്നു. "പതിനാലാം ബനദിക്തോസ് പാപ്പാ അയിത്താചാരം ക്രിസ്തുമതതത്വത്തിനു യോജിച്ചതല്ലെന്നും അതേപ്പററിയുള്ള ചിന്ത ക്രിസ്ത്യാനികളുടെ മനോരംഗങ്ങളിൽ നിന്ന് ഉച്ചാടനം ചെയ്യേണ്ടതാണെന്നും പ്രഖ്യാപനം ചെയ്തിട്ടുണ്ട്. ക്രിസ്തുവിലുള്ള വിശ്വാസംമൂലം ദൈവപുത്രരായിത്തീർന്നിട്ടുള്ളവരുടെയിടയിൽ, സ്വതന്ത്രനും ബന്ധിതനും, പുരുഷനും സ്ത്രീയും, തമ്മിൽ അന്തരമില്ലാതെ, സകലരും ക്രിസ്തുവിൽ ഏകീഭവിച്ചിരിക്കുന്നു എന്നുള്ള അപ്പോസ്തലോപദേശം തന്നെ ഇതിനാധാരമാകയാൽ വിശ്വാസികൾ നമ്മുടെ വിശുദ്ധമതത്തിന്റെ പ്രത്യേകലക്ഷണമായിരിക്കുന്ന പരസ്പരസ്നേഹത്താൽ അന്യോന്യം ദൃഢബന്ധിതരായിരിക്കണമെന്ന് ഉപദേശിപ്പാൻ വൈദികർ ചുമതലക്കാരായിരിക്കുന്നു."

എന്നാൽ ഒരു കാലത്തു് ഇന്ത്യയിൽ തന്നെ വൈദികാധികാരികളുടെ അറിവോടുകൂടി ഉൽകൃഷ്ടജാതിക്കാരുടെ പ്രത്യേക അടയാളങ്ങൾ പ്രത്യേക സ്വാതന്ത്ര്യങ്ങൾ മുതലായവ സംരക്ഷിക്കപ്പെടണമെന്ന് അവരിൽപെട്ട ക്രിസ്ത്യാനികൾ നിർബന്ധിച്ചിരുന്നു. ജാതിചിഹ്നങ്ങളായ പൂണൂലും കുടുമയും താറും തിലകവും ഒക്കെ ക്രിസ്ത്യാനികളുടെ ഇടയിൽ സാധാരണയായിരുന്നു. വൈദികാദ്ധ്യക്ഷന്മാർ ഈ നയത്തെ അനുകൂലിച്ചതു് അധഃകൃതർ സവർണ്ണരേക്കാൾ ദൈവദൃഷ്ടിയിൽ താണവരാണെന്നോ അവരുടെ ആത്മാവുകൾക്കു താരതമ്യേന "വില" കുറയുമെന്നോ കരുതിയല്ല.

www.malankaralibrary.com

ക്രിസ്തുമതം സ്വീകരിച്ച സവർണ്ണർ സ്വവർഗ്ഗക്കാരാൽ പതിതരെന്നു പരിഗണിക്കപ്പെടാതിരിക്കുന്നതിനും, തദ്വാരാ അവരുടെ സാമൂഹ്യാവസ്ഥ കുറവു് കൂടാതെ പരിരക്ഷിക്കപ്പെടുന്നതിനും വേണ്ടിയാണു്. സവർണ്ണക്രിസ്ത്യാനികൾക്കു: ചില ദേവാലയങ്ങളിൽ അവർണ്ണരുടെ സാമീപ്യം ഉണ്ടാകാത്തവിധത്തിൽ പ്രത്യേക സ്ഥലങ്ങൾ ദൈവാരാധനയ്ക്കായി പണ്ടു കല്പിക്കപ്പെട്ടിരുന്നതു് ജാതിചാന്തസ്സു ചെയ്ത അനാശാസ്യമായ ഒരു സാഷ്ടാംഗപ്രണാമമായിരുന്നുവെന്നു പറയാതെ കഴിയുകയില്ല. എന്നാൽ ജാതിക്കോട്ടയെ ഇടിച്ചു പൊളിക്കുന്ന പ്രജാനുകൂലങ്ങളായ ആശയങ്ങളുടെ ഫലമായി സവർണ്ണർതന്നെ തങ്ങൾക്കു കൈവന്ന പ്രത്യേകാനുകൂല്യങ്ങളെ പരിത്യജിച്ചുവരികയാണു്. മദ്രാസു സർവീസു കമ്മീഷൻ പ്രസിഡണ്ടു മി. രത്നസ്വാമി, മദ്രാസു ഗവമ്മെൻറു തദ്ദേശമന്ത്രി മി. പണ്ണീർ സെൽവം, മിസ്സസ് സത്യനേശൻ, മി. ചക്കരച്ചെട്ടി മുതലായി കത്തോലിക്കരും അകത്തോലിക്കരും ആയ സവർണ്ണ ക്രിസ്ത്യാനികൾ ചേർന്നു് അവർണ്ണ ക്രിസ്ത്യാനികളോടു സമഭാവനാപുരസ്സരം വർത്തിക്കേണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഒരു അഭ്യർത്ഥന പ്രസിദ്ധം ചെയ്തിട്ടു് അധികകാലമായിട്ടില്ല. ഈ അഭ്യർത്ഥനമൂലം ദേവാലയങ്ങളിലെ "ജാതിത്തട്ടികൾ" പല സ്ഥലത്തും തട്ടിത്താഴെയിടുന്നതിനിടയായിട്ടുണ്ടെന്നുള്ളതു സസന്തോഷം സമ്മതിക്കേണ്ടതാണു്. ബാക്കിയുള്ളവയും അചിരേണ നാമാവശേഷമാകുമെന്നു് ഊട്ടക്കു്മെണ്ടിൽവച്ചു് ഒരു പ്രസംഗമദ്ധ്യേ റാവുബഹദൂർ പണ്ണീർ സെൽവം പ്രസ്താവിക്കയുണ്ടായി.

എന്നാൽ ഈ പ്രസ്താവന സഫലമാകുന്നതിനു് ഉൽകൃഷ്ടരും അധഃകൃതരുമായ ആളുകൾ—ക്രിസ്ത്യാനികളും അക്രൈസ്തവരും—ഒത്തുകൂടി പരിശ്രമിക്കേണ്ടതാവശ്യമാണു്. ക്രിസ്ത്യാനികൾ തങ്ങൾ ഒരു ഗാത്രത്തിൻെറ അംഗങ്ങളാണെന്നുള്ളനിലയിൽ പരസ്പരം സ്നേഹിക്കുകയും ആദരിക്കുകയും, ഒരു വിഭാഗത്തിൻെറ സുഖദുഃഖങ്ങൾ മററു ഭാഗങ്ങളുടെവയും ആണെന്നു കരുതി അവസരോചിതമായ സഹായസഹതാപങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതു് ഒഴിച്ചുകൂടാത്തതത്രെ.

www.malankaralibrary.com

ജനസമുദായത്തെ മൊത്തത്തിൽ ആലോചിച്ചു ഈ വിധത്തിലുള്ള അനുഭാവാനുകൂല്യങ്ങൾ ക്രിസ്ത്യാനികളും അക്രൈസ്തവരും തമ്മിലും ഉണ്ടാകാനവകാശമുണ്ട്. തലയ്ക്കു കാലിനോടു നിന്നെക്കൊണ്ട് എനിക്ക് ആവശ്യമില്ലെന്നു പറയാനും കണ്ണു നിരുപയോഗമാണെന്നു കാതിനു സമർത്ഥിക്കാനും അവകാശമില്ലല്ലൊ. ശരീരത്തിൽ ദുർബലങ്ങളായി തോന്നുന്ന ഭാഗങ്ങൾ കൂടുതൽ ഉപയോഗപ്രദമാണെന്നുള്ള അപ്പോസ്തലന്റെ (1 കൊറി. 22. അ. 21; 22) പ്രബോധനവും സ്മരിക്കേണ്ടതുണ്ട്. "ആകയാൽ നിങ്ങൾ പരസ്പരം ദയയോടുകൂടി വർത്തിക്കുവിൻ; കാരുണ്യപൂർവ്വം പരസ്പരം ക്ഷമിക്കുകയും ചെയ്യുവിൻ; ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചിട്ടുള്ളതുപോലെ" (എഫേസ്യ 4; 32) എന്ന ഉപദേശവും ഇവിടെ ആധാരമാക്കേണ്ടതാണ്.

ക്രിസ്തുസഭയിൽ ജാതിവ്യത്യാസം അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്ന കാരണം പറഞ്ഞ് അധഃകൃതരും, അല്ലാത്തവരും സഭയെ പഴിക്കാറുണ്ട്. ഇങ്ങനെയുള്ളവർ പരമ്പരാഗതങ്ങളായ ആശയങ്ങൾ പെട്ടെന്നു ദൂരീകരിക്കത്തക്കവയല്ലെന്നു മനസ്സിലാക്കേണ്ടതാകുന്നു. അയിത്തോച്ചാടനം ഭാരതീയ ജനതതിയെ ഒന്നാകെ സ്പർശിക്കുന്ന ഒരു വൻകാര്യമാണ്. ക്രിസ്ത്യൻ സഭകൾ അതു സാധിക്കുന്നതിനു പാടുള്ള സഹായങ്ങളെല്ലാം ചെയ്യാൻ സന്നദ്ധങ്ങളാണെങ്കിലും സവർണ്ണരുടെ മനസ്ഥിതി ആശ്രയിച്ചായിരിക്കും ഉദ്ദേശ്യസിദ്ധിയുടെ കാലവും വിധവും. സവർണ്ണരായ ക്രിസ്ത്യാനികളും അക്രൈസ്തവരിൽ പലരും ക്രിസ്തുസഭയുടെ ഔദ്യോഗികനിലയെ അംഗീകരിച്ച് അയിത്തോച്ചാടനത്തിനു പ്രവൃത്തി തുടങ്ങിയിരിക്കുന്നതു് എല്ലാംകൊണ്ടു് ആശ്വാസപ്രദംതന്നെ.

മലയാള മനോരമ, 1935 ജൂലായി, 4.

-:0:-

www.malankaralibrary.com

# "ഗലീലിയൊ"വും കത്തോലിക്കാസഭയും.

## I

കുരുടന്മാർ ആനയെ തൊട്ടറിഞ്ഞകഥ നമുക്കു സുപരിചിതമാണല്ലൊ. ആനയെ കാണുവാനും ആ ജന്തുവിന്റെ അവയവഘടനയും വലിപ്പവും മററുവിധത്തിൽ ഗ്രഹിപ്പാനും വഴിയില്ലാതിരുന്നതിനാൽ അവർ തൊട്ടറിയാൻ ശ്രമിച്ചു. ഒരാൾ സ്പർശിച്ചഭാഗം മററവനു തൊടാൻ കിട്ടിയില്ല. ഇങ്ങിനെ വിഭിന്നഭാഗങ്ങൾ തൊട്ടറിഞ്ഞശേഷം അവർ താന്താങ്ങൾക്കുണ്ടായ അഭിപ്രായം പ്രസ്താവിച്ചുതുടങ്ങി. ചെവികൾ തൊട്ടുനോക്കിയവൻ ആന കൊച്ചുമുറം പോലെയുള്ള ഒരു ജന്തുവാണെന്നു തീരുമാനിച്ചു. തുമ്പിക്കയ്യ് കയ്യിൽ കിട്ടിയവൻ ആന വാഴക്കററിപോലെയുള്ള ഒരു വസ്തുവാണെന്നു ഗ്രഹിച്ചു. കാലുതൊട്ടുനോക്കിയിട്ടു ആന മാങ്ങാക്കററിപോലെ ഇരിക്കുന്നതായി മൂന്നാമൻ വിധിച്ചു. ഇവരുടെ അഭിപ്രായഗതി എത്ര വിചിത്രമായിരിക്കുന്നു. ആനയെപ്പററിയുള്ള അവരുടെ ധാരണ എത്ര വിലപനീയമായിരിക്കുന്നു. ഇവർ മൂന്നുപേരും മാത്രമല്ല ഇവരെപ്പോലെ മുപ്പതുപേർ ഒത്തുചേന്നാലും ആനയെപ്പററി ശരിയായി മനസ്സിലാക്കുവാൻ അവർക്കു സാധിക്കുകയില്ല. ഈ അശക്തി അവക്കു സ്വതസിദ്ധമായ ഒരു ദോഷമാണു്. അതിനെ ഉല്ലംഘിക്കുന്നതിനൊ അതിന്റെ ഫലങ്ങളെ ജയിക്കുന്നതിനൊ അവർക്കു സാധിക്കുകയില്ല.

ഇങ്ങിനെതന്നെ ജഡികമായ അന്ധതയില്ലെങ്കിലും അജ്ഞാനംകൊണ്ടൊ ദുർജ്ഞാനംകൊണ്ടൊ ബുദ്ധീന്ദ്രിയത്തിനു കേടുതട്ടി സംഗതികളെ ശരിയായി ഗ്രഹിക്കാൻ പാടില്ലാത്ത ചില ആളുകൾ ഉണ്ടു്. ഭൂമി ഉരുണ്ടതാണെന്നു നിങ്ങൾ അവരോടെത്രപ്രാവശ്യം പറഞ്ഞാലും നിങ്ങളുടെ നടുമുററമൊ വരാന്തയൊ ചൂണ്ടിക്കാണിച്ചുകൊണ്ടു അവർ

www.malankaralibrary.com

നിങ്ങളോടു വാദമാരംഭിക്കും, മുറം പരന്നതാണെന്നും വരാന്ത ഉരുണ്ടതല്ലെന്നും അവർ വളരെ ശ്രമംചെയ്യാതെ സമ്മതമുണ്ടാകും. "ശരി ഇതു ഭൂമിയുടെ ഒരു ഭാഗമല്ലെ?" "അതു ഭൂമിയുടെ ഒരു ഭാഗമല്ലെ?" എന്നായി അവരുടെ പിന്നത്തെ ചോദ്യം. ഇവയെല്ലാം സമ്മതഭാവത്തിൽ ഉത്തരം ലഭിക്കുന്നതോടുകൂടി അവർ ഖിജ്റംബിതവപുസ്സുകളായി വിജയധ്വനിയോടുകൂടി എണീററു് അനുമാനം വിളംബരപ്പെടുത്തുന്നു. "പരന്ന ഈ മുററവും ഈ വരാന്തയും ഭൂമിയുടെ ഭാഗങ്ങളാകുന്നു. പൂർണ്ണമായ വസ്തുവിൻെറ ഗുണങ്ങൾ അതിൻെറ അംശങ്ങൾക്കുമുണ്ടു് ആകയാൽ ഈ മുററവും വരാന്തയും പരന്നിരിക്കുന്നതുപോലെ ഭൂമിയും പരന്നിരിക്കുന്നു. നിങ്ങളുടെ ഭൂഗോളതത്വം വെറും അടിസ്ഥാനരഹിതം! ഇതുപോലെ മററു തത്വങ്ങളുണ്ടെങ്കിൽ കേൾക്കട്ടെ." എന്താ തരക്കേടുണ്ടോ? അവരുടെ അനുമാനം സ്വീകരിച്ചാൽ മിടുക്കന്മാരുടെ കൂട്ടത്തിൽ നിങ്ങൾക്കിടയുണ്ടു്. അല്ലെങ്കിൽ നിങ്ങൾ പതിമൂന്നാം നൂററാണ്ടിലെ മനുഷ്യർ. അഥവാ വാനരന്മാരിൽനിന്നു അല്പംമാത്രം ഉയന്നനരന്മാർ!

ഇങ്ങിനെയുള്ള ബോധതിമിരക്കാർ കത്തോലിക്കാസഭയെപ്പററി പലപ്പോഴും അഭിപ്രായപ്രകടനം ചെയ്യാറുണ്ടു്. കത്തോലിക്കാസഭ ഇരുപതു നൂററാണ്ടുകളിലായി സുസ്ഥിരമായും പൂർവ്വാധികമായ പ്രഭയോടുകൂടിയും നിലനിൽക്കുന്ന ഒരു സ്ഥാപനമാണെന്നും നിഷ്ഠുരശാസനത്തിൻെറയും ദുർബോധനങ്ങളുടെയും ബലിഷ്ഠങ്ങളായ ആക്രമണങ്ങൾ അതിനെതിരായി ആവത്തിച്ചാവത്തിച്ചുണ്ടായിട്ടും അതിൻെറ ശക്തി ക്ഷയിക്കാതെ സഭ അഭിവൃദ്ധിപ്പെട്ടു വരികതന്നെയാണു് ചെയ്യുന്നതെന്നും ഇവർ ആലോചിക്കുന്നില്ല. മററു യാതൊരു സ്ഥാപനത്തിനും കൈവരാത്ത ഓജസ്സും തേജസ്സും കത്തോലിക്കാസഭ പ്രദർശിപ്പിക്കുന്നുവെങ്കിൽ അനിതരസ്ഥാപനസാധാരണമായ ഏതൊ ദിവ്യ ചൈതന്യം അതിൻെറ മൂലാധാരമായി നിൽക്കണമെന്നുള്ള യുക്തിസിദ്ധമായ അനുമാനത്തെയും അവർ വകവെക്കാറില്ല. വല്ലിടത്തും ഒരു വൈദികനു അല്പമായ മാർഗ്ഗഭ്രംശം പററിയാൽ

www.malankaralibrary.com

വൈദികരെല്ലാം അധൎമ്മത്തിൽ കളിയാടുന്നവരാണെന്നു പറഞ്ഞു സഭയുടെ മനോഹരവദനാംബുജത്തിൽ കരിതേക്കുവാൻ ഇവർ സന്നദ്ധരാണു്. ഒരു മെത്രാൻ നിജജനങ്ങളുടെ ആത്മാഭിവൃദ്ധിയിൽ വേണ്ടത്ര ശ്രദ്ധപതിച്ചില്ലെന്നുവന്നാൽ മെത്രാന്മാരെല്ലാം ഇക്കൂട്ടരുടെ ദൃഷ്ടിയിൽ വെറും ഭൌതികരും വിഷയാസക്തരും ആകും. പാപ്പാമാരുടെ സുദീൎഘമായ പട്ടികയിൽ ഒരു ഹിൽഡെർ ബ്രാണ്ടിനെയൊ ഇന്നൊച്ചെൻ സ്തൃതീയനെയൊ കണ്ടാൽ ഭൂമുഖത്തുള്ള പുരാതനങ്ങളായ പത്തു രാജവംശങ്ങൾ ഒത്തുകൂടിയാൽ ഇത്രയധികം സമൎത്ഥരായ ഭരണകൎത്താക്കന്മാരെ കാണിക്കാൻസാധിക്കുകയില്ലെന്നുള്ള വസ്തുതയെ ആലോചിക്കാതെ—മാൎപ്പാപ്പാമാരുടെ വംശംമുഴുവനും തങ്ങളുടെ ആത്മീയാധികാരശുദ്ധിയെ അഗണ്യമാക്കി പ്രവൎത്തിച്ച ദുരധികാരപ്രമത്തരും ദുഷ്ടരുമാണെന്നു ഇക്കൂട്ടർ വിധിയെഴുതും. കോഞ്ഞാട്ടയിൽ കയറി കായലക്കരപിടിക്കാൻ ശ്രമിക്കുന്ന ആളുകളെപ്പററിയുണ്ടാകുന്ന അഭിപ്രായമല്ലാതെ കത്തോലിക്കാസഭയുടെ സാക്ഷാൽ ചരിത്രം അറിയാവുന്നവർക്കു ഇക്കൂട്ടരെപ്പററി തോന്നാനവകാശമില്ല. സദാ വാലുകലുക്കി അങ്ങുമിങ്ങും ചാടി നടക്കുമ്പോൾ തങ്ങളുടെ വാലിനോടൊപ്പം ലോകം മുഴുവനും കലങ്ങുന്നുവെന്നു ഒരുതരം ചെറുപക്ഷികൾ വ്യാമോഹിക്കുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്. തങ്ങളുടെ ആക്ഷേപോക്തികൾകൊണ്ടും ക്ഷുദ്രകൃതികൾ വഴിയായും കത്തോലിക്കാസഭയെ നിന്ദാവിഷയമാക്കാൻ ഉത്സാഹിക്കുന്നവരുടെ ഗോഷ്ഠികൾ പ്രസ്തുത ചെറുപക്ഷികളുടെ ചേഷ്ടകൾക്കു തുല്യമാണെന്നുള്ളതു് നിസ്സംശയമാണു്.

തിരുവിതാംകൂറിൽ ഈ സാദ്ധ്യായവൎഷത്തിൽ നാലാം ഫാറത്തിലേക്കു പാഠ്യപുസ്തകമാക്കിയിരിക്കുന്ന "ഗലീലിയൊ" എന്ന ചെറുഗ്രന്ഥത്തിൽ കത്തോലിക്കാസഭയെപ്പററി അവാസ്തവപ്രസ്താവനകൾ അടങ്ങിയ ഏതാനും ഭാഗങ്ങൾ ചേൎത്തിട്ടുള്ളതു വായിച്ചപ്പോളാണു് പണ്ഡിതമ്മന്യന്മാരായ കത്തോലിക്കാസഭാക്ഷേപകൎത്താക്കളെപ്പററി ഓൎമ്മവന്നതു്. ഗലിലെയൊ സുപ്രസിദ്ധ ശാസ്ത്രജ്ഞന്മാരുടെ ഗണത്തിൽ ഒരുൽകൃഷ്ടസ്ഥാനം പ്രാപിച്ചിട്ടുള്ള ഒരു പണ്ഡിത

www.malankaralibrary.com

വയ്യനാണ്. നക്ഷത്രശാസ്ത്രം, പ്രകൃതിശാസ്ത്രം മുതലായവയുടെ അഭിവൃദ്ധിക്കായി അദ്ദേഹം നിസ്തുലമായി പ്രയത്നിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ പേരിൽ ആധുനികകാലം ധാരാളം കടപ്പെട്ടിട്ടുമുണ്ട്. ഇങ്ങിനെയുള്ള ഒരു മഹാപുരുഷൻ കത്തോലിക്കാസഭയുടെ അംഗമായിരുന്നതുകൊണ്ടും കത്തോലിക്കാസഭാധികാരികളിൽ പലരിൽനിന്നും ഇദ്ദേഹത്തിനു ഗണ്യമായ സഹായം ലഭിച്ചിട്ടുള്ളതു പരമാത്ഥമാകകൊണ്ടും ഗലീലിയോയുടെ ചരിത്രം വായിക്കുന്നവർ കത്തോലിക്കാസഭ ശാസ്ത്രീയാഭിവൃദ്ധിക്കായി ചെയ്തിട്ടുള്ള കാര്യങ്ങളെക്കൂടി മനസ്സിലാക്കുക അവസരോചിതമായിരിക്കുന്നു. ഈ സ്ഥിതിക്കു "ഗലീലിയൊ" ഗ്രന്ഥത്തിൻെറ കത്താക്കന്മാർ കത്തോലിക്കാസഭയെ പ്രശംസിച്ചു വല്ലതും എഴുതിയിട്ടുണ്ടെന്നു വിചാരിക്കുന്നവർക്കു ഇച്ഛാഭംഗമാണുണ്ടാകുന്നതു്. അങ്ങിനെയുള്ള അവശ്യാവും അവസരോചിതവുമായ വന്ഥാവിൽക്കൂടി അല്ല അവർ ചരിച്ചിട്ടുള്ളതു്.

കോട്ടയം പത്രിക, 1934 ജൂലായി 25.

## "ഗലീലിയോവും" കത്തോലിക്കാസഭയും.

## II

കത്തോലിക്കാസഭയുടെ ഒരു വീരസന്താനമായ ഗലീലിയൊവിനെപ്പററി എഴുതുമ്പോൾ ആ സഭയെ പ്രശംസിക്കേണമെന്നു നിർബന്ധമില്ലെങ്കിലും ആ സഭയെ അകാരണമായും അനാവശ്യമായും അധിക്ഷേപിക്കുക അധമമാണെന്നുള്ളതിനെ ആരും സമ്മതിക്കും. ഈ അധമവൃത്തിയാണ് ഗ്രന്ഥകത്താക്കന്മാർ അവലംബിച്ചിട്ടുള്ളതു്. നമുക്ക് അവരുടെ വാക്കുകളെതന്നെ പരിശോധിക്കാം. "അക്കാലത്തു മതപരമായി സംഭവിച്ച ചില പരിവത്തനങ്ങൾ മനുഷ്യരെ വെറും സിദ്ധാന്തങ്ങളിൽനിന്നും തെളിവുസഹിതം ഉള്ള സത്യസ്ഥാപനശ്രമങ്ങളിലേക്കു തിരിയുന്നതിൽ ശ്രദ്ധ

www.malankaralibrary.com

യുള്ളവരാക്കിത്തീർത്തു. ക്രിസ്തുമത സംബന്ധമായ ഈ പരിവർത്തനങ്ങൾ ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു സംഭവിക്കാനിടയായതു്. ക്രിസ്തുമതത്തിന്റെ ആദ്യകാലം മുതൽക്കുതന്നെ റോമാപട്ടണത്തിലെ മാർപ്പാപ്പാ (പോപ്പ്) അവിതർക്കിതങ്ങളായ അധികാരങ്ങളോടുകൂടിയ മതാദ്ധ്യക്ഷനായി ആദരിക്കപ്പെട്ടുവന്നു. യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ പത്രോസ് പുണ്യവാളന്റെ ശരിക്കുള്ള പിന്തുടർച്ചക്കാരനായിട്ടാണു് ക്രൈസ്തവലോകം പോപ്പിനെ ഗണിച്ചുവന്നതു്. തൻമൂലം അദ്ദേഹത്തിന്റെ ആജ്ഞ ഏകദേശം ദൈവകല്പനയ്ക്കു തുല്യമായി എണ്ണപ്പെട്ടുവന്നിരുന്നു. അമിതമായ അധികാരശക്തി തങ്ങൾക്കുണ്ടെന്നുള്ള ബോധം പല മാർപ്പാപ്പാമാരെയും, അവരെ അനുകരിച്ചു അവരുടെ അടുത്തപടിക്കാരായ കർദ്ദിനാളന്മാർ, ബിഷൊപ്പന്മാർ മുതലായ മററു മതാദ്ധ്യക്ഷന്മാരെയും, പല ദുരാചാരങ്ങളും യഥേഷ്ടം അനുഷ്ഠിക്കുന്നതിനു പ്രേരിപ്പിച്ചു. ഇവരുടെ കീഴിലുള്ള പള്ളികളും പ്രാർത്ഥനാലയങ്ങളും വിഗ്രഹപൂജയുടെയും അഴിമതിയുടെയും പ്രായശ്ചിത്തരൂപേണയുള്ള കൈക്കൂലിയുടെയും കേന്ദ്രങ്ങളായിത്തീർന്നു. പുരോഹിതവർഗ്ഗക്കാർ പാപപരിഹാരത്തിനായുള്ള മന്ത്രങ്ങളും തന്ത്രങ്ങളും യന്ത്രങ്ങളും യഥേഷ്ടം ചിലപ്പോൾ പാപം ചെയ്യുന്നതിനു മുമ്പോയിതന്നെ ക്രയവിക്രയം ചെയ്തുതുടങ്ങി. ഗാർഹസ്ഥ്യജീവിതത്തെ യാതൊരു പ്രകാരേണയും കൈക്കൊള്ളുകയില്ലെന്നുള്ള ദൃഢവ്രതത്തോടുകൂടി ക്രിസ്തുമതവിഹാരങ്ങളിൽ പുരോഹിതവൃത്തി സ്വീകരിച്ചു പ്രവേശിച്ചിരുന്ന ഭിക്ഷുക്കളും ഭിക്ഷുണികളും വളരെ കത്സിതങ്ങളായ നടപടികളിൽ മുഴുകി ദിവസേന തങ്ങളുടെ വ്രതഭംഗം ചെയ്തുവന്നു. ഈ അവസരത്തിൽ ജർമ്മനിയിൽ മാർട്ടിൻലൂഥർ എന്ന ഒരാൾ മാർപ്പാപ്പായുടെ ക്രിസ്തുമതത്തെ ഒന്നടച്ചുവാർത്തു, സാക്ഷാൽ യേശുഭഗവാനാൽ സ്ഥാപിതമായിട്ടുള്ള മതത്തിന്റെ പരിശുദ്ധതയെ പുനഃസ്ഥാപിക്കാൻ ചില പരിശ്രമങ്ങൾ ചെയ്തുവന്നിരുന്നു. അദ്ദേഹം മാർ

www.malankaralibrary.com

പ്പാപ്പായുടെ കത്തോലിക്കാമതത്തിൽ പടൎന്നുപിടിച്ചിരുന്ന അന്ധവിശ്വാസങ്ങൾ, അഴിമതി, മോക്ഷക്രയവിക്രയങ്ങൾ ഇവയെ കഠിനമായി നിന്ദിച്ചു. പ്രകൃതിയുടെ പ്രചോദനങ്ങളനുസരിച്ചല്ലാതെ നിർബ്ബന്ധിതമായ അവിവാഹിതജീവിതം നയിക്കുവാൻ മതപുരോഹിതന്മാരെയും കന്യാസ്ത്രീകളെയും ഉദ്യമിപ്പിക്കുന്ന ഒരുമതം സമുദായബന്ധത്തിനു ഹാനികരവും അനാശാസ്യമായ പല നടപടികൾക്കും ഇടംകൊടുക്കുന്നതുമാണെന്നു അദ്ദേഹം വാദിച്ചു. മതസംബന്ധമായി, വിശിഷ്ട വേദപുസ്തകത്തിൽ കല്പിച്ചിട്ടുള്ള കാൎയ്യങ്ങളെയല്ലാതെ സ്വാൎത്ഥപരന്മാരായ മനുഷ്യർ നിശ്ചയിച്ചിട്ടുള്ള പന്ഥാക്കളെ അവലംബിക്കുന്നതു തെററാണെന്നും, വേദപുസ്തകം പോപ്പിലും പോപ്പിന്റെ മതത്തിലും നിന്നും മേലെ ആണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഏകദേശം ആയിരത്തി അഞ്ഞൂറോളം കൊല്ലത്തെ പഴക്കംകൊണ്ടു ക്രിസ്തുമതത്തിൽ പററിക്കൂടിയിട്ടുള്ള കളകളെ ഉൻമൂലനം ചെയ്യുന്നതിനും പോപ്പിന്റെ ദുരധികാരസീമയെ അതിലംഘിച്ചു ആ മതത്തിന്റെ സാന്മാൎഗ്ഗികമായ വളർച്ചയെ തടവില്ലാതാക്കിത്തീർക്കുന്നതിനുമായി ലൂഥർ ചില പരിഷ്കാര പദ്ധതികൾ നിർദ്ദേശിച്ചു" (ഗലീലിയോ 9–11 പുറങ്ങൾ). കത്തോലിക്കമതത്തിനെതിരായി അടിസ്ഥാനാഹിതങ്ങളായ ദോഷാരോപണങ്ങൾ അതിന്റെ ശത്രുക്കൾ പലകാലങ്ങളിലും വേഷങ്ങളിലും രംഗപ്രവേശം ചെയ്യിച്ചിട്ടുള്ളതു് കത്തോലിക്കർക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. സാഹിതീവിലാസവും മേധാശക്തിയുമുള്ള എഴുത്തുകാർ കത്തോലിക്കാസഭയെ എതൃത്തു കെട്ടുകെട്ടായി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നുള്ളതും വാസ്തവമാണു്. എന്നാൽ അവയിൽ ഒന്നിലും മേലുദ്ധരിച്ച ഭാഗംപോലെ ഇത്ര പരിമിതമായ പരിധിക്കുള്ളിൽ കത്തോലിക്കാസഭയ്ക്കു ആക്ഷേപകരങ്ങളും കത്തോലിക്കർക്കു് അഭിമാനഹരങ്ങളുമായ ആശയങ്ങൾ അടക്കിയിട്ടുണ്ടോയെന്നു സംശയമാണു്.

തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ പാഠ്യമാകാനുദ്ദേശിച്ച ഒരു ഗ്രന്ഥത്തിൽ തൽകൎത്താക്കന്മാർ ഇപ്രകാരമുള്ള ആശയങ്ങൾ കുത്തിച്ചെലുത്തിയതിന്റെ ഔചി

www.malankaralibrary.com

ത്യത്തിൽ അവർക്കുതന്നെ വിശ്വാസമുണ്ടാകാൻ വഴിയില്ല. പാഠ്യപുസ്തകങ്ങൾ പഠിതാക്കളിൽ ഉത്തമങ്ങളായ ആദർശങ്ങളും ആശയങ്ങളും ഉദ്ദീപിപ്പിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു്. സ്വമതനിന്ദയും അന്യമതദ്വേഷവും ഇങ്ങിനെയുള്ളവയിൽ ഉൾപ്പെടുന്നവയായും അറിവില്ല. നാം ഉപയോഗിക്കുന്ന ആഹാരസാധനങ്ങളുടെ ഗുണമനുസരിച്ചു നമ്മുടെ ശരീരഘടനയും അരോഗതയും വർദ്ധിക്കുകയോ ക്ഷയിക്കുകയോ ചെയ്യുന്നതായിട്ടാണല്ലോ അനുഭവം. ഇതുപോലെതന്നെ നാം പഠിക്കുന്നവയും വായിക്കുന്നവയുമായ സംഗതികളുടെ സ്വഭാവമനുസരിച്ചാണു് നമ്മുടെ ജ്ഞാനസമ്പത്തി ദൃഢപ്പെടുകയൊ ശിഥിലീഭവിക്കുകയൊ ചെയ്യുന്നതു്. വായിച്ചോ പഠിച്ചോ ബുദ്ധിഗോചരമായിത്തീരുന്ന കാര്യങ്ങൾ മാനസികാഭിവൃദ്ധിക്കുള്ള പോഷകങ്ങളാണു്. ഇതാലോചിച്ചു വിദ്യാർത്ഥികൾക്കു ശരിയായ ബുദ്ധിവികാസവും വിവേചനാശക്തിയും ഉണ്ടാകുന്നതിനു് മുമ്പു് ദുർഗ്ഗുണപാഠങ്ങളും കള്ളഗ്രന്ഥങ്ങളും വായിച്ചുകൂടെന്നു നിഷ്കർഷിക്കുകയാണു് അവരുടെ ശരിയായ വളർച്ചയിൽ അഭിരുചിയുള്ള ആളുകൾ ചെയ്യുന്നതു്. ഈ പ്രധാനകാര്യം നമ്മുടെ ഗ്രന്ഥകർത്താക്കന്മാർ വിസ്മരിച്ചുകളഞ്ഞുവെന്നു പറയാതെ തരമില്ല. അവരുടെ ഗ്രന്ഥത്തിൽ കത്തോലിക്കാസഭയുടെ പേരിൽ ബഹുവിധത്തിൽ കുറ്റാരോപണം ചെയ്യുന്ന മേലുദ്ധരിച്ച ഭാഗം വായിക്കുന്ന കുട്ടികളിൽ കത്തോലിക്കാസഭയെപ്പറ്റി ഉണ്ടാകാവുന്ന തെറ്റിദ്ധാരണയെപ്പറ്റി അവർ സ്വല്പമെങ്കിലും വിചാരിച്ചതായി കാണുന്നില്ല. ഇതു് അശ്രദ്ധകൊണ്ടാണു് അപകാരബുദ്ധി നിമിത്തമല്ല എന്നു വന്നാലും ഗ്രന്ഥകാരന്മാർക്കു യശസ്കരമല്ലെന്നു അവർതന്നെ സമ്മതിക്കും. അവർ വിസ്മരിച്ച വേറൊരു സംഗതി തിരുവിതാംകൂറിലെ പൌരസഞ്ചയത്തിലും വിദ്യാലയപ്രവർത്തക ഗണത്തിലും വിദ്യാർത്ഥിലോകത്തിലും കത്തോലിക്കർക്കുള്ള സ്ഥാനമാണു്. സംഖ്യയിലോ സമ്പൽസമൃദ്ധിയിലൊ മററു സകല ക്രൈസ്തവവിഭാഗങ്ങളും ഭൂമുഖത്തെന്നോണം തിരുവിതാംകൂറിലും കത്തോലിക്കരുടെ പിമ്പിലേ നില്ക്കുന്നൊള്ളു. തിരുവിതാം

www.malankaralibrary.com

ക്കൂറിലെ പ്രൈവററു് വിദ്യാലയങ്ങളിൽ സിംഹഭാഗവും കത്തോലിക്കർ സ്ഥാപിച്ചു നടത്തിവരുന്നവയാണു്. മററു യാതൊരു ജനവിഭാഗത്തിനും ഉണ്ടായിട്ടില്ലാത്തവിധം ധനവ്യയവും സമഗ്രമായ ശ്രദ്ധയും വിദ്യാലയപ്രവർത്തനം സംബന്ധിച്ചു കത്തോലിക്കർക്കുണ്ടായിട്ടുണ്ടു്. കത്തോലിക്ക വിദ്യാലയങ്ങളിൽ തങ്ങളുടെ മതാഭിമാനത്തിന്നു് യാതൊരു ക്ഷതവും പററാതെ വിദ്യാഭ്യാസം നടത്തുന്നതിനു കത്തോലിക്ക വിദ്യാർത്ഥികൾക്കു സർവ്വസ്വാതന്ത്ര്യവും അനുവദിച്ചിട്ടുണ്ടു്. ഈ സംഗതികൾ ആലോചിച്ചു സ്വന്തം സ്കൂളുകളിലും സർക്കാർവകയായും അന്യസമുദായക്കാരുടെ വകയായുമുള്ള സ്ഥാപനങ്ങളിലും അദ്ധ്യയനം ചെയ്യുന്ന വിദ്യാർത്ഥികൾക്കു തങ്ങളുടെ മതാഭിമാനം നിർല്ലജ്ജമായി പരിരക്ഷിക്കുന്നതിനുവേണ്ട സൌകര്യം ഗ്രന്ഥകാരന്മാർ നൽകേണ്ടിയിരുന്നു. കഷ്ടം! അവർക്കു ആ ബുദ്ധി തോന്നിയില്ല. പ്രത്യുത കത്തോലിക്ക ബാലികാബാലന്മാർക്കു മനോശൈല്യം വരുത്തുന്ന നാരായമായിട്ടാണു് അവർ തങ്ങളുടെ ഗ്രന്ഥത്തെ രചിച്ചിരിക്കുന്നതു്.

കോട്ടയം പത്രിക, 1934 ആഗസ്റ്റ് 1.

www.malankaralibrary.com

# ലൂതറോ മാതൃകാപുരുഷൻ?

## അവരുടെ മതാധികാരദ്യോതകങ്ങളായ അഭിപ്രായങ്ങളും ഒളിയമ്പുപ്രയോഗങ്ങളും.

പ്ലോറൻസുകാരനായ ഗലീലിയോവിന്റെ ജീവിതകഥാകഥനത്തിൽ "ഈ അവസരത്തിൽ മാർട്ടിൻ ലൂതർ എന്ന ഒരാൾ മാർപ്പാപ്പായുടെ ക്രിസ്തുമതത്തെ ഒന്നടച്ചുവാത്തു്, സാക്ഷാൽ യേശുഭഗവാനാൽ സ്ഥാപിതമായിട്ടുള്ള മതത്തിന്റെ പരിശുദ്ധതയെ പുനഃസ്ഥാപിക്കാൻ ചില പരിശ്രമങ്ങൾ ചെയ്തുവന്നിരുന്നു" എന്നിങ്ങനെ കത്തോലിക്കമതാധികാരദ്യോതകങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കാൻ ഗ്രന്ഥകർത്താക്കന്മാരെ പ്രേരിപ്പിച്ച കാരണം സ്ഥാനത്തും അസ്ഥാനത്തും കത്തോലിക്കസഭക്കെതിരായി ഒളിയമ്പു പ്രയോഗിക്കുവാൻ സന്നദ്ധരായിരിക്കുന്ന ദുർബ്ബുദ്ധികൾക്കേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. മാർട്ടിൻ ലൂതറിനെ ലോകോപകാരികളുടെ നിരയിൽ ഒരു പ്രധാനസ്ഥാനത്തു പരിഗണിക്കുന്ന ആളുകൾ ഇന്നും ലോകത്തിലുണ്ടെന്നുള്ളതു വാസ്തവമാണു്. അവരിലും ആരുംതന്നെ അദ്ദേഹം ക്രിസ്തുനാഥന്റെ ആശയങ്ങളും ആദർശങ്ങളും നിശ്ശേഷം പരിപാലിച്ചുപോന്ന ഒരാളായിരുന്നുവെന്നു വാദിക്കുകയില്ല. ഗലീലിയൊവിന്റെ ജ്യോതിശ്ശാസ്ത്രസംബന്ധമായ ഗവേഷണങ്ങൾക്കു ലൂതറിൽനിന്നു പ്രത്യേകവിധത്തിൽ ഏതെങ്കിലും ഒരു സഹായമുണ്ടായിരുന്നതായും ചരിത്രമില്ല. ഒരു സന്യാസിയായി ജീവിക്കുകയിൽ വ്രതഭംഗംവരുത്തി, സമൂഹത്തിൽ വേണ്ട ജപധ്യാനങ്ങളെ ഉപേക്ഷിച്ചു, സെക്കൻഡൊർഫ് പ്രസ്താവിക്കുംപ്രകാരം തന്റെ വിവിധചള്ളുകൾമൂലം വിഭ്രാന്തിയുടെ സീമയിൽ എത്തിയിരുന്ന ലൂതറിനെ ഗലീലിയോവിന്റെ കഥയുമായി സംബന്ധിപ്പിക്കുവാൻ കത്തോലിക്കമതവിദ്വേഷം അത്രെ പ്രേരകമായിട്ടുണ്ടായിരുന്നതെന്നു ഏതായാലും അനുമാനിക്കുന്നതിൽ അബദ്ധമില്ല. നൈരാശ്യം വർദ്ധിച്ചു "ദൈവത്തെ വെറു

www.malankaralibrary.com

ത്തു" താൻ ഭ്രഷ്ടനായല്ലോ എന്നു് ലൂതർ ഖേദിച്ചതിയാ ജൂർജെൻസ് പ്രസ്താവിക്കുന്നു. റോമാസഭയോടും മാർപ്പാപ്പായോടും ലൂതർ ഒരുകാലത്തു വളരെ വിശ്വസ്തനായിരുന്നു. ശുദ്ധീകരണസ്ഥലത്തിൽനിന്നു ആത്മാക്കൾക്കു രക്ഷനൽകുവാൻ കത്തോലിക്കസഭ ഉപദേശിക്കുന്ന മാർഗ്ഗങ്ങൾ തന്റെ മാതാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കാൻ അവർ സജീവികളായിരുന്നതുകൊണ്ടു തനിക്കു സാധിക്കുന്നില്ലെന്നോർത്തു ദുഃഖിക്കാൻമാത്രം ലൂതറിനു ഒരുകാലത്തു കത്തോലിക്കസഭാതത്വങ്ങളിൽ വിശ്വാസവും സ്വന്തം അച്ഛനമ്മമാരോടു ഭക്തിയും ഉണ്ടായിരുന്നു. മതത്തെപ്രതി നിഷ്ഠൂരതമനായ ഘാതകൻ' ആകാനും വാക്കുകൊണ്ടുപോലും പാപ്പായ്ക്കനുസരണം നിഷേധിച്ചവരെ കൊല്ലാനും' അദ്ദേഹം സന്നദ്ധനായിരുന്നുവെന്നു് കത്തോലിക്ക എൻസയിക്ലോപീഡിയാ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ അഭിപ്രായങ്ങൾ ലൂതറിനെ കത്തോലിക്കമതാന്വേഷികളുടെ ദൃഷ്ടിയിൽ ആരാധനാവിഷയമാക്കുകയില്ലല്ലോ. ദണ്ഡവിമോചനങ്ങൾ സംബന്ധിച്ചു ആഗസ്റ്റിനിയൻ സന്യാസിയായിരുന്ന ലൂതറും ഡൊമിനിക്കൻ സന്യാസിയായിരുന്ന റെററ്സലും തമ്മിൽ ഉണ്ടായ വാദപ്രതിവാദവും മത്സരബുദ്ധിയുമാണല്ലോ കത്തോലിക്കസഭക്കെതിരായ ഒരു പ്രസ്ഥാനത്തിൽ പ്രാധാന്യം വഹിപ്പാൻ ലൂതറിനെ പ്രേരിപ്പിച്ചതു്. ദണ്ഡവിമോചനങ്ങൾ സംബന്ധിച്ചു ലൂതർ സ്വീകരിച്ച നയം മാർപ്പാപ്പായുടെ അധികാരത്തെ വിഗണിക്കുന്നതാണെന്നുകണ്ടു് മററു കത്തോലിക്ക പണ്ഡിതന്മാരും ലൂതറിനെതിരായി വാദിച്ചു. ഇതിന്റെ ഒക്കെ ഫലമായി ലൂതർ റോമാസിംഹാസനത്തിൻ മുൻപാകെ ഹാജരാകണമെന്നുള്ള ആജ്ഞ ലൂതറിനു കിട്ടി. ആജ്ഞ അനുസരിക്കാതെ സാക്സനിയിലെ ഭരണകർത്താവിന്റെ സഹായം അദ്ദേഹം അപേക്ഷിച്ചു. ലൂതറിനെക്കുറിച്ചുള്ള കാര്യവിചാരണ ജർമ്മനിയിൽവെച്ചുതന്നെ നടത്തുവാൻ പിന്നീടു് പരിശുദ്ധ സിംഹാസനത്തിൽനിന്നു തീരുമാനിച്ചു. വിചാരണയ്ക്കാക്കി നിയുക്തനായ കർദ്ദി

www.malankaralibrary.com

നാൽ കയെത്താനും ലൂതറും തമ്മിൽ ഒരു സന്ദർശനം ആഗ്സ്ബെർഗിൽവെച്ചു നടന്നു. കർദ്ദിനാളിൻെറ പക്കൽ ഹാജരായ ലൂതർ സസന്തോഷം സ്വീകരിക്കപ്പെട്ടുവെങ്കിലും അബദ്ധാഭിപ്രായങ്ങൾ പിൻവലിക്കണമെന്നുള്ള കർദ്ദിനാളിൻെറ ഉപദേശം ലൂതർ സ്വീകരിക്കാതെ ആഗ്സ്ബെർഗിൽനിന്നു രഹസ്യമായി കടന്നുകളയുകയാണുണ്ടായതു്. അനന്തരം കത്തോലിക്കാസഭയുടെ ഉപദേശങ്ങളിൽ പലതിനെയും ഖണ്ഡിച്ചു മാർപ്പാപ്പായുടെപേക്ക് ലൂതർ ഒരു സന്ദേശമയച്ചു. ലൂതറിനെ ശിക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നു അധികാരികൾക്കുതോന്നി. ലൂതറിൻെറ കൃതികൾ അബദ്ധാഭിപ്രായ പരിപൂർണ്ണങ്ങളെന്നു വിധിക്കുകയും അറുപതുദിവസത്തിനുള്ളിൽ അവയെ പിൻവലിക്കാത്തപക്ഷം പാഷണ്ഡിയെന്നുഗണിച്ചു അദ്ദേഹത്തെ സഭയിൽനിന്നു ബഹിഷ്കരിക്കേണ്ടതാണെന്നു തീരുമാനിക്കയും ചെയ്തു. ഈ ശിക്ഷയെപ്പററി പ്രധാനന്മാരായ വൈദികരിലും പ്രഭുക്കന്മാരിലും പലക്കും ഭിന്നാഭിപ്രായമുണ്ടായി. എങ്കിലും ലൂതറിന്നെതിരായുള്ള ശിക്ഷാപ്രഖ്യാപനം നടക്കുകയും ലൂതർ പൂർവ്വാധികം സഭാതത്വങ്ങൾക്കെതിരായി പ്രവർത്തിക്കാൻ സന്നദ്ധനാകുകയും വ്രതഭംഗംവരുത്തി വ്രതഭംഗം ചെയ്തിരുന്ന കാതറയിൻ ബൊറാ എന്ന 'സന്യാസിനി'യെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തു. ഇതിനെ തുടന്നു് പല സാഹസകൃത്യങ്ങളും ലൂതർമൂലം ജമ്മനിയിൽ സംഭവിച്ചിട്ടുണ്ടു്. നാടുവാഴികൾക്കെതിരായി ലഹളയുണ്ടാക്കുവാൻ ലൂതർ കൃഷീവലന്മാരെ പ്രേരിപ്പിച്ചു. പിന്നീടു കൃഷീവലസംഹാരത്തിനായി പുറപ്പെട്ട നാടുവാഴികളുടെ ഭാഗംചേന്നു മുൻഹാസെനിലെ ഭയങ്കരമായ കൂട്ടകൊലയിൽ സഹകരിക്കയും ചെയ്തു. ക്രൈസ്തവസഭ തലമുറകളിലായി പരിപാലിച്ചുപോന്ന പല തത്വങ്ങളും ലൂതറിൻെറ ദൃഷ്ടിയിൽ നിസ്സാരങ്ങളായിതീൎന്നു. സ്വവിശേഷങ്ങളുടെ പ്രണേതാവായിട്ടാണല്ലൊ പലരും ലൂതറിനെ ഗണിക്കുന്നതു്. ലഹളയും ഇടർച്ചയും വിപ്ലവവും

www.malankaralibrary.com

കൂടാതെ സുവിശേഷങ്ങൾ പ്രചരിപ്പിച്ചുകൂടെന്നായിരുന്നു അദ്ദേഹത്തിൻെറ മതം. (De Wette 417) ക്രിസ്തുവിൻെറ ആദർശത്തിൽനിന്നു ഇതു് എത്രയൊ അകന്നിരിക്കുന്നു. തൻെറ നൂതനതത്വങ്ങൾ പ്രചരിക്കുന്നതിലേക്കു ദുന്മാൎഗ്ഗികളും ദുർവ്വൃത്തരുമായ സാഹസികന്മാരുടെ സഹായം അപേക്ഷിച്ച ലൂഥർ പാപകർമ്മത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. "പാപിയായിരുന്നുകൊണ്ടു ധൈര്യസമേതം പാപം ചെയ്യുക. എന്നാൽ ബലവത്തരമായ വിശ്വാസം ഉണ്ടായിരിക്കുകയും പാപത്തെയും മരണത്തെയും ലോകത്തേയും ജയിച്ചവനായ "ക്രിസ്തുവിൽ സന്തോഷിക്കുകയും വേണം." "പാപം ചെയ്യുകതന്നെവേണം. ലോകത്തിൻെറ പാപങ്ങളെ ഹനിക്കുന്ന കുഞ്ഞാടിനെ നിങ്ങൾ അംഗീകരിച്ചാൽ മാത്രം മതി. നിങ്ങൾ ഒരുദിവസം ആയിരംപ്രാവശ്യം വ്യഭിചാരം ചെയ്താലും അത്രയധികം കൊലപാതകം നടത്തിയാലും പാപത്തിനു് നിങ്ങളെ തൻെറ പക്കൽനിന്നു് അകററുവാൻ സാധിക്കുകയില്ല." എന്നിങ്ങനെ അദ്ദേഹം ഉപദേശിച്ചിരുന്നതു മാംസേച്ഛയിൽ കുടുങ്ങിയിരുന്ന അനേകായിരം സമകാലീനന്മാൎക്കു അത്യന്തം ഹൃദ്യമായി തോന്നിയതിൽ അത്ഭുതത്തിനുവകയില്ല. അസ്ഥിരത ലൂഥറിൻെറ ഒരു പ്രധാന ദോഷമായിരുന്നു. പത്താമത്തെ ലെയൊപാപ്പായ്ക്കു് ലൂഥർ അയച്ച ഒരു കത്തിൽ ഇങ്ങിനെ പറഞ്ഞിരുന്നു. "ദൈവത്തിൻെറയും സകല സൃഷ്ടികളുടെയും മുമ്പാകെ ഞാൻ റോമാസഭയുടെയും അങ്ങേ പരിശുദ്ധതയുടെയും അധികാരത്തെ കുറയ്ക്കുന്നതിനൊ ദുരാലോചനയാൽ ദുർബലപ്പെടുത്തുന്നതിനൊ ആഗ്രഹിച്ചിട്ടുമില്ല, ആഗ്രഹിക്കുന്നുമില്ല." (De Wette 1, 243) സ്പലാററിന്നയച്ച ഒരു എഴുത്തിൽ "റോമയിലെ ലൌകിക സിംഹാസനത്തിൽനിന്നു് കലഹിച്ചു മാറുന്നതിനു് എനിക്കൊരിക്കലും ഉദ്ദേശ്യമില്ലായിരുന്നു" എന്നു് പ്രസ്താവിച്ചിരുന്നു. (Ibid 236) എങ്കിലും പത്തുദിവസത്തിനുശേഷം ആ ആൾക്കുതന്നെ വേറൊരെഴുത്തയച്ചതിൽ "പാപ്പാ അന്തിക്രിസ്തുവോ, അയാളുടെ സന്ദേശവാഹിയൊ ഏതാണെന്നു് എനിക്കുതന്നെ നിശ്ചയമില്ല."

www.malankaralibrary.com

(Ibid 239) എന്നും സമ്മതിച്ചിരിക്കുന്നു. ഇതുകൊണ്ടത്രെ ബയിൻ (Bayne) "ലൂതറിന്റെ സ്ഥിരതയെ തെളിയിക്കുക, എല്ലാ സംഗതിയിലും അദ്ദേഹത്തിന്റെ നടത്ത പരമാൎത്ഥത, ധൈൎയ്യം ഇവ സംബന്ധിച്ചിടത്തോളം കുററമററതായിരുന്നുവെന്നു് സാധൂകരിക്കുക, ഇവ ഈ സാഹചൎയ്യങ്ങൾ ആലോചിച്ചാൽ കല്പിതകഥാകൎത്താക്കളായ ദോഷന്മാൎക്കു വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു" എന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇപ്രകാരമുള്ള ചിത്തവൃത്തിയോടുകൂടിയ ലൂതറിനെ പ്രശംസിക്കുന്നതിനും "പോപ്പിന്റെ ദുരാധികാരസീമ"യെ അപലപിക്കുന്നതിനും നമ്മുടെ ഗ്രന്ഥകൎത്താക്കന്മാർ ഒരുങ്ങിയതു വിചിത്രമായിരിക്കുന്നു. മെത്രാന്മാരും സാധാരണ വൈദികരും സഭാഭരണത്തിനു ആവശ്യമില്ലെന്നും, അവർ ഈശ്വരനിശ്ചയപ്രകാരം നിയമിക്കപ്പെടുന്നവരല്ലെന്നും. ബാഹ്യമായ ആരാധനക്രമംതന്നെ കാൎയ്യമില്ലാത്തതാണെന്നും, ലൂതർ ഉപദേശിച്ചിരുന്നുവല്ലൊ. പാപ്പാമാരെയും കൎദ്ദിനാളന്മാരെയും അഥവാ ലൂതറിന്റെ വാക്കുകളിൽ "റോമീയ സോദോമിലെ വൎഗ്ഗം" മുഴുവനെയും സംബന്ധിച്ചു "അങ്ങിനെ എന്തുകൊണ്ടു സകലവിധ ആയുധങ്ങളും ഉപയോഗിച്ചു ആക്രമിക്കുകയും അതിന്റെ രക്തത്തിൽ നമ്മുടെ കയ്യ് കഴുകുകയും ചെയ്തുകൂടാ" എന്നാകുന്നു ലൂതർ ചോദിച്ചിരുന്നതു് (Wette XVIII 245). പാപ്പാ മതാനുയായികളെപ്പററി ലൂതറിനുണ്ടായിരുന്ന അഭിപ്രായം ദയാന്വിതമായിരുന്നില്ല. "ഞാൻ ശവക്കുഴിയിലേക്കു പോകുന്നതുവരെ ആ അധമന്മാരെ ശപിക്കുകയും ശാസിക്കുകയും ചെയ്യും. അവർ മൎയ്യാദയായ ഒററവാക്കു എന്നിൽനിന്നു കേൾക്കുകയില്ല. ഇടിയും മിന്നലുംകൊണ്ടു ഞാൻ അവരുടെ മരണമണി അടിക്കും. എനിക്കു ശാപവൎഷത്തോടുകൂടിയല്ലാതെ പ്രാൎത്ഥിക്കാൻ സാധിക്കുകയില്ല. "നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു് പറവാൻ എനിക്കു തോന്നിയാൽ

www.malankaralibrary.com

“പാപ്പാമതക്കാരുടെ നാമം ശപിക്കപ്പെട്ടതും ശിക്ഷിക്കപ്പെട്ടതും അപമാനിക്കപ്പെട്ടതും ആകട്ടെ” എന്നുകൂടെ ചേക്കാൻ ഞാൻ നിർബന്ധിതനാകുന്നു. “നിന്റെ രാജ്യം വരണം” പറയുവാൻ തോന്നുമ്പോൾ “പാപ്പാമതം ശപിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും നശിക്കയും ചെയ്യട്ടെ” എന്നു് ചേക്കാതെ ഇനിക്കു നിവൃത്തിയില്ല. പരമാർത്ഥത്തിൽ ഞാൻ ഈവിധം വാഗ്രൂപേണ ദിവസത്തിൽ പല പ്രാവശ്യം പ്രാർത്ഥിക്കുകയും മനസ്സിൽ ഇടവിടാതെ ഉരുവിടുകയും ചെയ്യുന്നു” (Sammnutt W. XXV 180). ഈ മനഃസ്ഥിതി കേരളത്തിൽ പ്രതിഫലിക്കുകയോ പ്രവേശിക്കുകയോ ചെയ്താൽ പിന്നത്തെ കഥ ആലോചിക്കാനുണ്ടോ? കവിയശഃപ്രാർത്ഥികളെ നിയന്ത്രിക്കാനും അവക്കു് ‘കോട്ട’ നൽകാനും സന്മാർഗ്ഗബോധവും സദാചാരനിയമങ്ങളുമല്ലാതെ മററു ശക്തികൾ സാധാരണ പ്രയോഗത്തിലിരിക്കാത്തതു് ഏതായാലും അവരുടെ ഭാഗ്യംതന്നെ.

കോട്ടയം പത്രിക, 1934 ആഗസ്റ്റ് 8.

www.malankaralibrary.com

# ലൂതർപ്രസ്ഥാനം മതപരിഷ്ക്കാരമല്ല മതവിപ്ലവമായിരുന്നു.

മാർട്ടിൻ ലൂതർ ക്രൈസ്തവസഭയിൽ പരിഷ്കാരങ്ങൾ വരുത്തിയെന്നു പറയുന്നവർ ക്രൈസ്തവസഭയുടെ ഉത്ഭവവും ഉദ്ദേശവും വിസ്മരിച്ചിട്ടുണ്ടായിരിക്കണം. ക്രൈസ്തവസഭയുടെ സ്ഥാപകൻ ക്രിസ്തുവാണ്. മനുഷ്യസമൂഹത്തെ ലോകാവസാനംവരെ രക്ഷയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനുള്ള ഉപകരണമായിട്ടാണ് ആ സ്ഥാപനം. ഈ ഉദ്ദേശ്യനിവൃത്തിക്കു ആവശ്യമായ സ്ഥിതിയിൽ സഭ ലോകാവസാനംവരെ നിലനിൽക്കുക ക്രിസ്തുവിന്റെ ദൈവത്വവും ശക്തിയും ജ്ഞാനവും ആലോചിക്കുമ്പോൾ അത്യന്താപേക്ഷിതമെന്നു സുബുദ്ധിയുള്ളവർ സമ്മതിക്കുകതന്നെ വേണം. സ്ഥാപനോദ്ദേശ്യത്തിനു പററാത്ത ഒരവസ്ഥ സഭയ്ക്കുണ്ടാകുകയെന്നുവന്നാൽ അതു സ്ഥാപകനിൽ ബുദ്ധിശൂന്യതയും അയോഗ്യതയും ആരോപിക്കുന്നതായിരിക്കും. മാത്രമൊ, ക്രിസ്തു സ്ഥാപിച്ച സഭയെ ഒരു വെറും മനുഷ്യൻ പരിഷ്കരിച്ചു എന്നു പറയുന്നതു ക്രിസ്തുവിനെ നിസ്സാരനായ ഒരു സാധാരണ മനുഷ്യനെക്കാൾ താണ പടിയിലേക്കു തള്ളുന്നതായിരിക്കും. ലൂതർ പ്രസ്ഥാനം സഭാപരിഷ്കാരമായിരുന്നു എന്നഭിപ്രായപ്പെടുന്നവർ സഭയെ സഭാധികാരികളായ പാപ്പാമാരുടെയൊ മെത്രാന്മാരുടെയൊ സ്വകാര്യ ജീവിതരീതിയോടും അനൌദ്യോഗിക കൃത്യങ്ങളോടും അനാവശ്യമായി ഘടിപ്പിക്കുന്നുണ്ട്. ഒരു സഭാംഗം ഏതെല്ലാം തത്വങ്ങൾ വിശ്വസിക്കണമെന്നും മുക്തിപ്രാപ്തിക്കായി അവശ്യം അനുഷ്ഠിക്കേണ്ട കാര്യങ്ങളേവയെന്നും ക്രിസ്തുവും അപ്പസ്തോലന്മാരും വ്യക്തമായി ഉപദേശിച്ചിട്ടുണ്ട്. ആ വിശ്വാസനിയമത്തിൽ ഭേദഗതി വരുത്തുന്നതിനു—കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യുന്നതിനു—ആർക്കും അവകാശമില്ല. ഇങ്ങിനെ ആലോചിക്കുമ്പോൾ സഭ പരിഷ്കാരവിഷയമാകുന്നേയില്ല. റോമ്മായിലെ അന്തർഭൌമ ഗൃഹകളിൽ ജീവിച്ചിരുന്ന ആദിമക്രിസ്ത്യാനികളും ആകാശവിമാനത്തിൽ സ

www.malankaralibrary.com

ഞ്ചരിച്ച സുവിശേഷമറിയിക്കുന്ന ഇദാനീന്തനന്മാരും വിശ്വാസനിയമത്തെ സംബന്ധിച്ചേടത്തോളം സമന്മാരാണ്. ഈ സമാനത്വം നഷ്ടപ്പെട്ടാൽ സഭയുടെ തുടർച്ചയും നഷ്ടപ്പെട്ടും. അല്ല, സഭതന്നെ നശിക്കും. ഈ സമാനത്വം വിശ്വാസനിയമസംബന്ധമായുണ്ടായിരിക്കുന്നതുകൊണ്ടത്രെ തന്റെ സഭയോടുകൂടെ സനാതനമായി ക്രിസ്തു ഉണ്ടായിരിക്കുമെന്നുള്ള വാഗ്ദാനം പൂർത്തിയാകുന്നതു്. ഇങ്ങനെ ക്രിസ്തുവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലിരിക്കുന്ന സഭയെ ലൂതറൊ, കാൽവിനൊ, സ്വിംഗ്ലിയൊ, മെലാംക്ത്തനൊ, വെസ്ലിയൊ, എലിസബെത്തൊ പരിഷ്കരിച്ചുവെന്നു പറയുവാൻ ആക്കെങ്കിലും ധൈര്യം വരത്തക്കവണ്ണം ഈ പേരുകാരിൽ എന്തു മേന്മയാണുള്ളതു്? നഗ്നന്മാരായി ഫലമൂലാദികൾകൊണ്ടുപജീവിച്ചിരുന്ന പുരാതനന്മാർ, „അതിമനുഷ്യ"രെന്നറിയപ്പെടുന്ന ആധുനികന്മാരെക്കാൾ പരിഷ്കൃതന്മാരെന്നു ആരെങ്കിലും സങ്കല്പിക്കുമൊ? സവാരിക്കാരുടെ തല മുട്ടിച്ചും പൊട്ടിച്ചും മുക്കാലാക്കുന്ന കട്ടവണ്ടി ആധുനികശാസ്ത്രാഭിവൃദ്ധിയാൽ സജ്ജീകൃതമായ സകലവിധ സുഖസൌകര്യങ്ങളോടുകൂടിയ മോട്ടർ കാറിനേക്കാൾ പരിഷ്കൃതമാണെന്നു സമർത്ഥിക്കാൻ ആക്കു സാധിക്കും? പൂർണ്ണചന്ദ്രനിൽ കുമ്മായക്കൂട്ടുകൊണ്ടു വെള്ളയടിക്കുകയൊ, മഞ്ഞച്ചാറു പൂശി റോസപുഷ്പത്തെ കൂടുതൽ മനോഹരമാക്കുകയൊ ആയിരിക്കാം ക്രിസ്തു സ്ഥാപിച്ച സഭയെ പരിഷ്കരിക്കുന്നതിൽ എളുപ്പംകൂടിയ പണി. അതെ, സഭാപരിഷ്കാരമെന്നതു നിരർത്ഥകമായ ഒരു സമാസംതന്നെ.

ചില പാപ്പാമാരുടെയൊ മെത്രാന്മാരുടെയൊ സ്വകാര്യജീവിതത്തെ ആലോചിച്ചുകൊണ്ടു സഭ അധഃപ്പതിച്ചുയെന്നു് വിശ്വസിച്ചു് സഭാപരിഷ്കാരത്തിനവസരം നേരിട്ടുവെന്നു വിധിക്കുന്നവരെപ്പററി മുകളിൽ സൂചിപ്പിക്കയുണ്ടായി. ഇങ്ങിനെയുള്ള വിധികർത്താക്കൾക്കു 15–ം 16–ം നൂററാണ്ടുകൾ ധാരാളം പ്രോത്സാഹജനകങ്ങളായിരുന്നു. വിജ്ഞാനപുനർഭാവം (Renaissance) യൂറോപ്പിൽ ഊർജ്ജി

www.malankaralibrary.com

തപ്പെട്ടതു് ഈ നൂററാണ്ടുകളിലായിരുന്നുവല്ലൊ. ഈ പുനർഭാവംമൂലം പുരാതനഗ്രന്ഥങ്ങൾ—ലത്തീനിലും ഗ്രീക്കിലും ഉള്ളവ—പരിശോധിക്കുന്നതിനും പഠിക്കുന്നതിനുമുള്ള പ്രസക്തി ജനങ്ങളുടെ ഇടയിൽ വൎദ്ധിച്ചു. അക്രൈസ്തവരായിരുന്ന പുരാതന ഗ്രേക്കരുടെയും റൊമാന്മാരുടെയും സാഹിത്യവുമായുണ്ടായ ചിരപരിചയം അക്രൈസ്തവാശയങ്ങളിലേക്കു പല ക്രൈസ്തവരെയും കടത്തിവിട്ടു. പ്രകൃതിയെയും ഐഹികജീവിതത്തെയും അതിലെ സുഖഭോഗങ്ങളെയും ആനന്ദാനുഭൂതിയേയും സ്ഥാനമാനങ്ങളെയും പററിയുള്ള ശ്രദ്ധയും താല്പൎയ്യവും ആദ്ധ്യാത്മിക കാൎയ്യവിചാരത്തെയും പാരത്രികജീവിതസ്മരണയേയും അമൎത്തി. ഈ ആശയഗതിയുടെ ഫലമായി സാഹിത്യകലകളിൽ അത്ഭുതപൂൎവ്വമായ അഭിവൃദ്ധിയുണ്ടായി. സംഗീതവും കാവ്യവും ചിത്രമെഴുത്തും കൊത്തുപണിയും പുരസ്കൃതങ്ങളായി. ദാൻറിയുടെ മഹാകാവ്യവും പെട്രാക്കിന്റെ വൈണികപ്രബന്ധങ്ങളും ബൊക്കാച്ചിയൊയുടെ "ഡെക്കാമെറൻ" എന്ന തെറിപ്പുസ്തകവും 'വിജ്ഞാനപുനർഭാവ'ത്തിന്റെ സന്തതികളാണെന്നു പറയാം. ഇററാല്യൻ ചിത്രലേഖനത്തിന്റെ ജനയിതാവെന്നു സുസമ്മതനായ ജിയൊട്ടൊയും, ഹൃദ്യകലാ നൈപുണിയിൽ അദ്വിതീയന്മാരായ ലെയൊനാർഡൊ ദവീൻചി, റഫായെൽ, മിഖേലാൻജെലൊ, എന്നിവരും ഇക്കാലത്തു ജീവിച്ചു. പുരാതന സാഹിത്യഭണ്ഡാഗാരത്തിലെ രത്നങ്ങളെ കരസ്ഥമാക്കുന്നതിൽ മാത്രമല്ല "ഹ്യൂമാനിസററ്സ്" എന്ന നാമം സ്വയംവരിച്ച വിജ്ഞാനപുനർഭാവപ്രണയികൾ ശ്രദ്ധപതിച്ചിരുന്നതു്. അവർ അധുനാതനങ്ങളായ സംഗതികളെ കൂടുതൽ സൌഭാഗ്യപ്രദങ്ങളാക്കുന്നതിനും യത്നിച്ചു. പുരാണേതിഹാസങ്ങളിൽ യഥാൎത്ഥസംഭവങ്ങൾ എത്രമാത്രം പ്രതിപാദിക്ക

www.malankaralibrary.com

പ്പെട്ടുയെന്നും ഊഹാസ്പദങ്ങളായ കല്പിതകഥകളുടെ പരിമാണം എന്തെന്നും അവർ അന്വേഷിപ്പാനും തുടങ്ങി. ഇങ്ങനെ സാക്ഷാൽ ചരിത്രത്തിൽനിന്നു കെട്ടുകഥകളെ വേർതിരിക്കുന്ന വിമർശനപ്രസ്ഥാനവും അവർ സമാരംഭിച്ചു. ഇതുമൂലം വേണ്ടവിധം ജ്ഞാനം സമ്പാദിച്ചിട്ടില്ലാതിരുന്ന മദ്ധ്യശതകങ്ങളിലെ ആളുകളിൽ പറ്റിപ്പിടിച്ചിരുന്ന പല അന്ധവിശ്വാസങ്ങളും പാടെ പൊടിഞ്ഞുവശായി. ഈ വിജ്ഞാനപുനർഭാവത്തിൻെറ ആവേശത്തിനു സാധാരണവൈദികർ മാത്രമല്ല മെത്രാന്മാരും മാർപ്പാപ്പാമാരും അധീനരായി. അഞ്ചാമത്തെ നിക്കോളാസു പാപ്പായോടുകൂടിയാണു് "ഹ്യൂമാനിസം" പാപ്പാസിംഹാസനത്തിൽ ആരോഹണം ചെയ്തതു്. റോമ്മായെ പലവിധത്തിലുള്ള വമ്പിച്ച കെട്ടിടങ്ങൾകൊണ്ടു ഇദ്ദേഹം അലങ്കരിച്ചു. വത്തിക്കാൻ ഗ്രന്ഥശേഖരം തുടങ്ങി വിലയേറിയ അനവധി പുരാതനഗ്രന്ഥങ്ങൾ അവിടെ സംരക്ഷിക്കാൻ ഏർപ്പാടുചെയ്ത നിക്കോളാസു് കവികളെയും വിദ്വാന്മാരെയും തൻെറ കച്ചേരിയിൽ വരുത്തി യഥോചിതം സ്വീകരിക്കുകയും പാരിതോഷികങ്ങൾ നൽകി ദാരിദ്ര്യബാധയിൽനിന്നു അവരെ രക്ഷിക്കുകയും പതിവായിരുന്നു. പാപ്പായാകുന്നതിനു മുമ്പെ വിദ്വാനെന്നും വാഗ്മിയെന്നും പേരെടുത്തിരുന്ന രണ്ടാമത്തെ പൌലോസു് പാപ്പാ നിക്കോളാസിൻെറ വിജ്ഞാനാനുരാഗത്തെ തുടൎന്നു. എന്നാൽ പാപ്പാമാരുടെ ഈ വിജ്ഞാനാഭിലാഷംകൊണ്ടു വിജ്ഞാനപുനർഭാവത്തിൻെറ ദോഷഫലങ്ങൾ ഹനിക്കപ്പെട്ടില്ല. അത്മേനികളുടെ ഇടയിലും വൈദികരിലും, പലരും അക്രൈസ്തവാചാരരീതി സ്വീകരിക്കുകയും ക്രിസ്തുമതതത്വങ്ങളെയും ക്രിസ്ത്യസദാചാരനിയമങ്ങളെയും പരസ്യമായി അനാദരിക്കുകയുംചെയ്തു. കൂദാശകളിലും വൈദികന്മാ

www.malankaralibrary.com

നുഷ്ഠാനത്തിലും പൊതുവെ വിരക്തി പ്രത്യക്ഷപ്പെട്ടു. പുരാതന ജീവിതരീതിയോടുള്ള ബഹുമാനം പലരെയും പ്രോക്തന മതസംസ്കാരങ്ങളിലേക്കാകർഷിച്ചു. ദുർവൃത്തിയും അസന്മാർഗ്ഗതയും സ്വൈര്യ വിളയാടി. പാപ്പാമാരിലും മെത്രാന്മാരിലും ചിലർ തങ്ങളുടെ സ്ഥാനഗൌരവത്തെയും ഉദ്യോഗമാഹാത്മ്യത്തെയും വിസ്മരിച്ചു വിഷയാസക്തരും കൃത്യനിർവ്വഹണവിമുഖരുമായിത്തീർന്നു. ഇതു വളരെ പരിതാപകരമായിരുന്നുവെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇതുകൊണ്ടെല്ലാം ക്രൈസ്തവസഭ സ്ഥാനഭ്രംശം ചെയ്തുവെന്നോ നാമാവശേഷമായിയെന്നോ വിചാരിക്കുന്നതിതിലും പരിതാപകരമാകുന്നു. സൈന്യാധിപൻ സന്മാർഗ്ഗതത്വങ്ങളെ ശരിയായി പാലിക്കാതെയാണ് സ്വകാര്യജീവിതം നയിക്കുന്നതെന്നതുകൊണ്ടു സൈന്യങ്ങളുടെ യുദ്ധവീര്യപരാക്രമങ്ങൾക്കു കോട്ടംവരിക അസംഭവംതന്നെ. ലെയിഡിഹാമിൽറന്നും നെൽസനുമായുണ്ടായ അന്യായമായ വേഴ്ച നിമിത്തം ട്രാഫാൽഗർ യുദ്ധത്തിലെ വിജയത്തിനു മാററു കുറഞ്ഞതായി നാമറിയുന്നില്ല. അനുകരണായോഗ്യമോ ആശാസ്യമല്ലാത്തതൊ ആയ ജീവിതരീതി സ്വീകരിച്ച മതാധികാരികളിൽ നിന്നു ക്രൈസ്തവസഭയ്ക്കുണ്ടാകാവുന്ന കോട്ടവും ഈ വിധത്തിലാണെന്നു ഗണിച്ചാൽമതി. ആകയാൽ വൈദികരുടെ ദുർവൃത്തിയിൽനിന്നോ സന്യാസികളുടെ വ്രതഭംഗംകൊണ്ടോ സഭാപരിഷ്കാരം ആവശ്യമായി എന്നു സിദ്ധിക്കുന്നില്ല. സഭയിൽ സദാചാരബോധം ശിഥിലീഭവിച്ചുവെങ്കിൽ അതിനെ ദൃഢപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയായിരുന്നു വേണ്ടിയിരുന്നതു്. ആ മാർഗ്ഗങ്ങൾ സഭയ്ക്കുള്ളിൽതന്നെ നിന്നുകൊണ്ടു സ്വീകരിക്കുകയായിരുന്നല്ലൊ സഭാഭക്തന്മാരുടെ ചുമതല. ലൂതർ മുതലായ പരിഷ്കാരികൾക്കു ആ അഭിപ്രായമുണ്ടായില്ല. അവർ സഭയെ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

വിട്ടോടി, സഭാതത്വങ്ങളെ നിരാകരിച്ചു ക്രിസ്തു സ്ഥാപിച്ച സഭയുടെ സ്ഥാനത്തു സ്വായത്തങ്ങളായ നൂതനമതങ്ങളെ സ്ഥാപിച്ചു. ക്രിസ്തുവിൻെറ മനോഹരമായ നിർമ്മാണത്തെ ഈവിധം അലങ്കോലപ്പെടുത്തിയിട്ടുള്ളവരിൽ ഒരാൾ മാത്രമാണു്. ലൂതർ. മററുപലരും ഈ സാഹസത്തിനൊരുമ്പെട്ടിട്ടുണ്ടു്. അവർ ക്രിസ്തുസഭയെ പരിഷ്കരിച്ചുവെന്നും കത്തോലിക്കാസഭയെ ഉടച്ചുവാർത്തുയെന്നും പ്രസ്താവിക്കുന്നവർ ക്രിസ്തുവിനെ കട്ടിയായി അധിക്ഷേപിക്കുകയാണു ചെയ്യുന്നതു്. ഉടക്കുത്തക്ക ഒരു മണ്ണുണ്ടയല്ല ക്രിസ്തു പണിചെയ്തതു്. നരകവാതിലുകളുടെ ശക്തിയെപ്പോലും ജയിക്കത്തക്ക ക്രിസ്തുവിൻെറ സുസ്ഥിരസ്ഥാപനം ഇദഃപര്യന്തം ഇടർച്ചകൂടാതെ നിലനിന്നു. ഇനി ലോകാവസാനംവരെ പ്രതാപപൂർവ്വം നിലനിൽക്കുകയും ചെയ്യും.

കോട്ടയം പത്രിക, 1934 ആഗസ്റ്റ് 22.

www.malankaralibrary.com